# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

2021 ജൂൺ 1, ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

16/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ.  പിണറായി വിജയൻ |
| കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | പ്രൊഫ. ആർ. ബിന്ദു |
| മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| ഊർജ്ജ  വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| വ്യവസായവും നിയമവും വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I അടിയന്തരപ്രമേയം**

തീരപ്രദേശങ്ങളിലെ പ്രതിസന്ധി

– ശ്രീ. പി. സി. വിഷ്ണുനാഥ്
(അവതരണാനുമതി നിഷേധിച്ചു) ...1

**II ശ്രദ്ധ ക്ഷണിക്കൽ**

1. വാക്സിൻ അനുവദിക്കേണ്ടതിന്റെ ആവശ്യകത

– ശ്രീ. പി. നന്ദകുമാർ

– ശ്രീ. എ. പി. അനിൽ കുമാർ ...21

2. കടമ്പ്രയാർ നദിയിലെ മലിനീകരണം

– ശ്രീ. പി. ടി. തോമസ് ...25

**III സബ്മിഷൻ**

1. അദ്ധ്യാപക നിയമനം

– പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ...27

2. കടലാക്രമണം

– ശ്രീ. രമേശ് ചെന്നിത്തല ...29

3. വന്യമൃഗ ശല്യം

– ശ്രീ. സി. എച്ച്. കുഞ്ഞമ്പു ...31

4. ഫിഷിംഗ് ഹാർബർ നിർമ്മാണം

– ശ്രീ. കെ. ആൻസലൻ ...33

5. കുറ്റ്യാടി ബൈപ്പാസ്

– ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ...35

6. കുളമ്പുരോഗ വ്യാപനം

– ശ്രീ. മുരളി പെരുനെല്ലി ...37

7. മലപ്പുറം താലൂക്കാശുപത്രിയുടെ വികസനം

– ശ്രീ. പി. ഉബൈദുള്ള ...38

8. ആർ.സി.സി.-യിൽ ലിഫ്റ്റ് തകർന്നുണ്ടായ അപകടം

– ശ്രീ. കെ. ബി. ഗണേഷ് കുമാർ ...40

*പേജ്*

**IV ക്രമപ്രശ്നം**

മേശപ്പുറത്തുവച്ച കടലാസുകൾ വീണ്ടും മേശപ്പുറത്ത് വയ്ക്കണമെന്നത് സംബന്ധിച്ച്

– പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ...43

**റൂളിംഗ്** ...44

**V മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ ഇനം രണ്ട് പ്രകാരമുള്ള കടലാസ്സുകൾ ...44

**VI ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്** ...143

**VII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച)** ...144

**അനുബന്ധം** ...212

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2021 ജൂൺ 1, ചൊവ്വ*

വാല്യം 184] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2021 ജൂൺ മാസം 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

മി. സ്പീക്കർ: ഓർഡർ... ഓർഡർ ....

## I. അടിയന്തരപ്രമേയം

### തീരപ്രദേശങ്ങളിലെ പ്രതിസന്ധി

മി. സ്പീക്കർ: ചുഴലിക്കാറ്റും കടൽക്ഷോഭവുംമൂലം സംസ്ഥാനത്തെ തീരപ്രദേശങ്ങളിലുണ്ടായ കനത്ത നാശനഷ്ടവും തീരദേശവാസികളുടെ ജീവിതത്തിലുണ്ടായ പ്രതിസന്ധിയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മന്ത്രി, കോവിഡിന്റെ പശ്ചാത്തലത്തിൽ സമയം പരമാവധി ചുരുക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. അത് തുടക്കത്തിൽത്തന്നെ ഓർമ്മിപ്പിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അറബിക്കടലിലുണ്ടായ 'ടൗട്ടെ' ചുഴലിക്കാറ്റിൻെറ പ്രഭാവമാണ് കേരളത്തിൽ പ്രധാനമായും നാശനഷ്ടം സൃഷ്ടിച്ചത്. മേയ് പതിനൊന്നാം തീയതി മുതൽ ഇരുപതാം തീയതി വരെ ചുഴലിക്കാറ്റിനോടനുബന്ധിച്ചുണ്ടായ കാറ്റിലും മഴയിലും തീരശോഷണത്തിലും 183 വീടുകൾ പൂർണ്ണമായും 2980 വീടുകൾ

ഭാഗികമായും തകർന്നു. ഇതിനെത്തുടർന്ന് 10 പേർ മരണപ്പെടുകയും 20259 ഹെക്ടർ സ്ഥലത്തെ കൃഷി നശിക്കുകയും 175 ക്യാമ്പുകളിലായി 5235 പേരെ മാറ്റി പാർപ്പിക്കേണ്ടിയും വന്നു. 367.8 കിലോമീറ്റർ റോഡുകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്. 15 സ്കൂളുകളെയും 11 പ്രൈമറി ഹെൽത്ത് സെന്ററുകളെയും ടൗട്ടെ ചുഴലിക്കാറ്റ് ബാധിച്ചിട്ടുണ്ട്. ബംഗാൾ ഉൾക്കടലിൽ മേയ് മാസത്തിൽ രൂപപ്പെട്ട 'യാസ്' ചുഴലിക്കാറ്റ് കേരളതീരത്തെ തീരശോഷണത്തിന് കാരണമായിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനംമൂലം അടിക്കടിയുണ്ടാകുന്ന തീവ്ര പ്രകൃതിദുരന്ത പ്രതിഭാസങ്ങളെ പ്രതിരോധിക്കുന്നതിന് സുസ്ഥിരമായ സമഗ്ര നടപടികൾ ആവശ്യമെന്ന് സർക്കാർ കാണുന്നു. കിഫ്ബിയുടെ നേതൃത്വത്തിൽ ഇത്തരമൊരു പദ്ധതിയുടെ ആസൂത്രണം ആരംഭിച്ചിട്ടുണ്ട്. പൂന്തുറ മുതൽ വലിയതുറ വരെ ഓഫ്ഷോർ ബ്രേക്ക് വാട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ച് 150 കോടി രൂപയുടെ കിഫ്ബി പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. പൂന്തുറ മുതൽ 750 മീറ്റർ വരെയുള്ള പൈലറ്റ് പ്രോജക്ടിന് ടെൻഡർ ചെയ്തുകഴിഞ്ഞു. പണി ഉടനാരംഭിക്കും.

കേരളത്തിൽ 10 തീവ്രശോഷണ പ്രദേശങ്ങളാണുള്ളത്. ഈ സ്ഥലങ്ങളിലെ പ്രശ്നങ്ങൾക്ക് അടിയന്തര പ്രാധാന്യത്തോടുകൂടി പരിഹാരം കാണാനും മറ്റ് പ്രദേശങ്ങളെ സംബന്ധിച്ച് വിശദമായ പഠനങ്ങൾ നടത്താനുമാണ് തീരുമാനിച്ചി രിക്കുന്നത്. തീവ്രശോഷണ മേഖലകളിൽ ടെട്രാപോഡ്, ടെട്രാപോട്ട് എന്നിവ പരീക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതുസംബന്ധിച്ച് കിഫ്ബിയുടെ നേതൃത്വത്തിൽ ജലസേചന വകുപ്പും ദുരന്തനിവാരണ അതോറിറ്റിയുമായുള്ള യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ 28-5-2021-ന് നടത്തി. ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡത്തിൽ തീരശോഷണം ദുരന്തമായി വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനാൽ, ദുരന്തഘട്ടങ്ങളിൽ സമയബന്ധിതമായി ഇടപെട്ട് ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാമ്പത്തിക പരിമിതി സംസ്ഥാനങ്ങൾക്ക് പൊതുവിലുണ്ട്. എന്നാൽ, സംസ്ഥാനങ്ങളിൽ ലഭ്യമായ ദുരന്ത പ്രതികരണനിധിയുടെ 10 ശതമാനം വരെ സംസ്ഥാനതല ദുരന്തങ്ങൾക്കായി വിനിയോഗിക്കാമെന്ന വ്യവസ്ഥ ഉൾക്കൊണ്ടുകൊണ്ട് തീരശോഷണം ഉൾപ്പെടെ ഏഴ് പ്രകൃതി പ്രതിഭാസങ്ങളെ കേരളം ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വർഷത്തെ ദുരന്തപ്രതികരണ മാർഗ്ഗരേഖയനുസരിച്ച് സംസ്ഥാനത്ത് തീരശോഷണം നേരിടുന്ന പഞ്ചായത്തുകളിൽ ജിയോട്യൂബ്, ജിയോബാഗ് എന്നിവ സ്ഥാപിച്ച് പ്രതിരോധി ക്കാനുതകുന്നവിധം ഒരു പഞ്ചായത്തിൽ നാലുലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ അഞ്ചുലക്ഷം രൂപയും കോർപ്പറേഷനിൽ ഏഴുലക്ഷം രൂപയും വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് ഒട്ടുംതന്നെ പര്യാപ്തമല്ലാത്തതിനാൽ ദേശീയ തീരശോഷണത്തെ ദുരന്തമായി വിജ്ഞാപനം ചെയ്യണമെന്ന് 26-5-2021-ൽ കത്ത്

മുഖേന പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 25-5-2021-ന് ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗം വിളിച്ചുചേർത്തിരുന്നു. കൂടാതെ, കടലാക്രമണം രൂക്ഷമായ മേഖലകളിൽ കടലാക്രമണത്തെ ചെറുക്കുന്നതിന് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ തീരദേശങ്ങളിലെ ജനപ്രതി നിധികളുടെ യോഗവും ചേർന്നിരുന്നു. ആ യോഗത്തിലുണ്ടായ തീരുമാനമനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ജലവിഭവ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചു വരികയാണ്. കൂടാതെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നാലുവർഷംകൊണ്ട് 5000 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തു ന്നതിനും തീരുമാനിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ ചെല്ലാനം മുതൽ ഫോർട്ട് കൊച്ചിവരെ നീളുന്ന 17.9 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശങ്ങൾ കടൽവെള്ളപ്പൊക്ക ഭീഷണിയിലാണ്. നല്ല വീതിയുള്ള ഒരു തീരം ഇതിനകംതന്നെ നഷ്ടപ്പെട്ടുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അടുത്തകാലത്തായി 237.90 ലക്ഷം രൂപയുടെ പ്രവൃത്തികൾ അവിടെ പൂർത്തീകരിച്ചിട്ടുള്ളതാണ്. 2010-ൽ 'റ്റി' ആകൃതിയിലുള്ള ഒരു പുലിമുട്ട് കണ്ണിമലയിലും ബൾബ് ആകൃതിയിൽ 200 മീറ്റർ അകലത്തിൽ രണ്ട് പുലിമുട്ടുകൾ മലക്കപ്പടിയിലും 30 മീറ്റർ നീളത്തിൽ നിർമ്മിച്ചു. കടലാക്രമണം ഏറ്റവും രൂക്ഷമായ വാച്ചാക്കൽ, കമ്പനിപ്പടി, ബസാർ, വെള്ളാങ്കണ്ണി, ചെറിയകടവ് എന്നീ പ്രദേശങ്ങ ളിലായി എട്ട് കോടി രൂപയുടെ ജിയോട്യൂബ് ഉപയോഗിച്ചുള്ള പരീക്ഷണാടിസ്ഥാ നത്തിലുള്ള അഞ്ച് പ്രവൃത്തികൾ പുരോഗമിക്കുകയാണ്. എറണാകുളം ജില്ലാ കളക്ടറുടെ ഫണ്ടിൽനിന്നും കഴിഞ്ഞ വർഷം അനുവദിച്ച 10 ലക്ഷം രൂപയുടെ പ്രവൃത്തികളും കണ്ണമാലി, ചാളക്കടവ്, മലക്കപ്പടി എന്നിവിടങ്ങളിലും കണ്ണമാലി-പറപ്പാടി ഭാഗത്ത് ജിയോട്യൂബുകൾ ഉപയോഗിച്ചുള്ള അടിയന്തര താൽക്കാലിക സംരക്ഷണ കടൽഭിത്തിയുടെ നിർമ്മാണ പ്രവൃത്തികളും നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനായി വാച്ചാക്കൽ, കമ്പനിപ്പടി, ചെറിയകടവ്, ബസാർ, വെള്ളാങ്കണ്ണി, മറവക്കാട്, ചാളക്കടവ്, പുത്തൻതോട് മുതലായ സ്ഥലങ്ങളിൽ ജിയോബാഗ് ഉപയോഗിച്ചുള്ള 164 ലക്ഷം രൂപയുടെ താൽക്കാലിക സംരക്ഷണഭിത്തിയുടെ നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത് ഒരുപരിധിവരെ കടലാക്രമണത്തെ ചെറുക്കാൻ സഹായിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്നും 15 കോടി രൂപയും എറണാകുളം ഡി.ഡി.എം.എ. (ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി)-യിൽ നിന്നും ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗപ്പെടുത്തി ചെല്ലാനം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ പത്ത് കടൽഭിത്തിയുടെ പുനരുദ്ധാരണ

പ്രവൃത്തികൾക്ക് ടെൻഡർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഏഴ് പ്രവൃത്തികൾക്ക് ടെൻഡർ തുകയെക്കാൾ 50 ശതമാനം മുകളിലാണ് കരാറുകാരന്റെ നിരക്കുകൾ. കല്ലിന്റെ ദൗർലഭ്യവും പദ്ധതി പ്രദേശത്ത് എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടും കാരണമാണ് നിരക്ക് അധികരിക്കുന്നതെന്നാണ് കരാറുകാരൻ അവകാശപ്പെടുന്നത്. അതിനാൽ പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. മത്സ്യമേഖലയെ സംബന്ധിച്ച് മത്സ്യബന്ധന വകുപ്പുമന്ത്രി വിശദീകരിക്കും.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വളരെ വിശദമായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നടത്തിയ പ്രവർത്തനങ്ങളെപ്പറ്റി പറഞ്ഞു. കേരളത്തിന്റെ ഏതാണ്ട് 590 കിലോമീറ്റർ ദൈർഘ്യത്തിൽ വരുന്ന തീരദേശത്ത് പഠനം നടത്തിയപ്പോൾ 55 കിലോമീറ്ററിലാണ് അതിരൂക്ഷമായ കടലാക്രമണം ഉണ്ടാകുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ദീർഘകാലമായി ധാരാളം ഗവേഷണങ്ങൾ ഇക്കാര്യത്തിൽ നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചുവർഷം ശ്രദ്ധേയമായ ഒട്ടേറെ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ മുൻകയ്യെടുത്തു. ധാരാളം പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ആറ് മന്ത്രിമാരെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം നടത്തി പ്രസ്തുത പദ്ധതികളുടെ പരിശോധന നടത്തുകയും ഏതാണ്ട് പന്ത്രണ്ടോളം തീരുമാനങ്ങളെടുക്കുകയും ചെയ്തു. ഒന്നാമതായി, തീരദേശത്തിന്റെ പ്രത്യേകമായ പരിതസ്ഥിതിയും സാഹചര്യവും മനസ്സിലാക്കി ചില മാർഗ്ഗങ്ങൾ സംരക്ഷണത്തിനുവേണ്ടി പ്രയോജനപ്പെടുത്തണമെന്നുള്ളതാണ്. അതിൽ ടെട്രാപോഡ്, കരിങ്കല്ല് നിർമ്മാണം എന്നിവയുണ്ട്. അത്തരത്തിലുള്ള നിരവധി മാർഗ്ഗങ്ങൾ നമുക്ക് പ്രയോഗിക്കാൻ സാധിക്കും. ഇതിന്റെ ഭാഗമായാണ് ചെല്ലാനത്ത് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ ഭേദഗതി വരുത്തി ടെട്രാപോഡ് സംവിധാനം നടപ്പിലാക്കാനുള്ള തീരുമാനമെടുത്ത് അതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചുവരുന്നത്.

രണ്ടാമതായി, മഴക്കാലം കഴിഞ്ഞതിനുശേഷം ഇപ്പോൾ നടന്നുവരുന്ന എല്ലാ പ്രവൃത്തികളും ശക്തിപ്പെടുത്താൻ വിവിധ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ മോണിറ്ററിംഗ് ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ജലവിഭവ വകുപ്പുമന്ത്രിയും വ്യവസായവും നിയമവും വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും ഞാനും പങ്കെടുത്തുകൊണ്ടുള്ള മന്ത്രിതല ചർച്ചകൾ നടന്നു. എറണാകുളത്ത് നേരിട്ട് ഞങ്ങൾ രണ്ടുമന്ത്രിമാരും പങ്കെടുത്ത് ജില്ലാതല റിവ്യൂ നടത്തി. എല്ലാ മേഖലാ തലങ്ങളിലും ജില്ലാതലത്തിലും പരിശോധനകൾ നടത്താൻ ചുമതലപ്പെട്ട മന്ത്രിമാരെ ഏർപ്പെടുത്തി. ജില്ലാതലത്തിൽ യോഗങ്ങൾ നടന്നു. തീർച്ചയായും മഴ കഴിയുമ്പോൾ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള മുഖ്യമന്ത്രിയുടെ നിർദ്ദേശം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മൂന്നാമതായി, നദികളിലടിയുന്ന എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിയായി തുടരും. ഇപ്പോൾ ഹരിത കേരളം മിഷന്റെ ഭാഗമായി ധാരാളം നദികൾ നവീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മോണിറ്ററിംഗ് നടത്താൻ തീരുമാനിച്ചു. ഏറ്റവും പ്രധാനം തീരമേഖലയുടെ സംരക്ഷണം തന്നെയാണ്. ഇപ്പോഴുള്ള പ്രധാന പ്രശ്നം സർക്കാരിന്റെ സാമ്പത്തിക പരിമിതിയാണ്. കേന്ദ്ര സർക്കാരിന്റെ സഹായം ആവശ്യമാണ്. കടൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതാണ്. കടൽത്തീരത്തെയും തൊഴിലാളികളെയും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ടെന്ന് പറയുമ്പോൾത്തന്നെ കടലിൽനിന്നുള്ള ആക്രമണമാണ് തീരസുരക്ഷയെ ബാധിക്കുന്നത്. അക്കാര്യത്തിൽ കേന്ദ്രത്തിന്റെ നല്ല ഇടപെടലുകളുണ്ടാകണം. മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് അക്കാര്യത്തിൽ ആവശ്യമായ തീരുമാനമെടുത്തിട്ടുണ്ട്.

നാലാമത്, ചെല്ലാനം മേഖലയുമായി ബന്ധപ്പെട്ടതാണ്. ധാരാളം ചർച്ചകൾ നടന്ന ഒരു മേഖലയാണത്. അതിനുവേണ്ടി നാലുമന്ത്രിമാരുടെ ഒരു യോഗം കൂടി. കൂടാതെ ഞാനും വ്യവസായവും നിയമവും വകുപ്പുമന്ത്രിയും പങ്കെടുത്ത് അവിടെ ജില്ലാതല യോഗം ചേർന്നു. അവിടെ നിലവിലുണ്ടായിരുന്നത് എട്ട് കോടി രൂപയുടെ ജിയോട്യൂബ് പദ്ധതിയായിരുന്നു. ആ പദ്ധതി ഫലപ്രദമായി നടത്തണമെന്ന നിർദ്ദേശം കൊടുത്തതിനെത്തുടർന്ന് അത് നന്നായി മുന്നോട്ടുപോകുകയാണ്. അവിടെ 16 കോടി രൂപ സംസ്ഥാന ഗവൺമെന്റ് കൊടുത്തിരുന്നു. ആദ്യം കരിങ്കല്ലുപയോഗിച്ചുകൊണ്ടുള്ള പദ്ധതിയാണ് ആലോചിച്ചത്. അത് മാറ്റി ടെട്രാപോഡ് വഴിയുള്ള പദ്ധതി നടപ്പിലാക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു മാസത്തിനുള്ളിൽ അതിന്റെ ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. ഒന്നരമാസത്തിനകം ചെല്ലാനത്ത് 16 കോടി രൂപയുടെ നിർമ്മാണം ആരംഭിക്കും. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് രണ്ടുകോടി രൂപ അനുവദിച്ചു. അതും ചെല്ലാനത്ത് വിനിയോഗിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തിട്ടുണ്ട്. ജലവിഭവ വകുപ്പ് നേരത്തെ 35 ലക്ഷം രൂപ അനുവദിച്ചതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇവിടെ കടൽ കയറിയതിൻെറ ഭാഗമായി മണ്ണ് വീണ് രണ്ട് തോടുകൾ അടഞ്ഞിട്ടുണ്ട്. അതിന്റെ നവീകരണത്തിന് 245 ലക്ഷം രൂപ വേണം. ആ പണം അനുവദിക്കുന്നതിനായി ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

അഞ്ചാമതായി, വേമ്പനാട് കായലിന്റെ സംരക്ഷണം സംബന്ധിച്ചാണ് തീരുമാനമെടുത്തത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ പ്രഖ്യാപിച്ച പ്രോജക്ടാണ്. അത് നടപ്പാക്കണമെന്നുള്ള നിർദ്ദേശം വന്നിട്ടുണ്ട്. ഈ പ്രോജക്ട് സർക്കാർ ഏറ്റെടുക്കും. ആറാമതായി, മഴക്കാലരോഗങ്ങൾ തടയുന്നതുമായി

ബന്ധപ്പെട്ട പ്രവൃത്തികൾക്കായി ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾ തീരുമാനിച്ചിരുന്നു. രോഗപ്രതിരോധത്തിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ വിവിധ വകുപ്പുകൾ തീരുമാനിച്ചു. തീരദേശ സംരക്ഷണത്തിന് പല തരത്തിലുള്ള പഠന റിപ്പോർട്ടുകളുണ്ട്. ഓരോ മേഖലയുടെയും സംരക്ഷണത്തിനുവേണ്ടി എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് പഠിച്ച് നടപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഏഴാമതായി, കിഫ്ബിവഴി നടക്കുന്ന ഓഫ് ഷോർ വാട്ടർ പദ്ധതിയാണ്. ഏഴ് തീരദേശ സംരക്ഷണ പദ്ധതികളാണ് കിഫ്ബിവഴി നടക്കുന്നത്. അവയിൽ തലായി ഫിഷിംഗ് ഹാർബർ അനുബന്ധ കടൽത്തീര സംരക്ഷണം പദ്ധതിയിൽ 3.48 കോടി രൂപയുടെ പണികൾ പൂർത്തീകരിച്ചു. കൊല്ലം ബീച്ച് മുതൽ താന്നി വരെയുള്ള തീരസംരക്ഷണം - ഏതാണ്ട് അഞ്ചര കിലോമീറ്റർ, 35.8 കോടി രൂപയുടെ പണി പുരോഗമിക്കുന്നു. മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ അനുബന്ധ കടൽത്തീര സംരക്ഷണം - നാല് കിലോമീറ്റർ, 13.47 കോടി രൂപയുടെ പണി പുരോഗമിക്കുന്നു. ചേറ്റുവ ഫിഷിംഗ് ഹാർബർ അനുബന്ധ കടൽത്തീര സംരക്ഷണം - 750 മീറ്റർ, 6.86 കോടി രൂപയുടെ പദ്ധതി ആരംഭ ഘട്ടത്തിലാണ്. മുതലപ്പൊഴി ഫിഷറീസ് ഹാർബർ, താഴംപള്ളി, കഠിനംകുളം കടൽത്തീര സംരക്ഷണം പദ്ധതികൾക്ക് (മൂന്ന് കിലോമീറ്റർ) 18.31 കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പദ്ധതി ഉടൻ ആരംഭിക്കും. കായംകുളം ഫിഷിംഗ് ഹാർബർ അനുബന്ധ കടൽത്തീരസംരക്ഷണം (ഒരു കിലോമീറ്റർ) 2.42 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിവരികയാണ്. എത്രയും വേഗം അതിനാവശ്യമായ നടപടിയിലേയ്ക്ക് കടക്കും. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ അനുബന്ധ കടൽത്തീര സംരക്ഷണം (ഒരു കിലോമീറ്റർ)- 2.40 കോടി രൂപയുടെ പുനഃക്രമീകരണ പദ്ധതി ആവശ്യമായതുകൊണ്ട് കഴിഞ്ഞ ദിവസം ഞാൻ കൂടി പങ്കെടുത്ത മീറ്റിംഗിൽ അതുസംബന്ധിച്ച് തീരുമാനമെടുത്തു. അത് ഉടൻ തന്നെ നടപ്പാക്കും. ശംഖുംമുഖം ഭാഗത്താണ് ഏറ്റവും കൂടുതൽ പ്രയാസം വന്നിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഒരു കിഫ്ബി പദ്ധതി അവിടെ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മോഡലായി കടലിനുള്ളിലേയ്ക്ക് 700 മീറ്റർ ജിയോ ട്യൂബിടുന്ന ഒരു പുതിയ പദ്ധതിയാണ് നടപ്പാക്കാൻ പോകുന്നത്. ഏതാണ്ട് 7 കിലോമീറ്റർ ദൈർഘ്യത്തിലുള്ള പദ്ധതിക്ക് കിഫ്ബി അനുവാദം തന്നു. എല്ലാ നടപടികളും പൂർത്തീകരിച്ചു. ആഗസ്റ്റ് മാസത്തിൽ അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഇന്ന് പന്ത്രണ്ടാമത്തെ ദിവസമാണ്. കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയാണ്. കഴിഞ്ഞ കാലത്ത് ധാരാളം കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സുനാമി, ഓഖി, ടൗട്ടേ ചുഴലിക്കാറ്റ്,

യാസ് ചുഴലിക്കാറ്റ് എന്നിവയുണ്ടായി. ഒരു കാലത്തും കേരളതീരത്തുണ്ടാകാത്ത പ്രതിഭാസം ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ യോഗത്തിൽ ഗൗരവമായി ഈ പ്രശ്നം ഉന്നയിച്ചു. ഈ പന്ത്രണ്ട് ദിവസത്തിനുള്ളിൽ കേരളത്തിന്റെ പരമാവധി തീരപ്രദേശങ്ങളിൽ ഒരു മന്ത്രിയെന്ന നിലയിൽ ഞാൻ സന്ദർശിച്ചു. അതീവ ഗൗരവമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സംജാതമാകുന്നുണ്ടോയെന്ന് മനസ്സിലാക്കാനായി ഒരു പഠനം അനിവാര്യമായിരിക്കുന്നു. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഒരുപാട് കാര്യങ്ങൾ നമ്മൾ ചെയ്യുകയാണ്.

മി. സ്പീക്കർ: യെസ്...യെസ്...

ശ്രീ. സജി ചെറിയാൻ: സർ, ഒരു മിനിട്ട് കൂടി. ഒരു മാതൃകാ ഗ്രാമമായി ചെല്ലാനത്തെ ഏറ്റെടുക്കാൻ തീരുമാനിച്ചു. അതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തി. അതിന്റെ പഠന റിപ്പോർട്ട് ഒരു മാസത്തിനകം ലഭിക്കും. അതിന്റെ ഭാഗമായി ഒരു സെമിനാർ ഞാനും ബഹുമാനപ്പെട്ട വ്യവസായവും നിയമവും വകുപ്പുമന്ത്രിയും കൂടിച്ചേർന്ന് കഴിഞ്ഞ ദിവസം നടത്തി. ചെല്ലാനം ഏറ്റെടുക്കൽ ഗ്രാമപദ്ധതിയിലൂടെ എല്ലാ വകുപ്പുകളെയും ഏകീകരിച്ചുകൊണ്ടുള്ള പ്രോജക്ടാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ആ പദ്ധതി വന്നുകഴിഞ്ഞാൽ തീർച്ചയായും കേരളത്തിലെ മത്സ്യമേഖലയുടെ പ്രശ്നങ്ങൾക്കൊരു ശാശ്വത പരിഹാരം കാണാൻ കഴിയും. വലിയതുറ, പൂന്തുറ, ഒറ്റമശ്ശേരി, ശംഖുംമുഖം, കോവളമടക്കം കേരളത്തിന്റെ തീരമേഖലകളിൽ ഈ പുതിയ പ്രതിഭാസം വന്നിരിക്കുന്നു. കോവളത്ത് പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് പോയിരുന്നു. ആ പ്രശ്നം ഞാൻ പഠിച്ചു. അവിടെ ഒരുകാലത്തും ഇത്തരത്തിൽ വെള്ളം കയറിയിട്ടില്ല. കടലിന്റെ 200 മീറ്ററിനുള്ളിൽ ജിയോ ട്യൂബ് ഉപയോഗിച്ച് പരീക്ഷണം നടത്തിയത് വിജയകരമായിരുന്നു. എന്നാൽ ഇപ്പോൾ ഒരിക്കലുമുണ്ടാകാത്ത തരത്തിൽ കോവളത്തിന്റെ തീരംപോലും തകരുന്ന നിലയിലേയ്ക്ക് എത്തിയിരിക്കുന്നു. വലിയതുറയും ഞാൻ സന്ദർശിച്ചു. അവിടെ 500 മീറ്റർ കടൽ പുറത്തേയ്ക്ക് വന്നിരിക്കുകയാണ്. വലിയതുറ-പൂന്തുറ ഭാഗത്തൊഴുകുന്ന ഒരു നദി ഇപ്പോൾ മണൽ കയറി മൂടിയിരിക്കുകയാണ്.

മി. സ്പീക്കർ: യെസ്... യെസ്... ചുരുക്കി സംസാരിക്കണം. ദയവായി അവസാനിപ്പിക്കുക.

ശ്രീ. സജി ചെറിയാൻ: സർ, ഒരു മിനിട്ട് കൂടി. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എം.എൽ.എ. മിണ്ടാതിരിക്കു...(ബഹളം)..ഞാൻ നിങ്ങളുടെ ഭരണകാലത്തെക്കുറിച്ചൊന്നും പറഞ്ഞില്ല. നിങ്ങളെന്നെക്കൊണ്ടൊന്നും പറയിപ്പിക്കരുത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഡ്രസ്സ് ചെയ്യുക.

ശ്രീ. സജി ചെറിയാൻ: സർ, ഇതുകൂടാതെ സംസ്ഥാന സർക്കാരും ഫിഷറീസ് വകുപ്പും മറ്റനേകം വകുപ്പുകളും ചേർന്ന് നടപ്പാക്കുന്ന ധാരാളം ക്ഷേമ പദ്ധതികൾ കേരളത്തിന്റെ തീരപ്രദേശത്ത് നടന്നുകൊണ്ടിരിക്കുകയാണ്. തീർച്ചയായും ഇതിനെ അതിജീവിച്ച് കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് മുന്നോട്ട് പോകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കൊടുംമഴയും കടൽക്ഷോഭവും കലിതുള്ളുന്ന കാറ്റും നമ്മുടെ തീരദേശത്തെയാകെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. തിരുവനന്തപുരത്തും കൊല്ലത്തുമെല്ലാം മത്സ്യത്തൊഴിലാളികളുടെ വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടിരിക്കുകയാണ്. ഒരു വശത്ത് കലിതുള്ളുന്ന കടൽ, മറുവശത്ത് അതിതീവ്രതയോടെ വ്യാപിക്കുന്ന കോവിഡ്, ഇതിനിടയിൽ നരകതുല്യ ജീവിതം നിസ്സഹായതയോടെ അനുഭവിക്കുകയാണ് തീരദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളും സാധാരണക്കാരും. ഇതിനുപുറമെ ഒന്നോ രണ്ടോ ദിവസം കഴിയുമ്പോൾ കാലവർഷം വരാൻ പോകുകയാണ്. ട്രോളിംഗ് നിരോധനം വരികയാണ്. നിലവിലുള്ള പരിതാപകരമായ അവസ്ഥയുടെകൂടെ കാലവർഷക്കെടുതി, ട്രോളിംഗ് നിരോധനം എന്നിവയുടെയെല്ലാം നടുവിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ദുരിതജീവിതം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന രൂപത്തിലാണ് മന്ത്രിമാരുടെ മറുപടി കേട്ടപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്.

രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൗട്ടേ, യാസ് എന്നീ രണ്ട് കൊടുങ്കാറ്റുകളുണ്ടായി. പണ്ടൊക്കെ അഞ്ചാറ് വർഷങ്ങൾ കൂടുമ്പോഴാണ് കൊടുങ്കാറ്റ് വരുന്നത്. .....(ബഹളം)............. ശ്രീ. എ. എൻ. ഷംസീർ, ഞാനതിന്റെ ശാസ്ത്രവശമാണ് പറയുന്നത്. ........(ബഹളം).......

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചെയറിനെ അഡ്രസ് ചെയ്യണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മുൻകാലങ്ങളിൽ അഞ്ചാറ് വർഷങ്ങൾ കൂടുമ്പോഴാണ് കൊടുങ്കാറ്റുകൾ വന്നിരുന്നത്. അറബിക്കടൽ സൈക്ലോൺ പ്രോൺ ആയിരുന്നില്ല. ശ്രീ. സജി ചെറിയാൻ അക്കാര്യമാണ് പറഞ്ഞത്. അതേകാര്യം തന്നെ ഞാൻ പറയുമ്പോൾ എന്നോട് ചൂടാകേണ്ട കാര്യമില്ല. 1998-നുശേഷമുണ്ടായ ഏറ്റവും ശക്തമായ കൊടുങ്കാറ്റാണ് ഇപ്പോൾ വന്ന 'ടൗട്ടേ' (180 km/hr മുതൽ 210 km/hr വരെ). നാസയുടെ റിപ്പോർട്ട് പ്രകാരം, 3 അല്ലെങ്കിൽ 4 കാറ്റഗറിയിലുള്ള ചുഴലിക്കൊടുങ്കാറ്റാണിപ്പോൾ അടിച്ചത്. അറബിക്കടലിൽ ചുഴലിക്കൊടുങ്കാറ്റുകളുടെ

ഫ്രീക്വൻസിയും ഇന്റൻസിറ്റിയും കൂടിക്കൊണ്ടിരിക്കുകയാണ്. കടൽ ചൂടാകുകയാണ്. ഓഷ്യൻ വാമിംഗ് ഒരു പ്രധാനപ്പെട്ട ക്ലൈമറ്റ് ഇഷ്യൂവാണ്. National Oceanic and Atmospheric Administration (United States) റിപ്പോർട്ട് പ്രകാരം 141 വർഷത്തെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ocean surface temperature report ചെയ്തത് 2020-ലാണ്. പരമ്പരാഗത മാർഗ്ഗങ്ങളെമാത്രം പിന്തുടർന്നുകൊണ്ട് തീരദേശത്തെയും തീരവാസികളെയും സംരക്ഷിക്കാമെന്ന് വിചാരിച്ചാൽ നടക്കില്ല. ശാസ്ത്രീയമായ കൂടുതൽ പഠനങ്ങൾ നമ്മൾ ആവശ്യപ്പെടുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പരിഹാര നടപടികൾ നമ്മൾ ആഗ്രഹിക്കുന്നുണ്ട്. ഇപ്പോഴുള്ള പ്രശ്നങ്ങൾ പുലിമുട്ടും കടൽഭിത്തിയുംകൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല. വിഴിഞ്ഞം, വലിയതുറ, പൂന്തുറ, പൊഴിയൂർ, ശംഖുംമുഖം, ചെല്ലാനം, ഇടവനക്കാട്, നായരമ്പലം, കരുനാഗപ്പള്ളിയിലെ ആലപ്പാട്, തൃക്കുന്നപ്പുഴ, മലബാർ നിയോജക മണ്ഡലങ്ങളായ താനൂർ, തിരൂർ, തിരൂരങ്ങാടി, പൊന്നാനി, വെട്ടം പഞ്ചായത്ത്, കാസർഗോഡ്, മഞ്ചേശ്വരം എന്നീ പ്രദേശങ്ങൾ ഈ രണ്ട് കൊടുങ്കാറ്റുമായി ബന്ധപ്പെട്ട കടൽ ക്ഷോഭത്തിലും ദുരിതത്തിലും പ്രയാസമനുഭവിക്കുകയാണ്. ഓരോ പ്രദേശത്തെക്കുറിച്ചും അവിടെ സംഭവിച്ച നാശനഷ്ടങ്ങളെക്കുറിച്ചും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൂടുതലായി വിശദീകരിക്കും. അതുകൊണ്ട് ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള അടിയന്തരമായ പരിഹാര നടപടികളാണ് ആവശ്യം. ചെല്ലാനത്തിന്റെ കാര്യത്തിൽ മറ്റൊരു പ്രശ്നം കൂടിയുണ്ട്. ചെല്ലാനം പഞ്ചായത്തിൽ കോവിഡ്-19-ന്റെ ടി.പി.ആർ. 60 ശതമാനമാണ്. 60 ശതമാനം ടി.പി.ആർ. വരുന്നതിന്റെ 90 ശതമാനവും ആന്റിജൻ ടെസ്റ്റാണ്. ആന്റിജനെന്ന് പറഞ്ഞാൽ 50-50 ശതമാനമാണ്. അതിന്റെ 20 ശതമാനം കൂടിയെടുത്താൽ 80-85 ശതമാനം ടി.പി.ആർ. ആണ് ചെല്ലാനം പ്രദേശത്തുള്ളത്. അതുകൊണ്ട് ഇവർക്ക് പഴയതുപോലെ ദുരിതാശ്വാസ ക്യാമ്പിൽ പോകാൻ സാധിക്കില്ല. പോയ സ്ഥലങ്ങളിൽ സൂപ്പർ സ്പ്രെഡ് ഉണ്ടാകുകയാണ്. നാലോ അഞ്ചോ ദിവസം കഴിയുമ്പോൾ മൺസൂൺ വരികയാണ്. ഈ പ്രദേശങ്ങളിൽ കോവിഡ്-19-ഉം കടൽക്ഷോഭവും ഒരുമിച്ചുവരുമ്പോൾ ദുരിതാശ്വാസ ക്യാമ്പുകൾ പഴയതുപോലെ പ്രവർത്തിപ്പിക്കാൻ കഴിയില്ല. സർക്കാർ ഇക്കാര്യത്തിൽ ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ വലിയ അപകടമുണ്ടാകും. ഇപ്പോൾ പൊതുവിൽ കോവിഡ്-19-ന്റെ ടി.പി.ആർ. 15, 14, 13 എന്ന രീതിയിൽ വരുന്നത് ആശ്വാസമാണ്. മൺസൂണുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതലായി ശ്രദ്ധിച്ചില്ലെങ്കിൽ നമ്മുടെ ആശ്വാസത്തെ മുഴുവൻ അപകടകരമായി ബാധിക്കുന്ന അവസ്ഥയിലേയ്ക്ക് പോകാനുള്ള സാദ്ധ്യതയുണ്ട്. ചെല്ലാനത്ത് ധാരാളം നിർമ്മാണോദ്ഘാടനങ്ങൾ

നടന്നു. അതെല്ലാം എത്രമാത്രം ഫലത്തിലുണ്ടായിരുന്നുവെന്നത് ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ പറയണ്ടേ? മാധ്യമങ്ങൾ അക്കാര്യങ്ങളെല്ലാം പുറത്ത് വിടുന്നുണ്ട്. മലയാള മനോരമ 'കരയുന്ന കര' എന്ന പേരിലും ഏഷ്യാനെറ്റ് 'പാഠം പഠിച്ചോ' എന്ന പേരിലും സ്റ്റോറി സീരീസ് ചെയ്തുകൊണ്ടിരിക്കുന്നു. മാതൃഭൂമി, 24 ന്യൂസുൾപ്പെടെ എല്ലാ മാധ്യമങ്ങളും ജനങ്ങളുടെ അഭിപ്രായങ്ങൾ പുറത്തുവിട്ടുകൊണ്ടിരിക്കുകയാണ്. നിർമ്മാണോദ്ഘാടനങ്ങൾ ധാരാളം നടന്നു, ജിയോ ട്യൂബിന്റെ പരീക്ഷണമുണ്ടായി, അത് പരാജയപ്പെട്ടില്ലേ; ചെല്ലാനത്ത് പരാജയപ്പെട്ട ജിയോ ട്യൂബാണ് ശംഖുംമുഖത്ത് നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു മിനിട്ട് മുമ്പ് പ്രഖ്യാപിച്ചത്. ചെല്ലാനത്ത് അത് പരാജയമായിരുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം ആ മാതൃകകൾ മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുവന്നാൽ എന്ത് പ്രയോജനമാണുണ്ടാകുന്നത്? അവഗണനയുടെ, കെടുകാര്യസ്ഥതയുടെ, വിവേചനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ശംഖുംമുഖം റോഡ്. ഓഖിയിലാണ് ശംഖുംമുഖം തീരം നഷ്ടപ്പെട്ടത്. അതുകഴിഞ്ഞ് 2018-ലാണ് ശംഖുംമുഖം റോഡ് തകർന്നത്. 2018-ൽ ശംഖുംമുഖം റോഡ് തകർന്നിട്ട് 2021-ലെ അടിയന്തരപ്രമേയത്തിലും നമ്മളിത് ചർച്ച ചെയ്യുകയല്ലേ? തിരുവനന്തപുരത്തെ പ്രധാനപ്പെട്ട എയർപോർട്ട് റോഡാണത്. എയർപോർട്ടിലേയ്ക്ക് ഇപ്പോൾ ആ റോഡിലൂടെ പോകാൻ കഴിയുമോ? ശംഖുംമുഖം റോഡ് പൂർണ്ണമായും നഷ്ടപ്പെട്ടു. എയർപോർട്ടിന്റെ മതിലിനടുത്തുവരെ കടൽ വന്നിരിക്കുകയാണ്. മൺസൂൺ ശക്തമായാൽ തിരുവനന്തപുരം വിമാനത്താവളം അടച്ചിടേണ്ടിവരും. നാലുകൊല്ലം കഴിഞ്ഞു. ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി മന്ത്രിമാർ ചോദിക്കണ്ടേ? വളരെ പ്രധാനപ്പെട്ട ശംഖുംമുഖം റോഡ് ഒലിച്ചുപോയിട്ട് നാലുകൊല്ലമായി. അത് പുനഃസ്ഥാപിക്കാനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് പരിശോധിക്കുമ്പോൾ കെടുകാര്യസ്ഥതയുടെ, അവഗണനയുടെ, മത്സ്യത്തൊഴിലാളികളോടുള്ള വിവേചനത്തിന്റെ യഥാർത്ഥ ചിത്രം നമ്മുടെ മുമ്പിൽ വരും. ശംഖുംമുഖം റോഡ് നിയമസഭാ മന്ദിരത്തിൽ നിന്നും പത്ത് മിനിട്ടുകൊണ്ട് എത്തിച്ചേരാവുന്ന സ്ഥലമാണ്. ഒരുപാട് ദൂരെയല്ലല്ലോ? നമ്മുടെ മൂക്കിന് താഴെയാണ്. ആ എയർപോർട്ടിലേയ്ക്ക് നമുക്ക് പോകാൻ സാധിക്കാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. മൺസൂൺ വരുമ്പോൾ വിമാനത്താവളം അടച്ചിടേണ്ട വളരെ ഗുരുതരമായ ഒരവസ്ഥകൂടി വരികയാണ്. മുന്നൊരുക്കങ്ങളെക്കുറിച്ച് ലത്തീൻ അതിരൂപതയുടെ സഹായ മെത്രാൻ മാധ്യമങ്ങളോട് പറഞ്ഞല്ലോ. മൂന്ന് മത്സ്യത്തൊഴിലാളികളുടെ മരണവുമായി ബന്ധപ്പെട്ട് വീഴ്ചയുണ്ടായിട്ടില്ലേ? മത്സ്യ ത്തൊഴിലാളികൾക്ക് കടലിൽ പോകാമെന്നായിരുന്നു അന്ന് ദുരന്ത നിവാരണ അതോറിറ്റി നൽകിയ അറിയിപ്പ്. അതനുസരിച്ചാണ് അവർ കടലിൽ പോയത്. അവർ പോയപ്പോൾ കടൽ ക്ഷുഭിതമാകുന്നുവെന്ന് കണ്ട് അവർ തിരിച്ചുവന്നു.

ഉൾക്കടലിലല്ല ഈ അപകടം നടക്കുന്നത്. അപകടം നടക്കുന്നത് സംരക്ഷണ സംവിധാനങ്ങളുടെയെല്ലാം മുമ്പിലാണ്. അവർക്ക് പരാതിയുണ്ട്. മറൈൻ ആംബുലൻസ് റെസ്ക്യൂ നടത്തിയില്ല, അത് പരിശോധിക്കണ്ടേ; രണ്ട് മറൈൻ ആംബുലൻസ് വാങ്ങി കൊട്ടിഘോഷിച്ച് ഉദ്ഘാടനം നടത്തി. ഇത് ഉൾക്കടലിലല്ല സംഭവിച്ചത്, എല്ലാവരുടെയും കൺമുമ്പിൽ ബോട്ട് മറിഞ്ഞ് അപകടമുണ്ടാകുകയാണ്.

മി. സ്പീക്കർ: ഒരു മിനിട്ട് കൂടി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അവിടെ എന്തുകൊണ്ട് മറൈൻ എൻഫോഴ്സ്മെന്റിന്റെ ഫലപ്രദമായ രക്ഷാപ്രവർത്തനമുണ്ടായില്ല. ഉണ്ടായിരുന്നെങ്കിൽ അവരെ രക്ഷപ്പെടുത്തുവാൻ കഴിയുമെന്ന് സഹായ മെത്രാൻ പറഞ്ഞു. അവരൊക്കെ ആ മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. ഇടവകയിലെ പ്രധാനപ്പെട്ട ആളുകളും അവിടത്തെ രാഷ്ട്രീയ നേതാക്കളും സാമൂഹ്യപ്രവർത്തകരും മാധ്യമങ്ങളും പറഞ്ഞു. നമ്മുടെ മുന്നൊരുക്ക സംവിധാനങ്ങളും രക്ഷാപ്രവർത്തനങ്ങളും ഫലപ്രദമാകാതെ പരാജയപ്പെടുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണ്ടേ? കൊല്ലം ജില്ലയിൽ കടലും കായലും ചേർന്നുകൊണ്ടിരിക്കുകയാണ്. ഗുരുതരമായ പാരിസ്ഥിതിക പ്രശ്നമാണ്. ആ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ലഭ്യമാകേണ്ട പ്രയോരിറ്റി അവിടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിലുണ്ടോ? കടലും കായലും ഏത് സമയവും യോജിക്കും. സുനാമി വന്നപ്പോൾപ്പോലും തകരാതിരുന്ന നിർമ്മാണങ്ങൾ കഴിഞ്ഞ കൊടുങ്കാറ്റിൽ തകർന്നു.

മി. സ്പീക്കർ: യെസ്. പ്ലീസ്... കൺക്ലൂഡ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒരു മിനിട്ടുകൊണ്ട് നിർത്താം. ഞാൻ സംക്ഷിപ്തമായി പറഞ്ഞവസാനിപ്പിക്കാം. ഗൗരവമായ വിഷയമാണ്. ആലപ്പാട് കടലും കായലുംകൂടി യോജിക്കുകയാണ്. 1952-ലെ ഡോ. വേലുക്കുട്ടി അരയന്റെ 'Land Reclamation Scheme' നിയമസഭാ ലൈബ്രറിയിലുണ്ടാകും. ഡോ. വേലുക്കുട്ടി അരയന്റെ 'Land Reclamation Scheme' മുതൽ നിരവധിയായ പഠനങ്ങൾ പൊടിപിടിച്ചിരിക്കുകയാണ്. അതോടൊപ്പം ഞാൻ നേരത്തെ സൂചിപ്പിച്ച ഓഷ്യൻ വാമിങ്ങിന്റെ ഭാഗമായി കടൽ ചൂടാകുകയാണ്, കടൽ ഉയരുകയാണ്. ഇനിയും ഇത്തരം സംഭവങ്ങളുണ്ടാകും. അതുകൊണ്ട് മൺസൂണിന് മുമ്പായി പുതിയ ക്യാമ്പുകൾ തുടങ്ങണമെങ്കിൽ ചെല്ലാനം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ മാസ് വാക്സിനേഷൻ വേണം. 60 ശതമാനം ടി.പി.ആർ. ഉണ്ടെന്ന് സർക്കാർ പറയുന്ന സ്ഥലത്ത് മാസ് വാക്സിനേഷൻ നടത്തുവാൻ എന്തുകൊണ്ട് മടിക്കുന്നു? അത്തരം കാര്യങ്ങളിൽ അടിയന്തരമായി ഗവൺമെന്റിന്റെ ഇടപെടലുകളുണ്ടാകണം, സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. കാലാവസ്ഥയുടെ മാറ്റങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ശരിയാണ്. അതനുസരിച്ച് തന്നെ സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ തീരദേശപ്രദേശമായ ശംഖുംമുഖം, വലിയതുറ, പൊഴിയൂർ എന്നിവിടങ്ങളിലെ തീരദേശ സംരക്ഷണത്തിനായി ഡയഫ്രം വാൾ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് സംരക്ഷിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ മാത്രമല്ല, എത്രയോ കാലമായി ഇത് തുടർന്നുകൊണ്ടിരിക്കുകയാണ്. ആവശ്യമായ പഠനം നടത്തി നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി തീരുമാനിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗൗരവതരമായ വിഷയമാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചത്. നമ്മുടെ സംസ്ഥാനത്തിനുമാത്രം പരിഹരിക്കാവുന്നൊരു പ്രശ്നമല്ല കാലാവസ്ഥാ വ്യതിയാനം. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൗരവമായി കൈകാര്യം ചെയ്യണമെന്നതാണ് സർക്കാർ നിലപാട്. വലിയ തോതിലുള്ള സമുദ്ര ഊഷ്മാവ് ഇക്കഴിഞ്ഞ വർഷമാണു ണ്ടായതെന്ന് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിക്കുകയുണ്ടായി. കടലിലു ണ്ടാകുന്ന പ്രശ്നങ്ങൾ കടൽഭിത്തിയും പുലിമുട്ടുംകൊണ്ട് പരിഹരിക്കാവുന്നതല്ലെന്നും അദ്ദേഹം പറയുന്നുണ്ട്. ദീർഘകാലമായി നിലനിൽക്കുന്നൊരു പ്രശ്നമാണിത്. നമ്മുടെ സംസ്ഥാനത്തിന്റെ ഒരു അതിർത്തി വലിയ തോതിലുള്ള ആക്രമണത്തിന് വിധേയമാകുകയാണ്. നമ്മൾ പലപ്പോഴും അതിനുമുന്നിൽ നിസ്സഹായരായി നിൽക്കുകയാണ്. ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വരുന്ന അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് കടലാക്രമണത്തിന്റെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാനുള്ള പദ്ധതികൾക്കാണ് സർക്കാർ തയ്യാറാകുന്നത്. അതുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ നടപടികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. കിഫ്ബിയിലൂടെ ലഭിക്കുന്ന പണം അതിന്റെയൊരു പ്രാരംഭ നടപടിയായാണ് വരുന്നത്. കേരളത്തിന്റെ തീരമാകെ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാനുള്ള സഹായമെന്താണ്; മറ്റു തരത്തിലുള്ള സഹായ ങ്ങളെങ്ങനെയാണ് എന്നീ കാര്യങ്ങളെക്കുറിച്ചുള്ള ഗൗരവമായ പഠനത്തിൽ സർക്കാർ ഏർപ്പെട്ടിരിക്കുകയാണ്. അഞ്ച് വർഷകാലയളവിനുള്ളിൽ കേരളത്തിന്റെ കടൽത്തീരം പൂർണ്ണമായും സംരക്ഷിക്കുന്ന രീതിയിലുള്ള നടപടികളുണ്ടാകും. ജിയോട്യൂബിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ജിയോട്യൂബിന്റെ കാര്യത്തിൽ രണ്ട് അഭിപ്രായമുള്ളതിനാൽ അക്കാര്യം പരിശോധിച്ചശേഷം അന്തിമ തീരുമാനമെടുക്കും. കാലവർഷം വരുമ്പോൾ ദുരിതാശ്വാസ ക്യാമ്പുകൾ വേണ്ടിവരും. എന്നാൽ ക്യാമ്പുകൾ പഴയതുപോലെ

സ്ഥാപിക്കാനാകില്ലെന്ന് പറഞ്ഞത് ശരിയാണ്. സർക്കാരും അങ്ങനെ തന്നെയാണ് കാണുന്നത്. മൂന്ന് തരത്തിലുള്ള ക്യാമ്പുകളുണ്ടാകും. നേരത്തെ ഒരു ക്യാമ്പ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒന്ന് - കോവിഡ് പോസിറ്റീവായവർക്ക്, രണ്ട് - ക്വാറന്റൈനിൽ കഴിയുന്നവർക്ക്, മൂന്ന് - ഇങ്ങനെയുള്ള പ്രശ്നങ്ങളൊന്നും ഇല്ലാത്തവർക്ക്. ഇങ്ങനെ മൂന്ന് തരത്തിലുള്ള ക്യാമ്പുകളാണ് ദുരിതാശ്വാസത്തിന്റെ ഭാഗമായി ഒരുക്കാൻ ഉദ്ദേശിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള അവഗണനയോ കെടുകാര്യസ്ഥതയോ അല്ല ശംഖുംമുഖത്തിന്റെ കാര്യത്തിലുണ്ടായത്. ശംഖുംമുഖത്ത് ഓരോ വർഷവുമുണ്ടാകുന്ന അതിഭീകരമായ കടലാക്രമണം ഇത്തവണയും സംഭവിച്ചു. അതിനെ പ്രതിരോധി ക്കത്തക്ക വിധത്തിലുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. ആ തീരം സംരക്ഷിക്കാൻ അത് ഫലപ്രദമായി ഉപകരിക്കുമെന്നുതന്നെയാണ് സർക്കാർ കാണുന്നത്. മത്സ്യ ത്തൊഴിലാളികൾ സംസ്ഥാനത്തിന്റെ വിലപ്പെട്ട സഹോദരങ്ങളാണ്. കേരളത്തിന്റെ സൈന്യമായിട്ടാണ് മത്സ്യത്തൊഴിലാളികളെ നാം അംഗീകരിച്ചിട്ടുള്ളത്. അതുകൊണ്ടു തന്നെ അവർക്ക് വരുന്ന ഏതൊരു വിഷമവും സംസ്ഥാനത്തിന്റെയാകെ വിഷമമായിട്ടുതന്നെയാണ് നാം കണക്കാക്കുന്നത്. അതിന്റെ ഭാഗമായുള്ള ഇടപെടൽ നടത്തി അവർ അനുഭവിക്കേണ്ടിവന്ന വിഷമത്തിന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ ചെയ്യണമോ അതിനെല്ലാം സർക്കാർ എല്ലാ ഘട്ടത്തിലും തയ്യാറായിട്ടുണ്ട്. ഇനിയും തയ്യാറാകുമെന്നത് ഉറപ്പാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ജലവിഭവ വകുപ്പുമന്ത്രിക്കു വേണ്ടി മറുപടി പറഞ്ഞ ഊർജ്ജ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിന്റെ തീരപ്രദേശത്തെ ഒരു കോടിയോളം വരുന്ന ജനങ്ങളെ ഉത്കണ്ഠയിലാഴ്ത്തിയിരിക്കുന്ന ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. കടലാക്രമണമുണ്ടായ ജില്ലകളിലെ പല പ്രദേശങ്ങളും പരിമിതമായ സമയത്തിനുള്ളിൽ സന്ദർശിക്കാൻ അവസരം ലഭിച്ച ഒരാളാണ് ഞാൻ. തീരപ്രദേശത്ത് ദുരന്തം ദുരിതമായി പെയ്തിറങ്ങിയിരിക്കുകയാണ്. എല്ലാവർക്കും ഉത്കണ്ഠയും ഭീതിയുമാണ്. രണ്ടാഴ്ചമുമ്പ് ഏകദേശം മുപ്പതോ നാൽപ്പതോ മീറ്ററോളം ദൂരത്തുണ്ടായിരുന്ന കടൽ തൊട്ടടുത്ത് എത്തിയിരിക്കുകയാണ്. ഇത് മേയ് മാസത്തിൽ നടന്ന സംഭവമാണ്. ജൂൺ-ജൂലൈ മാസങ്ങളിൽ കാലവർഷം വരാൻ പോകുകയാണ്. ഈ കാലവർഷത്തിൽ കടൽ എവിടെയെത്തുമെന്നറിയാതെ

ഭീതിയോടുകൂടി കുഞ്ഞുങ്ങളെയും ചേർത്തുപിടിച്ച് നിൽക്കുന്ന അമ്മമാരുടെയും പ്രായമായവരുടെയും ദുഃഖവും ഉത്കണ്ഠയും തീരപ്രദേശങ്ങളിൽ നിലനിൽക്കുകയാണ്. മിനിസ്ട്രി ഓഫ് എൻവയോൺമെന്റിന്റെ ഒരു പഠനത്തിൽ പറയുന്നത്, കേരളത്തിലെ 550 കിലോമീറ്റർ ദൂരത്തിലുള്ള തീരപ്രദേശത്തിൽ 530 കിലോമീറ്ററിനേയും ഇത് ബാധിക്കുമെന്നാണ്. കേരള യൂണിവേഴ്സിറ്റിയുടെ അക്വാട്ടിക് ബയോളജി ഡിപ്പാർട്ടുമെന്റും സമാനമായ നിഗമനങ്ങളിലെത്തിയിരിക്കുകയാണ്. 550 കിലോമീറ്റർ ദൂരത്ത് 70 ശതമാനം പ്രദേശങ്ങളും ഗുരുതര ബാധിതമാണ്. ഓരോ പ്രദേശത്തെക്കുറിച്ചും പ്രത്യേകമായി പറയേണ്ട ആവശ്യമില്ല. ഓഖി ദുരന്തമുണ്ടായപ്പോൾ നിലവിലുണ്ടായിരുന്ന ധാരാളം കടൽഭിത്തികൾ തകർന്നുപോയി. ഇവിടെ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും സൂചിപ്പിച്ചു. കാലാവസ്ഥാ വ്യതിയാനം പ്രധാനപ്പെട്ട ഒരു ഘടകമാണ്. കഴിഞ്ഞ രണ്ടര വർഷക്കാലമായി ശാന്തമായിരുന്ന അറബിക്കടലിൽ പുതിയ ചുഴലിക്കാറ്റുകളുണ്ടാകുന്നു. കാറ്റും മഴയും ഗൗരവതരമായി വർദ്ധിച്ചിരിക്കുന്നു. സമുദ്ര പ്രവാഹത്തിന്റെ ശക്തി കൂടിയിരിക്കുന്നു. വലിയ തിരമാലകൾ കടലിലും തീരപ്രദേശത്തുമുണ്ടാകുമെന്ന് എല്ലാ ദിവസവും കാലാവസ്ഥാ മുന്നറിയിപ്പ് നൽകുകയാണ്. ഇതാണ് സ്ഥിതി. ലോകത്തിൽ ഒരുപക്ഷെ തീരപ്രദേശത്ത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനമാണ് കേരളം. നാഷണൽ ആവറേജ് ഒരു സ്ക്വയർ കിലോമീറ്ററിൽ 350 പേരാണെങ്കിൽ കേരളത്തിലെ തീരപ്രദേശത്ത് ഒരു സ്ക്വയർ കിലോമീറ്ററിൽ താമസിക്കുന്നത് 2020 പേരാണെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. ഇവിടെ ഒൻപത് തീരദേശ ജില്ലകളിലെ തീരപ്രദേശം തകർന്നിരിക്കുകയാണ്. കേരളത്തിന്റെ ഭൂരിഭാഗവും ഉൾപ്പെടുന്ന പ്രദേശങ്ങളാണവ. വരുന്ന അഞ്ച് വർഷക്കാലംകൊണ്ട് തീരപ്രദേശത്തെ പൂർണ്ണമായും സംരക്ഷിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രഖ്യാപിച്ചു. ഞങ്ങൾ അതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഈ സർക്കാരിനെയല്ല ഞങ്ങൾ വിമർശിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഒരു സർക്കാരുണ്ടായിരുന്നു. അതിന്റെ തുടർച്ചയായി തുടർഭരണം കിട്ടി അധികാരത്തിൽ വന്നതാണ് ഈ സർക്കാർ. വരുന്ന അഞ്ചുവർഷംകൊണ്ട് കേരളത്തിലെ തീരപ്രദേശം പൂർണ്ണമായും സംരക്ഷിക്കുമെന്ന് നിയമസഭയ്ക്ക് ഉറപ്പുനൽകിയ മുഖ്യമന്ത്രിയോട് ഞാൻ വിനയാന്വിതനായി ചോദിക്കുന്നു, കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് എന്താണ് ഇക്കാര്യത്തിൽ ചെയ്തത്; എവിടെയാണ് കടൽഭിത്തി കെട്ടിയത്; എവിടെയാണ് പുലിമുട്ട് നിർമ്മിച്ചത്; എവിടെയാണ് ആന്വൽ മെയിന്റനൻസ് നടത്തിയത്? കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ബഡ്ജറ്റ് രേഖകൾ ഇന്നലെ ഞാൻ പരിശോധിച്ചു. കേരളത്തിലെ തീരപ്രദേശത്തിനുവേണ്ടി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അനുവദിച്ചത് 12000 കോടി രൂപയാണ്. എന്നാൽ പന്ത്രണ്ട് രൂപയുടെ പദ്ധതികൾ നിങ്ങൾ തീരപ്രദേശത്ത് നടത്തിയോ? പ്രഖ്യാപിച്ച പദ്ധതികളുടെ

പഠന റിപ്പോർട്ടോ വിശദമായ പ്രോജക്ട് റിപ്പോർട്ടോ തയ്യാറാക്കാൻ കഴിഞ്ഞോ? തീരദേശ പാക്കേജ് എന്നുപറഞ്ഞ് 1000 കോടി രൂപ, 2000 കോടി രൂപ, 5000 കോടി രൂപ എന്ന് മാറ്റിവയ്ക്കുന്നതല്ലാതെ തീരപ്രദേശത്തെ സംരക്ഷിക്കാൻ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ടുപോലും തയ്യാറാക്കാൻ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കഴിഞ്ഞില്ലെന്നുള്ളത് സംബന്ധിച്ച് നിങ്ങൾ ഒരു ആത്മപരിശോധന നടത്തണം. എന്തുകൊണ്ട് നിങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞില്ല? അടുത്ത അഞ്ച് വർഷക്കാലം അതുപോലെ തുടരാതിരിക്കാനാണ് സഭയിൽ ഇക്കാര്യം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി പ്രോജക്ട് ഇംപ്ലിമെന്റേഷനെക്കുറിച്ച് ഇവിടെ പറഞ്ഞു. ചെല്ലാനം, പൊഴിയൂർ, വിഴിഞ്ഞം, ഹരിപ്പാട് എന്നിങ്ങനെ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും ധാരാളം പ്രോജക്ടുകളുണ്ട്. പക്ഷേ ആ പ്രോജക്ടുകൾ എവിടെവരെ എത്തിയെന്ന് ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചിട്ടുണ്ടോ? കോൺട്രാക്ടർമാർ പ്രോജക്ടുകൾ എടുക്കാതെ പോകുന്നു. പണി നടക്കുന്നില്ല. ചെല്ലാനത്ത് 50 കോടി രൂപയുടെ പദ്ധതി എന്നുപറഞ്ഞു. ഏത് പദ്ധതിയാണ് നടന്നത്? വീടിനുള്ളിൽ വലിയ കല്ലുകൾ കിടക്കുന്നത് ഞങ്ങൾ പോയി കണ്ടതാണ്. ഒരു പദ്ധതിയും നടന്നിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ചെല്ലാനത്ത് ജിയോട്യൂബ് ഇടാനേൽപ്പിച്ചത് ഒരു റോഡുപണി നടത്തുന്ന കരാറുകാരനെയാണ്. പ്രീ-ക്വാളിഫിക്കേഷൻ വച്ച് നടത്തേണ്ട പദ്ധതികൾ വളരെ ലാഘവത്തോടെ നടപ്പാക്കാൻ ശ്രമിച്ചു. വിഴിഞ്ഞം അഴിമുഖത്ത് മണൽ കെട്ടി ക്കിടക്കുകയാണ്. അവിടെ കഴിഞ്ഞ ദിവസം കേരളത്തിന്റെ സൈന്യമായ മൂന്ന് മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞു. അവിടെനിന്നും 2019 മുതൽ പരാതി വരികയാണ്. അഴിമുഖത്ത് മണൽ കെട്ടിക്കിടക്കുന്നു, അദാനിയുടെ പോർട്ടിന്റെ നിർമ്മാണ പ്രവർത്തനം നടക്കുന്നു, അവിടെനിന്നും തിരകൾ വരുന്നു, ചുഴികൾ രൂപപ്പെടുന്നു, മണ്ണ് മാറ്റണമെന്ന് ആവശ്യപ്പെടുകയാണ്. എത്രയോ യോഗങ്ങൾ മന്ത്രിമാർ നടത്തി. അദാനിയാണോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണോ മണ്ണ് മാറ്റേണ്ടതെന്ന് നിരന്തരമായ ചർച്ചയാണ്. മന്ത്രിമാർ ചർച്ച നടത്തിയതു കൊണ്ടുമാത്രം കാര്യമില്ല; തീരുമാനങ്ങളുണ്ടാകണം, ആ തീരുമാനങ്ങൾ നടപ്പാക്കണം. 2019-ൽ കൂടിയ യോഗത്തിലെ തീരുമാനം നടപ്പാക്കിയിരുന്നുവെങ്കിൽ നമ്മുടെ സൈന്യത്തിലെ മൂന്നംഗങ്ങൾക്ക് അവരുടെ ജീവൻ വെടിയേണ്ടി വരുമായിരുന്നില്ല. എന്തുകൊണ്ടാണ് ഇപ്പോഴും നിങ്ങൾ തീരുമാനമെടുക്കാത്തത്? കൊച്ചിയിലെ നേവിയുടെ ഐ.എൻ.എസ്. ദ്രോണാചാര്യ നോക്കണം. അവിടെ നല്ലൊരു മോഡൽ രൂപീകരിച്ചു. അവിടെ തീരപ്രദേശത്ത് യാതൊരു പ്രശ്നവുമില്ല. ഞാൻ ഇന്നലെ പൊഴിയൂരിലെ കേരള അതിർത്തിയിൽ പോയി, തൊട്ടപ്പുറത്ത് 54 കിലോമീറ്റർ ദൂരത്ത് തമിഴ്നാട് സർക്കാർ പുലിമുട്ട് നിർമ്മിച്ച് മൂന്ന് ഹാർബറുകളുണ്ടാക്കി ആ പ്രദേശത്തെ മുഴുവൻ

സംരക്ഷിച്ചിരിക്കുന്നു. അതിന്റെ തൊട്ടപ്പുറത്ത് കേരളത്തിൽ മുഴുവൻ 30 മീറ്ററും 40 മീറ്ററും കടൽ കരയിലേയ്ക്ക് കയറിയിരിക്കുന്നു. ഇതുസംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി.-യുടെ പഠനമുണ്ട്. നമ്മുടെ പദ്ധതികൾ ഇവിടെ ചർച്ച ചെയ്യുമ്പോൾ സർക്കാർ ഗൗരവതരമായി അതിനെ കാണണം. പ്രകൃതിക്കും കടലിനും തീരദേശ വാസികൾക്കും ഇണങ്ങുന്ന പദ്ധതിയാണോയെന്ന് പരിശോധിക്കണം. കടൽഭിത്തി കെട്ടിയാലും പുലിമുട്ടിട്ടാലും ജിയോട്യൂബിട്ടാലും ടെട്രാപോഡാണെങ്കിലും കടലിനും പ്രകൃതിക്കും തീരദേശവാസികൾക്കും ഇണങ്ങുന്നതാണോ എന്ന് പരിശോധിക്കണം. ഇവിടെ 'പുനർഗേഹം' റീ-ഹാബിലിറ്റേഷൻ പദ്ധതിയുണ്ട്. ആറു ലക്ഷം രൂപ സ്ഥലം വാങ്ങാനും നാല് ലക്ഷം രൂപ വീട് പണിയാനുമാണ് കൊടുക്കുന്നത്. ഒന്നാമതായി മത്സ്യത്തൊഴിലാളികൾ തീരപ്രദേശം വിട്ട് പോകില്ല. പോകണമെങ്കിൽ ജീവൻ അപകടത്തിലാകണം. പതിനഞ്ച് സെന്റുള്ളവർക്കും പത്ത് സെന്റുള്ളവർക്കും മൂന്ന് സെന്റുള്ളവർക്കും ആറു ലക്ഷം രൂപയാണ് കൊടുക്കുന്നത്. അവർ വരുമോ; തിരിച്ചു ചെന്നാൽ അവരുടെ സ്ഥലം ഉണ്ടാകുമോ; സ്ഥലം കടലെടുത്തുപോകുമോയെന്നുള്ള ഭയംകൊണ്ടാണ് തീരപ്രദേശത്തുനിന്നും ഇങ്ങോട്ട് പോരുന്നത്. ഇവിടെ എത്തിക്കഴിഞ്ഞാൽ പതിനഞ്ച് സെന്റുള്ളവനും മൂന്ന് സെന്റുള്ളവനും കിട്ടുന്നത് 6 ലക്ഷം രൂപയാണ്. ആറ് ലക്ഷം രൂപയ്ക്ക് ആ തീരപ്രദേശത്തിന് സമീപം എവിടെയാണ് സ്ഥലം വാങ്ങാൻ കഴിയുന്നത്? തീരപ്രദേശത്ത് പട്ടിണി തുടരുകയാണ്. കടലിൽ പോകരുതെന്ന നിരന്തരമായ മുന്നറിയിപ്പാണ്. ഇനിയും മൺസൂൺ വന്നാൽ കടലിൽ പോകാൻ കഴിയില്ല. ഈ പട്ടിണിയിൽനിന്നും അവരെ കര കയറ്റണ്ടേ; നമ്മുടെ സൈന്യത്തെ പട്ടിണിക്കിടണോ? നമ്മുടെ സൈന്യം പട്ടിണിയിലാണ്; വറുതിയിലാണ്, കുഞ്ഞുങ്ങൾവരെ കരയുകയാണ്. കടലിൽ പോയാൽ മത്സ്യസമ്പത്ത് കുറവാണ്. പഴയതുപോലെ മത്സ്യം കിട്ടുന്നില്ല. അനുബന്ധ മത്സ്യത്തൊഴിലാളികൾ ഇതിലേറെ ദുരിതമനുഭവിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിർഭാഗ്യകരമായ ഒരു വാദമാണ് അങ്ങ് അവതരിപ്പിക്കുന്നത്. അതുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. കടലോരത്തുള്ള മത്സ്യത്തൊഴിലാളികൾ സാധാരണഗതിയിൽ അവിടംവിട്ട് മറ്റൊരു സ്ഥലത്തേയ്ക്ക് മാറാൻ താല്പര്യം കാണിക്കാറില്ല. അപകടാവസ്ഥ കാരണമാണ് അവരെ മാറ്റുന്നതിനുവേണ്ടി പ്രേരിപ്പിക്കുന്നത്. ഈ അവസ്ഥ കുറച്ചുപേർ അംഗീകരിച്ചിട്ടുണ്ട്. കുറച്ചുപേർ അങ്ങ് പറഞ്ഞതുപോലെയുള്ളൊരു മനോഭാവം കാണിക്കുന്നുണ്ട്. ആ മനോഭാവക്കാരെ പ്രോത്സാഹിപ്പിക്കുന്ന സമീപനമല്ല നമ്മളാരും സ്വീകരിക്കേണ്ടത്. ഇത് പൊതുവായൊരു ആവശ്യമാണ്. അവരുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാട് കൂടിയാണ്. അതിന് സഹായകരമാകുന്ന നിലപാടായിരിക്കണം അങ്ങും സ്വീകരിക്കേണ്ടതെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഉയർത്തിയ വാദമുഖങ്ങളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ബുദ്ധിപൂർവ്വം വഴിതിരിച്ചു വിടുകയാണെന്ന് ഞാൻ വിനയത്തോടെ പറയാൻ ആഗ്രഹിക്കുന്നു. കാരണം, ഞാൻ 10 ലക്ഷം രൂപ കൊടുക്കുന്നതിനെയല്ല എതിർത്തത്. 'പുനർഗേഹം' പദ്ധതിയിലൂടെ ഇങ്ങോട്ട് വരുന്നവരെ കൊണ്ടുവരണം. പക്ഷേ പതിനഞ്ച് സെന്റും പത്ത് സെന്റുമുള്ള ആളുകളെ കുറേക്കൂടി ആകർഷിക്കുന്ന രീതിയിലേയ്ക്ക് ഈ പദ്ധതി മാറ്റണമെന്നുള്ള അഭിപ്രായമാണ് ഞാൻ സർക്കാരിന്റെ മുന്നിലേയ്ക്ക് വച്ചത്. മൺസൂൺ വരാൻ പോകുകയാണ്. മൺസൂൺ വന്നാൽ എന്തുചെയ്യും? ആറുമാസം മുമ്പ് മന്ത്രിമാർ ഉദ്ഘാടനം ചെയ്ത പൊഴിയൂരിൽ 128 പേരുടെ ഫ്ലാറ്റുണ്ടെന്ന് ഇവിടെ പറഞ്ഞല്ലോ, അത് കൊടുത്തോ; അവരിപ്പോഴും താമസിക്കുന്നുണ്ടോ; എന്തുകൊണ്ടാണ് ആറുമാസം മുമ്പ് മന്ത്രിമാർ ഉദ്ഘാടനം ചെയ്ത 128 പേരുടെ ഫ്ലാറ്റിൽ ഒരാൾപോലും ഇതുവരെ താമസിക്കാത്തത്? അവിടെ താമസിക്കേണ്ട ആളുകളെ ഇന്നലെ ഞാൻ കണ്ടു. അവർ സ്കൂളിൽ കുടുംബമായി താമസിക്കുകയാണ്. ഫ്ലാറ്റ് അനുവദിച്ചിരിക്കുന്ന ആളുകൾക്ക് ഫ്ലാറ്റിലേയ്ക്ക് പോകാൻ കഴിയുന്നില്ല. ഫ്ലാറ്റിൽ വെള്ളമില്ല, ഒരു സൗകര്യവുമില്ല. ഇതൊക്കെയല്ലേ ഉത്തരവാദിത്തമുള്ള സർക്കാർ ചെയ്യേണ്ടത്? വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള സംവിധാനം വേഗത്തിലാക്കണം. ഭാഗികമായി വീട് തകർന്നയാളുകൾക്ക് ധനസഹായം അടിയന്തരമായി നൽകണം. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ, പകർച്ചവ്യാധിയോടൊപ്പമാണ് ഈ ദുരന്തവും വന്നിരിക്കുന്നത്. 60 ശതമാനം ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റുള്ള ഒരു പ്രദേശത്ത് എങ്ങനെയാണ് ഈ ക്യാമ്പുകൾ നടത്തുന്നത്? ഇത് വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട കാര്യമാണ്. ഡിസാസ്റ്റർ മാനേജ്മെന്റ് പോളിസി പ്രകാരം 60 ശതമാനം പോസിറ്റിവിറ്റി റേറ്റുള്ള തീരപ്രദേശങ്ങളിൽ പുനരധിവാസം അല്ലെങ്കിൽ താൽക്കാലികമായ താമസം എന്നുപറയുന്നത് അപകടകരമാണ്. വീടുകളിലേയ്ക്ക് തിരിച്ചുപോകാൻ ആളുകൾക്ക് കഴിയില്ല. വീടിരുന്ന സ്ഥലത്ത് വീടുമില്ല, സ്ഥലവുമില്ല. നമ്മൾ സ്ഥലം കൊടുത്താൽ മാത്രമേ അവർക്ക് വീട് വയ്ക്കാൻ കഴിയുകയുള്ളൂ. അതിന് എത്ര സമയമെടുക്കും? ആ സമയം മുഴുവൻ അവർക്ക് താമസിക്കാൻ വാടകയെങ്കിലും കൊടുക്കുന്ന ഒരു പാക്കേജ് സർക്കാർ രൂപീകരിക്കണം. സാധാരണ പ്രകൃതി ദുരന്തങ്ങൾ വരുമ്പോഴുള്ള പാക്കേജല്ല വേണ്ടത്; തീരപ്രദേശത്തിന് ഒരു പ്രത്യേകമായ പാക്കേജ് രൂപീകരിക്കണം. പലർക്കും സ്ഥലത്തിന്റെ ഡോക്യുമെന്റില്ല; സ്ഥലത്തിന്റെ ഡോക്യുമെന്റോ പട്ടയമോ കയ്യിലില്ലാത്ത, ഭൂമിയും വീടും നഷ്ടപ്പെട്ട ഒരാളെ എങ്ങനെയാണ് ഇപ്പോഴുള്ള നടപടിക്രമങ്ങളനുസരിച്ച് പുനരധിവസിപ്പിക്കുന്നത്? സങ്കടങ്ങളുടെ തീരമായി കേരളത്തിലെ കടൽത്തീരങ്ങൾ മാറിയിരിക്കുകയാണ്.

കഴിഞ്ഞ അഞ്ചുവർഷക്കാലമായി 12000 കോടി രൂപ അനുവദിച്ചുവെന്ന് നിരന്തരമായി പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. തീരപ്രദേശത്തെ പൂർണ്ണമായും അവഗണിക്കുകയും തീരദേശവാസികളുടെ സങ്കടങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്ത പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സത്യസന്ധമായി പറഞ്ഞാൽ, പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ഈ അടിയന്തരപ്രമേയം സർക്കാർ ഗൗരവത്തിൽ എടുത്തിരുന്നുവെങ്കിൽ ഇന്ന് ചർച്ച ചെയ്യുമായിരുന്നു. അക്കാര്യത്തിൽ ഒരു സംശയവുമില്ല. സംസ്ഥാനത്തുണ്ടായ ചുഴലിക്കാറ്റും കടൽക്ഷോഭവുംമൂലം കടലോര മേഖലകളിലെ ജനങ്ങളനുഭവിക്കുന്ന ബുദ്ധിമുട്ടുകളാണ് അടിയന്തരപ്രമേയത്തിന്റെ വിഷയം. ഇന്ന് കേരളത്തിന്റെ തീരപ്രദേശത്തിന്റെ ഒരു വശത്ത് ക്ഷോഭിക്കുന്ന കടൽ, മറുവശത്ത് പട്ടിണി. കരയിലാണെങ്കിൽ മാറാവ്യാധിയായ കോവിഡ്. കൂടാതെ കടലിൽ പോകാൻ പാടില്ലെന്ന മുന്നറിയിപ്പും ഇടയ്ക്കിടയ്ക്ക് വരും. കടലിൽ പോകാൻ പാടില്ലെന്ന് പറയുന്നത്, നിങ്ങൾ ഇനി ജീവിക്കേണ്ട എന്നുപറയുന്നതിന് തുല്യമാണ്. ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് എത്രയാണെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞു. അടുത്ത അഞ്ചുകൊല്ലം ഞങ്ങൾ ഇക്കാര്യം ഗൗരവത്തിലെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞ അഞ്ചുകൊല്ലം സർക്കാർ ഇക്കാര്യത്തിൽ കാര്യക്ഷമമമായി ഇടപെട്ടില്ല. എന്നാൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള ഒരു അടിയന്തരപ്രമേയത്തിന് മറുപടി പറയുമ്പോൾ സർക്കാർ ആലോചിക്കേണ്ടതായിരുന്നു. ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി വായിച്ച മറുപടി ഞാൻ മുഴുവൻ കേട്ടതുപോലുമില്ല. വാസ്തവത്തിൽ വളരെ ആലോചിച്ച് മറുപടി പറയേണ്ട ധാരാളം കാര്യങ്ങളുണ്ട്. കടൽ ഉയർന്നുകൊണ്ടിരിക്കുകയാണ്, കൊച്ചി, കൊല്ലം പോലെയുള്ള കടലോരപ്രദേശങ്ങളൊന്നും ഈ നൂറ്റാണ്ടിന്റെ അവസാനമാകുമ്പോൾ ഉണ്ടാകില്ലെന്നാണ് പറയുന്നത്. അത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണോ എന്നെനിക്കറിയില്ല. എന്തായാലും കടൽ കയറിക്കൊണ്ടിരിക്കുകയാണ്. ഇടയ്ക്കിടയ്ക്ക് കൊടുങ്കാറ്റുണ്ടാകുന്നുണ്ട്; മറ്റൊരു ജീവിതമാർഗ്ഗവും ഇല്ലാത്തയാളുകൾക്ക് കടലിൽ പോകാൻ സാധിക്കുന്നില്ലെന്നതും പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിയിൽ ഞാൻ വേറെയും ഒരു പ്രശ്നം കണ്ടു. തിരുവനന്തപുരത്ത് തുടങ്ങി കൊച്ചിയിൽ ചെന്ന് അവസാനിക്കുന്നതല്ല കേരളത്തിന്റെ കടൽത്തീരം. അതുകഴിഞ്ഞും കടൽത്തീരമുണ്ട്, അത് നിങ്ങൾ മനസ്സിലാക്കണം. മന്ത്രിമാരുടെ മറുപടിയിൽ കൊച്ചിക്കപ്പുറം പറയുന്നത് കേട്ടതേയില്ല.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അതിനായി 5000 കോടി രൂപ വച്ചിട്ടുണ്ട്. അതിന്റെ പദ്ധതി രേഖ തയ്യാറാക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അത് നല്ലകാര്യം. എന്നാലും റിപ്പോർട്ട് എഴുതിക്കൊടുക്കുമ്പോൾ അവിടെനിന്നും അങ്ങോട്ടുള്ള സ്ഥലങ്ങളുമുണ്ടാകില്ലേ? പരപ്പനങ്ങാടി, കടലുണ്ടി, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മഞ്ചേശ്വരം എന്നിവിടങ്ങളുമുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിച്ചപ്പോഴും കാസർ ഗോഡിന്റെ പേര് പറഞ്ഞില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അദ്ദേഹം പറഞ്ഞു. ശ്രീ. പി. സി. വിഷ്ണുനാഥ് മാത്രമേ ഈ പ്രദേശങ്ങളുടെ പേര് നിയമസഭയിൽ പറഞ്ഞുള്ളൂ. അത് രേഖയിലുണ്ട്. ഞാൻ മന്ത്രിമാരെ കുറ്റം പറയുന്നില്ല.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കേരളത്തിന്റെ കടൽത്തീരം 590 കി.മീ ദൈർഘ്യമുണ്ടെന്നും 56 ക്രൂഷ്യൽ പോയിന്റ്സുണ്ടെന്നും ഇവിടെ മറുപടി പറഞ്ഞപ്പോൾ വ്യക്തമാക്കി. അതിന്റെ അർത്ഥം അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെയാണെന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം.

ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി: ഞാൻ അങ്ങനെ കണക്ക് കൂട്ടാം. പക്ഷേ പറഞ്ഞില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. ചെല്ലാനം, കായംകുളം, കോവളം എന്നിവിടങ്ങളിൽ മന്ത്രിമാർ യോഗം വിളിച്ചുകൂട്ടിയെന്ന് പറഞ്ഞപ്പോൾ അടുത്തു തന്നെ കോഴിക്കോടും കണ്ണൂരും കാസർഗോഡുമൊക്കെ കേൾക്കുമെന്ന് ഞാൻ വിചാരിച്ചു. അങ്ങനെയുണ്ടായില്ല.

മി. സ്പീക്കർ: ദയവായി അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. കഴിഞ്ഞ അഞ്ചുകൊല്ലത്തെ കാര്യക്ഷമത അത്ര ഗുണം നൽകുന്നതല്ല, ശുഭോതർക്കമല്ല. പക്ഷേ കടലും കടലോരവും തീരപ്രദേശവുമൊക്കെ വളരെ ഗൗരവത്തിലുള്ള വിഷയമായി വന്നിരിക്കുകയാണ്. ഭരിക്കുന്നത് നിങ്ങളാണ്. ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമാണ്. പക്ഷേ 'സ' മട്ടിലുള്ള സമീപനം ശരിയാകില്ല. അങ്ങനെയല്ല ഇനിയുണ്ടാകാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പറഞ്ഞത് നല്ലതാണ്. എം.എൽ.എ.-മാരായ ശ്രീ. കെ. പി. എ. മജീദും ശ്രീ. അബ്ദുൾ ഹമീദ് മാസ്റ്ററും ഇവിടെയുണ്ട്. അതുപോലെ കോഴിക്കോട് എം.എൽ.എ. മന്ത്രിയാണ്.

തീരപ്രദേശങ്ങളിൽ വളരെ ഗുരുതരമായ സ്ഥിതിയാണുള്ളത്. ഈ കാര്യത്തിലൊക്കെ ഗൗരവമുള്ള ഒരു സമീപനം ഇനിയുണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പക്ഷേ കഴിഞ്ഞ അഞ്ചുകൊല്ലത്തെ അനുഭവംവച്ച് പറയുകയാണെങ്കിൽ, കാര്യക്ഷമത വളരെ മോശമായിരുന്നു. ഈ പ്രശ്നം അടിയന്തര പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ട തായിരുന്നു. അതിന് തയ്യാറാകാത്തതിൽ പ്രതിക്ഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, കാലാവസ്ഥ വ്യതിയാനം, കോവിഡ് എന്നിവയൊന്നും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കാര്യങ്ങളല്ല. പക്ഷേ കഴിഞ്ഞ അഞ്ചുവർഷം മുഴങ്ങിക്കേട്ട 12,000 കോടി രൂപയുടെ തീരദേശ പാക്കേജ് ഇതുവരെ ഗൗരവതരമായി എടുത്തിട്ടില്ല. രൂക്ഷമായ കടലാക്രമണം നടക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിക്ഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ആദ്യമായല്ല തീരദേശത്ത് പ്രകൃതിക്ഷോഭവും കടൽകയറ്റവുംകൊണ്ട് പ്രശ്നങ്ങളുണ്ടാകുന്നത്. ഇങ്ങനെയുള്ള ധാരാളം സന്ദർഭങ്ങളു ണ്ടാകുന്നു എന്നതിനെ സംബന്ധിച്ച് സർക്കാരിന് വ്യക്തമായ ബോദ്ധ്യവും അറിവു മുള്ളതാണ്. കഴിഞ്ഞ അഞ്ച് വർഷമായി 12,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയെന്ന് മുൻ സർക്കാർ തന്നെ സഭയിൽ ആവർത്തിച്ച് പ്രഖ്യാപിച്ചി ട്ടുള്ളതാണ്. ഈ 12,000 കോടി രൂപ വെള്ളത്തിൽ വരച്ച വരപോലെയായി എന്നതിനാലാണ് ഇപ്പോൾ ഇത് ആവർത്തിക്കുന്നതിനുള്ള പ്രധാന കാരണം. കഴിഞ്ഞ അഞ്ചുകൊല്ലം കൃത്യവും ക്രിയാത്മകവുമായ ഇടപെടലുകൾ നടത്താൻ സർക്കാരിന് സാധിക്കാതിരുന്നതാണ് കടൽക്ഷോഭവും അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രതിസന്ധികളും ആവർത്തിക്കാൻ കാരണം. ഈ പ്രശ്നം ചർച്ച ചെയ്യാനായി വിവിധ യോഗങ്ങൾ ചേർന്നുവെന്ന് മന്ത്രിമാർ പറഞ്ഞു. പക്ഷേ യോഗങ്ങളൊക്ക ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സാഹചര്യമൊരുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തലസ്ഥാന നഗരിയിലെ ശംഖുംമുഖത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. അതൊന്നും ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതെല്ലാം തീർച്ചയായും കെടുകാര്യസ്ഥതയുടെ കൃത്യമായ ഉദാഹരണങ്ങളാണ്.

ഇത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. മത്സ്യത്തൊഴിലാളികൾ നേരിടുന്ന അവരുടെ സാമ്പത്തിക പ്രതിസന്ധികളടക്കം ചർച്ച ചെയ്യേണ്ട ഒരു പ്രധാനപ്പെട്ട വിഷയമാണിത്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിക്ഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) വാക്സിൻ അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നന്ദകുമാർ: സർ, വാക്സിൻ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി, യോജിക്കാൻ കഴിയുന്ന സംസ്ഥാനങ്ങളുമായി ചേർന്ന് കൂട്ടായ പ്രവർത്തനം നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുന്ന ശ്രമത്തെ ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. കോവിഡ് മഹാമാരിക്ക് അല്പം ശമനമുണ്ടായിട്ടുണ്ടെങ്കിലും പൂർണ്ണമായി ആശ്വസിക്കാനുള്ള വകയില്ല. സംസ്ഥാന സർക്കാർ നല്ലരൂപത്തിൽ ഇടപെടുകയും മാതൃകാപരമായ പ്രവർത്തനം കൃത്യതയോടെ നടത്തുകയും ചെയ്തതുകൊണ്ട് രോഗവ്യാപനം ഒരളവോളം തടയാനും മരണനിരക്ക് കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. കേരളം മറ്റു സംസ്ഥാനങ്ങളിൽനിന്നും പലതുകൊണ്ടും വ്യത്യസ്തമാണ്. മെച്ചപ്പെട്ട ആരോഗ്യമേഖലയുള്ളതുകൊണ്ട് ആയുർദൈർഘ്യം കൂടുതലാണെങ്കിലും അതോടൊപ്പം ജീവിതശൈലി രോഗങ്ങളും കൂടുതലാണ്. ഡയബറ്റീസ് രോഗികൾ കേരളത്തിൽ കൂടുതലാണ്. പ്രായമായ 40.6% പുരുഷൻമാരിലും 50.5% സ്ത്രീകളിലും ഹൈപ്പർ ടെൻഷൻ രോഗം പിടിപെട്ടിട്ടുണ്ട്. കേരളത്തിൽ ജീവിതശൈലി രോഗംമൂലമുള്ള മരണനിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. അതുകൊണ്ട് കേരളത്തിൽ കൂടുതൽ വാക്സിനേഷൻ ലഭിക്കുന്നതിന് പ്രത്യേക പരിഗണന വേണ്ടതാണ്. കേന്ദ്രസർക്കാർ അർഹതപ്പെട്ട ക്വാട്ടപോലും സംസ്ഥാനത്തിന് നൽകുന്നില്ല. കേന്ദ്രസർക്കാരിന്റെ വാക്സിൻ ഉൽപ്പാദനവും വിതരണവും സംബന്ധിച്ച നയം വികലവും ദീർഘവീക്ഷണമില്ലാത്തതുമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ അവർ തഴഞ്ഞിരിക്കുകയാണ്. ലോകത്തിലെ എല്ലാ പ്രധാന രാഷ്ട്രങ്ങളിലും കേന്ദ്ര സർക്കാരുകളാണ് വാക്സിനേഷന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ ഇൻഡ്യയിൽ കേന്ദ്ര സർക്കാർ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കാതെ, സംസ്ഥാന സർക്കാരുകളുടെ തലയിൽ കെട്ടിവയ്ക്കുകയാണ്. ഇന്ത്യയിൽ വാക്സിനേഷൻ

നൽകുന്നതിന്റെ നിരക്ക് വളരെ കുറവാണ്. മിക്ക പ്രമുഖ രാജ്യങ്ങളിലും ജനസംഖ്യയുടെ 50% വരെ ഒന്നാം ഡോസും 40% വരെ രണ്ടാം ഡോസും വക്സിനേഷൻ നൽകിയപ്പോൾ ഇന്ത്യയിൽ 12 ശതമാനവും 3 ശതമാനവും മാത്രമാണ് വാക്സിനേഷൻ നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയും കേരള ഹൈക്കോടതിയും അടക്കമുള്ള നിരവധി കോടതികൾ കേന്ദ്രസർക്കാരിന്റെ വാക്സിൻ നയത്തെ ശക്തമായി വിമർശിച്ചതാണ്. കേരളത്തിലെ ജനസംഖ്യയുടെ 40 ലക്ഷത്തിലധികംപേർ കേരളത്തിന് പുറത്ത് ജോലി ചെയ്യുന്നവരാണ്. അവർക്ക് യഥാസമയം വാക്സിൻ ലഭ്യമാകാത്തതുകൊണ്ട് ജോലി സംബന്ധമായ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കേരളത്തിന്റെ ക്വാട്ട അടിയന്തരമായി വർദ്ധിപ്പിച്ച് വാക്സിൻ കൃത്യമായി നൽകണം. സഭയുടെ വികാരം ഇതിനായി ഉണരണമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിൽ സർവ്വസജ്ജമായ ഒരു സംവിധാനമുള്ളതുകൊണ്ട് വാക്സിൻ വേസ്റ്റേജ് 0% മാത്രമാണ്. എന്നാൽ ഇത് ഛത്തീസ്ഗഢിൽ 30.2 ശതമാനവും പഞ്ചാബിൽ 8 ശതമാനവുമാണ്. കേന്ദ്രംപോലും ഇക്കാര്യത്തിൽ സംസ്ഥാനത്തെ പ്രകീർത്തിച്ചതാണ്. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, മലപ്പുറം ജില്ലയിൽ 45 ലക്ഷത്തോളം ജനസംഖ്യയുണ്ട്, അവിടെ വലിയതോതിൽ കോവിഡ് വ്യാപനവുമുണ്ട്. മലപ്പുറം ജില്ലയ്ക്ക് കൂടുതൽ വാക്സിൻ ലഭ്യമാക്കാത്തതിൽ ജനങ്ങൾക്ക് പരാതിയുണ്ട്. അതിനാൽ കേരളത്തിന് ആവശ്യമായ വാക്സിൻ ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോവിഡ് പ്രതിരോധ വാക്സിൻ എല്ലാവർക്കും സൗജന്യമായി ലഭ്യമാക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ അസന്നിഗ്ദ്ധമായ അഭിപ്രായം. ഈ നയം ഒന്നിലധികം തവണ വ്യക്തമാക്കിയിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിനെ ഈ അഭിപ്രായം വളരെ ശക്തമായിത്തന്നെ അറിയിച്ചിട്ടുള്ളതുമാണ്. പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്തേണ്ടിവരുന്ന ജനവിഭാഗങ്ങൾക്ക് വാക്സിൻ ലഭ്യമാക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്. സംസ്ഥാനത്തിന് ലഭിച്ച വാക്സിൻ ഒട്ടും പാഴാക്കാതെ (സീറോ വേസ്റ്റേജ്) ഉപയോഗപ്പെടുത്തിയതിനെ കേന്ദ്രസർക്കാർ പ്രത്യേകമായി പരാമർശിച്ചത് ബഹുമാനപ്പെട്ട അംഗംതന്നെ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. കോവിഡ് പ്രതിരോധ വാക്സിൻ പൊതുനന്മയെ കരുതി എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ദേശീയതലത്തിൽ കോവിഡ് മഹാമാരിക്കെതിരെ സാമൂഹ്യപ്രതിരോധം കെട്ടിപ്പടുക്കാൻ ഏറ്റവും നല്ല മാർഗ്ഗം സാർവ്വത്രികമായ പ്രതിരോധ കുത്തിവയ്പ്പാണ്. സംസ്ഥാനം 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിൻ വാക്സിനും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഓർഡർ നൽകിയിട്ടുണ്ട്. വാക്സിൻ ലഭ്യമാക്കാൻ ആഗോള ടെണ്ടർ വിളിക്കുന്ന കാര്യത്തിലും സംസ്ഥാനം നടപടി

സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനാണ് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്. അതിനാൽത്തന്നെ സംസ്ഥാനങ്ങളുടെ മൊത്തം ആവശ്യം കണക്കിലെടുത്ത് മതിയായ അളവിൽ വാക്സിൻ ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ ആഗോള ടെണ്ടറിലൂടെ നടപടികൾ സ്വീകരിക്കണമെന്ന് 2021 മേയ് 24-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

10.00 AM]

സംസ്ഥാനങ്ങൾ പ്രത്യേകം പ്രത്യേകമായി കമ്പോളത്തിൽ മത്സരിക്കുന്ന അവസ്ഥ സംജാതമായാൽ വാക്സിന്റെ വില വർദ്ധിക്കാൻ ഇടയാകുമെന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കേരളം ഉന്നയിച്ച ഈ ആവശ്യത്തെ പിന്തുണയ്ക്കണമെന്നാവശ്യപ്പെട്ട് ആന്ധ്രാപ്രദേശ്, തെലങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര, ഡൽഹി, രാജസ്ഥാൻ, പഞ്ചാബ്, പശ്ചിമബംഗാൾ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, ഒഡീഷ എന്നീ സംസ്ഥാന മുഖ്യമന്ത്രിമാർക്ക് മേയ് 29-ന് കത്തയച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ വാക്സിൻ സംസ്ഥാനങ്ങളുടെ ആവശ്യാനുസരണം സൗജന്യമായി ലഭ്യമാക്കണമെന്ന വാദഗതി ശക്തമായിത്തന്നെ കേരളം ഉന്നയിക്കുന്നുണ്ട്. ആവശ്യമായ അളവിൽ വാക്സിൻ ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിൻമേൽ കേരളം നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. അതിന് ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. കേന്ദ്രം 45 വയസ്സിന് മുകളിലുള്ളവർക്ക് നൽകുന്ന വാക്സിൻ, കോവിഷീൽഡ്- 24,50,410 ഡോസ്, കോവാക്സിൻ- 3,93,890 ഡോസ് ഉൾപ്പെടെ ആകെ 28,44,300 ഡോസ് വാക്സിൻ ഈ മാസം നമുക്ക് ലഭ്യമാകാൻ പോവുകയാണ്. അതുപോലെ സംസ്ഥാനം നേരിട്ട് വാങ്ങുന്നത്, കോവിഷീൽഡ് - 6,93,670, കോവാക്സിൻ- 1,32,960 ഡോസ് ഉൾപ്പെടെ ആകെ 8,26,630 ഡോസാണ്. കേരളത്തിൽ ഇതുവരെയുള്ള കണക്ക് പരിശോധിച്ചാൽ 94,02,355 ഡോസ് വാക്സിൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഫസ്റ്റ് ഡോസും സെക്കൻഡ് ഡോസുമുണ്ട്. രണ്ടിന്റെയും കണക്ക് എന്റെ കൈവശമുണ്ട്. ഈ മാസം കഴിയുന്നതോടെ ഫസ്റ്റ് ഡോസ് 1,06,33,914 പേർക്കും സെക്കൻഡ് ഡോസ് 35,39,371 പേർക്കും നൽകാനാകും. അങ്ങനെ ആകെ 1,41,73,285 ഡോസ് ഈ മാസത്തോടെ നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. നന്ദകുമാർ: സർ, 18 മുതൽ 45 വയസ്സ് വരെയുള്ളവർക്കുള്ള വാക്സിൻ സൗജന്യമായി കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കുന്നതിന് കൂട്ടായ ശ്രമം നടത്തുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ വിഷയവുമായി ബന്ധപ്പെട്ട് സബ്മിഷൻ കൊടുത്തിരുന്നു. സംസ്ഥാനത്തിന് ലഭിക്കുന്ന വാക്സിന്റെ കണക്ക് അങ്ങ് പറഞ്ഞു. ലഭ്യമാകുന്ന വാക്സിന് ആനുപാതികമായി എല്ലാ ജില്ലകളിലേയ്ക്കും വിതരണം ചെയ്യുന്നില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ബഹുമാന്യനായ

പ്രതിപക്ഷ ഉപനേതാവ് ഉൾപ്പെടെയുള്ള മലപ്പുറം ജില്ലയിലെ അംഗങ്ങൾ അങ്ങയെ കാണുകയുണ്ടായി. മലപ്പുറം ജില്ലയിൽ 42,72,090 ജനസംഖ്യയുള്ള സ്ഥാനത്ത് 7,00,000 വാക്സിൻ മാത്രമാണ് കൊടുത്തത്. അതായത്, 16.25 ശതമാനം. പത്തനംതിട്ട - 43 ശതമാനം, തിരുവനന്തപുരം - 32 ശതമാനം, വയനാട് - 37 ശതമാനം എന്ന നിലയിലാണ് വാക്സിൻ കൊടുത്തിട്ടുള്ളത്. ഈ ജില്ലകളിലെല്ലാം വാക്സിൻ കൊടുത്തതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ 16 ശതമാനത്തോളം പേർക്ക് മാത്രമാണ് വാക്സിൻ ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ എവിടെയാണ് വീഴ്ച വന്നത്; എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത് എന്നീ കാര്യങ്ങൾ പരിശോധിക്കണം. ജനസംഖ്യാനുപാതികമായി മലപ്പുറം ജില്ലയിലും വാക്സിൻ നൽകാനുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, സത്യവിരുദ്ധമായ ഒരു പ്രസ്താവനയാണിതെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. മലപ്പുറം ജില്ലയിൽ 16 ശതമാനം വാക്സിൻ കൊടുത്തുവെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് പരിശോധിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, പരിശോധിക്കുകയല്ല. ഞാൻ കണക്കാണ് പറയാൻ പോകുന്നത്. 31-5-2021 വരെയുള്ള കണക്കാണ് എന്റെ കയ്യിലുള്ളത്. അതിൽ ആദ്യ ഡോസ് കൊടുത്തതിന്റെ കണക്ക് പരിശോധിച്ചാൽ, ആലപ്പുഴ - 52 ശതമാനം, എറണാകുളം - 55 ശതമാനം, ഇടുക്കി - 52 ശതമാനം, കണ്ണൂർ - 47 ശതമാനം, കാസർഗോഡ് - 78 ശതമാനം, കൊല്ലം - 52 ശതമാനം, കോട്ടയം - 54 ശതമാനം, കോഴിക്കോട് - 52 ശതമാനം, മലപ്പുറം - 42 ശതമാനം, പാലക്കാട് - 44 ശതമാനം, പത്തനംതിട്ട - 63 ശതമാനം, തിരുവനന്തപുരം - 57 ശതമാനം, തൃശ്ശൂർ - 52 ശതമാനം, വയനാട് - 77 ശതമാനം എന്നിങ്ങനെയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതിൽ ഏറ്റവും കുറവ് മലപ്പുറം ജില്ലയിലാണ്.

ശ്രീ. പിണറായി വിജയൻ: സർ, വാക്സിൻ കൊടുത്തത് കുറഞ്ഞു പോയെന്നല്ല, 16 ശതമാനം മാത്രമേ കൊടുത്തിട്ടുള്ളൂ എന്നാണ് അങ്ങ് പറഞ്ഞത്. അതിനെയാണ് ഞാൻ ചോദ്യം ചെയ്തത്. അത്തരത്തിൽ സത്യവിരുദ്ധമായ പ്രസ്താവന നടത്തി ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ആരോഗ്യ വകുപ്പിൽനിന്നും ലഭിച്ച കണക്കാണ് ഞാൻ ഇവിടെ പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം ഏത് കണക്കാണ് പറയുന്നതെന്ന് എനിക്കറിയില്ല. ഔദ്യോഗികമായ കണക്കാണ് ഞാൻ പറഞ്ഞത്. 45 വയസ്സിന് മുകളിലുള്ളവരുടെ ആകെ എണ്ണം പരിശോധിച്ചാലും അങ്ങ് പറഞ്ഞതുപോലെയുള്ള കുറവ് കാണാൻ സാധിക്കുന്നില്ല. നിങ്ങൾ പറഞ്ഞ 16 ശതമാനത്തിന്റെ കണക്ക് ഒരു തരത്തിലും വരുന്നില്ല. ഇത്തരത്തിൽ ആളുകളെ തെറ്റിദ്ധരിപ്പിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. കുറവ് വന്നത് പരിഹരിച്ചു കൊണ്ട് വാക്സിൻ ലഭ്യമാക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അവിടെ എന്താണ് സംഭവിച്ചതെന്ന് അന്വേഷിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും.

## (2) കടമ്പ്രയാർ നദിയിലെ മലിനീകരണം

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെയും ആലുവ, കളമശ്ശേരി, കുന്നത്തുനാട്, തൃപ്പൂണിത്തുറ, എറണാകുളം നിയോജക മണ്ഡലങ്ങളിലെയും ജലാശയങ്ങളുമായി ചേർന്നു കിടക്കുന്ന കടമ്പ്രയാർ നദി വൻ തോതിൽ മലിനീകരണപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി കിഴക്കമ്പലത്ത് പ്രവർത്തിക്കുന്ന കിറ്റക്സ് ഗാർമെന്റ്സ് കമ്പനിയിൽനിന്നും പുറന്തള്ളുന്ന രാസമാലിന്യം കടമ്പ്രയാറിലും പെരിയാർ കനാലിലും സമീപത്തുള്ള കിണറുകളിലും കുളങ്ങളിലും വലിയ തോതിൽ മാലിന്യം സൃഷ്ടിക്കുകയും അതുവഴി ജനങ്ങളുടെ ജീവിതത്തിന് ഭീഷണിയായിത്തീർന്നിരിക്കുകയുമാണ്. കിറ്റക്സ് ഗാർമെന്റ്സ് പുറന്തള്ളുന്ന ടെക്സ്റ്റൈൽസ് മാലിന്യം പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതാണ്. ലോകത്ത് പരിസ്ഥിതിക്ക് ഭീഷണിയായി രാസമാലിന്യങ്ങൾ പുറത്തുവിടുന്ന വ്യവസായങ്ങളിൽ ഒന്നാമത്തേത് ടെക്സ്റ്റൈൽസ് ഉത്പാദന യൂണിറ്റുകളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോടതിയുടേയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടേയും ഉത്തരവി നെത്തുടർന്ന് തിരുപ്പൂരിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 150-ൽപരം ബ്ലീച്ചിംഗ്, ഡൈയിംഗ് യൂണിറ്റുകൾ അടച്ചുപൂട്ടിയിരുന്നു. അവയിൽ കിറ്റക്സ് ഗാർമെന്റ്സ് നടത്തിയിരുന്ന ചിലത്, സംസ്ഥാന സർക്കാരിന്റെ അനുമതിയുണ്ടോയെന്നുപോലും സംശയിക്കാവുന്ന രീതിയിൽ അവിടെ പ്രവർത്തിക്കുകയാണ്. എന്നുമാത്രമല്ല, തിരുപ്പൂരിൽ അടച്ചു പൂട്ടിയ നൂറുകണക്കിന് ബ്ലീച്ചിംഗ്, ഡൈയിംഗ് യൂണിറ്റുകൾ ഉപയോഗിച്ചിരുന്ന സൗത്ത് ഇന്ത്യയിലെ ഡസൻ കണക്കിന് ടെക്സ്റ്റൈൽ മില്ലുകളുടെ ലോറികൾ കിഴക്കമ്പലത്തുകൊണ്ടുവന്ന് ബ്ലീച്ചിംഗും ഡൈയിംഗും നടത്തുകയാണ്. ആധുനിക മാലിന്യസംസ്കരണ പ്ലാന്റില്ലാതെയാണ് കിഴക്കമ്പലം കമ്പനി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഒരു ദിവസം പത്തുലക്ഷം ലിറ്റർ ഭൂഗർഭജലമാണ് ഇവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ നിയമങ്ങളും ലംഘിച്ച് കമ്പനി ഭൂഗർഭജലം ഊറ്റിയെടുക്കുകയാണ്. ഈ ഗുരുതരമായ വിഷയം ഉയർത്തി ജനങ്ങൾ സമരം

ആരംഭിച്ചപ്പോൾ അതിനെ കമ്പനി നേരിട്ടത്, 20-20 എന്ന സംഘടന രൂപീകരിച്ച് പൊല്യൂഷന് നോട്ടീസ് നൽകിയ പഞ്ചായത്ത് കമ്മറ്റി പിടിച്ചെടുത്തുകൊണ്ടായിരുന്നു. വസ്ത്രങ്ങൾക്ക് നിറം കൊടുക്കുന്ന രാസപദാർത്ഥങ്ങളിൽ നിന്നുള്ള മാലിന്യമാണ് ഇതിൽ ഏറ്റവും ഗുരുതരം. വെള്ളത്തിന്റെ സ്വാഭാവിക ഘടനയെ അപകടകരമായി പരിവർത്തിപ്പിക്കുന്ന രാസമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാനാകാത്തവയാണ്. ടെക്സ്റ്റൈൽസ് മാലിന്യ സംസ്കരണത്തിന് ഇപ്പോഴുള്ള അത്യാധുനിക സംവിധാനങ്ങൾപോലും ഫലപ്രദമല്ലെന്നാണ് പഠനങ്ങൾ പറയുന്നത്. Common method of waste disposal facility ഈ കമ്പനിയിലില്ല. രാസമാലിന്യങ്ങൾ ഉത്പാദിപ്പിക്കുന്ന കമ്പനികൾ, അവ ആദ്യം സുരക്ഷിതമായ ടാങ്കുകളിൽ ശേഖരിച്ച് അതിലെ ദോഷകരമായ ഘടകങ്ങൾ വേർതിരിക്കുന്നതിന് അനുയോജ്യമായ ശീതീകരണികൾ ചേർത്ത് അരിച്ചുമാറ്റുകയും അപകടകരമായവയുണ്ടെങ്കിൽ അവ പ്രത്യകമായി സംസ്കരിക്കുകയും ഉപയോഗയോഗ്യമാക്കി മാറ്റുകയുമാണ് വേണ്ടത്. ആധുനിക രീതിയിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനം അവർ ഉപയോഗിക്കുന്നില്ല. നിർമ്മാർജ്ജനം ചെയ്ത് സംസ്കരിച്ച മാലിന്യങ്ങൾ ജലസ്രോതസ്സുകളിലും കൃഷിഭൂമിയിലും തള്ളുകയാണ്. ഡിസ്പോസ് ചെയ്യുന്നതിനുള്ള നിബന്ധന പാലിക്കപ്പെടുന്നില്ല. മലിനജല ശുദ്ധീകരണത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല. Aeration, carbon filtration, pressure, sand filtration തുടങ്ങിയവ ഫലപ്രദമായി നടത്തിയതിനുശേഷം മാത്രമേ reverse osmosis system സ്ഥാപിക്കാൻ കഴിയൂ. ഇൻഫോപാർക്ക്, സ്മാർട്ട്സിറ്റി എന്നിവ സ്ഥിതി ചെയ്യുന്ന എറണാകുളം നഗരത്തിലെ ഏറ്റവും സുപ്രധാനമായ മേഖലയിലെ ജലസ്രോതസ്സുകളിൽ ഏറ്റവും ഗുരുതരമായ, നൂറുകണക്കിന് വർഷങ്ങൾ കഴിഞ്ഞാലും പരിഹരിക്കപ്പെടാൻ കഴിയാത്ത മാലിന്യങ്ങൾ ഈ കമ്പനിയിൽനിന്നും പുറന്തള്ളുന്നതുമൂലം കടമ്പ്രയാർ നദി എന്നന്നേയ്ക്കുമായി മരിക്കുകയാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ അംഗം കടമ്പ്രയാർ നദിയുടെ പ്രശ്നമാണ് ഉന്നയിച്ചത്. രാജ്യത്തെ മലിനീകരണപ്പെട്ട നദികളുടെ പട്ടികയിൽ പ്രയോറിറ്റി-4 വിഭാഗത്തിലാണ് കടമ്പ്രയാർ നദി ഉൾപ്പെടുന്നത്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിനെത്തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നദിയുടെ പുനരുജ്ജീവനത്തിനായി കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കിവരികയാണ്. ഇതിനായി രൂപീകരിച്ച സമിതി ഇതിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്. സ്വീവേജ് മാലിന്യവും ഖരമാലിന്യവും ബ്രഹ്മപുരം പ്ലാന്റിൽനിന്നുള്ള ദ്രാവകങ്ങളുമാണ് നദിയുടെ മലിനീകരണത്തിന് പ്രധാന

കാരണം. നദിയിൽനിന്നും എല്ലാ മാസവും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചു വരുന്നു. പുഴയിൽ അലിഞ്ഞുചേർന്നിട്ടുള്ള ഓക്സിജന്റെ അളവ് കുറവായും കോളിഫോമിന്റെ അളവ് കൂടുതലായും കാണുന്നുണ്ട്. സമീപത്തെ ഫ്ലാറ്റ് സമുച്ചയങ്ങൾ, ഹോട്ടലുകൾ എന്നിവയിൽ പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. പുഴയുമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളിലും ഇടവിട്ടുള്ള പരിശോധന നടത്തിവരുന്നു. ബഹുമാന്യനായ അംഗം ഒരു പ്രത്യേക കമ്പനിയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അതിന് പ്രത്യേക കാരണങ്ങളുണ്ടാകാം. ഏതായാലും നിയമലംഘനമുണ്ടോ എന്നുള്ള കാര്യം പരിശോധിക്കാം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ശ്രീ. എം. എസ്. അശോകന്റെ "ശവക്കച്ച തുന്നുന്ന പണാധിപത്യം" എന്ന പരമ്പര അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. കാരണം അത് തയ്യാറാക്കിയത് ദേശാഭിമാനിയാണ്. അതിൽ "നുണയിൽ പൊതിഞ്ഞ കോർപ്പറേറ്റ് വിഷം കടമ്പ്രയാറിനെ നശിപ്പിക്കുന്നു" എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ലേഖനം കാണാതിരിക്കാൻ വഴിയില്ല. അവിടെ വളരെ ഗുരുതരമായ ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുമോ; ആധുനിക പ്ലാന്റുകൾ സ്ഥാപിക്കുന്നതുവരെ കമ്പനിയുടെ പ്രവർത്തനം നിർത്തിവച്ച് മികച്ച പ്ലാന്റ് സ്ഥാപിച്ചശേഷമേ തുടരാവൂ എന്ന് നിർദ്ദേശിക്കാനും പ്ലാച്ചിമടയ്ക്ക് തുല്യമായ ജലം ഊറ്റിയെടുക്കുന്ന (ഒരു ദിവസം 10 ലക്ഷം ലിറ്റർ ജലം) നടപടി സംബന്ധിച്ച് അന്വേഷണം നടത്താനും തയ്യാറാകുമോ എന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അദ്ദേഹത്തിന്റെ വികാരം എനിക്ക് മനസ്സിലാക്കാൻ കഴിയും. അതിനെല്ലാം ഇപ്പോൾ മറുപടി പറഞ്ഞാൽ ശരിയാകുമെന്ന് തോന്നുന്നില്ല. ഈ കമ്പനിയുടെ കാര്യത്തിൽ എന്തെങ്കിലും നിയമലംഘനമുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

### (1) <u>അദ്ധ്യാപക നിയമനം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, സർക്കാർ/എയ്ഡഡ് മേഖലകളിൽ അദ്ധ്യാപക നിയമനം നടക്കാത്തതുകൊണ്ട് പൊതുവിദ്യാഭ്യാസ മേഖല തകരുന്ന അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണെന്നുള്ള ഗുരുതരമായ വിഷയം ഞാൻ ഉന്നയിക്കുകയാണ്. സർക്കാർ മേഖലയിൽ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെ 1632 പേർക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും കഴിഞ്ഞ 16 മാസമായി നിയമനം കിട്ടാത്ത ഉദ്യോഗാർത്ഥികൾ കേരളത്തിലുണ്ട്.

ഈ 1632 പേരിൽ നാലുപേർ ഇതിനകം മരണപ്പെട്ടു. സർക്കാർ മേഖലയിൽ മാത്രം 9500-ലധികം അദ്ധ്യാപകരുടെ ഒഴിവുകൾ നിലനിൽക്കുകയാണ്. പ്രൈമറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ ഒഴിവുകൾ 1700-ലധികമാണ്. കഴിഞ്ഞ അദ്ധ്യയനവർഷം 954 പ്രൈമറി സ്കൂളുകളിൽ പ്രധാനാദ്ധ്യാപകർ ഉണ്ടായിരുന്നില്ല. ഈ വർഷം 750-ലധികം പ്രധാനാദ്ധ്യാപകർ വിരമിക്കുകയാണ്. അങ്ങനെ പ്രൈമറി സ്കൂളുകൾ നാഥനില്ലാക്കളരികളായി മാറുകയാണ്. എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിൽ 6000-ത്തിലധികം ഒഴിവുകൾ നിലവിലുണ്ട്. 2020 ജൂൺ മുതൽ എയ്ഡഡ് മേഖലയിൽ ഒരു നിയമനവും നടന്നിട്ടില്ല. 2016 മുതൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് അദ്ധ്യാപകർക്ക് ഇനിയും അംഗീകാരം കൊടുക്കേണ്ടതുണ്ട്. ഇങ്ങനെ അദ്ധ്യാപകരും പ്രഥമാദ്ധ്യാപകരുമില്ലാതെയാണ് ഈ വർഷം കടന്നു പോയത്. ഇക്കണക്കിന് പോയാൽ പൊതുവിദ്യാഭ്യാസ മേഖല തകർച്ച നേരിടും. ഒരു അദ്ധ്യാപകൻ പോലുമില്ലാത്ത നിരവധി വിദ്യാലയങ്ങൾ സംസ്ഥാനത്തുണ്ട്. മതിയായ കുട്ടികളില്ലാത്ത വിദ്യാലയങ്ങളിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകർക്ക് 15 മാസമായി ദിവസ വേതനംപോലും കൊടുത്തിട്ടില്ല. ഇത്തരം സ്കൂളുകളുടെ സ്ഥിതി ദയനീയമാണ്. ഓൺലൈനിലൂടെ പഠിപ്പിക്കണമെങ്കിൽ അദ്ധ്യാപകർ വേണ്ടേ? നിയമന ഉത്തരവ് നൽകി 16 മാസമായിട്ടും അവരെ നിയമിക്കാത്തത് എന്തുകൊണ്ടാണ്; അവരുടെ ഔദ്യോഗിക ജീവിതത്തിലെ രണ്ടുവർഷമല്ലേ നഷ്ടപ്പെടുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസത്തെ പത്രസമ്മേളനത്തിൽ ക്ലാസ്സ് തുറക്കാത്തതുകൊണ്ട് അദ്ധ്യാപക നിയമനമില്ല, ക്ലാസ് തുറന്നാലേ നിയമനമുള്ളൂ എന്നുപറഞ്ഞു. മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടക്കുന്നില്ലേ? ഈ അദ്ധ്യാപകർക്ക് 16 മാസമായി നിയമനം ലഭിക്കാതിരിക്കുകയാണ്. ഓൺലൈൻ ക്ലാസ്സുകൾ ഇപ്പോൾ നടക്കുന്നതുപോലെ നടന്നാൽ മതിയോ; ഇപ്പോൾ ഓൺലൈൻ ക്ലാസ്സുകൾക്ക് നേരത്തെയുണ്ടായിരുന്നതുപോലെ ഗൗരവമില്ല. ധാരാളം മാനസിക പ്രശ്നങ്ങൾ കുട്ടികൾക്കുണ്ട്. അദ്ധ്യാപകർ സമീപത്തില്ലാത്തതിന്റെ പ്രശ്നമുണ്ട്, തുടക്കത്തിലുണ്ടായിരുന്ന ആവേശം ഇപ്പോഴില്ല. ലോകരാജ്യങ്ങളിൽ പലയിടത്തും ഓൺലൈൻ ക്ലാസ്സുകൾക്ക് പകരം സംവിധാനങ്ങൾ കൊണ്ടുവന്നിരിക്കുന്നു. കേരളത്തിലെ മാതാപിതാക്കളുടെ മുന്തിയ പരിഗണന കുട്ടികളുടെ വിദ്യാഭ്യാസമാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് മാതാപിതാക്കൾക്ക് വലിയ ഉത്കണ്ഠയാണ്. അത് പരിഹരിക്കുന്നതിന് ഓൺലൈൻ ക്ലാസ്സ് കഴിഞ്ഞ വർഷത്തെപോലെ നടത്തിയിട്ട് കാര്യമില്ല. അതിനുള്ള പകരം സംവിധാനങ്ങൾ കൊണ്ടുവരണം. വിദ്യാഭ്യാസ വകുപ്പ് പുതിയ വിദ്യാഭ്യാസരീതി ആരംഭിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കുന്നു. സർക്കാർ/ എയ്ഡഡ് മേഖലകളിൽ അദ്ധ്യാപക നിയമനം നടത്താത്തത് തെറ്റാണ്. അടിയന്തരമായി നിയമനം നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്തെ സ്കൂളുകളിൽ ഓരോ അദ്ധ്യയനവർഷവും ആറാമത്തെ പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് തസ്തിക നിർണ്ണയം നടത്തിവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നു. 2020-21 അദ്ധ്യയന വർഷത്തിൽ, കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നിട്ടില്ലാത്തതും ക്ലാസ്സുകൾ ആരംഭിച്ചിട്ടില്ലാത്തതുമാണ്. 2021-22 വർഷാരംഭത്തിലും സ്കൂളുകൾ തുറക്കാനുള്ള സാഹചര്യമായിട്ടില്ല. ആയതിനാലാണ് നിയമന ഉത്തരവുകൾ ലഭിച്ചവർക്ക് സേവനത്തിൽ പ്രവേശിക്കാൻ സാധിക്കാത്തത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിന്റെ 18-11-2020-ലെ എസ്.എസ്.23/2020/എ.ജി. നമ്പർ കത്ത് പ്രകാരമുള്ള ഉപദേശംകൂടി കണക്കിലെടുത്തുകൊണ്ടാണ് നിയമനം ലഭിച്ചവർക്ക് സ്കൂളുകൾ തുറന്ന് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് സേവനത്തിൽ പ്രവേശിക്കാമെന്ന നിർദ്ദേശം നൽകിയിട്ടുള്ളത്. കേരള വിദ്യാഭ്യാസ ചട്ടത്തിലെ 14 (എ) ചട്ടം 7 എ(2) അനുസരിച്ച് പ്രധാനാദ്ധ്യാപകർ, അനദ്ധ്യാപകർ ഒഴികെയുള്ള നിയമനങ്ങൾ സ്കൂൾ തുറക്കുന്ന മുറയ്ക്ക് മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കണക്കിൽ ഒരു തെറ്റുണ്ട്, സർക്കാർ മേഖലയിൽ ഹയർസെക്കണ്ടറിയുൾപ്പെടെ വിവിധ ജില്ലകളിൽ 2513 പേർക്ക് അദ്ധ്യാപക തസ്തികകളിൽ നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. 788 പേർക്ക് അദ്ധ്യാപക തസ്തികയിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ എയ്ഡഡ് മേഖലയിൽ നടത്തിയ ഏകദേശം 4800 നിയമനങ്ങളുടെ പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെപ്പോലെതന്നെ സ്കൂളുകൾ തുറന്ന് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സ്കൂളുകൾ തുറന്ന് റെഗുലർ ക്ലാസ്സുകൾ ആരംഭിക്കുന്ന മുറയ്ക്ക് അദ്ധ്യാപക തസ്തികകളിൽ നിയമന ഉത്തരവ് നൽകിയ എല്ലാവർക്കും ജോലിയിൽ പ്രവേശിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹെഡ്മാസ്റ്റർമാരുടെ പ്രൊമോഷനെ സംബന്ധിച്ചുള്ള ഒരു കേസ് ഇപ്പോൾ കോടതിയിലാണ്. പ്രസ്തുത കേസ് വെക്കേറ്റ് ചെയ്ത് കഴിഞ്ഞാലുടൻതന്നെ അക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (2) കടലാക്രമണം

ശ്രീ. രമേശ് ചെന്നിത്തല: സർ, കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ശക്തമായ കടൽക്ഷോഭത്തെത്തുടർന്ന് എന്റെ മണ്ഡലമായ ഹരിപ്പാടിലെ ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ വൻതോതിലുള്ള നാശനഷ്ടമാണുണ്ടായിട്ടുള്ളത്. സ്വതവേതന്നെ കടലാക്രമണ ഭീഷണിയുള്ള രണ്ടുപഞ്ചായത്തുകളാണ് തൃക്കുന്നപ്പുഴയും ആറാട്ടുപുഴയും.

തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരദേശ റോഡ് പൂർണ്ണമായി തകർന്നു. അഞ്ഞൂറോളം വീടുകളിൽ ചെളിയും മണ്ണും അടിഞ്ഞുകയറി വാസയോഗ്യമല്ലാതായി തീർന്നിരിക്കുന്നു. നൂറുകണക്കിന് വീടുകൾ പൂർണ്ണമായും തകർന്നു. പല വീടുകളുടെയും അസ്ഥിവാരമടക്കം ഒലിച്ചുപോയി. എ.കെ.ജി. ജംഗ്ഷൻ മുതൽ ആറാട്ടുപുഴവരെയുള്ള പ്രദേശത്തെ തീരദേശ റോഡ് കുത്തൊഴുക്കിൽ പൂർണ്ണമായി ഒലിച്ചുപോയി. പെരുമ്പള്ളിയുൾപ്പെടെയുള്ള തെക്കൻ മേഖലയിലെ റോഡ് ഒലിച്ചുപോയതിനെത്തുടർന്ന് റോഡിലൂടെയുള്ള സഞ്ചാരം അസാധ്യമായിരിക്കുന്നു. റോഡിന്റെ ഇരുവശങ്ങളിലും അഗാധമായ ഗർത്തങ്ങൾ രൂപപ്പെട്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പൂർണ്ണമായി നിർത്തിവച്ചിരിക്കുകയാണ്. മറ്റൊരു വാഹനവും കടന്നു പോകാൻ സാധിക്കാത്ത അവസ്ഥയാണ്. കടകളും ജീവനോപാധിമാർഗ്ഗങ്ങളും തകർന്നു. വൈദ്യുതി പോസ്റ്റുകൾ കടപുഴകിവീണു. ആഴ്ചകളായി ഈ പഞ്ചായത്തുകളിലെ വൈദ്യുതിബന്ധം പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. ഇവിടത്തെ പല സ്ഥലങ്ങളും കടലും കായലും ചുറ്റപ്പെട്ടതാണ്. രാമഞ്ചേരി, നല്ലാണിക്കൽ, പെരുമ്പള്ളി, വട്ടച്ചാൽ എന്നീ സ്ഥലങ്ങളിൽ കായംകുളം കായലും കടലും തമ്മിലുള്ള അകലം 80 മുതൽ 100 മീറ്റർ വരെ മാത്രമാണ്. ഇപ്പോൾ സംഭവിച്ചത് പോലെയുള്ള ശക്തമായ കടലാക്രമണത്തെ അതിജീവിക്കാനുള്ള ശേഷി ഈ ഗ്രാമത്തിനില്ല. അടിയന്തരമായ കടലാക്രമണ പ്രതിരോധ നടപടികളുണ്ടാകണം. പല സ്ഥലങ്ങളിലും കടൽഭിത്തിയുണ്ടെങ്കിലും അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ട് അവ പൂർണ്ണമായി താഴ്ന്നുപോയിരിക്കുകയാണ്. പല്ലന-കുളത്തറ ജംഗ്ഷന് വടക്കുവശം, പല്ലന-കുമാരകോടി ജംഗ്ഷന് പടിഞ്ഞാറുവശം, പല്ലന-കുറ്റിക്കാട് ജംഗ്ഷന് പടിഞ്ഞാറുവശം, പുത്തൻപുരമുക്കിന് പടിഞ്ഞാറുവശം, തോപ്പിൽമുക്കിന് പടിഞ്ഞാറുവശം, ചേലക്കരമുക്കിന് പടിഞ്ഞാറുവശം, മാന്തളശ്ശേരിക്ക് പടിഞ്ഞാറുവശം, വേൾഡ് വിഷന് പടിഞ്ഞാറുവശം, പതിയാങ്കര, മധുക്കൽ, നല്ലാണിക്കൽ, പെരുമ്പള്ളി, രാമഞ്ചേരി, വട്ടച്ചാൽ, ആറാട്ടുപുഴ, മംഗലം എന്നീ പ്രദേശങ്ങളൊക്കെ പൂർണ്ണമായി തകർന്ന സ്ഥിതിയിലാണ്. സുനാമി വന്നപ്പോൾ ഏറ്റവും വലിയ തകർച്ചയുണ്ടായ പ്രദേശം കൂടിയാണിത്. അതുകൊണ്ടുതന്നെ അടിയന്തരമായി കടൽഭിത്തിയും പുലിമുട്ട് നിർമ്മാണവും ഇവിടെ ആരംഭിക്കണം. നേരത്തെ ഇതുമായി ബന്ധപ്പെട്ട് ചില പ്രവർത്തനങ്ങൾ ആരംഭിക്കാനിരുന്നതാണെന്ന വിവരം ബഹുമാന്യനായ മന്ത്രിക്കറിയാം. കല്ല് ലഭ്യമല്ലാത്തതുകൊണ്ട് ആ പ്രവർത്തനം ഇതുവരെയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട് വളരെയധികം പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയിരുന്നു. ഇപ്പോൾ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പന്നിയങ്കര

ആറാട്ടുപുഴ പഞ്ചായത്തിലെ വട്ടച്ചാൽ എന്നീ പ്രദേശങ്ങളിൽ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി കിഫ്ബിയിൽനിന്നും ധനസഹായം ലഭ്യമാക്കി ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ KIIDC (Kerala Irrigation Infrastructure Development Corporation Ltd.) മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പന്നിയങ്കരയിൽ 1.50 കിലോമീറ്റർ നീളത്തിൽ 13 പുലിമുട്ടുകൾ 20.08 കോടി രൂപയ്ക്കും ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടുപുഴയിൽ 1.20 കിലോമീറ്റർ നീളത്തിൽ 21 പുലിമുട്ടുകൾ 26.3 കോടി രൂപയ്ക്കും, വട്ടച്ചാലിൽ 1.68 കിലോമീറ്റർ നീളത്തിൽ 16 പുലിമുട്ടുകൾ 28.83 കോടി രൂപയ്ക്കുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു. മദ്രാസ് ഐ.ഐ.ടി.-യിൽനിന്നും ലഭിച്ച ഗ്രോയിൻസ് ഡിസൈൻ അനുസരിച്ച് അടിയിൽ കല്ലുകളും മുകളിൽ കോൺക്രീറ്റ് നിർമ്മിതമായ ടെട്രോപോഡുകളും ഉപയോഗിച്ചുകൊണ്ടുള്ള രീതിയാണ് അവലംബിച്ചിരിക്കുന്നത്. പുലിമുട്ടിന്റെ ഇരുവശത്തും രണ്ട് ടൺ ഭാരമുള്ള ടെട്രോപോഡുകളും പുലിമുട്ടിന്റെ അഗ്രഭാഗത്ത് 5 ടൺ ഭാരമുള്ള ലെയർ ടെട്രോപോഡുമാണ് കവചിതമായി സ്ഥാപിക്കുന്നത്. ഇതിൽ കല്ലുകളുടെ ഭാരപരിശോധനയ്ക്ക് വേബ്രിഡ്ജുകളുടെ നിർമ്മാണം പൂർത്തിയാക്കി. 2 ടൺ, 5 ടൺ ടെട്രോപോഡുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പന്നിയങ്കരയിൽ 1874 ടെട്രോപോഡുകളും വട്ടച്ചാലിൽ 1684 ടെട്രോപോഡുകളും നിർമ്മിച്ചുകഴിഞ്ഞു. കരിങ്കൽക്ഷാമം പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ടെങ്കിലും ഇത് മറികടക്കാനുള്ള നടപടികളും എടുത്തുവരുന്നു. ആറാട്ടുപുഴ പഞ്ചായത്തിലെ നെല്ലിനിക്കൽ പ്രദേശത്ത് 450 മീറ്റർ നീളത്തിൽ മൂന്ന് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി ഐ.ഐ.ടി. ചെന്നൈയിൽ നിന്നുള്ള ഡിസൈൻ ലഭ്യമായ തിനുശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ 25-5-2021-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം ആലപ്പുഴ ജില്ലയ്ക്ക് അടിയന്തര തീരസംരക്ഷണ പ്രവൃത്തികൾക്കായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആറാട്ടുപുഴ പഞ്ചായത്തിലെ വലിയകീഴിൽ ഭാഗത്ത് ഏകദേശം 153 മീറ്റർ നീളത്തിൽ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള 16.5 ലക്ഷം രൂപയുടെ പദ്ധതിയും ഇതിലുൾപ്പെടുന്നുണ്ട്. ആവശ്യമായ തുടർനടപടികൾ ആരംഭിച്ചിട്ടുണ്ട്.

## (3) വന്യമൃഗ ശല്യം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിൽ വന്യമൃഗ ശല്യം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഏതാനും മാസമായി ഒരുകൂട്ടം ആനകൾ കർണ്ണാടക വനാതിർത്തിയിൽനിന്ന് കടന്ന് കാസർഗോഡിന്റെ ജനവാസകേന്ദ്രത്തിൽ വന്ന് താവളമടിച്ചിരിക്കുകയാണ്. 17-ഓളം ആനകൾ ജനങ്ങളുടെ ജീവനും സ്വത്തിനും കടുത്ത ഭീഷണി ഉയർത്തിയിരിക്കുകയാണ്. തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയ പല കൃഷികളും വ്യാപകമായി നശിപ്പിച്ചിട്ടുണ്ട്. ഒട്ടേറെ കൃഷിക്കാരുടെ

സർവ്വസ്വവും നഷ്ടപ്പെട്ടു. ജീവാപായവും അവിടെയുണ്ടായിട്ടുണ്ട്. കൃഷിക്കുപുറമെ പമ്പ് സെറ്റുകളും പമ്പ് ഹൗസുകളും തകർക്കുന്നുണ്ട്. നാട്ടുകാരെല്ലാംചേർന്ന് ആനയെ തിരിച്ചയയ്ക്കാൻ നടത്തിയ പരിശ്രമങ്ങൾ വിജയിച്ചിട്ടില്ല. അതിർത്തി ഗ്രാമമായ ദേലംപാടി, കാറഡുക്ക, മുളിയാർ, കുറ്റിക്കോൽ, ബേഡഡുക്ക പഞ്ചായത്തുകളിലാണ് ആനകൾ ഇത്തരത്തിൽ തമ്പടിച്ചിരിക്കുന്നത്. ഇവ അവിടെ സംഹാരതാണ്ഡവമാടി ക്കൊണ്ടിരിക്കുകയാണ്. ഇവയെ തിരിച്ചയയ്ക്കാൻ ശാസ്ത്രീയമായൊരു സംവിധാന വുമില്ല. ഇതിന് അടിയന്തര പരിഹാരം കണ്ടേ മതിയാകൂ. ആനകളെ വനത്തിലേയ്ക്ക് തിരിച്ചയയ്ക്കുകയും വലിയതോതിൽ കൃഷിയും വരുമാനവും നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുകയും വേണം. കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷനുകളൊന്നും തന്നെയില്ല. അഞ്ചെണ്ണം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുണ്ട്, ഒന്നുപോലും അംഗീകരിച്ചിട്ടില്ല. കാസർഗോഡ് ജില്ലയിലെ പ്രസ്തുത പ്രദേശങ്ങളിൽ ഫോറസ്റ്റ് സ്റ്റേഷൻ അടിയന്തരമായി ആരംഭിക്കണം. വനം വകുപ്പിനാവശ്യമായ വാഹനം അനുവദിക്കണം. ആനകളെ തുരത്താൻ പരിശീലനം നേടിയ ജീവനക്കാരെ ആവശ്യമാണ്. കഴിഞ്ഞ തവണ വയനാട്ടിൽനിന്നും ഒരു സംഘത്തെ കൊണ്ടുവന്ന് ആനകളെ ഓടിക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. പരിശീലനം നേടിയ ജീവനക്കാരെ കാസർഗോഡ് ജില്ലയിൽ നിയമിക്കണം. ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി ഇടുക്കി-മാങ്കുളം മോഡൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം, റെയിൽ ഗാർഡ് ഫെൻസിംഗായാലും മതിയെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതെങ്കി ലുമൊരു ഫെൻസ് കെട്ടി പ്രസ്തുത പ്രശ്നം പരിഹരിക്കണം. വന്യമൃഗ ശല്യത്തിൽ നിന്നും കൃഷിക്കാരെയും ജനങ്ങളെയും സംരക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ. ഇവിടെ സബ്മിഷനായി ഉന്നയിച്ചത് കാസർഗോഡ് മാത്രം നിലനിൽക്കുന്ന വിഷയമല്ല. സംസ്ഥാനത്തെ വനംമേഖലയുമായി ബന്ധപ്പെടുന്ന എല്ലാ എം.എൽ.എ.-മാരും അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടത് കാസർഗോഡ് റേഞ്ചുമായി ബന്ധപ്പെട്ട വിഷയമാണ്. വനവുമായി അതിർത്തി പങ്കിടുന്ന ഭാഗങ്ങളിലും കൃഷിസ്ഥലങ്ങളിലും കാട്ടാനകൾ ഇറങ്ങാതിരിക്കാൻ ഇപ്പോൾ ആനപ്രതിരോധ മതിലുകളും ട്രഞ്ചുകളും സൗരോർ ജ്ജവേലികളുമാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്.

2015-16, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി നല്ല ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. വനാതിർത്തിയിൽ വരുന്ന പാലാർ, അഞ്ചനടുക്ക, എരിഞ്ഞിപ്പുഴ,

നെയ്യങ്കയം, കുണ്ടൂച്ചി, ചെറ്റോണി, കാട്ടികജെ, ഒളിയക്കോച്ചി, ചെന്നാംകുണ്ട് എന്നീ സ്ഥലങ്ങളിൽ കഴിഞ്ഞ സാമ്പത്തികവർഷം പ്രവർത്തനക്ഷമമല്ലാതിരുന്ന 17 കിലോമീറ്റർ സൗരോർജ്ജ വേലികൾ പുനർനിർമ്മിക്കുകയുണ്ടായി. കൂടാതെ വനാതിർത്തി വരുന്ന വെള്ളരിക്കയം മുതൽ പുള്ളഞ്ചി വരെ 3.7 കിലോമീറ്റർ നീളത്തിൽ ആനപ്രതിരോധ കിടങ്ങും നിർമ്മിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി ആനകളുടെ ആക്രമണം കുറഞ്ഞുവരുന്നതായാണ് ഔദ്യോഗിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ച വിഷയം പ്രത്യേകമായി പരിശോധിക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് ഒരു പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. ആ പ്രോജക്ട് പ്രാവർത്തികമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കും. വാഹനങ്ങളുടെ കുറവ് പരിഗണിച്ച് കാസർഗോഡ് റേഞ്ചിൽ ആർ.ആർ.ടി.-യുടെ വാഹനം കൂടാതെ ഒരു ജീപ്പുകൂടി റേഞ്ചിലെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നൽകുന്നുണ്ട്. റേഞ്ചിന്റെ കീഴിൽ ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം. നിലവിൽ പുതുതായി സൃഷ്ടിക്കപ്പെട്ട 45 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ അഭാവം പരിഹരിച്ച് അവിടെ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതാണ്. മറുപടി വളരെ ദീർഘമേറിയ തായതിനാൽ ബാക്കിയുള്ള ഭാഗങ്ങൾ മേശപ്പുറത്തു വയ്ക്കുന്നു.*

## (4) ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. കെ. ആൻസലൻ: സർ, ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. നെയ്യാറ്റിൻകര അസംബ്ലി മണ്ഡലത്തിൽ നെയ്യാറിന് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ചെറിയൊരു മത്സ്യത്തൊഴിലാളി ഗ്രാമമാണ് പൊഴിയൂർ-കൊല്ലംകോട് ഭൂപ്രദേശം. അവിടെ ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കുകയെന്നത് ദീർഘകാലമായുള്ള ഒരാവശ്യമാണ്. 2018-19-ലെ ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ടാവുകയും കഴിഞ്ഞ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഈ വർഷം സെപ്റ്റംബർ മാസം അതിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയുന്ന രൂപത്തിലുള്ള പ്രവൃത്തികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്ന് സൂചിപ്പിക്കുകയും ചെയ്തു. അവിടെ ഇപ്പോൾ കടലാക്രമണം വളരെ രൂക്ഷമാണ്. കൊല്ലംകോടിനപ്പുറം തമിഴ്നാട് ഭൂപ്രദേശമാണ്. ഏകദേശം 60 കിലോമീറ്റർ നീളംവരെ പുലിമുട്ടുകൾ സ്ഥാപിക്കുന്ന ജോലി അന്നത്തെ കേന്ദ്രമന്ത്രി ശ്രീ. പൊൻ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ നടത്തുകയും ആ ഘട്ടത്തിൽത്തന്നെ അത്തരമൊരു പുലിമുട്ട് നിർമ്മാണം ഈ ചെറിയ പ്രദേശത്തെയാകെ പാരിസ്ഥിതികമായി പ്രയാസത്തി

* അനുബന്ധമായി ചേർക്കുന്നു.

ലാക്കുമെന്ന് ചൂണ്ടിക്കാണിച്ചിട്ടും അതെല്ലാം ധിക്കരിച്ചുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് അതിന്റെ നിർമ്മാണവുമായി മുമ്പോട്ടുപോയി. ഇവിടെ സൂചിപ്പിച്ചതുപോലെ ഏകദേശം അൻപതും അറുപതും മീറ്റർ ദൂരം കടലെടുക്കുകയും നൂറുകണക്കിന് വീടുകൾ അപകടപ്പെടുകയും ചെയ്തിട്ടുണ്ട്. അതുപോലെ അവിടത്തെ മത്സ്യത്തൊഴിലാളികൾ കേരളത്തിന്റെ വിവിധ തീരപ്രദേശങ്ങളിലെ ഹാർബറുകളിൽ പോയാണ് മത്സ്യ ബന്ധനം നടത്തുന്നത്. അതും അവർ നേരിടുന്ന മറ്റൊരു ബുദ്ധിമുട്ടാണ്. അതിനാലാണ് അവിടെയൊരു ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ഗവൺമെന്റ് അടിയന്തരമായി മുന്നോട്ടുപോകണമെന്ന് സൂചിപ്പിക്കുന്നത്. വീട് നഷ്ടപ്പെട്ടവർക്ക് പകരം വീട് നൽകുന്നതിനുവേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണത്തിന്റെ ഒന്നാംഘട്ടം 2021 ഫെബ്രുവരി മാസത്തിലാണ് നിർവ്വഹിക്കപ്പെട്ടത്. അവിടത്തെ വൈദ്യുതി-കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയാണ്. ബെനിഫിഷ്യറി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ആഴ്ചതന്നെ വീടുകൾ കൈമാറാൻ കഴിയുന്ന രൂപത്തിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. തെറ്റിദ്ധരിക്കുന്ന രൂപത്തിലാണ് പ്രതിപക്ഷനേതാവ് ഇവിടെ അത്തരം കാര്യങ്ങൾ സംബന്ധിച്ച് പരാമർശം നടത്തിയത്. ആ ഘട്ടത്തിൽ എനിക്കിടപെട്ട് വിശദീകരിക്കാൻ കഴിഞ്ഞില്ല. സർക്കാർ വളരെ സത്വരമായി പുനർഗേഹം പദ്ധതിയിലൂടെ ആളുകൾക്ക് താമസിക്കാൻ കഴിയുന്ന രൂപത്തിലേയ്ക്ക് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉന്നത ഉദ്യോഗസ്ഥരുടെ ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി അക്കാര്യങ്ങളിൽ ആവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. കെ. ആൻസലൻ ഉന്നയിച്ച പ്രശ്നം തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശത്തെ ഒരു പ്രധാനപ്പെട്ട പഞ്ചായത്തായ കുളത്തൂരുമായി ബന്ധപ്പെട്ടുള്ളതാണ്. പരുത്തിയൂർ, സൗത്ത് കൊല്ലംകോട് എന്നീ രണ്ട് മത്സ്യ ഗ്രാമങ്ങളിലായി 4098 സജീവ മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്നു. കുളത്തൂർ പഞ്ചായത്തിൽ മൂവായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളും 11,900 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി സമൂഹവുമുണ്ട്. ജോലിയുടെ പ്രത്യേകതകൊണ്ട് 232 കുടുംബങ്ങൾ തീരദേശത്തെ വേലിയേറ്റ മേഖലയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നു. ഇതിൽ 22 കുടുംബങ്ങളുടെ ഭവനം പൂർണ്ണമായും 25 കുടുംബങ്ങളുടെ ഭവനം ഭാഗികമായും 2021-ലെ കടലാക്രമണത്തിൽ തകർന്നിട്ടുണ്ട്. കടലാക്രമണ ഭീഷണിയെത്തുടർന്ന് പഞ്ചായത്തിന്റെ തീരദേശത്ത് അധിവസിക്കുന്ന 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സെന്റ് മാത്യൂസ് ഗവൺമെന്റ് യു.പി. സ്കൂൾ, വിമലഹൃദയ എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ തയ്യാറാക്കിയിട്ടുള്ള മൂന്ന് ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിപാർപ്പിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ കടലാക്രമണ

സാധ്യത മുന്നിൽക്കണ്ട് 2018-19-ൽ തന്നെ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന പരുത്തിയൂർ സൗത്ത്, കൊല്ലംകോട് മത്സ്യത്തൊഴിലാളി ഗ്രാമം എന്നിവിടങ്ങളിലെ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും സുരക്ഷിത മേഖലകളിൽ പുനരധിവസിപ്പിക്കുന്നതിന് പുനർഗേഹം പദ്ധതി പ്രകാരം നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കാരോട് പഞ്ചായത്തിൽ 1.06 ഹെക്ടർ ഭൂമി പൊന്നും വിലയ്ക്ക് ഏറ്റെടുക്കുകയും അതിൽ 128 ഫ്ലാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലുമാണ്. ഇതിന്റെ നിർമ്മാണച്ചുമതല തീരദേശ വികസന കോർപ്പറേഷനാണ്. മൂന്നുമാസത്തിനകം കുടിവെള്ളം, വൈദ്യുതി എന്നിവ ഏർപ്പെടുത്തി മുഴുവൻ ഫ്ലാറ്റുകളും ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട യോഗം ചേർന്നിട്ടുണ്ട്. 128 ഗുണഭോക്താക്കളെയും തെരഞ്ഞെടുക്കുന്നതിനുള്ള പ്രവർത്തനം ജില്ലയിൽ ത്വരിതഗതിയിൽ നടന്നുവരുന്നു. 19-5-2021-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം കുടിവെള്ളം, വൈദ്യുതി എന്നിവയ്ക്ക് താൽക്കാലിക സംവിധാനമൊരുക്കി ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനായി 24 ഭവനങ്ങൾ തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് തീരദേശ വികസന കോർപ്പറേഷൻ കൈമാറിയിട്ടുണ്ട്. കടലാക്രമണത്തിൽ ഭവനം പൂർണ്ണമായും നഷ്ടപ്പെട്ടതും പരാതികളൊന്നും ഇല്ലാത്തതുമായ ഗുണഭോക്താക്കളുടെ പട്ടിക ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല ഗുണഭോക്തൃ സെലക്ഷൻ കമ്മിറ്റി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങളുടെ ഭാഗമായി ടോപ്പോഗ്രാഫിക് സർവ്വേ, ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വെ, പ്രീ-മൺസൂൺ, പോസ്റ്റ് മൺസൂൺ, വേവ് ഡാറ്റ എന്നിവ പൂർത്തീകരിച്ചുകഴിഞ്ഞു. ഉടൻതന്നെ ഈ പദ്ധതി നടപ്പാക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇതിനോടൊപ്പം വിഴിഞ്ഞം അഴിമുഖത്തെ മണൽമാറ്റൽ നടപടി ഇന്ന് ആരംഭിച്ചിട്ടുണ്ട്.

## (5) കുറ്റ്യാടി ബൈപ്പാസ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി നിയോജക മണ്ഡലത്തിന്റെ ആസ്ഥാനമായ കുറ്റ്യാടി ടൗൺ അഞ്ച് റോഡുകൾ ചേരുന്ന ഒരു ജംഗ്ഷനാണ്. അവിടെ രാവും പകലും ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയാണ്. ഇതിന് പരിഹാരമായി കുറ്റ്യാടി ബൈപ്പാസ് എന്നൊരു നിർദ്ദേശം ഉയർന്നു വരികയും അംഗീകരിക്കുകയും ചെയ്തെങ്കിലും വർഷങ്ങളായിട്ടും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ബൈപ്പാസിന്റെ പ്രവർത്തനം ആരംഭിക്കണം. ഗതാഗതക്കുരുക്ക് രൂക്ഷമായ പ്രസ്തുത ജംഗ്ഷനിൽ അടിയന്തര പരിഹാരമെന്ന നിലയിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കാനാവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, 27-9-2016-ലെ സർക്കാർ ഉത്തരവുപ്രകാരം കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. വിശദമായ പദ്ധതിരേഖ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 9-11-2018-ലെ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവുപ്രകാരം പദ്ധതി നിർവ്വഹണത്തിനായി ഫണ്ടിനത്തിൽ 37.96 കോടി രൂപ അനുവദിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ കളക്ടർക്ക് 15-1-2019-ൽ റിക്വിസിഷൻ ലെറ്റർ നൽകുകയും കൊയിലാണ്ടി സ്പെഷ്യൽ തഹസീൽദാറെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിക്കുകയുമുണ്ടായി. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലി ആരംഭിച്ചുവെങ്കിലും ഏതാനും ഭൂവുടമകൾ പ്രവൃത്തി തടസ്സപ്പെടുത്തുകയുണ്ടായി. കൂടാതെ ഒരു ഭൂവുടമ അദ്ദേഹം നിർമ്മിച്ചുവരുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ ബാധിക്കുമെന്ന കാരണത്താൽ കുറ്റ്യാടി പാലത്തിന് സമീപം വരുന്ന അദ്ദേഹത്തിന്റെ കെട്ടിട ഭാഗത്തുനിന്നും അലൈൻമെന്റ് നാല് മീറ്ററോളം വടക്കോട്ട് മാറ്റണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ 14026/19 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇക്കാര്യത്തിൽ ഹർജിക്കാരന് പറയാനുള്ളത് കേട്ടശേഷം ആവശ്യമായ തീരുമാനമെടുക്കാൻ കോഴിക്കോട് ജില്ലാ കളക്ടറോട് നിർദ്ദേശിച്ച് ഉത്തരവുനൽകി. കോഴിക്കോട് ജില്ലാ കളക്ടർ ഹർജിക്കാരനെയും ആർ.ബി.ഡി.സി.കെ.-യെയും കേട്ടശേഷം ഹർജിക്കാരന്റെ കെട്ടിടം വരുന്ന ഭാഗത്ത് 2.06 മീറ്റർ വടക്ക് ഭാഗത്തേയ്ക്ക് അലൈൻമെന്റ് മാറ്റി സ്ഥാപിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. അതുപ്രകാരം അലൈൻമെന്റ് പുതുക്കി തയ്യാറാക്കുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലി പുനരാരംഭിക്കുകയും 90 ശതമാനം ജോലികളും പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി കടകത്താൽ ജംഗ്ഷന് സമീപത്തുവച്ച് ഏതാനും ഭൂവുടമകൾ വീണ്ടും തടസ്സപ്പെടുത്തി. ചില വ്യക്തികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്തിട്ടുള്ളതും പ്രവൃത്തി ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ലാത്തതുമാണ്. പദ്ധതിയുടെ അലൈൻമെന്റിൽ ഇനിയും മാറ്റം വരുത്തുന്നത് കിഫ്ബി മാനദണ്ഡ ലംഘനമാകുമെന്നതിനാൽ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഹാജരായി സർക്കാർ താൽപര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ആർ.ബി.ഡി.സി.കെ. സ്വീകരിച്ചിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലി ലോക്ഡൗൺ അവസാനിക്കുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതും അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. അതോടൊപ്പം കുറ്റ്യാടി ജംഗ്ഷനിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിന്റെ വിശദാംശങ്ങൾ

ബൈപ്പാസിന്റെ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടില്ല. വാഹനങ്ങളുടെ എണ്ണം, റോഡിന്റെ വീതി തുടങ്ങിയവ പഠിച്ചതിനുശേഷം ട്രാഫിക് സിഗ്നൽ സ്ഥാപിച്ചാൽ മാത്രമേ പൂർണ്ണമായ പ്രയോജനമുണ്ടാകുകയുള്ളൂ. നിലവിലുള്ള റോഡിൽ ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിൽ വഴിയാണ് ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. മേൽപ്പറഞ്ഞ പഠനങ്ങൾ ഡി.ആർ.എസ്.സി.-യുടെ പരിഗണനയ്ക്കായി നൽകുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ റോഡ് സേഫ്റ്റി കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (6) കുളമ്പുരോഗ വ്യാപനം

ശ്രീ. മുരളി പെരുനെല്ലി: സർ, കേരളത്തിലെ കന്നുകാലികളിൽ കണ്ടുവരുന്ന സാംക്രമിക രോഗങ്ങളിൽ ഗൗരവപ്പെട്ട ഒന്നാണ് ഇരട്ടക്കുളമ്പുള്ള മൃഗങ്ങളെ ബാധിക്കുന്ന കുളമ്പുരോഗം. വായിൽനിന്നും നുരയും പതയും വരുന്നതാണ് രോഗലക്ഷണം. തക്ക സമയത്ത് വാക്സിനേഷൻ നൽകാത്തതാണ് രോഗ വ്യാപനമുണ്ടാകുന്നതിന് കാരണം. രോഗം പിടിപെട്ട പശുക്കളിൽ പാലുൽപ്പാദനം കുറയുകയും ക്രമേണ പശുക്കൾ ചത്തുപോകുകയും ചെയ്യുന്നു. ക്ഷീരകർഷകരെ ഈ വിഷയം വളരെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. പതിനേഴ് കിടാരികളടക്കം നിരവധി പശുക്കൾ തൃശ്ശൂർ ജില്ലയിൽ മാത്രം ചത്തു. കേന്ദ്ര സർക്കാരിന്റെ National Animal Disease Control Programme വഴി സംസ്ഥാനത്തിനാവശ്യമായ വാക്സിൻ ലഭ്യമാക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. കോവിഡ് വാക്സിൻ വിഷയത്തിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാട് മിണ്ടാപ്രാണികളോടും കാണിക്കുന്നത് അത്യന്തം പ്രതിഷേധാർഹവും ദു:ഖകരവുമാണ്. ഹോമിയോ മരുന്ന് ചെലവ് കുറഞ്ഞതും ഈ രോഗത്തിന് വളരെ ഫലപ്രദവുമാണെന്ന് കർഷകർതന്നെ സൂചിപ്പിക്കുന്നുണ്ട്. അടിയന്തരമായി കന്നുകാലികൾക്ക് വാക്സിനേഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും പശുക്കൾ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് സമയബന്ധിതമായി കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നുണ്ട്. 2020 മുതൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സൗജന്യമായി വാക്സിൻ ലഭ്യമാക്കുകയും NADCP (National Animal Disease Control Programme) - FMD (Foot and Mouth Disease) എന്നപേരിൽ വാക്സിനേഷൻ കാമ്പയിൻ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ കുളമ്പുരോഗം പടർന്നുപിടിച്ച ജില്ലകളിൽ റിംഗ് വാക്സിനേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. രോഗവ്യാപനം നിയന്ത്രണവിധേയമായിട്ടുണ്ട്. NADCP രണ്ടാംഘട്ട

വാക്സിനേഷനാവശ്യമായ സാധനസാമഗ്രികളെല്ലാം എല്ലാ ജില്ലകളിലും എത്തിച്ചിട്ടുണ്ട്. ആവശ്യമായ വാക്സിൻ ജൂലൈയിൽ ലഭ്യമാകുമെന്ന് കേന്ദ്ര സർക്കാരിൽനിന്ന് അറിയിപ്പും ലഭിച്ചിട്ടുണ്ട്. വാക്സിൻ കിട്ടിയാലുടൻതന്നെ സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും ആടുകളെയും പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. രോഗം രൂക്ഷമായ സ്ഥലങ്ങളിലെ ഒരു കിലോമീറ്റർ മുതൽ 5 കിലോമീറ്റർ വരെയുള്ള പ്രദേശങ്ങളിലെ കന്നുകാലികൾക്ക് അടിയന്തരമായി പ്രതിരോധ വാക്സിനേഷൻ നടത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ലക്ഷം ഡോസ് മരുന്ന് വാങ്ങുന്നതിനായി NADCP-യുടെ കോർ ഫണ്ടിൽനിന്നും 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കോവിഡ് ദുരന്ത പശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പിലെ ഫീൽഡ് തസ്തികയിലുള്ള ജീവനക്കാർക്ക് കോവിഡ് പ്രതിരോധ വാക്സിൻ മുൻഗണന നൽകി പൂർത്തീകരിച്ചെങ്കിൽ മാത്രമേ എല്ലാ ജില്ലകളിലും സുഗമമായി കുളമ്പുരോഗ വാക്സിനേഷൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് കുളമ്പുരോഗ വാക്സിനേഷൻ രണ്ടാംഘട്ടത്തിന് താമസം നേരിട്ടത്. അസുഖം ബാധിച്ച ഉരുക്കൾക്ക് സൗജന്യ ചികിത്സ എല്ലാ ജില്ലകളിലും ഉറപ്പാക്കിയിട്ടുണ്ട്. അസുഖംമൂലം മരണപ്പെട്ട ഉരുക്കൾക്ക് NADCP-യുടെ കോർപ്പസ് ഫണ്ടിൽനിന്നും പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്. ഇതുവരെ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ട്. മണലൂർ നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലായി 460 കന്നുകാലികൾക്ക് രോഗം ബാധിച്ചിട്ടുണ്ട്, നാലെണ്ണം മരണമടഞ്ഞിട്ടുണ്ട്. 315 ഇടങ്ങളിൽ റിംഗ് വാക്സിനേഷൻ നടത്തിയിട്ടുണ്ട്.

## (7) മലപ്പുറം താലൂക്കാശുപത്രിയുടെ വികസനം

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി അപ്ഗ്രേഡ് ചെയ്ത് സൂപ്പർ സ്പെഷ്യാലിറ്റി ജനറലാശുപത്രിയാക്കി ഉയർത്തേണ്ടതിന്റെയും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകതയാണ് ഞാൻ ഈ സബ്മിഷനിലൂടെ സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഈ ആശുപത്രി 2008-ൽ താലൂക്കാശുപത്രിയാക്കി അപ്ഗ്രേഡ് ചെയ്തെങ്കിലും അടിസ്ഥാന സൗകര്യങ്ങളിലും ജീവനക്കാരുടെ എണ്ണത്തിലും ഇപ്പോഴും വളരെ പിറകിലാണ്. 116 കിടക്കകളുള്ള ഈ ആശുപത്രിയിൽ ദിവസവും 1000 മുതൽ 1200 വരെ രോഗികൾ ചികിത്സയ്ക്കെത്തുന്നുണ്ട്. മഞ്ചേരി ജനറൽ ആശുപത്രി മെഡിക്കൽ കോളേജാക്കി മാറ്റിയപ്പോൾ 48 ലക്ഷം ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ നിലവിൽ ഒരു ജനറൽ ആശുപത്രിപോലും ഇല്ലാതായിരിക്കുകയാണ്. സംസ്ഥാനത്ത് 18 ജനറൽ ആശുപത്രികളാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ മലപ്പുറം താലൂക്കാശുപത്രി അപ്ഗ്രേഡ് ചെയ്ത് സൂപ്പർ

സ്പെഷ്യാലിറ്റി ജനറൽ ആശുപത്രിയാക്കി മാറ്റണമെന്ന ആവശ്യത്തിന് വളരെയേറെ പ്രസക്തിയുണ്ട്. 18 ജനറൽ ആശുപത്രികളുണ്ടായിട്ടും ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ ഒരു ജനറൽ ആശുപത്രിയില്ല എന്നത് പ്രസക്തമാണ്. സ്ഥലപരിമിതിയാണ് ഇതിനൊരു തടസ്സമായി പറയുന്നത്. എന്നാൽ കുറച്ചുനാൾ മുൻപാണ് ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രി പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തത്. ആ കെട്ടിടത്തിന് മുകളിൽ 4 നിലകൾകൂടി സ്ഥാപിക്കാനുള്ള അസ്ഥിവാരമുണ്ട്. തൊട്ടടുത്ത് മലപ്പുറം വിദ്യാഭ്യാസ ഉപവകുപ്പ് ഡയറക്ടറുടെ ഓഫീസുണ്ട്. എല്ലാ സർക്കാർ ഓഫീസുകളും സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലാണ്. ഡി.ഡി.ഇ. ഓഫീസ് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലേയ്ക്ക് മാറ്റി പ്രസ്തുത ഓഫീസിന്റെ സ്ഥലംകൂടി ആശുപത്രിക്കുവേണ്ടി എടുത്താൽ അവിടെ ജനറൽ ആശുപത്രിയാക്കാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി സർക്കാർ പരിഗണിക്കണം.

ഹാർട്ട് അറ്റാക്കായി മരണപ്പെട്ടാൽപോലും ആശുപത്രിയിലെത്തിയാൽ ഡോക്ടർമാർ 'ബ്രോട്ട് ഡെത്ത് ' എന്നുപറഞ്ഞ് സംശയാസ്പദമാണ്, പോസ്റ്റ്മോർട്ടം വേണമെന്ന് പറയുകയാണ്. മലപ്പുറം താലൂക്കാശുപത്രിയിൽ ഒരു 'ബ്രോട്ട് ഡെത്ത് ' വന്നാൽ അവിടെ പോസ്റ്റ്മോർട്ടം ചെയ്യാൻ ഫോറൻസിക് സർജനില്ല എന്നുപറയുന്നു. ജില്ലാ ആസ്ഥാനത്തെ ഒരു ആശുപത്രിയിൽ ഫോറൻസിക് സർജനില്ല എന്നുപറയുന്നത് ശരിയല്ല. അതുകൊണ്ട് ഒരു ഫോറൻസിക് സർജനെ നിയമിച്ച് പോസ്റ്റുമോർട്ടത്തിനുള്ള സൗകര്യമൊരുക്കണം. മഞ്ചേരി മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രിയായി മാറിയതോടുകൂടി ഇത്തരം മൃതദേഹങ്ങൾ മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് പോസ്റ്റ്മോർട്ടത്തിന് അയച്ചാൽ ഒന്നുരണ്ട് ദിവസം കാത്തിരിക്കേണ്ടി വരികയാണ്. ഇത് കുടുംബാംഗങ്ങൾക്കും നാട്ടുകാർക്കും വലിയ പ്രയാസമുണ്ടാക്കുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. ഇതുണ്ടാക്കുന്ന മാനസിക പ്രയാസങ്ങൾ അങ്ങ് മനസ്സിലാക്കണം. അതുകൊണ്ട് അടിയന്തരമായി ഫോറൻസിക് സർജനെ നിയമിച്ച് മലപ്പുറം താലൂക്കാശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യമൊരുക്കണം. എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് സെന്റർ ആരംഭിക്കുമെന്ന് മുൻസർക്കാരിന്റെ കാലത്ത് പറഞ്ഞിരുന്നു. ഈ താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്ററില്ല. അതിനാൽ അവിടെ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കണം. ഒഫ്താൽമോളജി ഓപ്പറേഷൻ തിയേറ്റർ സജ്ജീകരിക്കണം. (...മൈക്ക് ഓഫ്...)

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, മലപ്പുറം ജില്ലാ ആസ്ഥാനത്ത് കോഴിക്കോട്-പാലക്കാട് ഹൈവേയോട് ചേർന്ന് പ്രവർത്തിക്കുന്നതും മലപ്പുറം മുനിസിപ്പാലിറ്റി പരിധിയിലേയും അതിനോട നുബന്ധിച്ചുള്ള പഞ്ചായത്തുകളിലേയും 1200-ഓളം വരുന്ന രോഗികൾ ദിവസേന ചികിത്സയ്ക്ക് എത്തുന്നതുമായ സ്ഥാപനമാണ് മലപ്പുറം താലൂക്കാസ്ഥാന ആശുപത്രി. ആർദ്രം പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ ജില്ലാതലത്തിൽ തിരൂർ ജില്ലാ ആശുപത്രിയേയും താലൂക്ക് തലത്തിൽ മലപ്പുറം താലൂക്കാസ്ഥാന ആശുപത്രിയേ യുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. മലപ്പുറം താലൂക്കാസ്ഥാന ആശുപത്രിയിൽനിന്നും ജില്ലാ ആശുപത്രിയായ തിരൂരിലേയ്ക്ക് 30 കിലോമീറ്റർ ദൂരവും പെരിന്തൽ മണ്ണയിലേയ്ക്ക് 30 മിനിറ്റ് യാത്രയുമാണുള്ളത്. മലപ്പുറം താലൂക്കാസ്ഥാന ആശുപത്രിയിൽ നിലവിൽ ജനറൽ മെഡിസിൻ, സർജറി, ഇ.എൻ.റ്റി., ഓർത്തോ, ഒഫ്താൽമോളജി, ദന്തരോഗം, ഡെർമറ്റോളജി, ശിശുരോഗം എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളുണ്ട്. ഈ ആശുപത്രിയിലെ ബെഡ് സ്ട്രെങ്ത് 116 ആണ്. മലപ്പുറം ജില്ലയിലെ തിരൂർ ജില്ലാശുപത്രിയിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, ഒഫ്താൽമോളജി, സൈക്യാട്രി, ഓർത്തോ, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ, പീഡിയാട്രിക്സ്, ഡെർമറ്റോളജി, റേഡിയോളജി, അനസ്തേഷ്യ, റെസ്പിറേറ്ററി മെഡിസിൻ, ദന്തരോഗം എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഉത്തരവ് നമ്പർ 58/2017 പ്രകാരം മലപ്പുറം ജില്ലയിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകുന്നതിന് ജില്ലാ ആശുപത്രിയായ തിരൂരിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഈ ആശുപത്രി ആർദ്രം മിഷന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള താലൂക്കാസ്ഥാന ആശുപത്രിയാണ്. അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ അവിടെ നടക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 17 ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനം ശക്തിപ്പെടുത്തുന്നതിനാണ് മുൻഗണന നൽകിവരുന്നത്.

(8) ആർ.സി.സി.-യിൽ ലിഫ്റ്റ് തകർന്നുണ്ടായ അപകടം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ഉത്തരവാദപ്പെട്ടവരുടെ അശ്രദ്ധമൂലം ലിഫ്റ്റ് പൊട്ടിവീണ് പത്തനാപുരം കുണ്ടയം സ്വദേശിനിയായ നജീറമോൾ മാരകമായി പരിക്കേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം.ഐ.സി. യൂണിറ്റിൽ ചികിത്സയിലാണ്. നജീറമോളുടെ അമ്മ നസീമയും ആർ.സി.സി.-യിൽ ചികിത്സയിലാണ്. നജീറമോൾക്ക് 22 വയസ്സും അവരുടെ കുഞ്ഞിന് ഒരു വയസ്സുമാണ്. വളരെ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഒരു കുടുംബത്തിലെ ഈ സഹോദരി അമ്മയ്ക്ക് കൂട്ടിരിക്കാൻവേണ്ടിയാണ് തിരുവനന്തപുരം

ആർ.സി.സി.-യിൽ വന്നത്. 5 മണി മുതൽ 7.30 വരെയാണ് കൂടെ വരുന്ന സഹായികൾക്ക് രോഗികളെ കാണാൻ സമയം കൊടുത്തിരുന്നത്. അവർ 15-5-2021 പുലർച്ചെ 5 മണിക്ക് ആർ.സി.സി.-യിൽ എത്തുകയും അവിടെ തുറന്നു കിടന്ന ലിഫ്റ്റിലേയ്ക്ക് കയറാൻ കാൽ വച്ചപ്പോൾ ലിഫ്റ്റ് രണ്ടുമൂന്ന് നില താഴേയ്ക്ക് വളരെ വേഗത്തിൽ പൊട്ടിവീഴുകയും അതിന്റെയുള്ളിൽ പരിക്കേറ്റ് രണ്ട് മണിക്കൂറോളം ഈ സഹോദരി കുടുങ്ങിക്കിടക്കുകയും ചെയ്തു. അവർ നട്ടെല്ലിനും തലയ്ക്കും പരിക്കേറ്റ് മെഡിക്കൽ കോളേജിൽ കഴിയുകയാണ്. ഇന്ന് അവരുടെ ആരോഗ്യസ്ഥിതി വളരെ മോശമാണ്. ഞാൻ ഇന്ന് രാവിലെയും മെഡിക്കൽ കോളേജ് സൂപ്രണ്ടുമായി സംസാരിച്ചിരുന്നു. അദ്ദേഹം പറഞ്ഞത്, രോഗിക്ക് സോഡിയത്തിന്റെ അളവ് കുറഞ്ഞുവരികയാണെന്നും അടിക്കടി ഫിറ്റ്സ് വരുന്ന അവസ്ഥയിലാണെന്നുമാണ്. ഇവർക്ക് ചികിത്സയ്ക്ക് യാതൊരു സാമ്പത്തിക സഹായവും ലഭിക്കുന്നില്ല, അവരുടെ അമ്മയും ചികിത്സയിലാണ്. അമ്മയുടെ ചികിത്സയ്ക്കും പണമില്ല. നല്ലവരായ നാട്ടുകാർ സ്വരൂപിച്ചുകൊടുക്കുന്ന കുറച്ച് പണംകൊണ്ടാണ് അവർ മുന്നോട്ടു പോകുന്നത്. ഒരു വയസ്സുള്ള അവരുടെ കുഞ്ഞിനെ നോക്കാൻ ആളില്ല. ഈ സഹോദരിയുടെ വിവാഹം നടത്തിക്കൊടുത്തത് മഹല്ല് കമ്മിറ്റിക്കാരാണ്. അത്രയും സാമ്പത്തികമായി ബുദ്ധിമുട്ടുള്ളൊരു കുടുംബമാണ്.

ഞാൻ അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്, അവിടത്തെ ലിഫ്റ്റ് ഓപ്പറേറ്ററെ സസ്പെൻഡ് ചെയ്തുവെന്നാണ്. വിദഗ്ദ്ധരായ ഡോക്ടർമാരും സേവന സന്നദ്ധരായ നഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫുമൊക്കെയുള്ള നല്ലൊരു സ്ഥാപനമാണ് ആർ.സി.സി. നല്ല പ്രവർത്തനംകൊണ്ട് പ്രശസ്തി നേടിയ ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായൊരു സ്ഥാപനമാണിത്. അവിടത്തെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അപാകത കൊണ്ടാണ് ഇത് സംഭവിച്ചത്. പൊളിഞ്ഞ ലിഫ്റ്റിനടുത്ത് 'കയറരുത്' എന്നൊരു ബോർഡ് വയ്ക്കാതെ തുറന്നിട്ടതുകൊണ്ടാണ് ഈ സഹോദരിക്ക് ഇത്രയും വലിയൊരു ആപത്ത് സംഭവിച്ചത്. ഇതുമായി ബന്ധപ്പെട്ട അന്വേഷണം നടത്തി ബന്ധപ്പെട്ടവർക്കെതിരെ നടപടിയെടുക്കുകയും ഈ സഹോദരിക്കും അവരുടെ അമ്മയ്ക്കും സൗജന്യ ചികിത്സ നൽകുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇക്കാര്യം കേൾക്കുന്നുണ്ട്. ആ കുടുംബത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട പത്തനാപുരം അംഗം പരാമർശിച്ച ഈ വിഷയം മേയ് മാസം 15-ാം തീയതി രാവിലെ 7.30-നാണ് സംഭവിക്കുന്നത്. ആർ.സി.സി.-യിലെ ഒരു രോഗിയുടെ 22 വയസ്സുള്ള ബൈസ്റ്റാന്റർ 'ബി' ബ്ലോക്കിലെ കേടായ ലിഫ്റ്റിൽനിന്ന് താഴെ വീണുകിടക്കുന്നത് ശ്രദ്ധയിൽപ്പെടുകയും അവരെ മെഡിക്കൽ

കോളേജ് ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ആർ.സ.സി. ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 14-ാം തീയതി വൈകുന്നേരം 6.55-നാണ് 'ബി' ബ്ലോക്കിൽ ക്യാന്റീനിനടുത്തുള്ള ലിഫ്റ്റ് തകരാറിലായത്. ആ സമയം ലിഫ്റ്റിനുള്ളിൽ ഒരു ജീവനക്കാരനും രണ്ട് സന്ദർശക രുമുണ്ടായിരുന്നു. അവർ ലിഫ്റ്റിൽ കുടുങ്ങിയിരുന്നു. അവർ വിവരം ഡ്യൂട്ടി ഇലക്ട്രീഷ്യനെ അറിയിച്ചതിനെത്തുടർന്ന് മൂന്നാം നിലയിൽവച്ച് ലിഫ്റ്റ് ഓപ്പൺ ചെയ്തു. പക്ഷേ പകുതി മാത്രമേ ഓപ്പൺ ചെയ്തുള്ളൂ. തുടർന്ന് ഈ ലിഫ്റ്റ് മുകളിലത്തെ നിലയിലേയ്ക്ക് കൊണ്ടുപോയി അവിടെ നിർത്തുകയാണ് ചെയ്തത്. പകുതി തുറസ്സായിട്ടുള്ള മൂന്നാംനിലയിലെ കതകിന്റെ കാര്യം ഇലക്ട്രീഷ്യൻ ശ്രദ്ധിച്ചില്ല. പിറ്റേന്ന് പുലർച്ചെ 5.23-ന് യുവതി ലിഫ്റ്റിന് നേരെ നടന്നുചെന്ന് ഭാഗികമായി തുറന്നുകിടന്ന വാതിലിലൂടെ അകത്തേയ്ക്ക് കയറുന്നതും താഴേയ്ക്ക് വീഴുന്നതും സി.സി.ടി.വി. ദൃശ്യങ്ങളിൽ വ്യക്തമാണ്. പക്ഷേ രാവിലെ 7.23-ന് ലിഫ്റ്റിന്റെ പിറ്റിൽനിന്ന് ശബ്ദം കേട്ടതിനെത്തുടർന്ന് ജീവനക്കാർ ഈ യുവതിയെ കാണുകയും ഉടനെതന്നെ പ്രാഥമിക ശുശ്രൂഷ നൽകിയതിനുശേഷം മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുകയും ചെയ്തു. പ്രാഥമികാ ന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 14-5-2021-ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ഇലക്ട്രീഷ്യൻ ശ്രീ. സുനിൽകുമാറിനെ 15-ാം തീയതിയും ഇലക്ട്രിക്കൽ സൂപ്പർവൈസർ ശ്രീ. ജിജി പി.എസ്.-നെ 26-ാം തീയതിയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതിൽ അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന സെക്യൂരിറ്റി വിഭാഗത്തിലുള്ള ജീവനക്കാരുടെ അശ്രദ്ധയുമുള്ളതിനാൽ അവരെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. നിലവിൽ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെട്ട യുവതിയുടെ ചികിത്സയ്ക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ആർ.സി.സി. അറിയിച്ചിട്ടുണ്ട്. യുവതി ഇപ്പോഴും ക്രിട്ടിക്കൽ കെയർ യൂണിറ്റിലാണുള്ളത്. സഹായത്തിനായി 24 മണിക്കൂറും ആർ.സി.സി.-യിലെ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ചികിത്സയും മറ്റ് അനുബന്ധ ചെലവുകളും ആർ.സി.സി. തന്നെ ഏറ്റെടുത്ത് നിർവ്വഹിച്ചുവരികയാണ്. ഇതുകൂടാതെ യുവതിയുടെ ചികിത്സാ പുരോഗതി വിലയിരുത്തുന്നതിന് അഡീഷണൽ ഡയറക്ടറെ ചുമതലപ്പെ ടുത്തിയിട്ടുണ്ട്. ആശുപത്രിയിൽ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഇത് ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും നിർമ്മാണമോ അറ്റകുറ്റപ്പണികളോ നടക്കുന്ന സന്ദർഭങ്ങളിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പൊതുജനങ്ങൾക്കും അപകടമുണ്ടാക്കാത്ത രീതിയിൽ കൃത്യമായ സുരക്ഷാക്രമീകരണങ്ങളും മുന്നറിയിപ്പുകളും ഉറപ്പുവരുത്തണമെന്ന കർശനമായ നിർദ്ദേശം ഈ സംഭവത്തിന്റെ പശ്ചാത്ത ലത്തിൽ നൽകിയിട്ടുണ്ട്.

# IV ക്രമപ്രശ്നം

## മേശപ്പുറത്തുവച്ച കടലാസ്സുകൾ വീണ്ടും മേശപ്പുറത്ത് വയ്ക്കണമെന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ 13-3-2020, 24-8-2020, 13-1-2021, 22-1-2021 എന്നീ തീയതികളിൽ സഭയുടെ മേശപ്പുറത്ത് വച്ചതും എന്നാൽ 14 ദിവസം സഭ മുൻപാകെ പൂർത്തിയാക്കാൻ സാധിക്കാത്തതുമായ വിജ്ഞാപനങ്ങൾ മുഖ്യമന്ത്രിയുൾപ്പെടെ എല്ലാ മന്ത്രിമാരും ഇന്ന് വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണെന്ന് ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ കാണിച്ചിട്ടുണ്ട്. 3-5-2021-ൽ 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി പ്രസ്തുത നിയമസഭയിൽ മേശപ്പുറത്ത് വച്ചതും, നിശ്ചിത കാലാവധി പൂർത്തിയാക്കാൻ സാധിക്കാതിരുന്നതുമായ വിജ്ഞാപനങ്ങൾ വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ, അതായത് റീ-ലേ ചെയ്യാൻ പാടില്ല, പകരം മേശപ്പുറത്ത് പുതിയതായി ലേ ചെയ്യുകയാണ് വേണ്ടത്. I invite the attention of this august House to S. L. Shakdher and M. N. Kaul. S. L. Shakdher and M. N. Kaul പറയുന്നത്, '..dissolution " passes a sponge over the parliamentary slate" . No part of the records of the dissolved House can be carried over and transcribed into the records or registers of the new House. In short, dissolution draws the final curtain upon the existing House'. എന്നിട്ട് വളരെ വ്യക്തമായി മറ്റൊരു ഭാഗത്ത് പറയുന്നുണ്ട്, ' Where the 'orders' are laid on the table for an incomplete period during a session of the Lok Sabha and thereafter the House is dissolved, they are required to be laid afresh (not re-laid) for the complete period during the first session of the new Lok Sabha'. കേരള നിയമസഭയിലും മുൻകാലങ്ങളിൽ ഈ നടപടിക്രമങ്ങൾ തന്നെയാണ് പാലിച്ചിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവര പ്പട്ടികയിൽ വന്നിട്ടുള്ള പിശക് തിരുത്തണമെന്നും വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നതായി കാണിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന പേപ്പറുകളുടെ കൂടെ ഉൾപ്പെടുത്തണമെന്നും സഭയിൽ ഉന്നയിക്കുകയാണ്. ഇല്ലെങ്കിൽ അതിന് വാലിഡിറ്റിയുണ്ടാകില്ല. കാരണം dissolution നടത്തി സഭയിൽ വച്ചിരിക്കുന്നത് റീ-ലേ ചെയ്യാൻ അനുവദിക്കുന്നില്ല. അതുകൊണ്ട് അത് പുതിയതായി ലേ ചെയ്യണം. പേപ്പർ വയ്ക്കേണ്ട എന്നൊന്നും ഞങ്ങൾ പറയില്ല. ഇത് ലീഗലായിട്ടുള്ള ഒബ്ജക്ഷനാണ്, പുതിയതായി മേശപ്പുറത്ത് വയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ......ഓർഡർ..... ഇന്ന് സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന രേഖകളിലെ ഏതാനും ചില രേഖകൾ വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നതായി പരാമർശിച്ചിട്ടുള്ളതായും ഇത് പാർലമെന്റിലെയും നമ്മുടെ സഭയുടെയും കീഴ്വഴക്കത്തിന് വിരുദ്ധമാണെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 (2) പ്രകാരം 'നിർദ്ദിഷ്ട കാലാവധി അപ്രകാരം (14 ദിവസം) പൂർത്തിയാക്കാത്ത പക്ഷം റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ പ്രസ്തുത കാലയളവ് പൂർത്തിയാകുന്നതുവരെ തൊട്ടടുത്ത സമ്മേളനത്തിലോ സമ്മേളനങ്ങളിലോ വീണ്ടും വയ്ക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ S. L. Shakdher and M. N. Kaul പറയുന്നത് , ' Where the 'orders' are laid on the Table for an incomplete period during a session of the Lok Sabha and thereafter the House is dissolved, they are required to be laid afresh (not re-laid) for the complete period during the first session of the new Lok Sabha' എന്നാണ്. പുതിയ സഭ നിലവിൽ വരുന്ന സന്ദർഭങ്ങളിൽ കേരള നിയമസഭയിലും മുൻകാലങ്ങളിൽ ഇപ്രകാരം തന്നെയാണ് കടലാസുകൾ മേശപ്പുറത്ത് വച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകളുടെ പട്ടികയിൽനിന്നും 'വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു' എന്ന പരാമർശം വന്ന ഭാഗങ്ങളിൽ നിന്ന് അവ നീക്കം ചെയ്യുന്നതായും ബഹുമാനപ്പെട്ട മന്ത്രിമാർ വയ്ക്കുന്ന മറ്റ് രേഖകളുടെ കൂട്ടത്തിൽ പ്രസ്തുത രേഖകളും പുതുതായി മേശപ്പുറത്ത് വയ്ക്കുന്നതായി പരിഗണിക്കുന്നതാണെന്നും ചെയർ റൂൾ ചെയ്യുന്നു. ഇക്കാര്യം ചൂണ്ടിക്കാണിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ചെയർ അഭിനന്ദിക്കുന്നു.

## V. മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ

ചട്ടം 166 (1) അനുസരിച്ചുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 406/2019 | ജി.ഒ.(ആർറ്റി) നമ്പർ 1165/2019/ഹോം | 26-4-2019 | അതെ |
| 2 | 104/2020 | ജി.ഒ.(പി) നമ്പർ 6/2020/ഹോം | 6-2-2020 | അതെ |
| 3 | 275/2020 | സ.ഉ.(അച്ചടി) നമ്പർ 18/2020/ആഭ്യന്തരം | 16-4-2020 | അതെ |
| 4 | 292/2020 | ജി.ഒ.(എംഎസ്.)നമ്പർ 94/2020/ഹോം | 24-4-2020 | അതെ |
| 5 | 469/2020 | ജി.ഒ.(ആർറ്റി) നമ്പർ 1622/2020/ഹോം | 15-7-2020 | അതെ |
| 6 | 517/2020 | ജി.ഒ.(ആർറ്റി) നമ്പർ 1802/2020/ഹോം | 17-8-2020 | അതെ |
| 7 | 584/2020 | ജി.ഒ.(ആർറ്റി) നമ്പർ 1881/2020/ഹോം | 27-8-2020 | അതെ |
| 8 | 598/2020 | ജി.ഒ.(ആർറ്റി) നമ്പർ 2046/2020/ഹോം | 17-9-2020 | അതെ |
| 9 | 715/2020 | ജി.ഒ.(പി) നമ്പർ 13/2020/പി&എആർഡി | 14-10-2020 | അതെ |
| 10 | 716/2020 | ജി.ഒ.(പി) നമ്പർ 1/2020/എസ്&റ്റിഡി | 9-10-2020 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | 740/2020 | ജി.ഒ.(പി) നമ്പർ 52/2020/ഹോം | 28-10-2020 | അതെ |
| 12 | 863/2020 | ജി.ഒ.(പി)നമ്പർ 65/2020/ഹോം | 9-12-2020 | അല്ല |
| 13 | 866/2020 | ജി.ഒ.(ആർറ്റി) നമ്പർ 2839/2020/ഹോം | 8-12-2020 | അല്ല |
| 14 | 880/2020 | ജി.ഒ.(ആർറ്റി) നമ്പർ 2853/2020/ഹോം | 9-12-2020 | അല്ല |
| 15 | 887/2020 | ജി.ഒ.(പി) നമ്പർ 69/2020/ഹോം | 18-12-2020 | അല്ല |
| 16 | 894/2020 | ജി.ഒ.(ആർറ്റി) നമ്പർ 2959/2020/ഹോം | 22-12-2020 | അല്ല |
| 17 | 895/2020 | ജി.ഒ.(ആർറ്റി) നമ്പർ 2941/2020/ഹോം | 21-12-2020 | അല്ല |
| 18 | 899/2020 | ജി.ഒ.(ആർറ്റി) നമ്പർ 2940/2020/ഹോം | 21-12-2020 | അല്ല |
| 19 | 901/2020 | ജി.ഒ.(പി) നമ്പർ 72/2020/ഹോം | 24-12-2020 | അല്ല |
| 20 | 13/2021 | ജി.ഒ.(എംഎസ്.) നമ്പർ 4/2021/ഹോം | 4-1-2021 | അല്ല |
| 21 | 14/2021 | ജി.ഒ.(എംഎസ്.) നമ്പർ 3/2021/ഹോം | 4-1-2021 | അല്ല |
| 22 | 23/2021 | ജി.ഒ.(എംഎസ്.) നമ്പർ 5/2021/ഹോം | 4-1-2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 23 | 27/2021 | ജി.ഒ.(ആർറ്റി) നമ്പർ 57/2021/ഹോം | 6-1-2021 | അല്ല |
| 24 | 43/2021 | ജി.ഒ.(ആർറ്റി) നമ്പർ 88/2021/ഹോം | 8-1-2021 | അല്ല |
| 25 | 44/2021 | ജി.ഒ.(ആർറ്റി) നമ്പർ 27/2021/ഹോം | 4-1-2021 | അല്ല |
| 26 | 45/2021 | ജി.ഒ.(പി) നമ്പർ 2/2021/ഹോം | 11-1-2021 | അല്ല |
| 27 | 54/2021 | ജി.ഒ.(എംഎസ്.) നമ്പർ 11/2021/ഹോം | 13-1-2021 | അല്ല |
| 28 | 58/2021 | ജി.ഒ.(എംഎസ്.) നമ്പർ 15/2021/ഹോം | 20-1-2021 | അല്ല |
| 29 | 69/2021 | ജി.ഒ.(എംഎസ്.) നമ്പർ 20/2021/ഹോം | 23-1-2021 | അല്ല |
| 30 | 70/2021 | ജി.ഒ.(എംഎസ്.) നമ്പർ 21/2021/ഹോം | 25-1-2021 | അല്ല |
that effect. We also declare that since such allegations have been substantiated against the second respondent he should not continue to hold the post held by him as a member of the Council of Ministers" എന്നാണ്. മന്ത്രിസഭയിലെ ഒരു അംഗമായിരിക്കാൻ താങ്കൾക്ക് യോഗ്യതയില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നിട്ടും രാജിവച്ചില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒൻപതാം തീയതി ഈ വിധി വന്നു. പാരഗ്രാഫ് 55-ൽ പറഞ്ഞിരിക്കുന്നത്, "This report under Section 12 (3) of the Kerala Lok Ayukta Act, 1999 is submitted to the Hon'ble Chief Minister, the Competent Authority, for taking appropriate action in accordance with Section 14 of the Kerala Lok Ayukta Act" എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഈ ഉത്തരവ് കൈമാറി താങ്കളെ പുറത്താക്കണമെന്ന് ലോകായുക്ത നിർദ്ദേശിച്ചു. ഇതിന്റെ പിന്നാമ്പുറം എല്ലാവർക്കും അറിയാമല്ലോ. ഡോ. കെ. ടി. ജലീൽ നിയമസഭയിൽ പറഞ്ഞത്, 'എന്റെ പേരിലുള്ള കേസ് തെളിയിച്ചാൽ ഞാൻ രാഷ്ട്രീയം അവസാനിപ്പിക്കും' എന്നാണ്. നിങ്ങൾ മന്ത്രിസ്ഥാനം രാജിവച്ചതുമാത്രം പോര. നിങ്ങൾ അന്ന് പറഞ്ഞ വാക്ക് പാലിക്കുന്നുവെങ്കിൽ എം.എൽ.എ. സ്ഥാനം മുൻകാല പ്രാബല്യത്തോടെ രാജി വയ്ക്കണം. ഡോ. കെ. ടി. ജലീൽ ചെയ്തതെന്താണ്? അദ്ദേഹം ഹൈക്കോടതിയിൽ പോയി. ലോകായുക്ത ഈ വിധി പ്രഖ്യാപിച്ചതിനുശേഷം രാജിവയ്ക്കുന്നതിനുപകരം അധികാരത്തിൽ കടിച്ചുതൂങ്ങാൻ അദ്ദേഹം ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി പറഞ്ഞു? "We have already found that the Lok Ayukta was acting within the scope of its powers while arriving at its conclusion. In the circumstances, we are of the view that the petitioner has not made out any ground for interference ….." നിങ്ങൾ ഹൈക്കോടതിയിലും പോയി തോറ്റു തൊപ്പിയിട്ടു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട സണ്ണി ജോസഫ്, ചെയറിനെ അഡ്രസ് ചെയ്യൂ. അങ്ങൊരു മുതിർന്ന അംഗമാണ്. പ്രകോപനങ്ങൾ ഒഴിവാക്കാം.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, മുൻമന്ത്രിയും സ്പീക്കർ സ്ഥാനാർത്ഥിയുമായിരുന്ന ഒരാൾ ഇങ്ങോട്ട് പ്രകോപനമുണ്ടാക്കിയാൽ എനിക്കും പറയേണ്ടി വരുമല്ലോ? ഒരു ലളിതമായ ചോദ്യം ഞാൻ ചോദിക്കട്ടെ, ഡോ. കെ. ടി. ജലീലിനെതിരെ വന്ന വിധി 9-4-2021-ന് പകരം 2-4-2021-നായിരുന്നുവെങ്കിൽ ഇദ്ദേഹം ഇപ്പോൾ സഭയിലുണ്ടാകുമായിരുന്നോ? 2018-ലെ സംഭവത്തിൽ 2019-ൽ കേസ് കൊടുത്തിട്ട് ആ കേസ് നീട്ടിക്കൊണ്ടുപോയി തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ വിധി പറയിക്കാതെ മാറ്റി വയ്പിച്ചു. അതുകൊണ്ടല്ലേ അദ്ദേഹം സഭയിൽ വന്നത്? കഴിഞ്ഞ സർക്കാരിന്റെ

ചെയ്തികളെ സംബന്ധിച്ച് നിരവധി കാര്യങ്ങൾ പറയാനുണ്ട്. എന്റെ പക്കൽ ധാരാളം കോടതി വിധികളുണ്ട്. ഞങ്ങളെ പല ആളുകളും പാർലമെന്ററി മര്യാദകൾ പഠിപ്പിക്കുകയാണ്. പ്രതിപക്ഷത്തിന്റേത് ക്രിയേറ്റീവായ വിമർശനമായിരിക്കണം, കൺസ്ട്രക്ടീവായിരിക്കണം, ഡിസ്ട്രക്ടീവ് ആകാൻ പാടില്ല എന്നൊക്കെ പറയുന്നുണ്ട്. ശ്രീ. എ. എൻ. ഷംസീർ പറഞ്ഞത് മനസ്സിലാക്കാം. ഏതായാലും ഡോ. കെ. ടി. ജലീൽ അത് പറഞ്ഞില്ലല്ലോ. കാരണം ബഹുമാനപ്പെട്ട സ്പീക്കറുടെ കസേര എടുത്തിട്ട ആളുകളിൽപ്പെട്ട പലരും ഇവിടെയില്ല. ഡോ. കെ. ടി. ജലീൽ ഇവിടെയുണ്ട്. കേരള നിയമസഭയുടെ ചരിത്രത്തിൽ പതിമൂന്നാം കേരള നിയമസഭയിൽ സ്പീക്കറുടെ ഡയസിൽ കയറി കസേര മറിച്ചിട്ട് മൈക്ക് തകർത്ത ആളുകളെ രക്ഷിക്കുന്നതിനുവേണ്ടി, ആ ക്രിമിനൽ കേസ് പിൻവലിക്കാൻ സംസ്ഥാന സർക്കാർ ഒരു ഓർഡർ കൊടുത്തു. ട്രയൽ കോടതി ആ ഓർഡർ നിരസിച്ചു. അതിനെതിരെ ഇതേ കക്ഷികൾതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി വിധിയിൽ പറയുന്നത്, "Constitution of India Article 105(3) and 194 - Here the allegation is of the functioning of the Assembly Session having been disrupted by the Members by trespassing into the Speakers Dias and committing mischief. The afore mentioned acts, if proven to be true, can, by no stretch of imagination, be deemed to be acts done in furtherance of the free functioning of the house " എന്നാണ്. സ്പീക്കറുടെ ഡയസിൽ കയറി കസേര മറിച്ചിടുന്നതും മൈക്ക് തകർക്കുന്നതും ഭരണഘടനാനുസൃതമുള്ള നിയമസഭാംഗങ്ങളെന്ന നിലയിലുള്ള കർത്തവ്യ നിർവ്വഹണത്തിന്റെ ഭാഗമായി പരിഗണിക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞു. അതുകൊണ്ട് ഞങ്ങളെ ക്രിയാത്മകമായ പ്രതിപക്ഷമാക്കാൻ പഠിപ്പിക്കേണ്ട, ഞങ്ങൾ ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് കൊല്ലം ക്രിയാത്മകമായി തന്നെയാണ് പ്രവർത്തിച്ചത്. ഡോളർ കള്ളക്കടത്ത് കേസിൽ കഴിഞ്ഞ മുൻ നിയമസഭാ സ്പീക്കറെ ചോദ്യം ചെയ്തത് ഈ തെരഞ്ഞെടുപ്പിന് മുൻപായിരുന്നെങ്കിൽ നിങ്ങളുടെ അവസ്ഥ എന്താകുമായിരുന്നു; അന്നത്തെ പ്രതിപക്ഷ നേതാവിനെതിരെ നിങ്ങൾ എന്താണ് പറഞ്ഞത്; ലൈഫ് മിഷൻ കേസിൽ എന്താണ് പറഞ്ഞത്? നിയമസഭയുടെ ചരിത്രത്തിൽ ഒരു ബഹുമാന്യനായ സ്പീക്കറെ മുഖ്യമന്ത്രി ക്ഷണിച്ചുവരുത്തിയ കേന്ദ്ര അന്വേഷണ ഏജൻസി ചോദ്യം ചെയ്ത സംഭവമുണ്ടായത് തെരഞ്ഞെടുപ്പിന് ശേഷമായതുകൊണ്ട് എൽ.ഡി.എഫ്. രക്ഷപ്പെട്ടു. തെരഞ്ഞെടുപ്പിന് മുൻപായിരുന്നെങ്കിൽ എന്താകുമായിരുന്ന സ്ഥിതി? സ്വർണ്ണക്കള്ളക്കടത്ത് കേസിലെ പ്രതികൾ പറഞ്ഞു, 'ഞങ്ങൾക്ക് കാശ് കിട്ടിയത് ലൈഫ് മിഷന്റെ കമ്മീഷനാണ്' എന്ന്. ലൈഫ് മിഷൻ കോൺട്രാക്ടർ സന്തോഷ് ഈപ്പനും പറഞ്ഞു, 'ഞങ്ങൾ കാശ് കൊടുത്തിട്ടുണ്ട്' എന്ന്. അവസാനം

എന്താണ് സന്തോഷ് ഈപ്പനെകൊണ്ട് പറയിച്ചത്? സ്വപ്ന സുരേഷിന് ഫോൺ കൊടുത്തു, ആ ഫോൺ ആർക്ക് കൊടുത്തു എന്നാണ് അവർ പറഞ്ഞത്? സ്വപ്ന സുരേഷ് ആ ഫോൺ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് കൊടുത്തു എന്നാണ് നിങ്ങൾ പറഞ്ഞത്. അവസാനം ഇപ്പോൾ ആ ഫോൺ എവിടെ നിന്നാണ് കണ്ടെത്തിയത്; XXXX* ആരുടെ ഭാര്യയാണ്? XXXXX* ഭാര്യയുടെ പക്കൽനിന്നും ആ ഫോൺ കണ്ടെടുത്തു. (...ബഹളം...) ഈ കാര്യം കേരളത്തിലെ ഭരണകക്ഷിക്ക് നിഷേധിക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട സണ്ണി ജോസഫ്, ഈ സഭയിലില്ലാത്ത ആളുകളുടെ പേര് പരാമർശിക്കരുത്. അത് രേഖയിലുണ്ടാകില്ല. (...ബഹളം...). ആരോപണങ്ങൾ ഉന്നയിക്കാൻ പാടില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, നമ്മൾ ഇ.എം.എസ്.-ന്റെയും നെഹ്റുവിന്റെയുമൊക്കെ പേരുകൾ പറയുന്നത് അവർ സഭയിലുണ്ടായിട്ടല്ലല്ലോ, യാഥാർത്ഥമായ കാര്യങ്ങളാണ്. XXXXXX അന്വേഷണ ഏജൻസികൾ ചോദ്യം ചെയ്യാൻ വിളിച്ചില്ലേ; അവർ ചോദ്യം ചെയ്യലിന് വിധേയരായോ? (...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ചെയർ ഇടപെടുകയാണ്, ഈ സഭയിലില്ലാത്ത അംഗങ്ങളെ സംബന്ധിച്ച് ആരോപണങ്ങൾ ഉന്നയിക്കരുത്, അവർക്ക് ഇവിടെ വിശദീകരിക്കാൻ അവസരമില്ല, അത് രേഖയിലുണ്ടാകില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി)

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ സത്യവിരുദ്ധമായി ഒന്നും പറഞ്ഞിട്ടില്ല. അന്വേഷണ ഏജൻസികൾ ചോദ്യം ചെയ്യാൻ വിളിച്ചിട്ടും അവർ പോയില്ല, കാരണം അവരാണ് ഈ ഫോൺ ഉപയോഗിച്ചതെന്ന് വളരെ വ്യക്തമാണ്. പ്രതിപക്ഷം ഉന്നയിച്ച മറ്റൊരു കാര്യമായിരുന്നു സ്പ്രിംഗ്ലർ. എന്തുകൊണ്ടാണ് സ്പ്രിംഗ്ലർ കമ്പനി ആ കരാർ ഉപേക്ഷിച്ചുപോയത്? ഡാറ്റാ കച്ചവടമാണ് പ്രതിപക്ഷം തുറന്നുകാട്ടിയത്. കേരള ഹൈക്കോടതിയുടെ വിധി തന്നെയുണ്ട്. അതിൽ ഖണ്ഡിക 24 (a) മുതൽ (f) വരെയുള്ള ഭാഗത്ത് ഇതുസംബന്ധിച്ച് പറയുന്നുണ്ട്, വായിക്കാൻ സമയമില്ല. അതുപോലെ മറ്റൊരു കാര്യമെന്തായിരുന്നു? അക്രമ രാഷ്ട്രീയത്തിനെതിരായിട്ടായിരുന്നു പ്രതിപക്ഷം നിലപാട് സ്വീകരിച്ചത്. അക്രമ രാഷ്ട്രീയത്തിന്, കൊലപാതക രാഷ്ട്രീയത്തിന് തിരിച്ചടി നൽകിക്കൊണ്ടാണ് 51 വെട്ടിനാൽ കൊലചെയ്യപ്പെട്ട ടി. പി. ചന്ദ്രശേഖരന്റെ വിധവ ശ്രീമതി കെ. കെ. രമ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ആയിരങ്ങളുടെ ഭൂരിപക്ഷത്തിന് കേരള നിയമസഭയിൽ സി.പി.ഐ.(എം.)-നെ വെല്ലുവിളിച്ചുകൊണ്ട് കടന്നുവന്നത്. കേരളത്തിലെ പ്രതിപക്ഷം കൊലപാതക രാഷ്ട്രീയത്തെ എതിർക്കുന്നത് അക്രമം കൊണ്ടല്ല. ബാലറ്റിലൂടെ, സമാധാനത്തിന്റെ മാർഗ്ഗത്തിൽ എതിർത്തുകൊണ്ടാണ് വന്നിട്ടുള്ളത്. സർക്കാർ അവതരിപ്പിച്ചിട്ടുള്ള നയപ്രഖ്യാപനത്തിൽ പുതുമയൊന്നുമില്ല. പഴയ വീഞ്ഞ് പുതിയ കുപ്പിയിൽപ്പോലുമല്ല, പഴയ വീഞ്ഞ് പഴയ കുപ്പിയിൽത്തന്നെയാണ്. അതിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. തുടർഭരണത്തിലേറിയ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ജനകീയ നയങ്ങളുടെ പ്രഖ്യാപനം നടത്തിയ ബഹുമാനപ്പെട്ട കേരള ഗവർണർക്കുള്ള നന്ദിപ്രമേയത്തെ സർവ്വാത്മന പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി നടപ്പിലാക്കിയ നയങ്ങൾകൊണ്ടുതന്നെയാണ് ചരിത്രപരമായിട്ടുള്ള രണ്ടാം വിജയത്തോടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വീണ്ടും അധികാരത്തിലേറുന്നത്. ഈ തെരഞ്ഞെടുപ്പിന് മുമ്പുള്ള സ്ഥിതി പരിശോധിച്ചാൽ, ശ്രീ. സണ്ണി ജോസഫ് പ്രസംഗിച്ചതുപോലെ അനാവശ്യമായിട്ടുള്ള ചിന്തകൾ സമൂഹത്തിൽ നിറയ്ക്കാൻ കഴിയുമോ എന്നാണ് യു.ഡി.എഫ്. ചിന്തിച്ചത്. അത് ഏറ്റുപാടാൻ ചില മാധ്യമങ്ങളുടെ പിന്തുണയൊക്കെ ചിലപ്പോൾ കിട്ടിയിരിക്കാം. പക്ഷെ സാധാരണക്കാരായ ജനങ്ങൾ അതെല്ലാം നിഷ്കരുണം തള്ളിക്കളയുകയാണുണ്ടായത്. ഈ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷനേതാവും യു.ഡി.എഫ്.-ഉം പറഞ്ഞത്, ഏറ്റവും പ്രധാനപ്പെട്ട കിഫ്ബി പദ്ധതി നിർത്തലാക്കുമെന്നാണ്. ലൈഫ് മിഷനും ഇങ്ങനെ തുടരില്ലെന്ന് പറഞ്ഞു. കേരള സംസ്ഥാനം കണ്ട ഏറ്റവും വലിയ പദ്ധതികളെല്ലാം നിർത്തലാക്കാൻ പോകുന്നുവെന്ന് പറയുമ്പോഴും അതിന്റെ എല്ലാ തരത്തിലുമുള്ള ആനുകൂല്യങ്ങൾ അനുഭവിക്കാൻ നിങ്ങൾക്ക് ഒരു വിഷമവുമില്ല. അങ്ങനെയൊരു സാഹചര്യത്തിൽ 'ഉറപ്പായും' എന്ന പുതിയൊരു മുദ്രാവാക്യം ഇടതുപക്ഷ ജനാധിപത്യ മുന്നണി പറഞ്ഞപ്പോൾ ജനങ്ങൾ അത് ഏറ്റെടുക്കുകയാണുണ്ടായത്. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ചാൽ, പല പ്രദേശങ്ങളിലും വികസനത്തിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ നയവുമായി ബന്ധപ്പെട്ട കാര്യങ്ങളാണോ ചർച്ച ചെയ്തത്? അതിനപ്പുറം പല മണ്ഡലങ്ങളിലും ചാരിറ്റി സംബന്ധിച്ചുള്ള വിഷയം, വീടുകളിലെ പ്രശ്നങ്ങൾ എന്നിവയൊക്കെയാണ് ചർച്ചയായത്. കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് പറയേണ്ട സന്ദർഭത്തിൽ അതിൽനിന്നും മാറുന്ന ഒരു കാഴ്ചയാണ് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഈ തെരഞ്ഞെടുപ്പിലുണ്ടായ കൂട്ടുകെട്ട് പല സന്ദർഭ

ങ്ങളിലും നമുക്ക് മനസ്സിലായതാണ്. അതിന് കുറേക്കൂടി തെളിമ വന്നിരിക്കുകയാണ്. ഞാൻ വരുന്നത് തൃശ്ശൂർ ജില്ലയിലെ കയ്പമംഗലത്തുനിന്നാണ്. അവിടെ കഴിഞ്ഞ പ്രാവശ്യം ബി.ഡി.ജെ.എസ്.-ന് ഉണ്ടായിരുന്ന വോട്ട് 30000 ആണ്. ഇപ്രാവശ്യത്തെ വോട്ട് കേവലം 9000 ആണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വോട്ട് ചോർന്ന പ്രദേശങ്ങളിലൊന്നാണത്, 21000 വോട്ട്. ആ വോട്ട് യു.ഡി.എഫ്.-നാണ് കൂടിയത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥികളുടെയൊന്നും വോട്ടിന്റെ മൊത്തം മാർജിനിൽ ഒരു വ്യത്യാസവും വന്നിട്ടില്ല. പക്ഷെ വോട്ടുകളുടെ ഈ വ്യത്യാസം വരുന്ന മിക്കവാറും മണ്ഡലങ്ങൾ പരിശോധിച്ചാൽ ബി.ജെ.പി.-യുമായി ബന്ധപ്പെട്ട വോട്ട് നിൽക്കുന്നത് യു.ഡി.എഫ്.-ലാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗം സംബന്ധിച്ച് യു.ഡി.എഫ്. പറയുന്നത്, മതേതരത്വത്തിൽ വേണ്ടത്ര ഊന്നൽ നൽകിയില്ല, വർഗ്ഗീയതയ്ക്കെതിരായും കേന്ദ്ര ഗവൺമെന്റിനെ വിമർശിച്ചും പറഞ്ഞില്ല എന്നൊക്കെയാണ്. ഒരു കാര്യമോർക്കണം, ലോകം കണ്ട, ലോകത്തിന് മുൻപിൽ ഇന്ത്യ തലതാഴ്ത്തിനിന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ബാബ്റി മസ്ജിദ് പൊളിക്കപ്പെട്ട സംഭവമാണ്. ആ ബാബ്റി മസ്ജിദ് പൊളിച്ച ആളുകളൊക്കെ ഇപ്പോൾ ഒരുമിച്ചാണ് നിൽക്കുന്നത്. ഇത്തരം കാര്യങ്ങൾക്ക് ചരിത്രം എന്നെങ്കിലും മാപ്പ് നൽകുമോ? മതേതരത്വം പറയുമ്പോൾ, നെഹ്റുവിനെ പ്പറ്റിയും മഹാത്മാഗാന്ധിയെപ്പറ്റിയും പറയുമ്പോൾ, അതിനപ്പുറത്തേയ്ക്കുള്ള കേവലം ചെറിയ വിഷയങ്ങൾ മാത്രം പറഞ്ഞുകൊണ്ട് മുന്നോട്ടുപോകുന്ന യു.ഡി.എഫ്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച് യുണൈറ്റഡല്ല ഉഡായിപ്പാണ് എന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ നിരവധി പരിഷ്കാരങ്ങൾക്ക് ജനങ്ങൾ നൽകിയ പിന്തുണയാണിത്. കേവലം അഞ്ച് വർഷത്തേയ്ക്കുള്ള നയപ്രഖ്യാപനമായി ഇതിനെ കുറച്ച് കാണേണ്ടതില്ല. ഇനി ഞങ്ങൾ പതിനഞ്ചും ഇരുപതും വർഷത്തേയ്ക്കുള്ള കാര്യങ്ങൾ പറയും. ഈ തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ ത്തന്നെ ചില മാറ്റങ്ങളൊക്കെ വരുത്തിയപ്പോൾ വല്ലാതെ വിഷമിച്ചവരാണ് അപ്പു റത്തിരിക്കുന്നത്. നല്ല രീതിയിൽ പ്രവർത്തനം കാഴ്ചവച്ച മന്ത്രിമാരെ നയപരമായ തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ നമുക്ക് തെരഞ്ഞെടുപ്പിൽനിന്നും മാറ്റിനിർത്തേണ്ടിവന്നു. ജയിച്ചതിനുശേഷവും ചില മുൻമന്ത്രിമാരെ നമുക്ക് മാറ്റേണ്ടി വന്നു. ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനെ സംബന്ധിച്ച വിഷയത്തിലൊക്കെ എത്രയോ ഉച്ചത്തിൽ വർത്തമാനം പറഞ്ഞു. എന്തിന്? എനിക്ക് തോന്നുന്നു, ആ മാറ്റങ്ങളുടെ ഗുണം യഥാർത്ഥത്തിൽ ലഭിച്ചത് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനാണെന്നാണ്. അദ്ദേഹം ശ്രീ. രമേശ് ചെന്നിത്തലയെപ്പോലെയുള്ള ഒരു

പ്രതിപക്ഷനേതാവാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്തായാലും പുതുമുഖങ്ങൾക്ക് പ്രാധാന്യം നൽകി, അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തുക എന്നുള്ള നയപരമായ ലക്ഷ്യം മുൻനിർത്തിപോയപ്പോൾ അപ്പുറത്തുനിന്ന് വലിയ കരച്ചിലുണ്ടായി. യു.ഡി.എഫ്.-ന്റെ കമ്മിറ്റികളുൾപ്പെടെ എന്റെ പുതിയ സ്ഥാനലബ്ധിയിൽ സന്തോഷം രേഖപ്പെടുത്തിയെന്നാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. പണ്ട് കുറുക്കൻ മുന്തിരിക്കുവേണ്ടി ചാടിയ അനുഭവമാണ്. കിട്ടാതായപ്പോൾ പറയുന്നത്, സ്പ്രിംഗ്ലർ, ആഴക്കടൽ എന്നീ വിഷയങ്ങൾ ഞങ്ങൾ കൃത്യമായി തിരുത്തിയതുകൊണ്ടു മാത്രമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നത് എന്നാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അധികാരത്തിലേറ്റാൻ ഞങ്ങൾ ശ്രമിച്ചെന്നാണ് ഇപ്പോൾ അവർ പറയുന്നത്. അതാണ് പുതിയ ഭാഷ്യം. എനിക്ക് ഉറപ്പുണ്ട്, മുസ്ലീം ലീഗിന്റെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഉൾപ്പെടെ നന്നായി സഹായിച്ചിട്ടുണ്ട്. എങ്ങനെയാണ്? മൂന്നും നാലും പ്രാവശ്യം ഇവിടെ നിന്ന് പാർലമെന്റിലേയ്ക്ക് പോകുന്നു, അവിടെ സത്യപ്രതിജ്ഞ ചെയ്യുന്നു, വീണ്ടും തിരിച്ച് നിയമസഭയിലേയ്ക്ക് വരുന്നു. ഇങ്ങനെ കറങ്ങുമ്പോൾ ചിലപ്പോൾ ആ പ്രസ്ഥാന ത്തിലുള്ള ആളുകളൊക്കെ വോട്ട് ചെയ്യും, പക്ഷെ കേരള ജനത ഒട്ടും തൃപ്തിക രമല്ലാത്ത രീതിയിൽ അതിന് തക്കതായ മറുപടി കൊടുക്കണമെന്ന് തീരുമാ നിച്ചിരുന്നു. അതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പിൽ എല്ലാ മണ്ഡലങ്ങളിലും ഞങ്ങൾക്ക് അനുകൂലമായി കാറ്റ് വീശിയതെന്ന് സൂചിപ്പിക്കുകയാണ്. ഈ നയ പ്രഖ്യാപന പ്രസംഗത്തിൽ നിരവധി പുതിയ കാര്യങ്ങൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അതിന്റെ അടുത്തഘട്ടം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിഫലിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ നയപ്രഖ്യാപന പ്രസംഗത്തെ സാമ്പത്തിക രംഗത്തുള്ള പ്രധാനപ്പെട്ട ആളുകളെല്ലാംതന്നെ നല്ല അർത്ഥത്തിൽ നോക്കിക്കാണാനാണ് ശ്രമിക്കുന്നത്. നോബൽ സമ്മാന ജേതാവായിട്ടുള്ള അമർത്യ സെൻ സർക്കാർ വിഭാവനം ചെയ്ത വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് പറഞ്ഞത്, ഇന്ത്യയിലെ ഏറ്റവും ദരിദ്രമായിട്ടുള്ള മൂന്ന് സംസ്ഥാനങ്ങളിൽനിന്നും ഏറ്റവും സമ്പന്നമായ മൂന്ന് സംസ്ഥാനങ്ങളിലൊന്നിലേയ്ക്കുള്ള യാത്ര ഇടതുപക്ഷ സർക്കാരുകൾ പിന്തുടർന്ന നയങ്ങളുടെ ഫലമായിട്ടാണ് എന്നാണ്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള നയങ്ങൾ നടപ്പിലാക്കുമ്പോൾ ഇന്ത്യയിലെ ഏറ്റവും മികച്ച സമ്പന്ന സംസ്ഥാനങ്ങളിലൊന്നായി കേരളം രൂപപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിൽ ധാരാളം അഭിമാന പദ്ധതികളുണ്ട്. ലക്ഷക്കണക്കിന് വീടുകൾ തുടർന്നും നിർമ്മിക്കാൻ പോകുന്നു. അത് ഏറ്റവും പ്രധാനപ്പെട്ടതല്ലേ. കടൽത്തീരം സംരക്ഷിക്കാനുള്ള പദ്ധതികൾ പ്രധാനപ്പെട്ടതാണ്. കേരളത്തെ പുതിയൊരു വൈജ്ഞാനിക മേഖലയാക്കി മാറ്റുമെന്ന് പറയുന്നത് ചെറുപ്പക്കാരെ ലക്ഷ്യംവച്ചുകൊണ്ടുള്ള ലോകശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുന്നൊരു പദ്ധതിയാണ്. പൊതുവിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കുമെന്നും

ഉയർന്ന രീതിയിലുള്ള സർവ്വകലാശാലകൾ ഉൾപ്പെടെയുള്ളവയെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുമെന്നും പറയുന്നതുൾപ്പെടെ ധാരാളം നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് നയപ്രഖ്യാപനത്തിൽ ആവർത്തിച്ചുറപ്പിക്കുകയാണ്. എല്ലാവർക്കും പട്ടയം കൊടുക്കാൻ കഴിയുന്ന ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, എല്ലാ കൃഷി ഭവനുകളും സ്മാർട്ടാക്കൽ, എല്ലാവർക്കും റേഷൻ കാർഡ് ലഭ്യമാക്കൽ, കരിഞ്ചന്ത ഇല്ലാതാക്കൽ, നെല്ല് സംഭരണം എന്നിങ്ങനെ നിരവധി കാര്യങ്ങൾ ഇതിലുണ്ട്. ഞാൻ ഓരോന്നും പ്രത്യേകിച്ച് പറയുന്നില്ല. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതായി ഞാൻ കാണുന്നത് തീരപ്രദേശത്തെയും കടലാക്രമണത്തെയും സംബന്ധിച്ചുള്ള പദ്ധതികളാണ്. രാവിലെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കപ്പെട്ടപ്പോൾ, ഈ മേഖലയിൽ ഒന്നും ചെയ്തില്ലായെന്നാണ് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. നുണപ്രചാരകരായി പ്രതിപക്ഷം മാറരുത്. തൃശ്ശൂർ ജില്ലയിൽ, ഞാൻ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിൽ 'പുനർഗേഹം' പദ്ധതിയിലൂടെ 136 വീടുകൾ നിർമ്മിച്ചു നൽകിക്കഴിഞ്ഞു. ഒരു കൊച്ചുമണ്ഡലത്തിൽപ്പോലും 136 വീടുകൾ നിർമ്മിച്ചുനൽകുന്നു. എന്നിട്ട് ഇവിടെ പറയുന്നു, 10 ലക്ഷം രൂപ പോര, 15 ലക്ഷം രൂപ വേണമെന്ന്. സർക്കാർ എന്ത് പ്രഖ്യാപിച്ചാലും 10 എന്ന് പറഞ്ഞാൽ 15 എന്ന് പറയും, പെൻഷൻ 3000 രൂപയെന്ന് പറഞ്ഞാൽ 3500 രൂപയെന്ന് പറയും. എന്ത് പറഞ്ഞാലും അൽപം കൂട്ടിപ്പറയും. പ്രകടന പത്രികയെന്നാൽ സത്യം പറയുന്നതിന്റെ പര്യായമായി മാറ്റിയ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരെന്ന് ഓർമ്മിക്കണം. വലിയ രീതിയിലുള്ള പരിഷ്കാരങ്ങൾ നടത്താനും ഗവൺമെന്റിന് കൂടുതൽ ശക്തി പകരാനും ജനങ്ങൾ കൂടെയുള്ളപ്പോൾ നിങ്ങൾക്ക് കുറച്ചുകാലംകൂടി നല്ല പ്രതിപക്ഷമായി തുടരേണ്ടി വരുമെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങളുടെ പ്രവർത്തനത്തിൽ കാതലായ മാറ്റം വരുത്താത്തിടത്തോളം കാലം ഇങ്ങനെ തുടരേണ്ടിവരുമെന്ന് കൂട്ടിച്ചേർത്തു കൊണ്ട് ഈ പ്രമേയത്തെ ഔപചാരികമായി ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ജനാധിപത്യ നിയമനിർമ്മാണങ്ങളുടെ കാവൽ കോട്ടയായ ഈ സഭയിൽ ആദ്യമായി സംസാരിക്കാൻ അവസരം ലഭിക്കുന്നതിൽ ഞാൻ ദൈവത്തെ സ്തുതിക്കുകയാണ്. ഇതിന് അവസരം നൽകുകയും വഴിയൊരുക്കുകയും ചെയ്ത എന്റെ ബഹുമാന്യനായ നേതാവ് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെയും യു.ഡി.എഫ്.-ന്റെ പ്രഗത്ഭരായ നേതാക്കളെയും എല്ലാത്തിനുമുപരി കക്ഷിരാഷ്ട്രീയത്തിനപ്പുറം എന്നെ നെഞ്ചോട് ചേർത്ത പെരിന്തൽമണ്ണയിലെ സാധാരണ മനുഷ്യരെയും നന്ദിപൂർവ്വം ഞാൻ ഓർക്കുകയാണ്.

ഞാൻ ഈ നയപ്രഖ്യാപന പ്രസംഗത്തോട് ശക്തമായി വിയോജിക്കുകയും നന്ദിപ്രമേയത്തെ എതിർക്കുകയും ചെയ്യുന്നു. എനിക്ക് രണ്ട് വാക്ക് പറയാതെ പോകാനാകില്ല. മനസ്സിൽ കിനാവ് കണ്ട കസേരകളെല്ലാം നഷ്ടപ്പെട്ടുമ്പോഴും നാലാം നിരയിലേയ്ക്ക് ഇരിക്കേണ്ടിവരുന്നവരുടെ ഗതികേട് സ്വാഭാവികമായും നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. അവരുടെ സങ്കടങ്ങളെ വലിയ മാസ്ക് വച്ച് മറച്ചാലും ഈ ലോകത്തിന് കാണാൻ കഴിയുമെന്നാണ് ഞാൻ വിചാരിക്കുന്നത്. നമ്മൾ പല കുഴലൂത്തുകാരെയും കണ്ടിട്ടുണ്ട്. പക്ഷെ സ്വയം കുഴലായി മാറുന്നവരെ ആദ്യമായിട്ടാണ് കാണുന്നതെന്ന് പറയേണ്ടിവരും. നമുക്ക് ഇവരുടെ സങ്കടങ്ങൾ മനസ്സിലാക്കാം. സ്പെയിസുണ്ടാകാൻ വേണ്ടി എന്ത് വൃത്തികേടും പറയുന്ന ആളുകളെ ഈ സഭ എങ്ങനെയാണ് കാണുന്നതെന്ന് എനിക്കറിയില്ല. Negative publicity is also a publicity എന്ന് വിചാരിക്കുന്ന ആളുകൾക്ക് ഇതൊക്കെ ആഘോഷമായിരിക്കാം. നിങ്ങൾക്ക് അങ്ങനെ ചില പബ്ലിസിറ്റി ഞങ്ങളെക്കൊണ്ട് കിട്ടുമെങ്കിൽ അത് അനുവദിച്ചുതരുന്നതിൽ സന്തോഷമേയുള്ളൂ. ഞാൻ വിഷയത്തിലേയ്ക്ക് കടക്കുംമുമ്പ് ഒരു കാര്യംകൂടി പറയട്ടെ, തവനൂരിലെ സ്ഥാനാർത്ഥിയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അത് പറയുമ്പോൾ പെരിന്തൽമണ്ണയെക്കുറിച്ചുകൂടി നിങ്ങൾ ഓർക്കേണ്ടിയിരുന്നുവെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. പണച്ചാക്കുകളും പ്രമാണിമാരും ഒരുഭാഗത്ത് നിലയുറപ്പിച്ച് നിൽക്കുമ്പോൾ അവിടെ എന്നെ നെഞ്ചോട് ചേർത്തുപിടിച്ചത് പാവപ്പെട്ട മനുഷ്യരാണ്, അവരുടെ വോട്ടിന്റെ ബലത്തിലാണ് ഞാൻ ഈ സഭയിൽ ഇരിക്കുന്നതെന്ന് അഭിമാനത്തോടെ പറയുകയാണ്. പ്രിയപ്പെട്ട ഡോ. കെ. ടി. ജലീൽ, ആയിരംവട്ടം തോറ്റാലും നിങ്ങളെപ്പോലൊരു വിഴുപ്പുഭാണ്ഡത്തെ പേറേണ്ട ഗതികേട് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനും യു.ഡി.എഫ്.-നുമുണ്ടാകില്ല. നിങ്ങളെ കൊല്ലാൻ ഞങ്ങൾക്ക് ആഗ്രഹമില്ല. മലപ്പുറം ജില്ലയിൽ നിങ്ങൾ എത്ര സ്വതന്ത്രമായാണ് സഞ്ചരിക്കുന്നത്. ആ പരിപാടി ഞങ്ങൾക്കില്ലെന്ന് ശ്രീമതി കെ. കെ. രമ സംസാരിക്കുമ്പോൾ നിങ്ങളെ ബോദ്ധ്യ പ്പെടുത്തുമെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കട്ടെ. നിങ്ങളെ തോൽപ്പിക്കാനാകില്ലെന്ന് പറഞ്ഞു, എന്നോ തോറ്റുപോയ ഒരാളാണ് ഡോ. കെ. ടി. ജലീൽ എന്ന് മനസ്സിലാക്കണം. നിയമസഭയിലേയ്ക്ക് കുറുക്കുവഴികളിലൂടെ പലർക്കും കയറി വരാൻ കഴിയും, അങ്ങനെ കയറി വന്നവരും ഈ സഭയിലുണ്ട്. ജനാധിപത്യത്തെ പണാധി പത്യംകൊണ്ട് വിലയ്ക്കുവാങ്ങി ഈ സഭയിൽ കയറിവന്നവർ ആരുമില്ലായെന്ന് ഇടതുപക്ഷത്തിരിക്കുന്ന മാന്യമെമ്പർമാർക്ക് ഹൃദയത്തിൽത്തൊട്ട് പറയാൻ സാധി ക്കുമോ? അങ്ങനെ പലരും ഈ സഭയിലുണ്ട്. ഞാൻ അവരെക്കുറിച്ച് ഇപ്പോൾ പറയുന്നില്ല. ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരാം. ജനങ്ങളുമായി ബന്ധപ്പെട്ട വളരെ ഗൗരവമായ വിഷയങ്ങൾ അവതരിപ്പിക്കേണ്ട സമയത്ത് ഇത്തരം വിലകുറഞ്ഞ കാര്യങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഈ നയപ്രഖ്യാപനത്തിൽ എന്ത് നയമാണുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി എല്ലാ വൈകുന്നേരങ്ങളിലും നടത്തുന്ന പത്രസമ്മേളനമുണ്ട്. അത് സമാഹരിച്ച് ഒരു പുസ്തകമാക്കിയാൽ ഇതിനേക്കാൾ മനോഹരമായ ഒരു നയപ്രഖ്യാപനമാകുമായിരുന്നു. ഈ പകർച്ചവ്യാധി കാലത്ത് എന്ത് പ്രതീക്ഷയാണ് നിയമസഭയിൽ അവതരിപ്പിച്ച ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ ലഭിക്കുന്നത്? ഞാൻ ഈ നയപ്രഖ്യാപന പ്രസംഗം പലതവണ വായിക്കുകയുണ്ടായി. പതിരിനിടയിൽ ചേറിയെടുക്കാൻ ഒരു ധാന്യമണിപോലുമില്ലാത്ത വിധമാണ് ഈ നയപ്രഖ്യാപനമെന്ന് പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ഇത് കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ കാലമാണ്. ഒരുപാട് സങ്കടങ്ങൾക്കിടയിലൂടെ മനുഷ്യൻ സഞ്ചരിക്കുന്ന സമയമാണ്. ലോകാരോഗ്യ സംഘടനയടക്കം മൂന്നാം തരംഗത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. ഈ നയപ്രഖ്യാപനത്തിലെവിടെയാണ് മൂന്നാം തരംഗത്തെ നേരിടാനുള്ള ശക്തമായ പ്രവർത്തനങ്ങളെക്കുറിച്ച് പറയുന്നത്? യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് ഇൻജെക്ഷൻ ചെയ്യുമ്പോൾ സൂചി വളഞ്ഞുപോയി എന്ന് ഇന്നലെ ഒരംഗം സഭയിൽ പരിഹാസരൂപത്തിൽ പറയുകയുണ്ടായി. ഞാൻ ആ അംഗത്തെ മലബാറിലേയ്ക്ക് ക്ഷണിക്കുകയാണ്. അവിടെയുള്ള ആശുപത്രികളിൽ വളഞ്ഞുപോകാനൊരു സൂചിപോലുമില്ലായെന്ന യാഥാർത്ഥ്യം നിങ്ങൾ ഉൾക്കൊള്ളണം. ഭൂമിശാസ്ത്രപരമായി കടുത്ത വിവേചനം നേരിടുന്ന ജനതയുടെ പ്രതിനിധികളാണ് ഞങ്ങൾ. അവിടെ ജനസംഖ്യാനുപാതികമായി ആശുപത്രികളില്ല, ഐ.സി.യു.-കളില്ല, ബെഡ്ഡുകളില്ല, വെന്റിലേറ്ററുകളില്ല, വാക്സിനുമില്ല. അവിടെയുള്ളത് ലാത്തിയും പോലീസ് രാജുമാണ്. ശ്രീമതി ലേഖ എന്നൊരു റവന്യൂ ഉദ്യോഗസ്ഥയുടെ ഭർത്താവ് അവരെ ഓഫീസിലേയ്ക്ക് കൊണ്ടുപോകുമ്പോൾ അദ്ദേഹത്തെ തടഞ്ഞ് അദ്ദേഹത്തിന്റെ പുറം പൊളിച്ചു (പേപ്പർ കട്ടിംഗ് ഉയർത്തിക്കാട്ടി). വാർത്താപത്രങ്ങൾ റിപ്പോർട്ട് ചെയ്ത എല്ലാ രേഖകളും എന്റെ കയ്യിലുണ്ട്. ഈ മഹാമാരി കാലത്ത് ഞങ്ങൾ ചോദിച്ചത് മരുന്നും വാക്സിനുമാണ്. പക്ഷേ നിങ്ങൾ നൽകിയത് ഒരു ഐ.ജി.-യെയും ഡി.ഐ.ജി.-യെയുമാണ്. ഇത് എന്ത് മര്യാദയാണ്; ഈ വിവേചനത്തെക്കുറിച്ച് ഓർക്കുമ്പോൾ 1958-ലെ നിയമസഭയുടെ പ്രഥമ സമ്മേളനത്തിൽ എന്റെ പ്രിയങ്കരനായ നേതാവ് സി. എച്ച്. മുഹമ്മദ്കോയ സാഹിബ് പറഞ്ഞ ഒരു വാചകമുണ്ട്, മദിരാശി ഭരണകൂടത്തിന് മലബാറിനോടുള്ള വിവേചനം കുപ്രസിദ്ധമാണ്, എന്നാൽ ഈ സഭയും അത് തുടരുകയാണോയെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. പതിനഞ്ചാം കേരള നിയമസഭയിലും അത് ആവർത്തിക്കേണ്ടി വരുന്നുവെന്നത് ഖേദകരമാണ്.

പ്രവാസികൾ ഈ നാടിന്റെ ബലമാണെന്നും അവർ നാടിന്റെ നട്ടെല്ലാണെന്നുമാണ് നമ്മൾ പറയുന്നത്. പക്ഷേ ആ പ്രവാസികൾക്കുവേണ്ടി എന്താണ് ചെയ്യുന്നത്? ഇന്നലെ ഞാൻ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയോട് ഒരു

കാര്യം സൂചിപ്പിച്ചു, ഒരുപാട് പോർട്ടലുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ നടത്താൻ കഴിയുന്നില്ല. അതിനാൽ പഞ്ചായത്ത് തലത്തിൽ പ്രവാസികൾക്കുവേണ്ടി പ്രത്യേകമായി രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തണം. നമ്മുടെ നാട് ആപത്കരമായി വിഭജിക്കപ്പെടുകയാണ്. മനുഷ്യർ തമ്മിൽ വെറുപ്പ് വളർത്താൻ വലിയ ഗൂഢാലോചനകൾ നടക്കുകയാണ്. സോഷ്യൽ മീഡിയ അതിനൊരു വലിയ ഉപകരണമായിത്തീരുകയാണ്. സംഘപരിവാറാണ് ഈ വിഷവിത്ത് വിതയ്ക്കുന്നത്. എന്നാൽ അതിന് വെള്ളവും വളവും ഒഴിച്ചുകൊടുക്കുന്നത് മറ്റ് പലരുമാണ്. 80:20 അനുപാതവുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിക്കുശേഷം വളരെ ഹീനമായൊരു ക്യാമ്പയിനിംഗ് നടക്കുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ് ........ പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുമ്പോൾ ഇവിടെ നിയമസഭയിൽ പലരും ഷോർട്ട്കട്ടിലൂടെ വന്നവരാണെന്നൊരു പ്രസ്താവന നടത്തി. അതായത്, തെറ്റായ രീതിയിൽ വന്നവരാണെന്നാണ്. ഇലക്ഷൻ കമ്മീഷന്റെ എല്ലാ നടപടിക്രമങ്ങളും തെരഞ്ഞെടുപ്പും ജയിച്ചുവരുന്ന ആളുകളെക്കുറിച്ച് അത്തരത്തിൽ പറയുന്നത് വാസ്തവവിരുദ്ധമാണ്. അത് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന അഭ്യർത്ഥനയാണുള്ളത്. നിയമസഭയിൽ ഷോർട്ട്കട്ടിലൂടെ ആരും വരാറില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ്........ ഇരിക്കൂ... പ്ലീസ്..... പരിശോധിച്ച് നടപടി സ്വീകരിക്കാം*.

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീ. മുഹമ്മദ് മുഹസിന്റെ നിയോജക മണ്ഡലത്തിന്റെ അടുത്ത മണ്ഡലങ്ങളൊക്കെ പരിശോധിച്ചാൽ ഈ പ്രയാസം തീരും.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ്...... സമയം അവസാനിക്കാറായി ചുരുക്കണം.

ശ്രീ. നജീബ് കാന്തപുരം: ബഹുമാന്യനായ സർ, എനിക്ക് അല്പംകൂടി സമയം അനുവദിക്കണം. ആദ്യമായി സഭയിലെത്തിയ എന്റെ ആദ്യത്തെ പ്രസംഗമാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, വളരെ ഹീനമായ ക്യാമ്പയിനിംഗ് നടക്കുന്നു. മുസ്ലീം സമുദായം പലതും തട്ടിപ്പറിച്ചെടുത്തതായി ആരോപണം ഉയരുന്നു. എന്താണ് വസ്തുത; മുസ്ലീങ്ങൾ അങ്ങനെ വല്ലതും തട്ടിപ്പറിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം(ഫ.നം.8688/ഇ.ബി./2021/നി.സെ. തീയതി 3-6-2021) നിലനിർത്താൻ തീരുമാനിച്ചു.

തിരിച്ചുവാങ്ങി കൊടുക്കാൻ സന്നദ്ധമാകണം. ഇല്ലെങ്കിൽ എന്താണ് വസ്തുതയെന്ന് തെളിയിക്കാനുള്ള ധവളപത്രമിറക്കാൻ സർക്കാർ സന്നദ്ധമാകണം. കേരളത്തിലെ മുസ്ലീങ്ങളുടെ സർവ്വീസ് പ്രാതിനിധ്യം, ജനസംഖ്യാനുപാതികമായ അവസരങ്ങളുടെ ലഭ്യത, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം, സാമ്പത്തിക സൗകര്യങ്ങൾ, ജീവിത നിലവാരം, ആളോഹരി വരുമാനം എന്നിവയെക്കുറിച്ച് സർക്കാർ പഠനം നടത്തി ഒരു ധവളപത്രം പുറത്തിറക്കണം. അല്ലെങ്കിൽ വളർന്നുവരുന്ന എന്റെ സമുദായത്തിലെ കുട്ടികൾപോലും സംശയത്തിന്റെ നിഴലിൽ ജീവിക്കേണ്ടിവരും. അത് അനുവദിക്കാനാകില്ല. എത് വ്യക്തിക്ക് നേരെയാണെങ്കിലും സമൂഹത്തിന് നേരെയാണെങ്കിലും നീതി നിഷേധിക്കാനാകില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിക്കാം. പ്രഗൽഭനായ പോളിഷ് കവി 'Czeslaw Milosz'-ന്റെ വിഖ്യാതമായൊരു കവിതാശകലം മാത്രം ഞാൻ പറയാം,

"In a room where people unanimously maintain a conspiracy of silence, one word of truth sounds like a pistol shot."

പ്രിയപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ആ സത്യത്തിന്റെ ശബ്ദം മുഴക്കാൻ ധൈര്യം കാണിക്കേണ്ട സമയമാണ്, ധവളപത്രമിറക്കാൻ സന്നദ്ധമാകേണ്ട സമയമാണ്, ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ പോകാൻ ധൈര്യം കാണിക്കേണ്ട സമയമാണിതെന്നാണ് ഞാൻ പറയുന്നത്. സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നാട്ടിൽനിന്ന് വന്നതാണ് ഞാൻ. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ, പണച്ചാക്കുകളുടെ കുഴിബോംബുകൾക്കിടയിൽ നിന്ന് കഷ്ടപ്പെട്ട് രക്ഷപ്പെട്ട ഒരാളാണ് ഞാൻ. ഈ ഏർപ്പാട് സഖാവ് ഇ.എം.എസ്.-ന്റെ നാട്ടിലെങ്കിലും അവസാനിപ്പിക്കാൻ നിങ്ങൾ സന്നദ്ധരാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ സഭയിൽ വന്ന് പ്രസംഗിക്കാൻ അവസരം ലഭിച്ചതിൽ ദൈവത്തിനോട് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ചങ്ങനാശ്ശേരിക്കാരോടുള്ള പ്രത്യേകമായ കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു. ബഹുമാന്യനായ കേരള ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെ പിന്തുണച്ചുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഈ നയപ്രഖ്യാപനത്തിലുടനീളം ജനങ്ങളോടുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ

കരുതലാണ് നമുക്ക് കാണാൻ സാധിക്കുന്നത്. സാധാരണക്കാരോടുള്ള കരുതലാണ് ഒരു പൊതുപ്രവർത്തകന് വേണ്ടതെന്ന് എന്നെ പഠിപ്പിച്ച, എന്റെ രാഷ്ട്രീയ ഗുരുനാഥനായ കെ. എം. മാണി സാറിനെ ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷം കേരളം കടന്നുപോയത് അതിഭയങ്കരമായ പ്രതിസന്ധി യിലൂടെയായിരുന്നു. അത് ഇപ്പോഴും തുടരുകയാണ്. പ്രതിസന്ധിയുള്ള ഈ ഘട്ടത്തിൽ കേരളത്തെ സംരക്ഷിക്കാൻ ഒരു സർക്കാർ ഇവിടെയുണ്ടായിരുന്നു. അതിനുള്ള ജനകീയ അംഗീകാരമാണ് വീണ്ടും തുടർഭരണമെന്നുള്ളത് നമുക്ക് വിസ്മരിക്കാൻ സാധിക്കില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാവപ്പെട്ട ജനങ്ങളോട് കാണിച്ച കരുതലിന്റെയും സ്നേഹത്തിന്റെയും പ്രത്യുപകാരമായാണ് വീണ്ടും ഈ സർക്കാരിനെ ജനങ്ങൾ അംഗീകരിച്ചതും അധികാരത്തിലേയ്ക്ക് കൊണ്ടുവന്നതും. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയനുള്ളതാണ് ഈ അംഗീകാരം. ഈ അംഗീകാരം കേരളത്തിലെ ജനങ്ങൾ മാത്രമല്ല ലോകത്തിലെ എല്ലാ മലയാളികളും അദ്ദേഹത്തിന് ചാർത്തി നൽകിയിരിക്കുന്നു. ഇത് ഇടതുപക്ഷത്തിനുള്ള അംഗീകാരമാണ്. പ്രകടന പത്രിക നടപ്പിലാക്കാനുള്ളതാണെന്ന് തെളിയിച്ച സർക്കാരാണ് കഴിഞ്ഞ സർക്കാർ. ജനക്ഷേമവും വികസനവും ഒരുമിച്ച് നടപ്പിലാക്കിയ എൽ.ഡി.എഫ്. സർക്കാർ തുടരണമെന്നുള്ളത് കേരളത്തിലെ ജനങ്ങളുടെ ആഗ്രഹമായിരുന്നു. ആ ആഗ്രഹമാണ് ഇവിടെ നിറവേറ്റപ്പെട്ടത്. ഇന്ന് ജൂൺ മാസം ഒന്നാം തീയതിയാണ്. ജൂൺ മാസം ഒന്നാം തീയതി തന്നെ കേരളത്തിലെ സ്കൂളുകൾ വെർച്വൽ പ്ലാറ്റ്ഫോമിൽ തുറന്നു കൊണ്ട് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ രംഗത്തേയ്ക്ക് പ്രവേശിക്കാൻ സർക്കാർ മാർഗ്ഗമുണ്ടാക്കിയിരിക്കുന്നു. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പം കാർഷിക മേഖലയിൽ സമഗ്രമായൊരു മാറ്റമാണ് ഈ നയപ്രഖ്യാപനം ലക്ഷ്യമിടുന്നത്. സ്മാർട്ട് കൃഷി ഭവനുകൾ, നെൽകർഷകരുടെ സഹകരണ സംഘങ്ങൾ, റൈസ് മില്ലുകൾ, സഹകരണ ചന്തകൾ എന്നിവയൊക്കെ ആരംഭിക്കുമെന്ന് ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നത് കേരളത്തിലെ പാവപ്പെട്ട, സാധാരണക്കാരായ കർഷകരുടെ ജീവിത നിലവാരം ഉയർത്തുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിൽക്കൂടി കടന്നുവന്ന ഒരു എളിയ രാഷ്ട്രീയ പ്രവർത്തകനാണ് ഞാൻ. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി പോലുള്ള നൂതനമായ ആശയങ്ങൾ ഈ നയപ്രഖ്യാപനത്തിൽ ചേർത്തിരിക്കുന്നത് അഭിനന്ദനാർഹമാണ്. കേരളത്തിലെ യുവജനങ്ങൾക്ക് പുത്തൻ ഉണർവുണ്ടാകാൻ അതുവഴി സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കോവിഡ് എന്ന മഹാരോഗം വന്നപ്പോൾ അതിനെ നേരിടുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. സർക്കാരിന്റെ ചെലവിൽ എല്ലാവർക്കും വാക്സിൻ നൽകുമെന്നുള്ള പ്രഖ്യാപനം കേരള സർക്കാരിനെ ഇന്ത്യയ്ക്ക്

മാത്രമല്ല ലോകത്തിന് തന്നെ മാതൃകയാക്കി മാറ്റിയിരിക്കുന്നു. കേരളത്തിലെ മുഖ്യമന്ത്രിയെ ജനങ്ങൾ നെഞ്ചോട് ചേർക്കുവാൻ അത് കാരണമായി മാറിയിരിക്കുന്നു. കോവിഡ് സൃഷ്ടിച്ച ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനവും കിഫ്ബിയിലൂടെ അറുപത്തിമൂവായിരത്തി അഞ്ഞൂറ്റി ചില്ല്വാനം കോടി രൂപ കരുതിവച്ചതും വലിയൊരു കാര്യമായി ഞങ്ങൾ കരുതുകയാണ്. കേരളത്തിലെ ജനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക്, വികസനം എല്ലാവരിലേയ്ക്കും എത്തിക്കുന്ന ഒരു സംവിധാനം രൂപപ്പെടുത്താൻ സർക്കാരിന് സാധിച്ചിരിക്കുന്നുവെന്നുള്ളത് അഭിമാനകരമാണ്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ കേരളം നേരിടുന്ന സുപ്രധാന പ്രശ്നമാണ് മാലിന്യ സംസ്കരണം. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന് മുൻഗണന നൽകുമെന്നുള്ള പ്രഖ്യാപനത്തിലൂടെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുമെന്ന് ഞാൻ കരുതുകയാണ്. ഈ നിലയിൽ പരിശോധിക്കുമ്പോൾ കരുത്തുറ്റ കേരളമായി നമ്മുടെ നാടിനെ മാറ്റിയെടുക്കുവാൻ കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണത്തിൽ സാധിച്ചുവെങ്കിൽ അടുത്ത അഞ്ച് വർഷം കഴിയുമ്പോൾ ഈ ഭരണം തന്നെ കേരളത്തിൽ വീണ്ടും വരണമെന്ന് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കേരളത്തിലെ ജനങ്ങൾ നെഞ്ചോടുചേർത്തുവച്ചു. കേരളത്തിലെ ജനങ്ങൾ സാധാരണക്കാരാണ്, കർഷകരാണ്. പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സർക്കാർ എന്നുള്ള ഖ്യാതി കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് നേടിയെങ്കിൽ അടുത്ത അഞ്ചുവർഷംകൊണ്ട് സമഗ്രമായ വികസന കുതിപ്പോടുകൂടി കേരളത്തിലെ ജനങ്ങൾ കണ്ടിട്ടില്ലാത്തരീതിയിലുള്ള ഒരു പുത്തൻ വികസന മുന്നേറ്റം ഈ സർക്കാർ നടത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ നെഞ്ചിലേറ്റിക്കൊണ്ട് പ്രവർത്തിക്കുന്ന ഈ സർക്കാരിന് എല്ലാ പിന്തുണയും അറിയിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, എനിക്കൊരു പരാതിയുണ്ട്. പ്രതിപക്ഷം വാക്കൗട്ട് നടത്തിയപ്പോൾ ശ്രീ. അനൂപ് ജേക്കബ് പ്രസംഗിച്ചശേഷം ഞാൻ പ്രസംഗിക്കാൻ എഴുന്നേറ്റു. എന്നെ ശ്രദ്ധിക്കാതെ അടുത്ത കാര്യപരിപാടിയിലേയ്ക്ക് കടക്കുകയാണ് ചെയ്തത്. അതിൽ എന്റെ പ്രതിഷേധം രേഖപ്പെടുത്തുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന് സമാരംഭം കുറിച്ചുകൊണ്ട് കേരളത്തിന്റെ ജനപ്രതിനിധികളുടെ ഈ മഹനീയ സഭയെ അഭിസംബോധന ചെയ്ത് സംസാരിച്ച ബഹുമാനപ്പെട്ട കേരള ഗവർണറുടെ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ശക്തമായ പ്രതിപക്ഷം

ജനാധിപത്യത്തിന്റെ അടിത്തറയാണ്. പ്രതിപക്ഷത്തെക്കൂടി സഹകരിപ്പിച്ചുകൊണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് മുമ്പോട്ട് നീങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്. കോവിഡ് മഹാമാരിയെ പ്രതിരോധിക്കാൻ ആരോഗ്യം, പോലീസ്, ദുരന്തനിവാരണം, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടെ പ്രവർത്തനം മുൻനിരയിലായിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. തുടർന്നും കോവിഡ്-19 മഹാമാരിയെ പിടിച്ചുകെട്ടുവാൻ കൂട്ടായ്മയോടെ നമുക്ക് പ്രവർത്തിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ എല്ലാവരെയും സഹകരിപ്പിച്ച് മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാർ തുടർന്നും ശ്രദ്ധ ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ കൊച്ചുകേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് സൂക്ഷ്മ-ചെറുകിട സംരംഭ ങ്ങളാണ്. ദിവസേനയുള്ള പണമൊഴുക്കിന്റെ അടിസ്ഥാനത്തിലാണ് അവ നില നിൽക്കുന്നത്. അത് മുടങ്ങിയാൽ അവർക്ക് പിടിച്ചുനിൽക്കാനാകില്ല. ബാങ്ക് വായ്പയും മൊറട്ടോറിയവുമൊന്നും അവർക്ക് പ്രയോജനപ്പെടുന്നതല്ല. ഇത്തരം സംരംഭകരെ സഹായിക്കാനാണ് സംസ്ഥാന സർക്കാർ അടിയന്തര ഇടപെടൽ നടത്തേണ്ടത്. ആയതിനാൽ സമ്പദ്‌വ്യവസ്ഥയുടെ സ്തംഭനം ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് സർക്കാർ അടിയന്തര ശ്രദ്ധ പുലർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പെൻഷനുകൾ ലഭിക്കാത്ത നിരവധി ബി.പി.എൽ. കുടുംബങ്ങളുള്ളതായി അറിയുന്നു. ആ കുടുംബങ്ങൾക്ക് എക്സ്ഗ്രേഷ്യയായി സർക്കാർ പ്രഖ്യാപിച്ച 1000 രൂപ അടിയന്തരമായി കൊടുത്താൽ അതവർക്ക് സഹായകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. കോവിഡ് -19 മഹാമാരിയെ ത്തുടർന്ന് ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ പ്രതിസന്ധി പരിഹരിക്കു ന്നതിനോ പ്രകൃതിക്ഷോഭങ്ങളെ ഫലപ്രദമായി നേരിടുന്നതിനോ സാമ്പത്തിക ഉത്തേജനത്തിനോ ഉള്ള പദ്ധതികളൊന്നും നയപ്രഖ്യാപനത്തിലുള്ളതായി കാണുന്നില്ല. ഇവയെല്ലാം നേരിടാൻ കഴിയുന്ന പരിഹാര നിർദ്ദേശങ്ങൾ ഇപ്പോഴത്തെ പ്രതിസന്ധി ഘട്ടത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ബഡ്ജറ്റിൽ പ്രത്യേകമായി ഉൾക്കൊള്ളിക്കണമെന്ന് ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. കോവിഡ്-19 മഹാമാരിയും പ്രളയവുംകൂടി കേരളത്തിലെ കാർഷികമേഖലയെ തകർത്തിരി ക്കുകയാണ്. ഇതുമൂലം കർഷകർ ബുദ്ധിമുട്ടിലാണ്. നീണ്ടുപോകുന്ന കോവിഡ് ഭീഷണിയിലും ലോക്ഡൗണിലും കൊടുംമഴയിലും കർഷക സമൂഹം വ്യാകുലരാണ്. കഴിഞ്ഞ പ്രളയകാലത്ത് പാലാ നിയോജകമണ്ഡലത്തിൽ നിരവധി വീടുകൾ തകരുകയും കാർഷികവിളകൾക്ക് പൂർണ്ണമായും ഭാഗികമായും നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. അന്ന് സർക്കാർ നൽകിയ നഷ്ടപരിഹാരം എല്ലാവർക്കും കിട്ടിയില്ലെന്ന് മാത്രമല്ല, കിട്ടിയത് അപര്യാപ്തവുമാണ്. മാത്രമല്ല, ഇപ്പോഴുണ്ടായ കൊടുംമഴയിലും പേമാരിയിലും ഞാൻ പ്രതിനിധീകരിക്കുന്ന പാലാ നിയോജക മണ്ഡലത്തിൽ നിരവധി വീടുകളും കാർഷിക വിളകളും നശിച്ചുപോയിട്ടുണ്ട്. ആയതിനാൽ സർക്കാർ ഇവർക്കുവേണ്ട നഷ്ടപരിഹാരം അടിയന്തരമായി

നൽകണമെന്ന് ഈ അവസരത്തിൽ അപേക്ഷിക്കുകയാണ്. റബ്ബറിന് സർക്കാർ പ്രഖ്യാപിച്ച തറവില 170 രൂപയാണ്. 172 രൂപ മാർക്കറ്റിൽ ഇപ്പോൾ വിലയുണ്ട്. 200 രൂപയെങ്കിലും തറവിലയായി പ്രഖ്യാപിച്ച് അത് ഒക്ടോബർ മാസം മുതൽ കൊടുക്കാൻ തയ്യാറാകണം. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ സർക്കാർ റബ്ബർ കർഷകരുടെ കാര്യംകൂടി പരിഗണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കേരളത്തിൽ പലയിടത്തും ഏക്കർ കണക്കിന് വാഴക്കൃഷികൾ നശിച്ചുപോയതായി അറിയാൻ കഴിഞ്ഞു. എന്നാൽ ഇൻഷ്വർ ചെയ്ത വാഴകൾക്ക് ഊന്ന് നൽകിയില്ലെന്ന ഒറ്റക്കാരണത്താൽ ഈ വാഴകൾക്ക് ഇൻഷ്വറൻസ് തുക നിഷേധിച്ചതായി അറിയാൻ കഴിഞ്ഞു. വാഴകൾക്ക് ഊന്ന് കൊടുക്കുന്ന കമ്പ് ഒന്നിന് 80 രൂപ വിലയാകുമെങ്കിൽ വാഴക്കുലയ്ക്ക് ഇപ്പോൾ വെറും അറുപതുരൂപ മാത്രമാണ് വില. ആയതിനാൽ സർക്കാർ ഈ വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തി കർഷകർക്ക് നഷ്ടപരിഹാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേന്ദ്ര സർക്കാർ കേരളത്തിന്റെ സഹകരണ മേഖലയെ തകർക്കുന്ന തരത്തിലുള്ള നയങ്ങളാണ് സ്വീകരിച്ചുവന്നത്. ഈ പിന്തിരിപ്പൻ നയങ്ങളെ നമ്മൾ തിരിച്ചറിയണം. ഇന്ന് ജനങ്ങൾ കൂടുതലും ആശ്രയിക്കുന്ന ഒരു മേഖലയായി സഹകരണ മേഖല വളർന്നിരിക്കുന്നു. അതുകൊണ്ട് സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിന് കർമ്മപരിപാടികൾ ആവിഷ്കരിക്കണം. യുവസംരംഭകർക്കും സേവനദാതാക്കൾക്കുംവേണ്ടി വിവിധ പദ്ധതികൾ കൊണ്ടുവരണമെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. എല്ലാ കാര്യങ്ങളും അക്കമിട്ട് എടുത്തു പറയാനുള്ള സമയക്കുറവുമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഒരിക്കൽക്കൂടി ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് നിർത്തുന്നു.

## അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ....ഓർഡർ.... 2021 ജൂൺ 3-ാം തീയതി സഭ മുമ്പാകെ വരുന്ന 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ വകുപ്പു കളിന്മേൽ ഭേദഗതികൾ നൽകുന്നതിന് നിശ്ചയിച്ചിരുന്ന സമയം ഇന്ന് ഉച്ചയ്ക്ക് ശേഷം മൂന്ന് മണി എന്നത് ബഹുമാനപ്പെട്ട അംഗങ്ങളുടെ ആവശ്യപ്രകാരം ഇന്ന് ഉച്ചയ്ക്കുശേഷം അഞ്ച് മണിയായി മാറ്റി നിശ്ചയിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

## ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട ഗവർണർ ഈ സഭയിൽ പ്രഖ്യാപിച്ച നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തി ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തിന് ഞാൻ സമ്പൂർണ്ണമായ പിന്തുണ

രേഖപ്പെടുത്തുകയാണ്. ഈ നിയമസഭ ഒരു ചരിത്ര വിജയത്തിന്റെ സാക്ഷ്യമാണ്. തുടർഭരണമെന്ന ഏറ്റവും മഹിതോജ്ജ്വലമായ വിജയം കേരളത്തിൽ നേടിയെടുത്തു കൊണ്ടാണ് കേരളത്തിന്റെ ശക്തി ചൈതന്യമായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയിക്കുന്ന രണ്ടാം സർക്കാർ അധികാരത്തിൽ വന്നത്. ആദ്യഘട്ടത്തിൽ അധികാരത്തിൽ വന്നപ്പോൾ ഓഖി, നിപ, പ്രളയം കോവിഡ്-19 എന്നീ ദുരന്തങ്ങളുടെ ധാരാളം വെല്ലുവിളികൾ നേരിട്ടുകൊണ്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോയത്. ഈ ദുരന്തങ്ങളെല്ലാമുണ്ടായപ്പോഴും കേരളത്തിൽ പ്രയാസങ്ങളും വേദനകളും അനുഭവിക്കുന്ന ജനങ്ങൾക്ക് രക്ഷകനായി മുഖ്യമന്ത്രി മാറി. ആ സുരക്ഷാബോധം ജനങ്ങൾക്ക് ഉണ്ടായതിന്റെ പ്രതിസ്പന്ദമാണ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായ മഹിതമായ വിജയമെന്ന് ഞാൻ കരുതുന്നു. വെല്ലുവിളികൾ നേരിടാൻ കാണിച്ച ആത്മധൈര്യം, ലക്ഷ്യബോധം, അചഞ്ചലമായ ആത്മവിശ്വാസം, ഇച്ഛാശക്തി ഇതെല്ലാം മുഖ്യമന്ത്രി പ്രകടിപ്പിച്ചതു കൊണ്ടുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പിന്തുണ നൽകാൻ ജനങ്ങൾ സന്നദ്ധരായത്. വാഗ്ദാനങ്ങൾ അലമാരയിൽ സൂക്ഷിക്കേണ്ടതല്ല, നടപ്പിലാക്കാനുള്ളതാണെന്ന് ഈ കഴിഞ്ഞ ഭരണകാലത്ത് തെളിയിക്കുകയും ചെയ്തു. അതുപോലെതന്നെ ജനജീവിതവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ നേരിൽ കാണാനും മനസ്സിലാക്കാനും പരിഹാരം കാണാനും എൽ.ഡി.എഫ്. ഭരണത്തിന് കഴിഞ്ഞു. കഴിഞ്ഞകാല അനുഭവങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുന്ന ജനങ്ങൾക്ക് എൽ.ഡി.എഫ്.-നെ വിശ്വസിക്കാനും 99 അംഗബലം നൽകാനും മറ്റൊന്നും ചിന്തിക്കേണ്ടി വന്നില്ല. അതുകൊണ്ടുതന്നെയാണ് ജനങ്ങളുടെ പിന്തുണ ലഭിച്ചത്. കോവിഡ് മഹാമാരി ഇപ്പോഴും ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തെ കീഴടക്കാൻ ആഗ്രഹിക്കുന്ന അമേരിക്കൻ സാമ്രാജ്യംപോലും കോവിഡ് 19-നുമുന്നിൽ വിറങ്ങലിച്ച് നിൽക്കുകയുണ്ടായി. ഇന്ത്യയിലെ സാഹചര്യം നമുക്കറിയാം. എന്നാൽ കേരളത്തിൽ കോവിഡ് മഹാമാരിക്കെതിരെയുള്ള പോരാട്ടം അതി ശക്തമായി മുന്നോട്ടുകൊണ്ടുപോയി. അതുകൊണ്ടുതന്നെയാണ് ഇന്ത്യയ്ക്കകത്തും പുറത്തും കേരളം പ്രകീർത്തിക്കപ്പെട്ടത്. ഇനിയും അത് തുടരേണ്ടതായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് തെറ്റായ ജനവിരുദ്ധ നയങ്ങൾ കൊണ്ടും പക്ഷപാതപരമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടും രാഷ്ട്രീയ പ്രേരിതമായി സംസ്ഥാനങ്ങളെ കാണാൻ ശ്രമിക്കുന്നത് ആപൽക്കരമാണ്. കോവിഡിന്റെ ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ചകൾ നടക്കുന്നു. കോവിഡ് വാക്സിൻ കേരളത്തിന് നൽകുന്നതിന് കാണിക്കുന്ന വൈമനസ്യം എല്ലാവർക്കും അറിയാം. അതിനോടനുബന്ധമായി ഭരണഘടനാമൂല്യങ്ങൾ വലിച്ചെറിഞ്ഞുകൊണ്ട് ഫെഡറൽ സമ്പ്രദായത്തിനെതിരായ പരസ്യമായ വെല്ലുവിളി നടത്തുന്നത് ഭരണ ഘടനാപരമായ ചുമതല നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥമായ കേന്ദ്ര ഗവൺമെന്റാണ്. ഇന്നലെ നിയമസഭ ഏകകണ്ഠമായി, പ്രതിപക്ഷ-ഭരണകക്ഷി ഭേദമില്ലാതെ

ലക്ഷദ്വീപിനോടുള്ള അചഞ്ചലമായ ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ പ്രമേയം പാസ്സാക്കി. ലക്ഷദ്വീപിലെ ജനങ്ങളെ അടിച്ചമർത്തുന്ന നിലപാടുകളിൽ ശക്തമായ പ്രതിഷേ ധമുണ്ടായിട്ടും കേന്ദ്ര സർക്കാർ വേണ്ട ശ്രദ്ധ നൽകിയില്ല. ഈ നിലയിലുള്ള നിഷേധാത്മകമായ നടപടികളുണ്ടാകുമ്പോൾ എവിടെയാണ് രാജ്യത്തിന്റെ രക്ഷ? ദേശീയതലത്തിൽ കാണുന്ന ഭരണകൂട ഭീകരതയ്ക്കെതിരായി ജനാധിപത്യവും സ്വാതന്ത്ര്യവും മതേതരത്വവും സംരക്ഷിക്കാൻ എന്താണ് ദേശീയ ബദൽ മാർഗ്ഗമെന്ന ചോദ്യത്തിനുള്ള യഥാർത്ഥമായ ഉത്തരമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വിജയവും അതിന് അതിനായകനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും. ആ ചരിത്രപരമായ ദൗത്യമാണ് കേരളത്തിലെ ജനങ്ങൾ ഉയർത്തിയത്.

12.00 Noon]

ഇവിടെ വികസന പ്രവർത്തനങ്ങൾക്ക് ഒരു പുതിയ സംസ്കാരം ആരംഭിക്കാൻ എൽ.ഡി.എഫ്. ഭരണകൂടത്തിന് കഴിഞ്ഞിട്ടുണ്ട്. ആ വികസന പ്രവർത്തനങ്ങൾക്ക് ജാതിയില്ല, മതമില്ല, രാഷ്ട്രീയമില്ല എന്നുപറയാൻ മുഖ്യമന്ത്രിക്ക് പ്രയാസമുണ്ടായിട്ടില്ല. അത്തരം മുന്നേറ്റങ്ങൾ തുടരേണ്ടത് ആവശ്യമാണ്. കാർഷിക മേഖലയിൽ ധാരാളം സമഗ്രമായ മാറ്റങ്ങൾ, തൊഴിൽരഹിതരായ 20 ലക്ഷം പേർക്ക് തൊഴിൽ, ബി.പി.എൽ. കുടുംബങ്ങൾക്ക് ആശ്വാസം എത്തിക്കുന്ന പരിപാടികൾ, ക്ഷേമപദ്ധതികൾ, വില്ലേജ് ഓഫീസ് നവീകരണം തുടങ്ങിയ നിരവധി പദ്ധതികൾ എടുത്തുപറയേണ്ടതാണ്.

ഇന്ന് സ്കൂൾ പ്രവേശനോത്സവത്തിന്റെ ദിവസംകൂടിയാണ്. സംസ്ഥാനതലത്തിലുള്ള പരിപാടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്ക് കൃത്യസമയത്ത് പാഠപുസ്തകങ്ങൾ, കൈത്തറി യൂണിഫോം എന്നിവയെല്ലാം നൽകുകയാണ്. അങ്ങനെ വിദ്യാഭ്യാസം പോലെയുള്ള സുപ്രധാനമായ മേഖലകളിൽ നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സംസ്ഥാനത്തിന് പുതിയ രൂപവും ഭാവവും നൽകുന്ന പ്രവർത്തനങ്ങൾക്കാണ് ഇവിടെ സാക്ഷ്യം വഹിക്കാൻ കഴിഞ്ഞത്. അതിന്റെ തുടർച്ചയെന്ന നിലയ്ക്കാണ് ജനങ്ങൾ നിർലോഭമായ പിന്തുണ സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നൽകിയത്. അതിന്റെ ഫലമായാണ് തുടർഭരണം സാക്ഷാത്കരിക്കാൻ സാധിച്ചത്. ആ തുടർഭരണത്തിന് നൽകിയിട്ടുള്ള അംഗീകാരത്തിന്റെ കരുത്തും ശക്തിയും ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുമ്പോൾ അത് ഇന്ത്യയ്ക്കുതന്നെ മാതൃകയായി മാറാനും ദേശീയ ബദലിലേയ്ക്ക് വെളിച്ചം വീശാനും സശ്രദ്ധം ശ്രവിക്കാനും സാധിക്കും. ഒരു രാഷ്ട്രീയ വിളംബരമാണ് കേരളത്തിലെ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായത് എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തിന് ഒരിക്കൽക്കൂടി എന്റെ പൂർണ്ണമായ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, കേരള രാഷ്ട്രീയ ചരിത്രത്തിന്റെ വഴിത്തിരിവാകുന്ന പതിനഞ്ചാം കേരള നിയമസഭയിൽ ആദരണീയനായ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച പ്രമേയത്തെ അഭിമാനത്തോടെ, ആവേശത്തോടെ ഞാൻ പിന്തുണയ്ക്കുകയാണ്. ജ്ഞാനവൃദ്ധനായ ഡയോജിനിസിനോട് നൂറാമത്തെ വയസ്സിലും എന്തുകൊണ്ടാണ് സന്തുഷ്ടനായിരിക്കാൻ കഴിയുന്നതെന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാർ ചോദിച്ചു. അദ്ദേഹം പറഞ്ഞു, "എല്ലാ പ്രഭാതത്തിലും എനിക്ക് തെരഞ്ഞെടുക്കാൻ രണ്ട് വഴികളേയുള്ളൂ. ഒന്ന്, സന്താപത്തിന്റെയും നിരാശയുടെയും വഴി. മറ്റൊന്ന്, സന്തുഷ്ടിയുടെ വഴി. ഞാൻ തെരഞ്ഞെടുക്കുന്നത് സന്തുഷ്ടിയുടെ വഴിയാണ്" എന്നാണ്. 2021 ഏപ്രിൽ മാസം 6-ാം തീയതി കേരളത്തിലെ മൂന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷം വരുന്ന മലയാളികൾ ചിന്തിച്ചതും അങ്ങനെ തന്നെയാണ്. ഞങ്ങൾക്ക് തെരഞ്ഞെടുക്കാനുള്ളത് സന്തോഷത്തിന്റെ, സന്തുഷ്ടിയുടെ, പ്രതീക്ഷയുടെ, പ്രത്യാശയുടെ വഴിയാണ് എന്നാണ് ചിന്തിച്ചത്.

നാളത്തെ ഇന്ത്യ എന്തായിരിക്കണം എന്ന ചോദ്യത്തിന്റെ ഉത്തരം കൂടിയാണ് പതിനഞ്ചാം കേരള നിയമസഭ. ഇന്ത്യാ രാജ്യം ചരിത്രത്തിലെ ഏറ്റവും ഭീഷണമായ നാളുകളിലൂടെ കടന്നുപോയെന്ന് നമുക്കറിയാം. ഫാസിസം അർബുദമായി ഇന്ത്യയുടെ രാഷ്ട്രശരീരത്തെ കീഴ്പ്പെടുത്തുന്ന ഘട്ടത്തിൽ ധീരതയുടെ ശബ്ദമായി മാറിയത് ഈ നിയമസഭയാണ്, നമ്മുടെ രാഷ്ട്രീയ നേതൃത്വമാണ്. പൗരത്വനിയമം പ്രഖ്യാപിക്കപ്പെട്ടപ്പോൾ, കർഷക ബിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ, ലക്ഷദ്വീപിൽ കടന്നാക്രമണത്തിന് കളമൊരുക്കപ്പെടുന്ന സാഹചര്യമുയർന്നപ്പോൾ പ്രതിഷേധിച്ചത് ഈ സഭയാണ്. നമ്മുടെ രാഷ്ട്രീയ നേതൃത്വമാണ്. നോട്ടുനിരോധനം ഒരു ദിവസം രാത്രി 8 മണിക്ക് പ്രഖ്യാപിക്കപ്പെട്ടപ്പോൾ അതിനെതിരായി കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തെരുവിലേയ്ക്ക് പ്രക്ഷോഭവുമായി ഇറങ്ങിത്തിരിച്ച് ഇന്ത്യാ രാജ്യത്തിന് മാതൃകയായത് കേരളമാണ്. കേരളം ഫാസിസത്തിന്റെ വളക്കൂറുള്ള മണ്ണാവുകയില്ലെന്ന് തെളിയിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിലാണ് കേരളത്തിന്റെ കരുത്തനായ നായകൻ, കേരളത്തിന്റെ മുഖ്യമന്ത്രി ഫാസിസത്തിന്റെ അക്കൗണ്ട് ഞങ്ങൾ പൂട്ടിക്കുമെന്ന് പ്രഖ്യാപിച്ചത്. ഇന്ന് ഈ സഭയിൽ കേരളത്തിന്റെ ആദരണീയനായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയായി സഖാവ് വി. ശിവൻകുട്ടി ഇരിക്കുമ്പോൾ, ഞങ്ങൾ അഭിമാനത്തോടെ പറയുന്നു ബി.ജെ.പി.-യ്ക്ക്, ഫാസിസത്തിന് അക്കൗണ്ടില്ലാത്ത നാടായി കേരളത്തെ മാറ്റിയത് ഇടതുപക്ഷമാണ്.

ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമാകുമെന്ന് ഇവിടെ പറയുന്നതുകേട്ടു. ഇന്നലെ രാത്രി മുഴുവൻ എല്ലാ നിഘണ്ടുവിലും ക്രിയാത്മകമെന്ന വാക്കിന്റെ അർത്ഥം ഞാൻ തിരയുകയായിരുന്നു. ലക്ഷദ്വീപ് പ്രശ്നം അവതരിപ്പിക്കപ്പെടുമ്പോൾപോലും ഈ നാട്

ഒറ്റക്കെട്ടായി ഒരേമനസ്സോടെ ആ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന പശ്ചാത്തലത്തിൽപ്പോലും ചൈനയിലേയ്ക്കും ടിബറ്റിലേയ്ക്കും നുഴഞ്ഞുകയറുന്ന മനസ്സുമായി പ്രതിപക്ഷാംഗങ്ങൾ പെരുമാറുന്നത് കാണുമ്പോൾ ക്രിയാത്മകമെന്ന വാക്ക് ഇനിയുള്ള അഞ്ച് വർഷവും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്ന ഒരു വാക്കായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്തുകൊണ്ട് തങ്ങൾ പരാജയപ്പെട്ടു, ജനങ്ങളാൽ ശിക്ഷിക്കപ്പെട്ടുവെന്ന് മനസ്സിലാക്കാനുള്ള വിവേകം കേരളത്തിലെ പ്രതിപക്ഷത്തിനുണ്ടാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ ദിവസവും വൈകുന്നേരം പത്രസമ്മേളനം നടത്തിയതുകൊണ്ടും ഭക്ഷ്യക്കിറ്റ് കൊടുത്തതുകൊണ്ടുമാണ് നിങ്ങൾ പരാജയപ്പെട്ടതെന്നാണ് കരുതുന്നത്. യഥാർത്ഥത്തിൽ നിങ്ങളുടെ രാഷ്ട്രീയ നിലപാടും നയങ്ങളും കാരണമാണ് പരാജയപ്പെട്ടതെന്ന് തിരിച്ചറിയണം. പ്രതിപക്ഷത്തോടുള്ള സ്നേഹം കൊണ്ടല്ല, അടുത്തൊരു അരനൂറ്റാണ്ട് കാലമെങ്കിലും കോൺഗ്രസ് നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി തുടർ പ്രതിപക്ഷമായി ഉണ്ടാക ണമെന്ന ആഗ്രഹംകൊണ്ടാണ് ഞങ്ങളത് പറയുന്നത്.

ഏതോ പത്രവാർത്തയുടെ അല്ലെങ്കിൽ ഏതോ ഒരു അന്വേഷണ ഏജൻസിക്ക് മുന്നിൽ ആരോ പറഞ്ഞതെന്ന പേരിൽ ഏതൊക്കെയോ പേര് പറഞ്ഞുകൊണ്ട് വളരെ സീനിയറായ പേരാവൂർ അംഗം നിലവാരമില്ലാത്ത തരത്തിലാണ് ഇവിടെ സംസാരിച്ചത്. ഞങ്ങളൊന്ന് തീരുമാനിച്ചാൽ, ഞങ്ങളൊന്ന് തീരുമാനിച്ചിറങ്ങി ത്തിരിച്ചാൽ അപ്പുറത്തിരിക്കുന്ന ഒരാൾക്കും ഈ സഭയിൽ മുഖമുയർത്തി ഇരിക്കാ നാകില്ലെന്നത് നിങ്ങൾ തിരിച്ചറിയണം. ബഹുമാന്യനായ മുഖ്യമന്ത്രി ഞങ്ങളോട് പറയുന്നത് ക്രിയാത്മകമായി പ്രവർത്തിക്കണം, ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങിച്ചെല്ലണം, ജനങ്ങളെ അണിനിരത്തണം, ജനങ്ങളെ ഇടതുപക്ഷത്തോടൊപ്പം ചേർത്തു നിർത്തണം എന്നാണ്. കഴിഞ്ഞ അഞ്ച് വർഷവും ഈ ഗവൺമെന്റ് ചെയ്തത് അതാണ്. ഈ നിയമസഭയിലേയ്ക്ക് ഞാൻ ആദ്യമായി കടന്നുവന്നത് 849 എന്ന നേരിയ ഭൂരിപക്ഷത്തിൽ ഐക്യജനാധിപത്യ മുന്നണിയുടെ കോട്ടയായ ഒരു മണ്ഡലത്തിൽ നിന്നാണ്. ഇത്തവണ ഞാൻ സഭയിലേക്ക് വരുന്നത് 23231 എന്ന മാന്ത്രിക സംഖ്യയുടെ പിൻബലത്തിലാണ്. എന്തുകൊണ്ടാണത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ കാഴ്ചവച്ച എല്ലാ പ്രവർത്തനങ്ങളുടെയും പ്രതിബിംബമായി ഒരു മണ്ഡലം മാറിയെന്നുള്ളതുകൊണ്ടാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങളുണ്ടാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് തുടക്കംകുറിച്ചത് എന്റെ മണ്ഡലമായ മലയിൻകീഴിലെ ആനപ്പാറയിലെ പെൺപള്ളിക്കൂടത്തിൽ നിന്നായിരുന്നു. ആ പെൺപള്ളിക്കൂടത്തിലെ അങ്കണത്തിലെ കൽവിളക്കിൽ കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി തിരിതെളിച്ചപ്പോൾ ഞങ്ങൾക്ക് സന്ദേഹമുണ്ടായിരുന്നു. എന്നാൽ ഇന്ന് ഭരണ-പ്രതിപക്ഷ വ്യത്യാസ

മില്ലാതെ 140 മണ്ഡലങ്ങളിലും അന്താരാഷ്ട്ര നിലവാരമുള്ള ഒരു പള്ളിക്കൂടമുണ്ടായില്ലേ. കിഫ്ബിയെ ഇവിടെ പലരും എതിർത്തു. എന്നാൽ ആ പള്ളിക്കൂടങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ, ശിലാസ്ഥാപന ചടങ്ങിൽ പ്രതിപക്ഷ എം.എൽ.എ.-മാർ കിഫ്ബിയെയും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെയും പാടിപ്പുകഴ്ത്തി. ക്ഷേമപെൻഷൻ 1000 രൂപയായി വർദ്ധിപ്പിച്ച് വീടുകളിലെത്തിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചത് എന്റെ മണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിലെ പിറയിൽ ഗ്രാമത്തിലാണ്. അന്ന് പിടയ്ക്കുന്ന അഞ്ഞൂറിന്റെ നോട്ടുകൾ കയ്യിൽ പിടിച്ചുകൊണ്ട് ആ അപ്പൂപ്പനും അമ്മൂമ്മയും ചിരിച്ച ചിരിയും അവരുടെ മനസ്സിന്റെ തെളിച്ചവുമാണ് ഇടതുപക്ഷ തുടർഭരണത്തിന് കാരണമായത്. ഐക്യരാഷ്ട്ര സഭയുടെ ലോക പുനർനിർമ്മാണ സെഷൻ ജനീവയിൽ ചേർന്നപ്പോൾ ഡച്ച് ഡിസാസ്റ്റർ ഡിഡക്ഷൻ ടീം ലീഡറും ലോകപ്രശസ്ത ശാസ്ത്രജ്ഞനുമായ Dr. Paul Van Meel ഒരു പ്രബന്ധം അവതരിപ്പിച്ചു. ആ പ്രബന്ധത്തിൽ, ലോകത്തെ ഏറ്റവും മികച്ച ജലസംരക്ഷണ മാതൃക കേരളത്തിന്റെ തലസ്ഥാന നഗരത്തോട് ചേർന്നുകിടക്കുന്ന കാട്ടാക്കട എന്ന മണ്ഡലത്തിലാണെന്ന് അദ്ദേഹം പറഞ്ഞു. അത് കാട്ടാക്കടക്കാരുടെ മികവല്ല, ഹരിത കേരളമെന്ന പദ്ധതിയിലൂടെ പരിസ്ഥിതിയെ സ്നേഹിക്കാനും പ്രകൃതിയെ സംരക്ഷിക്കാനും ഒരു ഗവൺമെന്റെടുത്ത തീരുമാനത്തിന്റെ പ്രതിഫലനമായിരുന്നു. എന്റെ മണ്ഡലത്തിന് തൊട്ടടുത്താണ് അരുവിക്കര മണ്ഡലം. പ്രസ്തുത മണ്ഡലത്തെ പതിനാലാം കേരള നിയമസഭയിൽ പ്രതിനിധാനം ചെയ്തിരുന്ന എന്റെ പ്രിയപ്പെട്ട സുഹൃത്ത് ഇന്ന് ഇവിടെയില്ല. ഈ ഗവൺമെന്റിനെ നഖശിഖാന്തം എതിർത്തുകൊണ്ട് നുണ പ്രചരണങ്ങൾക്കുവേണ്ടി നിയോഗിക്കപ്പെട്ട ആ സുഹൃത്തിന്റെ മണ്ഡലത്തിലാണ് ഏഷ്യയിലെ ഏറ്റവും വലിയ ആന വളർത്തൽ കേന്ദ്രം കിഫ്ബി പദ്ധതിയിലൂടെ അനുവദിക്കപ്പെട്ടത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തെ ഒരു യൂണിറ്റായി കണ്ടുകൊണ്ടാണ് വികസന പദ്ധതികൾക്ക് സർക്കാർ നേതൃത്വം നൽകിയത്. ചുരുക്കിപ്പറഞ്ഞാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രവർത്തിക്കുന്നത് ഒരു പ്രത്യയശാസ്ത്രത്തിലൂടെയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. ഐ. ബി. സതീഷ്: ഈ തെരഞ്ഞെടുപ്പ് കാലത്ത് എന്റെ മണ്ഡലത്തിന്റെ പേര് പേറുന്ന കവി എഴുതിയിട്ടുണ്ട്.

"മനുഷ്യനാകണം മനുഷ്യനാകണം

പുല്ലിനും പുഴുവിനും ചരാചരങ്ങളേയും തുല്യമെന്ന

നേരതിന്റെ പേരതാണ് മാർക്സിസം" .

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സഭയിലില്ലാത്ത, ഒരു സഹപ്രവർത്തകനായി കഴിഞ്ഞ അഞ്ച് വർഷമിരുന്ന ഒരാളെപ്പെറ്റി വളരെ മോശമായ രീതിയിൽ പറയുന്നത് ശരിയല്ല. സംസ്ഥാന സർക്കാരിന്റെ ജല നയത്തെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട അംഗം തൊട്ടടുത്ത നിയോജകമണ്ഡലത്തിലെ, മുമ്പ് സഭയിലുണ്ടായിരുന്ന ഒരംഗത്തെക്കുറിച്ച് വളരെ മോശമായി ഇവിടെ പറയുകയുണ്ടായി. അത് സഭാരേഖയിൽ ഉണ്ടാകരുത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അദ്ദേഹം മോശമായി ഒന്നും പറഞ്ഞില്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിലാണ് ഏഷ്യയിലെ ഏറ്റവും വലിയ ആന വളർത്തൽ കേന്ദ്രം കിഫ്ബി പദ്ധതിയിലൂടെ അനുവദിക്കപ്പെട്ടതെന്ന് മാത്രമേ പറഞ്ഞുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: അതെ. അതിൽ പോയിന്റില്ല. ശ്രീ. ഐ. ബി. സതീഷിന് തുടരാം. സമയം കഴിയാറായി.

ശ്രീ. ഐ. ബി. സതീഷ്: സർ, ഇനിയും നിരന്തരമായി ജനങ്ങളുടെ ശിക്ഷ ഏറ്റുവാങ്ങാൻ ഞങ്ങൾ തയ്യാറാണെന്ന പ്രഖ്യാപനമാണ് പ്രതിപക്ഷ ബെഞ്ചുകളിൽ നിന്ന് പ്രകടമാകുന്ന ഈ അസഹിഷ്ണുത ബോദ്ധ്യപ്പെടുത്തുന്നത്. ഞങ്ങൾക്കെല്ലാം ഒരു സങ്കടവും നിരാശയുമുണ്ട്. സഖാവ് എം. സ്വരാജ് ഈ നിയമസഭയിലില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ സഖാവ് എം. സ്വരാജിന്റെ വാക്കുകൾ, പ്രസംഗങ്ങൾ ചരിത്രരേഖയായി ഇവിടെയുണ്ട്. ഇന്ത്യയിൽ ഫാസിസത്തിനെതിരായ പോരാട്ടത്തിന്റെ വജ്രസൂചി മുനയുള്ള കൃത്യതയായിരുന്നു സഖാവ് എം. സ്വരാജിന്റെ വാക്കുകൾ. കേരളത്തിലെ കോൺഗ്രസ്സ് രാഷ്ട്രീയം എത്തപ്പെട്ടിരിക്കുന്ന ജീർണ്ണത എത്രമാത്രം പരിഹാസ്യമാണെന്ന് ചൂണ്ടിക്കാണിക്കുന്നതായിരുന്നു സഖാവ് എം. സ്വരാജിന്റെ വാക്കുകൾ. അതുകൊണ്ട് സഖാവ് എം. സ്വരാജ് തോൽക്കണമെന്ന് വലതുപക്ഷ രാഷ്ട്രീയം തീരുമാനിച്ചു. ബി.ജെ.പി.-യും കോൺഗ്രസ്സും തീരുമാനിച്ചു. അതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. എന്നാലും ഇടതുപക്ഷം മുന്നോട്ട് വയ്ക്കുന്ന ആശയത്തെ കേരളത്തിലെ ജനത ഏറ്റുവാങ്ങുക തന്നെ ചെയ്യും. 'ഉയർച്ച താഴ്ചകൾക്കതീതമായ സ്നേഹമേ നിനക്ക് പേരിടുന്നതാണ് മാർക്സിസം' എന്ന് എന്റെ നാട്ടിലെ കവി ശ്രീ. മുരുകൻ കാട്ടാക്കട പറഞ്ഞത് ഈ നാട്ടിലെ മുഴുവൻ മലയാളികളുടെയും വികാരമായി മാറുകതന്നെ ചെയ്യും. അതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ പിൻതുണയ്ക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തിന് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തിനോട് എന്റെ എതിർപ്പ് രേഖപ്പെടുത്തുന്നു. കോഴിക്കോട് ജില്ലയിലെ വളരെ പ്രധാനപ്പെട്ടതും

വിദേശ വ്യാപാര ബന്ധങ്ങളും ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ചരിത്രത്തിലിടമുള്ളതുമായ പ്രദേശമാണ് വടകര. ഐതിഹാസികമായ സമരപോരാട്ടങ്ങളുടെ ഭൂമിയായ വടകരയെ പ്രതിനിധീകരിച്ച് നിയമസഭയിൽ അംഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനവും ആഹ്ലാദവും രേഖപ്പെടുത്തുന്നു. കോഴിക്കോട് ജില്ലയിലെ തന്ത്രപ്രധാനമായ കേന്ദ്രമാണ് വടകര. എന്നാൽ പൗരാണിക ചരിത്ര പ്രാധാന്യത്തിനനുസരിച്ചുള്ള പുരോഗതിയും വികസനവും ഇനിയും കൈവരിക്കാൻ വടകരയ്ക്ക് സാധിച്ചിട്ടില്ല. അതിനുള്ള വലിയ പരിഗണന ഈ സഭയിൽനിന്ന് അഭ്യർത്ഥിക്കുകയാണ്. കിലോമീറ്ററുകളോളമുള്ള വടകരയുടെ തീരദേശ ജനതയ്ക്ക് കടലാക്രമണ ഭീഷണിയിൽനിന്ന് സുരക്ഷിതമായ ജീവിതം ഉറപ്പുവരുത്താൻ ഇനിയും സാധിച്ചിട്ടില്ല. വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഗതാഗത സൗകര്യം തുടങ്ങിയ സർവ്വ മേഖലകളിലും വടകരയുടെ പുരോഗതി ഉറപ്പുവരുത്താൻ ഈ സഭയുടെയും സർക്കാരിന്റെയും സർവ്വാത്മനാ പിന്തുണ അഭ്യർത്ഥിക്കുകയാണ്. ഒരു നിയമസഭാംഗമെന്ന നിലയിൽ ഏറെ ആഹ്ലാദകരമായ അനുഭവമാണ് ലക്ഷദ്വീപിന്റെ സ്വസ്ഥവും സമാധാനപൂർണ്ണവുമായ ജീവിതത്തിനും ജനാധിപത്യ അവകാശങ്ങൾക്കുംവേണ്ടി ഐക്യകണ്ഠേന സഭ അവതരിപ്പിച്ച പ്രമേയം. നമ്മുടെ സംസ്ഥാനത്തും നിർഭയവും ജനാധിപത്യപരവുമായ പൊതുജീവിതം ഉറപ്പാക്കണം. വ്യത്യസ്ത അഭിപ്രായങ്ങൾ സഹിഷ്ണുതയോടെ കാണുന്നതിനുള്ള ഉത്തരവാദിത്വം നമുക്ക് ഓരോരുത്തർക്കുമുണ്ട്. അപ്പോൾ മാത്രമേ നമ്മുടെ ഇത്തരം ഇടപെടലുകൾ ആത്മാർത്ഥവും അർത്ഥപൂർണ്ണവുമായി ചരിത്രം രേഖപ്പെടുത്തുകയുള്ളൂ. പുതിയ സർക്കാരിന്റെ നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ ആ നയപ്രഖ്യാപനം ഒട്ടും പുതിയതല്ലെന്ന് നിരാശാപൂർവ്വം പറയേണ്ടിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയാണ് ഈ സർക്കാർ എന്ന് അവകാശപ്പെടുന്ന ഭരണപക്ഷം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതിപക്ഷവും കേരളത്തിലെ വിവിധ ജനകീയ സമര പ്രസ്ഥാനങ്ങളുമൊക്കെ മുന്നോട്ടുവച്ച, കൃത്യമായി ചൂണ്ടിക്കാട്ടിയ നിരവധി വിമർശനങ്ങളുണ്ട്, അതിൽ പുതിയ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. കേരളത്തിലെ ആഭ്യന്തര വകുപ്പിന്റെ നയം പരിശോധിച്ചാൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന ലോക്കപ്പ് കൊലപാതകങ്ങൾ, വ്യാജ ഏറ്റുമുട്ടലുകൾ, പിഞ്ചുകുഞ്ഞുങ്ങളുടെ പീഡനകേസുകൾപോലും അട്ടിമറിക്കപ്പെട്ടത്, ചെറുപ്പക്കാരുടെമേൽ യു.എ.പി.എ. ചുമത്തിയത് എന്നീ അപമാനകരമായ അനുഭവങ്ങളുടെ ഒരു ഘോഷയാത്രയായിരുന്നു. പുതിയ നയപ്രഖ്യാപനത്തിൽ പോലീസിന്റെ നയം ഇതിൽനിന്നും വ്യത്യസ്തമാണെന്ന് പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടില്ല. തീർച്ചയായും ആ നയത്തോടുള്ള നിശിതമായ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഈ സർക്കാരിന്റെ വികസന നയം എന്താണ്? ആളുകളെ പുറന്തള്ളുകയും ഇരകളെ സൃഷ്ടിക്കുകയും ചെയ്യുന്ന നവലിബറൽ മൂലധന വികസനത്തിന്റെ വിശ്വസ്തരായ നടത്തിപ്പുകാരാണ് തങ്ങളെന്ന് ഈ സർക്കാർ നിർലജ്ജം പറഞ്ഞുകൊണ്ടിരിക്കു

കയാണ്. കെ-റെയിൽ പദ്ധതി തികച്ചും ജനവിരുദ്ധവും മൂലധനാധിഷ്ഠിതവുമാണ്. ആയിരക്കണക്കിന് മനുഷ്യരെ കിടപ്പാടങ്ങളിൽനിന്നും ആവാസവ്യവസ്ഥകളിൽ നിന്നും പുറംതള്ളി കേരളത്തിന്റെ തെക്കുവടക്കായി നിർമ്മിക്കാൻ പോകുന്ന അതിവേഗ റെയിൽ പദ്ധതിയാണത്. ഈ പദ്ധതി കേരളത്തിന്റെ അവശേഷിക്കുന്ന പ്രകൃതി സമ്പത്തുക്കളെപ്പോലും നശിപ്പിക്കുമെന്നും സാമ്പത്തിക ഭദ്രതയ്ക്ക് കോട്ടം വരുത്തുമെന്നും പൊതുഖജനാവിന് കോടിക്കണക്കിന് രൂപയുടെ ബാദ്ധ്യത വരുത്തുമെന്നും ആർ.വി.ജി. മേനോൻ ഉൾപ്പെടെയുള്ള ഇടതുപക്ഷ സഹയാത്രികർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 65000 കോടി രൂപ ചെലവഴിച്ചുകൊണ്ടും 1082 ഹെക്ടർ ഭൂമി ഏറ്റെടുത്തുകൊണ്ടുമാണ് കെ-റെയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇരുപതിനായിരത്തിലധികം കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുന്ന ഈ പദ്ധതി ആർക്കുവേണ്ടിയാണ്? കാസർഗോഡുനിന്ന് തിരുവനന്തപുരത്തേയ്ക്ക് നാല് മണിക്കൂർകൊണ്ട് എത്താൻ ആരാണ് താൽപ്പര്യം കാണിക്കുന്നത്? അങ്ങനെയുള്ളവർക്ക് വേണ്ടിയാണോ പാവങ്ങളെ കുടിയൊഴിപ്പിച്ചുകൊണ്ടുള്ള ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. അതുപോലെ ഇവിടത്തെ വികസനത്തിനെല്ലാം ഒരു മാന്ത്രിക കുടംപോലെ സർക്കാർ അവതരിപ്പിക്കുന്നത് കിഫ്ബിയെയാണ്. സർക്കാരിന്റെ വരുമാന സ്രോതസ് കണ്ടെത്തിയെന്ന മേനിപറച്ചിലിനായാണ് കേരളത്തെ വൻ കടക്കെണിയിലേയ്ക്ക് തള്ളുന്ന കിഫ്ബിയെ കഴിഞ്ഞ സർക്കാരും ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ സർക്കാരും അവതരിപ്പിച്ചിരിക്കുന്നത്. എത്രയോ വർഷങ്ങളായി കേരളത്തിന്റെ നികുതി വരുമാനമടക്കം ആഗോള ധനകാര്യ ശക്തികൾക്ക് വൻ പലിശയ്ക്ക് പണയപ്പെടുത്തിയ വായ്പാകെണിയാണ് കിഫ്ബിയെന്നും ഇതൊരു പുതിയ വരുമാന സ്രോതസ്സല്ലായെന്നും തുറന്നുപറയാൻ തയ്യാറാകാത്ത ഈ നയപ്രഖ്യാപനം തീർച്ചയായും വഞ്ചനാകരമാണ്. ശ്രീമതി ഗീതാ ഗോപിനാഥിനെപ്പോലെയുള്ള വേൾഡ് ബാങ്ക് സാമ്പത്തിക വിദഗ്ദ്ധരെ ഉപദേശികളാക്കുന്നവരെയും ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണിയടിക്കുന്ന വരെയുമൊക്കെ എങ്ങനെയാണ് ഇടതുപക്ഷ സർക്കാർ എന്ന് വിശേഷിപ്പിക്കാൻ കഴിയുക? ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭൂരിഭാഗസമയവും കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിനായാണ് ചെലവഴിച്ചത്. പതിറ്റാണ്ടുകളായി വിവിധ സർക്കാരുകളുടെ ഇടപെടലിന്റെ ഭാഗമായി ആരോഗ്യ മേഖലയിൽ നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ ആ യാഥാർത്ഥ്യം നിലനിൽക്കുമ്പോൾത്തന്നെ രണ്ടാംഘട്ട വ്യാപനം ഭയാനകമാണ്. കേരളത്തെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന കോവിഡ് വ്യാപനത്തിലും മരണനിരക്കിലും ഒന്നാം സ്ഥാനത്തേയ്ക്ക് എത്തുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ കോവിഡ് മരണ സംഖ്യയിൽ കാണുന്ന അവ്യക്തതയും കണക്കുകൾ കുറച്ചുകാണിച്ച് അർഹമായ ആനുകൂല്യങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമാക്കുന്നതിന്റെ കാരണവും

പരിശോധിക്കപ്പെടേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായും ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കാണ് നൽകപ്പെട്ടിരിക്കുന്നത്. പഞ്ചായത്തുകളിലെ ഫണ്ടിന്റെ അഭാവം ഏകോപനത്തിന് പ്രയാസമുണ്ടാക്കുന്നുണ്ട്. പഞ്ചായത്തുകൾക്ക് വലിയ ബാദ്ധ്യതകളാണ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടായി ക്കൊണ്ടിരിക്കുന്നത്. എഫ്.എൽ.ടി.സി.-കളുടെ പ്രവർത്തനം സജ്ജമാണെങ്കിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും കുറവുണ്ട്. ലോക്ഡൗൺ സമയത്തെ കിറ്റ് വിതരണവും വോളണ്ടിയർ സേവനവുമൊക്കെ രാഷ്ട്രീയവത്ക്കരി ക്കുകയാണുണ്ടായത്. ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് സാമ്പത്തിക സഹായമാണ് വേണ്ടത്. നയപ്രഖ്യാപന പ്രസംഗത്തിൽ ലഹരിമുക്ത കേരളത്തെക്കുറിച്ച് വാചാലമായത് എന്നെ അത്ഭുതപ്പെടുത്തി. കാരണം, മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ വില്പന ശാലകൾ കുറയ്ക്കുകയെന്ന സാമാന്യതത്വംപോലും കഴിഞ്ഞ അഞ്ചുവർഷക്കാലം അട്ടിമറിക്കപ്പെട്ടു. പൂട്ടിയ മദ്യശാലകൾ തുറക്കുകയും പുതിയ മദ്യശാലകളും ബാറുകളും ധാരാളം അനുവദിക്കുകയും ചെയ്തുകൊണ്ട് എങ്ങനെയാണ് ഒരു സർക്കാരിന് മദ്യവിമുക്ത കേരളം സൃഷ്ടിക്കാൻ കഴിയുന്നത്? സ്കൂളുകളിലും കോളേജുകളിലും ലഹരി ഉപയോഗം വ്യാപകമാവുകയാണ്. ആശങ്കാജനകമായ ഇക്കാര്യങ്ങൾ തിരുത്തിയാൽ മാത്രമേ 'മദ്യവിമുക്ത കേരളം' എന്ന വാക്കിന്റെ അർത്ഥം പൂർണ്ണമായും പാലിക്കാനും അമ്മമാരുടെയും സഹോദരിമാരുടെയും കണ്ണുനീരിന് വില കല്പിക്കാനും കഴിയുകയുള്ളൂ. പൊതുസമൂഹത്തിന്റെ നിരവധി വിഷയങ്ങൾ ആ രൂപത്തിൽ കാണാൻ സഭയ്ക്ക് കഴിഞ്ഞില്ലെന്നുള്ളത് വളരെ ഖേദത്തോടുകൂടി അറിയിക്കുകയാണ്. സാധാരണ മനുഷ്യന്റെ നന്മയ്ക്ക് മുഖം കൊടുക്കാത്ത സർക്കാരിന്റെ നയപ്രഖ്യാ പനത്തോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ചരിത്രവിജയം നേടിയ രണ്ടാം പിണറായി സർക്കാരിന്റെ നയപ്രഖ്യാപനത്തെയും അതിന്മേൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെയും ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ കൊച്ചുകുട്ടികൾപോലും ആഗ്രഹിച്ചതാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വ ത്തിലുള്ള തുടർഭരണം. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എല്ലായിടത്തും കേട്ടൊരു ശബ്ദമുണ്ട്. കൊച്ചുമക്കൾ അടക്കം പറയുന്നത്, "ഉറപ്പാണ് വീണ്ടും എൽ.ഡി.എഫ്., ഉറപ്പാണ് സഖാവ് പിണറായി വിജയൻ" എന്നാണ്. ആ കുഞ്ഞു മനസ്സുകളിലടക്കം നിറഞ്ഞതും നെഞ്ചോട് ചേർത്തുവച്ചതുമായ സത്ഭരണമായിരുന്നു കഴിഞ്ഞ അഞ്ചുവർഷം നടന്നതെന്ന് എല്ലാവരും അനുഭവിച്ചറിഞ്ഞതാണ്. പ്രോഗ്രസ് കാർഡെന്നും പ്രോഗ്രസ് റിപ്പോർട്ടെന്നുമൊക്കെ നമ്മൾ കേൾക്കാറുണ്ട്. ഏറ്റവും മികച്ച പ്രോഗ്രസ് റിപ്പോർട്ടാണ് നാം ആഗ്രഹിക്കാറും കൊതിക്കാറുമുള്ളത്. 600-ൽ 580 മാർക്ക് നേടിയ പ്രോഗ്രസ്സ് റിപ്പോർട്ടുമായാണ് ശ്രീ. പിണറായി വിജയൻ നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിട്ടത്. അതിന്റെ വിജയമാണ് തുടർഭരണം. അതാണ് കേരളത്തിൽ ചരിത്രവിജയമായി മാറിയത്. കേരളം

സാക്ഷര കേരളമാണ്, പ്രബുദ്ധ കേരളമാണ്, മാനവികതയെ മുറുകെപ്പിടിക്കുന്ന കേരളമാണ്. ഇവയെല്ലാം നടപ്പിലാക്കാൻ ബഹുമാനപ്പെട്ട പിണറായി വിജയൻ സർക്കാരിന് സാധിച്ചതിന്റെ വിജയമാണ് കേരളമൊന്നാകെ നൽകിയ വിജയം. വിദ്യാലയങ്ങളെക്കുറിച്ചും ആതുരശുശ്രൂഷാ കേന്ദ്രങ്ങളെക്കുറിച്ചും ഇന്ന് നമുക്കറിയാം. വിജ്ഞാന സമ്പാദനത്തിനും വിവര സാങ്കേതികവിദ്യയ്ക്കും ഇരുപതുലക്ഷം തൊഴിലവസരങ്ങൾക്കും സാഹചര്യമൊരുക്കി യുവതലമുറയെ പരിരക്ഷിച്ച് പരിപോഷിപ്പിക്കാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. സോപ്പ് കുമിളകൾ നിഷ്പ്രഭമാക്കുന്ന കൊറോണ വൈറസിന് മുമ്പിൽ മാനവരാശി വിറങ്ങലിച്ചു നിൽക്കുമ്പോൾ കേരളം ഒരുക്കിയ പ്രതിരോധം ആഗോള പ്രശംസ നേടിയതാണ്. അതിന്റെ തുടർച്ച എങ്ങനെയൊക്കെയായിരിക്കണമെന്ന് നയപ്രഖ്യാപനത്തിൽ അക്കമിട്ട് നിരത്തിയിട്ടുണ്ട്. വിശപ്പുരഹിത കേരളം, സമ്പൂർണ്ണ പാർപ്പിടം തുടങ്ങിയ പദ്ധതികൾ വേണ്ടെന്നാണോ പ്രതിപക്ഷം ആഗ്രഹിക്കുന്നത്. വർത്തമാന കാലഘട്ടത്തിന്റെ ചുവരെഴുത്ത് തിരിച്ചറിയണമെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് അപേക്ഷിക്കാനുള്ളത്. ക്ഷേമപ്രവർത്തനങ്ങൾക്കാണ് കേരള ജനത കൊതിക്കുന്നത്. ഈ ചരിത്രം തിരിച്ചറിയാൻ പ്രതിപക്ഷം തയ്യാറാകണം. ക്രിയാത്മകമായി പ്രതിപക്ഷം ഉയരണം. മഹാത്മജി പറഞ്ഞതുപോലെ, അവസാനത്തെ ദരിദ്ര നാരായണനെയും കാണാനുള്ള മനസ്സായിരുന്നു ശ്രീ. പിണറായി വിജയന്റെ ഭരണത്തിന്റെ നേട്ടം. ഉണർവ്, പുനർഗേഹം, വിദ്യാവനം, ഗോത്ര വാൽസല്യ നിധി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കണം. കേരളം സമ്പൂർണ്ണ ശുചിത്വം നേടുന്നതിന് നാം ഒറ്റക്കെട്ടായി മുന്നേറണം. അതോടൊപ്പം 14 ജില്ലകളിലും അതാത് ജില്ലയിലെ സാംസ്കാരിക പശ്ചാത്തലത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് സാംസ്കാരിക സമന്വയ കേന്ദ്രം എന്നത് യാഥാർത്ഥ്യമാക്കണം. കാർഷിക-മൃഗസംരക്ഷണ മേഖലയിൽ അത്യുൽപ്പാദനശേഷി സൃഷ്ടിക്കുന്ന ഗവേഷണങ്ങൾ നടപ്പിലാക്കണം. എല്ലാവരുടെയും ഒത്തൊരുമയോടുകൂടിയ സഹായങ്ങൾ ഇതിന് ആവശ്യമാണ്. അന്ധമായ രാഷ്ട്രീയ വിരോധം അവസാനിപ്പിക്കണം. നിങ്ങൾ എന്തൊക്കെ പറഞ്ഞാലും കഴിഞ്ഞ തെരഞ്ഞെടുപ്പിലെ പരാജയം നമുക്കറിയാം. സാധാരണ കേൾക്കുന്നൊരു പഴഞ്ചൊല്ലുണ്ട്, 'കണ്ടാൽ അറിയാത്തവൻ കൊണ്ടാൽ അറിയും' എന്ന്. കഴിഞ്ഞ സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ച് പ്രതിപക്ഷം പഠിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ നേട്ടങ്ങളിലൂടെയാണ് ഇന്ന് ചരിത്രവിജയം സമ്പാദിച്ചുകൊണ്ട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ 99 അംഗങ്ങളുമായി-ഭരണപക്ഷം ഈ നിയമസഭയിലിരിക്കുന്നത്. തുടർഭരണത്തിലും ആ സത്ഭരണം കാഴ്ചവയ്ക്കാൻ സാധിക്കും. പ്രതിപക്ഷത്തുനിന്നും എല്ലാ സഹായങ്ങളും സർക്കാരിനുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, അഴീക്കോട് നിയോജക മണ്ഡലത്തിൽനിന്നും സഭയിലെത്തിയ പുതിയ അംഗമെന്ന നിലയിൽ പരിണിതപ്രജ്ഞരും ബഹുമാന്യരുമായിട്ടുള്ള എല്ലാ സഭാ അംഗങ്ങളെയും ഞാൻ ആദരപൂർവ്വം അഭിവാദ്യം ചെയ്യുന്നു. ബഹുമാന്യനായ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ അവതരിപ്പിച്ച രണ്ടാം പിണറായി സർക്കാരിന്റെ നയപ്രഖ്യാപനത്തിന്മേൽ ബഹുമാന്യയായ മുൻ ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. രാഷ്ട്രീയ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായൊരു ദിനമായി മേയ് മാസം 2-ാം തീയതി മാറി. തകർക്കാൻ ശ്രമിച്ചവർക്കും ആക്ഷേപങ്ങൾ ചൊരിയാൻ ശ്രമിച്ചവർക്കും മുന്നിലൂടെ കേരളത്തിന്റെ മുഖ്യമന്ത്രി കസേരയിലേയ്ക്ക് ശ്രീ. പിണറായി വിജയൻ എന്ന ഇടതുപക്ഷ നേതാവ് അഭിമാനത്തോടെ അധികാരമേറ്റ നിമിഷം കേരളത്തിനുണ്ടായി. കേരള ചരിത്രത്തിലെ ശ്രദ്ധേയമായ വിജയം കേരളത്തിന് മാത്രമുള്ളൊരു പ്രാധാന്യമല്ല. 'Left elimination' എന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകുന്ന സംഘപരിവാർ അജണ്ടകൾ രാജ്യത്താകെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വർഗ്ഗീയമായ നീക്കങ്ങൾ, ഇടതുപക്ഷത്തെ ഇല്ലാതാക്കുകയെന്ന ആർ.എസ്.എസ്.-സംഘപരിവാർ അജണ്ട എന്നിവയ്ക്കുള്ള ശക്തമായ മറുപടിയാണ് ഈ തുടർഭരണം. ബഹുമാന്യനായ ഗവർണറുടെ നയപ്രഖ്യാപന രേഖയിൽ ആധുനിക കേരളത്തിന്റെ വളർച്ചയാണ് മുന്നോട്ടുവയ്ക്കുന്നത്. ഇതൊരു പുതിയ കാലമാണ്. ഇന്നത്തെ സാങ്കേതികവിദ്യയുടെ വളർച്ചയുടെ ഭാഗമായുണ്ടാകുന്ന എല്ലാ നേട്ടങ്ങളും എന്റെ നാട്ടിൽ ലഭ്യമാകണമെന്ന സാധാരണ ഒരു മനുഷ്യന്റെ വികാരവുമായി ചേർത്തുകൊണ്ടാണ് നാം വികസന കാര്യങ്ങളെ അഡ്രസ്സ് ചെയ്യേണ്ടത്. കഴിഞ്ഞ 5 വർഷക്കാലമായി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള ശ്രദ്ധേയമായ പരിഷ്കാരങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാന്യരായ സഭാംഗങ്ങൾ ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. അത് വെറുംവാക്ക് ആയിരുന്നില്ലല്ലോ; വെറും പ്രഖ്യാപനങ്ങൾ ആയിരുന്നില്ലല്ലോ? അതിനുമുമ്പുള്ള അഞ്ചുവർഷകാലത്തെ അനുഭവത്തിൽനിന്നും വ്യത്യസ്തമായി കേരളത്തെ ആധുനികവത്ക്കരിക്കാൻ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള ശ്രദ്ധേയമായ പദ്ധതികൾ മാതൃകാപരമാണ്. കഠിനമായ പ്രശ്നങ്ങളും പ്രയാസങ്ങളും നമ്മൾ അഭിമുഖീകരിച്ചു. കേരളം വിഭവങ്ങളിലും വരുമാനത്തിലും വലിയ ശേഷിയുള്ളയൊരു സംസ്ഥാനമല്ലെന്ന് നമുക്കറിയാം. സംസ്ഥാനത്തുണ്ടായ ഓഖി, നിപ, മഹാപ്രളയം, കാലവർഷക്കെടുതി കോവിഡ് 19 എന്നിവ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കും. വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ സാധിക്കാത്ത വിഷയങ്ങളുണ്ടാകും. കിഫ്ബി പദ്ധതിയിലൂടെ കേരളത്തിലെ അടിസ്ഥാന വികസന മേഖലയിലുണ്ടായ കുതിച്ചുചാട്ടം ആർക്കാണ്

വിസ്മരിക്കാൻ കഴിയുക. 63,000 കോടി രൂപയുടെ 903 പദ്ധതികളിൽ ഏതാണ്ട് 23,000 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു. 712 കോടി രൂപയുടെ 27 പദ്ധതികളും 506 കോടി രൂപയുടെ 69 പദ്ധതികളും കമ്മീഷൻ ചെയ്തു. നമ്മുടെ നാട്ടിലെ വികസന രീതിയനുസരിച്ച് ഒരു സ്കൂളിലേയ്ക്ക് അഞ്ചരക്കോടി രൂപ വരണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് 25 വർഷമെങ്കിലുമെടുക്കും. എന്താണ് കിഫ്ബിയെന്ന് ചോദിച്ചവരോട് നാട്ടുകാർ മറുപടി പറഞ്ഞത്, അവരുടെ നാട്ടിലുള്ള സർക്കാർ ആശുപത്രിയിലെയും സ്കൂളിലെയും വികസന പ്രവർത്തനങ്ങളാണ്. സർക്കാർ ആശുപത്രി, സർക്കാർ സ്കൂൾ എന്നിവയെക്കുറിച്ചൊക്കെ നമ്മുടെ നാട്ടിലുണ്ടായിരുന്ന ചിന്ത എന്തായിരുന്നു? ആരെങ്കിലും മക്കളെ സർക്കാർ സ്കൂളുകളിൽ ചേർക്കുമായിരുന്നോ? കഠിനമായ പ്രതിസന്ധിക്കിടയിലും കഴിഞ്ഞ അഞ്ച് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയ വികസന കുതിച്ചുചാട്ടമാണ് കേരളത്തെ നോക്കി ലോകം കയ്യടിക്കാൻ കാരണം. അഞ്ചു വർഷക്കാലത്തിനുള്ളിൽ ഇത്രമേൽ ഭരണമികവ് പ്രകടമാക്കിയ കേരളത്തിന് ജനങ്ങൾ നൽകിയ അംഗീകാരമാണ് തുടർഭരണം. കാർഷിക മേഖലയുൾപ്പെടെ എല്ലാ മേഖലകളിലും വലിയ മാറ്റങ്ങളുണ്ട്. ഇന്ത്യയിൽ ഏറ്റവും വലിയ കർഷക പ്രക്ഷോഭം നടന്നുകൊണ്ടിരിക്കുകയല്ലേ? ആ കർഷക പ്രക്ഷോഭത്തിന്റെ ഭാഗമായി ഇന്ത്യാഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം നമുക്കറിയാം. കഴിഞ്ഞ അഞ്ചു വർഷക്കാലം നാല് മിഷനുകളിലൂടെ കേരളത്തിലെ കാർഷിക മേഖലയിലുണ്ടായ മുന്നേറ്റത്തിന്റെ കണക്ക് ശ്രീമതി യു. പ്രതിഭ, എം.എൽ.എ. ഇന്നലെ സഭയിൽ അവതരിപ്പിച്ചു. അത് ഞാൻ ആവർത്തിക്കുന്നില്ല. കൃഷിക്കാരുടെ വരുമാനം 50 ശതമാനം വർദ്ധിപ്പിക്കുമെന്നാണ് ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. "A farmer is better than a doctor" എന്നാണ്. ഇന്ത്യാ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിന് വിരുദ്ധമായി, ഏറ്റവും ശക്തമായ കാർഷിക സംസ്ഥാനമായി ഉയർത്തിപ്പിടിക്കാൻ, ഈ നാട്ടിലെ കൃഷിക്കാരന്റെ സഹായിയായി, അവർക്ക് ആത്മവിശ്വാസം നൽകാനുള്ള ഒരു പ്രഖ്യാപനമായി നമുക്കതിനെ കാണാൻ കഴിയില്ലേ? കേരളത്തിന്റെ അടിസ്ഥാന പശ്ചാത്തല വികസനങ്ങൾ മാത്രമല്ല മുന്നേറ്റത്തിനുള്ള ധാരാളം പദ്ധതികളാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഇന്ന് സ്കൂളിലൊക്കെ പഠിക്കുന്ന കുട്ടികൾ നമ്മളെപ്പോലെയല്ല, അവരുടെ ശേഷി എത്രമാത്രം വലുതാണ്? ഇന്നത്തെ തലമുറ മുഖ്യധാരയിലേയ്ക്ക് വരുമ്പോൾ കേരളത്തിന് വലിയ മാറ്റം ഉണ്ടാകണ്ടേ; അതിവേഗ പാത ഈ നാടിന് ആവശ്യമല്ലേ; ഈ നാട് മുന്നോട്ട് പോകേണ്ടതല്ലേ? ഞാൻ ആദ്യമായിട്ടാണ് നിയമസഭയുടെ ലോഞ്ചിൽ ഒരു മീറ്റിംഗിൽ പങ്കെടുക്കാൻ പോയത്. ആ ലോഞ്ചിന്റെ പേരിലാണ് പ്രതിപക്ഷം ആക്ഷേപമുന്നയിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ അഭ്യർത്ഥി

ക്കുകയാണ്, ഞങ്ങൾ പറയുന്നത് നിങ്ങൾ കേൾക്കുക എന്നുള്ളതല്ല കൺസ്ട്രക്ടീവ് എന്നു പറയുന്നത്. അതിനെയെല്ലാം അങ്ങനെതന്നെ അംഗീകരിക്കുക എന്നതുമല്ല. ഇന്നത്തെ കാലഘട്ടത്തിന്റെ വികസന നേട്ടങ്ങൾ ഈ നാട്ടിൽ ഉണ്ടാകണ്ടേ; അങ്ങനെ മുന്നോട്ടു പോകണ്ടേ; ഇതുപോലൊരു ലോഞ്ച് നിയമസഭയ്ക്ക് അനിവാര്യമല്ലേ? ആ ലോഞ്ചിന്റെ പേരിലല്ലേ ബഹുമാന്യനായ മുൻ സ്പീക്കറെ ഇവിടെ ആക്ഷേപിക്കാനിടയായത്? പഴയതു പോലെയാണോ നമ്മുടെ വീട്; പഴയതു പോലെയാണോ നമ്മുടെ നാട്; പഴയതുപോലെയാണോ എല്ലാ കാര്യങ്ങളും മുന്നോട്ടു പോകുന്നത്? ഇന്നത്തെ കാലത്തിന് യോജിച്ച നിലയിലുള്ള വികസന കാഴ്ചപ്പാട് അവതരിപ്പിക്കുക എന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ അഞ്ചു വർഷക്കാലം ഗവൺമെന്റ് ശക്തമായ നിലപാടുമായി മുന്നോട്ടുപോയത്. ആധികാരിക രാഷ്ട്രീയ വിജയമാണ് ഇടതുപക്ഷം നേടിയത്. കേരളത്തിലെ യു.ഡി.എഫ്.-ന് തിരിച്ചുവരാൻ കഴിയില്ല. ഞാൻ അവരെ ആക്ഷേപിക്കുകയോ കുറ്റപ്പെടുത്തുകയോ അല്ല. അവർക്ക് 6.8 ശതമാനം വോട്ടിന്റെ ഇടിവാണുണ്ടായത്. കേരളത്തിലെ മതനിരപേക്ഷ ജനാധിപത്യ ശക്തികൾക്ക് ഇത്രയേറെ ആത്മവിശ്വാസം നൽകുന്ന ഒരു തെരഞ്ഞെടുപ്പുണ്ടായിട്ടുണ്ടോ? ബി.ജെ.പി. ഗവൺമെന്റിന്റെ ഹിന്ദുത്വ അജണ്ടയെ പ്രതിരോധിക്കാൻ തയ്യാറായ, സി.എ.എ. കൊണ്ടു വന്നപ്പോൾ സങ്കോചിച്ചു നിൽക്കാതെ, ആശങ്കപ്പെടാതെ, ആരെങ്കിലും പറയുമോയെന്നു നോക്കി നിൽക്കാതെ എന്റെ നാട്ടിലിത് നടക്കില്ലെന്ന് പറഞ്ഞ ഇന്ത്യയിലെ ആദ്യത്തെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനല്ലേ; അതിനുശേഷമല്ലേ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ പോലും ആ നിലപാട് സ്വീകരിച്ചത്? ഞങ്ങൾ ആ ആനുകൂല്യത്തിന്റെ പേരിലാണ് ജയിച്ചതെന്ന് നിങ്ങൾ അതിനെ മോശമാക്കി പറയുകയാണ്. അത് ഞങ്ങളുടെ രാഷ്ട്രീയ നിലപാടാണ്, ആനുകൂല്യമല്ല. മതനിരപേക്ഷതയ്ക്കുവേണ്ടി ഏറ്റവും ശക്തമായ നിലപാട് സ്വീകരിക്കുന്ന ഒരു രാഷ്ട്രീയമാണ് ഞങ്ങളുടേത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രബല രാഷ്ട്രീയ കക്ഷിയായി കേരളത്തിൽ മാറി. 1959-ൽ ആരംഭിച്ച വിമോചന സമരത്തിന്റെ ഹാങ്ഓവറിന്റെ പേരിൽ കുശാഗ്രബുദ്ധിയിലൂടെ, കുടില തന്ത്രത്തിലൂടെ ഇടതുപക്ഷത്തെ പരാജയപ്പെടുത്താൻ ശ്രമിച്ചാൽ അത് കേരളത്തിൽ നടക്കില്ലെന്ന് പറയുന്ന അഭിമാനകരമായ വിധിയാണ് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് സമ്മാനിച്ചത്. ഇന്നത്തെ കാലത്തിന് യോജിച്ചരീതിയിൽ നമ്മുടെ നാട് അടിമുടി മാറണം. അതിന് സഹായകരമായ തരത്തിൽ ശക്തമായ നിലപാട് സ്വീകരിക്കാൻ നമുക്ക് കഴിയണം. ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റായി പ്രവർത്തിക്കാൻ കഴിഞ്ഞ അനുഭവത്തിന്റെകൂടി അടിസ്ഥാനത്തിൽ ഞാൻ പറയുന്നു, തദ്ദേശഭരണ സ്ഥാപനങ്ങളെ ഇത്രമേൽ മുഖവിലയ്ക്കെടുത്ത, അവർക്ക് ആത്മവിശ്വാസം നൽകി മുന്നോട്ടുനയിക്കാൻ പ്രാപ്തമാക്കിയ ഒരു ഭരണ കാലയളവ്

ഇതിനുമുമ്പുണ്ടായിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ ഗവൺമെന്റിന്റെ ഭാഗമായി നിൽക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഫണ്ട് നൽകുന്നുണ്ട്. അത് കൃത്യമായി നിജപ്പെടുത്താൻ, ഓരോ സാമ്പത്തികവർഷവും പദ്ധതിച്ചെലവ് കൃത്യമായി നിർവ്വഹിക്കാൻ ഗവൺമെന്റ് നടത്തിയ ഇടപെടൽ വിസ്മരിക്കാൻ കഴിയുന്നതല്ല. ആധുനിക കേരളത്തിന്റെ വളർച്ചയ്ക്ക് ഏറ്റവും ശക്തമായ ദിശാബോധം നൽകുന്ന ഒരു നയപ്രഖ്യാപനമാണ് ബഹുമാന്യനായ ഗവർണർ ഇവിടെ അവതരിപ്പിച്ചത്. ആ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തെ ആദരപൂർവ്വം പിന്തുണച്ചുകൊണ്ട്, രണ്ടാം പിണറായി സർക്കാർ മുന്നോട്ടുവയ്ക്കുന്ന ശക്തമായ വികസന കാഴ്ചപ്പാടിന് പിന്തുണ നൽകിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തെ പിന്തുണച്ചുകൊണ്ട് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ കഴിഞ്ഞ അഞ്ചു വർഷം നേരിട്ടതു പോലെയുള്ള പ്രതിസന്ധികളും പ്രകൃതി ദുരന്തങ്ങളും മഹാമാരികളും മുമ്പെങ്ങും ഉണ്ടായിട്ടില്ല. ഈ കാലഘട്ടത്തിലെല്ലാം ജനങ്ങൾക്ക് ആത്മവിശ്വാസം പകർന്നുനൽകി കരുതലോടെ കാത്തുസംരക്ഷിച്ച് അധികാരത്തിലെത്തിയ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ആദ്യംതന്നെ ഞാൻ അഭിവാദ്യങ്ങൾ അറിയിക്കുകയാണ്. ലോകമെമ്പാടുമുള്ള മലയാളികൾ അത്യന്തം ആവേശത്തോടെയും പ്രതീക്ഷയോടെയുമാണ് ഇടതുപക്ഷ ഗവൺമെന്റിന്റെ തുടർച്ചയെ നോക്കിക്കാണുന്നത്. ഇതൊരു ചരിത്ര നേട്ടമാണ്. കേരളീയ സമൂഹത്തിൽ നിലനിന്നിരുന്ന പല ആചാരങ്ങളും ലംഘിച്ചുകൊണ്ടാണ് കേരളത്തിൽ നവോത്ഥാന മുന്നേറ്റമുണ്ടായത്. അഞ്ചുവർഷം കൂടുമ്പോൾ ഭരണമാറ്റമെന്നുള്ള ആചാരമാണ് ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ നവോത്ഥാന, മുന്നേറ്റ ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു മാറ്റം തന്നെയാണിത്. സ്ഥാനാർത്ഥി നിർണ്ണയത്തിലും മന്ത്രിസഭാ രൂപീകരണത്തിലുമെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ച സമീപനം ആശാവഹമായ പ്രതീക്ഷ നൽകുന്ന ഈടുവയ്പുകളാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇതുവരെ സംഭവിക്കാത്ത രീതിയിലുള്ള നേട്ടങ്ങളും വൻ വികസന-ക്ഷേമപ്രവർത്തനങ്ങളുമാണ് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ നേതൃത്വത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. പല വൻകിട പദ്ധതികളും പാതി വഴിയിലെത്തി നിൽക്കുകയാണ്. അവയുടെ പൂർത്തീകരണത്തിലേയ്ക്കുള്ളതാണ് ജനങ്ങൾ നൽകിയ ഈ വലിയ പിന്തുണയെന്ന് നമുക്ക് ഉറപ്പുണ്ട്. എനിക്ക് മുമ്പ് സംസാരിച്ച സുഹൃത്ത് സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ്

അധികാരത്തിൽ വരുമ്പോൾ പൊതുവിദ്യാഭ്യാസ രംഗം കുത്തഴിഞ്ഞ ഒരു പുസ്തകം പോലെയായിരുന്നു. പുസ്തക/യൂണിഫോം വിതരണത്തിലെ താളപ്പിഴകൾ മാത്രമല്ല, പരീക്ഷ നടത്തിപ്പിലെ ഉത്തരവാദിത്വമില്ലായ്മയും സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥയും പൊതുവിദ്യാലയങ്ങളിൽനിന്നും വിദ്യാർത്ഥികളെ സ്വകാര്യ വിദ്യാലയങ്ങളിലേയ്ക്ക് കൊണ്ടുപോയ ഒരു സാഹചര്യമാണ് അന്നുണ്ടായിരുന്നത്. എന്നാൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഇവിടെ യു.ഡി.എഫ്.-ന്റെ പ്രതിനിധികൾ ആക്ഷേപിക്കുന്ന കിഫ്ബിയിലൂടെ വലിയ മാറ്റങ്ങൾ പൊതുവിദ്യാലയങ്ങൾക്കുണ്ടാകുകയും കൃത്യമായ ഇടപെടലുകൾ വിദ്യാഭ്യാസ നയത്തിലുൾപ്പെടെ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി ആറ് ലക്ഷം വിദ്യാർത്ഥികളാണ് പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവന്നത്. പൊതുവിദ്യാലയങ്ങളിൽ പ്രവേശനോത്സവം നടക്കുന്ന ഈ സന്ദർഭത്തിൽ മികച്ച ഭൗതിക അന്തരീക്ഷത്തിലിരുന്ന് പഠിക്കുന്നതിന് നമ്മുടെ കുട്ടികൾക്ക് സാധിച്ചത് വലിയൊരു ലക്ഷ്യബോധത്തിന്റെ ഉദാഹരണമാണെന്ന് ചൂണ്ടിക്കാണിക്കാൻ സാധിക്കും. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് പ്രാഥമിക ആശുപത്രികളും മെഡിക്കൽ കോളേജുകളുമുൾപ്പെടെ ആരോഗ്യ മേഖലയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ വീണ്ടും ഓർമ്മപ്പെടുത്തേണ്ടതുണ്ട്. കേരളം വളരെയേറെ ഭീതിയോടെ നിന്ന അഞ്ചു വർഷക്കാലമാണ് കടന്നുപോയത്. നിപ്പ, കൊറോണ പോലുള്ള മഹാമാരികളെയെല്ലാം നമുക്ക് നല്ല രീതിയിൽ തരണം ചെയ്യാൻ സാധിച്ചത് നാം ആരോഗ്യമേഖലയിൽ എടുത്ത നിലപാടുകളുടെ ഫലമായാണെന്നുള്ളത് അർദ്ധശങ്കയ്ക്കിടയില്ലാതെ പറയാൻ സാധിക്കും. പ്രാഥമിക ആശുപത്രികളെയും മെഡിക്കൽ കോളേജുകളെയും ശക്തിപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളോടൊപ്പം താലൂക്കാസ്ഥാന കേന്ദ്രങ്ങളിലെ ആശുപത്രികൾക്കും വലിയ സഹായങ്ങളാണ് നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പു മന്ത്രിയായിരുന്നപ്പോൾ എന്റെ മണ്ഡലത്തിലുൾപ്പെടെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കും താലൂക്കാശുപത്രിക്കും ഡയാലിസിസ് സെന്ററിനുമെല്ലാം കോടിക്കണക്കിന് രൂപ അനുവദിച്ചു. ഇന്നതെല്ലാം പ്രായോഗികമായിരിക്കുന്ന ഈ സന്ദർഭത്തിൽ തുടർന്നുവരുന്ന സർക്കാരിനോട് എനിക്കൊരഭ്യർത്ഥന കൂടിയുണ്ട്. ഇപ്പോൾ വൈക്കത്തുനിന്നും ഏകദേശം 45 കിലോമീറ്റർ സഞ്ചരിച്ചാൽ മാത്രമേ കോട്ടയം മെഡിക്കൽ കോളേജിലെ ഹൃദ്രോഗ ചികിത്സാലയത്തിലെത്താൻ സാധിക്കൂ. പലപ്പോഴും രോഗികളെ അവിടെ എത്തിക്കുമ്പോഴേയ്ക്കും മരണം സംഭവിക്കുന്ന സാഹചര്യമുണ്ടാകുന്നു. ഹൃദ്രോഗ മരണങ്ങൾ കൂടിവരുന്ന ഈ സാഹചര്യത്തിൽ ദൂരപരിധി മാനദണ്ഡമാക്കിയെടുത്തുകൊണ്ട് താലൂക്കാസ്ഥാന കേന്ദ്രങ്ങളിൽ ഹൃദ്രോഗ ചികിത്സാലയങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

കേരളത്തിന്റെ കാർഷിക മേഖലയിൽ കഴിഞ്ഞ അഞ്ചു വർഷം കൊണ്ടുണ്ടായിട്ടുള്ള മാറ്റങ്ങൾ സമാനതകളില്ലാത്തതാണെന്ന് മുമ്പ് സംസാരിച്ചവർ പ്രതിപാദിച്ചു കഴിഞ്ഞു. കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിച്ചുവെന്നു മാത്രമല്ല ഭക്ഷ്യസ്വയം പര്യാപ്തതയുടെ കാര്യത്തിൽ മുന്നോട്ടുവരുന്നതിന് സാധ്യമായി എന്നുള്ളതും ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കൃഷിക്കാരനെ കൃഷിയുടെ ബ്രാൻഡ് അംബാസഡറായി കണ്ട ഒരു ഗവൺമെന്റാണ് കഴിഞ്ഞ അഞ്ചു വർഷം ഭരിച്ചത്. കാർഷിക മേഖലയിൽ വൻ വിപ്ലവത്തിന്, വികസനക്കുതിപ്പിന് തുടർന്നുവരുന്ന ഗവൺമെന്റിനും സാധ്യമാകുമെന്ന് തന്നെ പ്രതീക്ഷിക്കുകയാണ്. കേരളത്തെ പൂർണ്ണ ഭക്ഷ്യസ്വയംപര്യാപ്ത സംസ്ഥാനമായി മാറ്റാൻ തീർച്ചയായും ഈ നയപ്രഖ്യാപനത്തിലൂടെ ഗവൺമെന്റിന് സാധ്യമാകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാലത്ത് വളരെ കുറച്ചാളുകൾ മാത്രമാണ് പൊതുവിതരണ കേന്ദ്രങ്ങളെ ആശ്രയിച്ചിരുന്നത്. എന്നാൽ സമൂഹത്തിലെ മുഴുവൻ വിഭാഗങ്ങളും പൊതുവിതരണ കേന്ദ്രങ്ങളെ സമീപിക്കുന്ന തരത്തിൽ മികച്ച സംവിധാനമാക്കി മാറ്റുന്നതിന് കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചു. ആ മേഖലയിലുണ്ടായ മാറ്റങ്ങൾ നമുക്ക് നേരിട്ട് ബോദ്ധ്യമുള്ളവയാണ്. അതുപോലെ തന്നെയാണ് അടിസ്ഥാന സൗകര്യമേഖല. പുതിയ നിരവധി പാലങ്ങളും റോഡുകളും കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് കേരളത്തിൽ പണിതുയർത്തിയിട്ടുണ്ട്. എന്നാൽ സാങ്കേതികതയുടെ പേരിൽ നീണ്ടുപോയവയും മുടങ്ങിക്കിടക്കുന്നവയുമുൾപ്പെടെ ഇനിയും നിരവധി പദ്ധതികൾ പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ പുതിയ സർക്കാർ അധികാരമേറ്റശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച മാറ്റങ്ങൾ പ്രതീക്ഷ നൽകുന്നതാണ്. ഓരോ ജീവനക്കാരന്റെയും അടുത്തെത്തുന്ന ഫയലുകളിൽ തീർപ്പുണ്ടാക്കുന്നതിന് സമയക്ലിപ്തത നിശ്ചയിച്ചതും തട്ടുകളുടെ എണ്ണം കുറച്ച് കൂടുതൽ വേഗത്തിൽ തീരുമാനങ്ങൾ എടുക്കുവാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചതും വലിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പുതിയ വകുപ്പ് രൂപീകരിച്ച് ഉദ്യോഗസ്ഥരെ നിയമിച്ചതും ഈ ഗവൺമെന്റിന്റെ ഉജ്ജ്വലമായ തീരുമാനങ്ങളായാണ് ഞാൻ കാണുന്നത്. അതിന് സർക്കാരിനുള്ള അഭിനന്ദനങ്ങൾ ഈ അവസരത്തിൽ അറിയിക്കുകയാണ്. യു.ഡി.എഫ്. നേതാക്കൾ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുശേഷം പത്രസമ്മേളനത്തിലൂടെ പറഞ്ഞത്, നയപ്രഖ്യാപനത്തിലൊരു പുതുമയുമില്ല, കഴിഞ്ഞ അഞ്ചുവർഷം കേട്ടതുതന്നെയാണ് വീണ്ടും കേട്ടത് എന്നൊക്കെയാണ്. ഇന്നലെ ഇവിടെ ശ്രീ. പി. ടി. തോമസ് സംസാരിച്ചപ്പോഴും, ഇന്ന് ശ്രീ. നജീബ് കാന്തപുരം സംസാരിച്ചപ്പോഴും ചില കാര്യങ്ങൾകൂടി നയപ്രഖ്യപനത്തെ സംബന്ധിച്ച് പറഞ്ഞു. ശ്രീ. നജീബ് കാന്തപുരം പറഞ്ഞത് 'പതിരിനിടയിൽ പേറിയെടുക്കാൻ ഒരു ധാന്യമണി പോലുമില്ലെ'ന്നാണ്. ശ്രീ. പി. ടി. തോമസ് പറഞ്ഞത് 'പഴയ വീഞ്ഞ് പുതിയ

കുപ്പിയിൽ' എന്നാണ്. ശരിയാണ്, പുതുമയ്ക്കുവേണ്ടിയുള്ള ഒരു പുതുമയായിരുന്നില്ല ഈ നയപ്രഖ്യാപനം. പകരം ജനങ്ങളുടെ ആഗ്രഹങ്ങളാണ്, ജനങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസമാണ് ഈ നയപ്രഖ്യാപനത്തിലൂടെ പുറത്തുവന്നത്. അത് സംരക്ഷിക്കുക എന്നതുതന്നെയാണ് ഞങ്ങളുടെ നയം. കഴിഞ്ഞ അഞ്ചുവർഷക്കാലം സർക്കാർ നടപ്പിലാക്കിയ ക്ഷേമ, വികസന പ്രവർത്തനങ്ങൾ തുടരണമെന്നാണ് ജനങ്ങൾ ആഗ്രഹിച്ചത്. ഏത് പ്രതിസന്ധിയിലും സർക്കാർ ഒപ്പമുണ്ടാകുമെന്ന വിശ്വാസമുള്ളതിനാൽ അവർ ഞങ്ങൾക്ക് വോട്ടുനൽകി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തെപ്പറ്റി വളരെ മേശമായ രീതിയിൽ ഇവിടെ പ്രതിപാദിക്കുന്നതുകണ്ടു. ആറുമണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേള നത്തിലൂടെ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ വരുമ്പോൾ അവർക്കുണ്ടാകുന്ന ആത്മവിശ്വാസവും ആത്മവീര്യവും ചെറുതല്ല. എന്നാൽ, കഴിഞ്ഞ ഏഴുവർഷക്കാലമായി ഒരു തവണപോലും ഒരു പത്രപ്രവർത്തകന്റെ മുമ്പിൽപോലും വന്നിരിക്കാത്ത പ്രധാനമന്ത്രിയെപ്പറ്റി നിങ്ങളാരും പറഞ്ഞില്ല. ഒരു പത്രസമ്മേളനം പോലും അദ്ദേഹം നടത്തിയിട്ടില്ലല്ലോ? ഇത്രയും വലിയ മഹാമാരി ഇന്ത്യയെ കാർന്നുതിന്നുമ്പോഴും ഒരു പത്രസമ്മേളനത്തിലൂടെ ജനങ്ങൾക്ക് പറയാനുള്ളത് പത്രക്കാരിലൂടെയെങ്കിലും കേൾക്കാൻ തയ്യാറാകാത്ത ഒരു പ്രധാനമന്ത്രിയെപ്പറ്റി ഒന്നുംപറയാതെ ആറുമണിക്ക് കൃത്യമായി വന്ന് പത്രസമ്മേളനം നടത്തി ജനങ്ങൾക്ക് ആത്മവീര്യം പകരുന്ന ബഹുമാന്യനായ മുഖ്യമന്ത്രിയെ അധിക്ഷേപിക്കുന്നതിന് നിങ്ങൾ സമയം വൃഥാ ചെലവാക്കിയെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെ ആത്മവീര്യം പകർന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല ജനങ്ങൾ ഇടതുപക്ഷത്തിന് അനുകൂലമായി നിന്നത്. കേന്ദ്രസർക്കാർ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിയ നോട്ടുനിരോധനം, കാശ്മീരിലെ ജനാധിപത്യ ധ്വംസനങ്ങൾ, പൗരത്വ ഭേദഗതി ബിൽ, കർഷകദ്രോഹ നിയമങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമത്തിൽ വരുത്തിയ ഭേദഗതികൾ തുടങ്ങി അത്യന്തം ജനാധിപത്യവിരുദ്ധവും ജനവിരുദ്ധമായ നടപടികൾക്കെതിരെ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ഗവൺമെന്റെടുത്ത നിലപാടുകളുടെകൂടി ഫലമായാണ് ജനങ്ങൾ ഞങ്ങളോടൊപ്പം നിന്നത്. അതുകൊണ്ടാണ് ഇന്ന് ഞങ്ങൾ വിജയിച്ച് നിങ്ങൾ പരാജയപ്പെട്ട് അപ്പുറത്ത് ഇരിക്കുവാനുള്ള സാഹചര്യമുണ്ടായത്. ആ ബോദ്ധ്യമുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങളുടെ തുടർച്ച ഞങ്ങൾ ഉറപ്പുവരുത്തുമെന്ന് നയപ്രഖ്യാപനത്തിലൂടെ പറഞ്ഞത്.

പ്രതിപക്ഷനേതാവായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വി. ഡി. സതീശനെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം മറ്റൊന്നുമല്ല, യു.ഡി.എഫ്. മുന്നണി വർഗ്ഗീയ ശക്തികൾക്ക് മുന്നിൽ മുട്ടുമടക്കില്ല എന്നൊരു പ്രസ്താവന അധികാരം ഏറ്റെടുത്തതിനുശേഷം ആദ്യംതന്നെ അദ്ദേഹം നടത്തുകയുണ്ടായി. അതാണ്

അദ്ദേഹത്തെ അഭിനന്ദിക്കാൻ എന്നെ പ്രേരിപ്പിച്ചത്. പക്ഷെ, ചരിത്രം പരിശോധിക്കുമ്പോൾ സ്വഭാവികമായും ചില സന്ദേഹങ്ങൾ എനിക്കുണ്ട്. യു.ഡി.എഫ്. മുന്നണിക്ക് നേതൃത്വം കൊടുത്തുകൊണ്ട് വർഗ്ഗീയതയ്ക്കെതിരെ പോരാടാൻ അദ്ദേഹത്തിന് എങ്ങനെ സാധിക്കുമെന്ന് രാഷ്ട്രീയ വിദ്യാഭ്യാസം നേടിയ എല്ലാവർക്കും സംശയമുണ്ടാകും. കാരണം, വിമോചന സമരകാലത്ത് ജാതിമത ചേരുവകൾ ആവശ്യാനുസരണം കൂട്ടിച്ചേർത്ത് യു.ഡി.എഫ്. മുന്നണിയുണ്ടാക്കിയ അന്നുമുതൽ ഇന്നുവരെ ജാതിമത ശക്തികൾക്കും വർഗ്ഗീയ ശക്തികൾക്കും അവർ അടിമപ്പെട്ട ചരിത്രമാണ് കേരളം കണ്ടിട്ടുള്ളത്. ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും കടുത്ത വർഗ്ഗീയ ശക്തികളോട് കൈകോർത്തുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരെ അവർ മത്സരിച്ചത്. എന്നാൽ ജനഹിതം വർഗ്ഗീയതയ്ക്കെതിരാണെന്ന് മനസ്സിലാക്കിയതുകൊണ്ടാകണം ഒരുപക്ഷെ സ്ഥാനാരോഹണത്തിനുശേഷം ഇത്തരത്തിലൊരു പ്രസ്താവന നടത്താൻ അദ്ദേഹം തയ്യാറായത്. 35 സീറ്റ് ലഭിച്ചാൽ അധികാരത്തിലെത്തുമെന്ന് പ്രസ്താവന നടത്തിയ ബി.ജെ.പി. നേതൃത്വം ഒപ്പമുള്ളപ്പോൾ, കുഴൽപ്പണംകൊണ്ട് വോട്ട് നേടാനുള്ള വിഫലശ്രമം നടത്തിയത് ശ്രദ്ധയിൽവന്ന സാഹചര്യത്തിൽ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് സൂക്ഷിക്കണം. കാരണം, അങ്ങയുടെ നേതാവ് തന്നെ പറഞ്ഞതുപോലെ, പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്-മായുള്ളവർ നിങ്ങളോടൊപ്പമുള്ളതുകൊണ്ട്, തുടർന്നുവരുന്ന അഞ്ചുവർഷക്കാലവും അതിനുശേഷവും അങ്ങേയ്ക്ക് പ്രതിപക്ഷ നേതാവായിരിക്കാം. സൂക്ഷിച്ചാൽ അങ്ങേയ്ക്ക് ദു:ഖിക്കേണ്ടി വരില്ലെന്ന് ഒരു ഓർമ്മപ്പെടുത്തൽ കൂടി നല്കിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. എസ്. സുപാൽ]

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയ പ്രഖ്യാപനത്തിന്മേൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തെ എങ്ങനെയാണ് മുന്നോട്ട് നയിച്ചിട്ടുള്ളതെന്ന് കൃത്യമായി മനസ്സിലാക്കിക്കൊണ്ടും വിലയിരുത്തിക്കൊണ്ടുമുള്ള ഒരു നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് എങ്ങനെയാണ് ജനക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളത്; എങ്ങനെയാണ് ആപത്തുകാലത്ത് ജനങ്ങളെ സംരക്ഷിച്ചത് തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഉത്തമബോദ്ധ്യമുള്ളതുകൊണ്ടാണ് വളരെ അനുഭാവപൂർവ്വമായി ഒരു നയപ്രഖ്യാപനം ഇവിടെ നടത്തിയിട്ടുള്ളത്. ഒരു ഇടതുപക്ഷ ഗവൺമെന്റാണ് ഇവിടെ വീണ്ടും അധികാരത്തിൽ വന്നിട്ടുള്ളത്. ഇപ്പോഴും പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത് പഴയ പല്ലവി തന്നെയാണ്. കഴിഞ്ഞ

ഗവൺമെന്റിന്റെ ഭരണകാലത്ത് നടത്തിയ വികസന പ്രവർത്തനങ്ങളെ നഖശിഖാന്തം എതിർത്തിട്ടുള്ള പ്രതിപക്ഷം അതേരീതിയിലുള്ള വിമർശനങ്ങളാണ് വീണ്ടും ഉയർത്തിക്കൊണ്ടിരിക്കുന്നത്. ഇതിലൂടെ കേരള സമൂഹത്തിന് എന്ത് സന്ദേശമാണ് പ്രതിപക്ഷം നൽകുന്നത്? നമുക്കൊരിക്കലും ഇത് അംഗീകരിക്കാൻ കഴിയില്ല. കോവിഡ് മഹാമാരി, പ്രളയം എന്നിവ വന്നപ്പോഴൊക്കെ ഗവൺമെന്റിനോടൊപ്പം ചേർന്നുനിന്ന് സഹകരിക്കേണ്ട പ്രതിപക്ഷം അത്തരം കാര്യങ്ങളെ അവതാളത്തിലാക്കാനും ജനക്ഷേമപ്രവർത്തനങ്ങൾ ഇല്ലാതാക്കാനുമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം ശ്രമിച്ചുകൊണ്ടിരുന്നത്. പ്രളയം മനുഷ്യനിർമ്മിതിയാണെന്ന് കൊട്ടിഘോഷിച്ച് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നരീതിയാണ് അന്ന് സ്വീകരിച്ചത്. അതുപോലെ ലൈഫ് ഭവന പദ്ധതിക്കെതിരെയും പ്രതിപക്ഷം വിമർശനമുന്നയിച്ചു. ആധുനിക കാലഘട്ടത്തിൽ ലോകത്തിനനുസരിച്ച് കാലാനുസൃതമായി കേരളത്തെയും നമുക്ക് മുന്നോട്ടു നയിക്കണ്ടേ? അതിനുവേണ്ടിയാണ് ഒരു ബദൽ സാമ്പത്തിക നയമുണ്ടാക്കി വികസന പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് ശ്രമിച്ചത്. പക്ഷെ ആ പദ്ധതിയും നടപ്പാക്കാതിരിക്കാൻ വേണ്ടിയുള്ള എല്ലാ ശ്രമവും പ്രതിപക്ഷം നടത്തി. നിങ്ങൾ അധികാരത്തിൽ വന്നാൽ കിഫ്ബിയും ലൈഫ് ഭവന പദ്ധതിയും എടുത്തുകളയുമെന്ന് പറയുന്നത് നമ്മളെല്ലാവരും കേട്ടതാണല്ലോ. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ, തെരഞ്ഞെടുപ്പ് അടുത്ത സമയത്ത്, സാധാരണക്കാർക്ക് റേഷനും ഭക്ഷ്യധാന്യക്കിറ്റും കൊടുത്തതിനെപ്പോലും ശക്തമായി എതിർത്ത പ്രതിപക്ഷത്തെയാണ് നാം കണ്ടത്. ഇത് എന്ത് സന്ദേശമാണ് നമ്മുടെ സമൂഹത്തിനും രാജ്യത്തിനും നൽകുന്നത്? ഈ രീതിയിൽ കേരളത്തിലെ ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളെയും എതിർക്കുന്ന ഒരു കാഴ്ചപ്പാടാണ് പ്രതിപക്ഷാംഗങ്ങൾ സ്വീകരിക്കുന്നത്. ഇത് ഒരു കാരണവശാലും നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന എല്ലാ കാര്യങ്ങളെയും വിമർശിക്കുക എന്നുള്ളതാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. പ്രതിപക്ഷം ക്രിയാത്മകമായി പ്രവർത്തിക്കുമെന്നാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളത്. അത് വാക്കിൽ മാത്രം മതിയോ; പ്രവർത്തിയിൽ വേണ്ടേ? കേരളത്തിന്റെ പുരോഗതിക്കും വികസനത്തിനും വേണ്ടിയുള്ള നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കേണ്ടത്. അല്ലാതെ ക്രിയാത്മകമായി പ്രവർത്തിക്കുമെന്ന് പറയുകയും എന്നാൽ കാര്യങ്ങൾ ഇല്ലാതാക്കുകയും ചെയ്യുന്ന നടപടി അംഗീകരിക്കാൻ സാധിക്കില്ല. ഇങ്ങനെയുള്ള നയസമീപനങ്ങൾ വച്ചുപുലർത്തുന്നതിന്റെ ഭാഗമായാണ് യു.ഡി.എഫ്. കേരളത്തിൽ ഒറ്റപ്പെട്ടുപോയത്. കേരളത്തിലെ രാഷ്ട്രീയ സാഹചര്യങ്ങൾ പരിശോധിച്ചാൽ ഇനിയൊരു കാലത്തും യു.ഡി.എഫ്.-ന് അധികാരത്തിൽ തിരിച്ചുവരാൻ സാധിക്കില്ലെന്ന് മനസ്സിലാകും. വർഗ്ഗീയ ശക്തികളുമായി കൂട്ടുപിടിച്ചുകൊണ്ടുള്ള സമീപനമാണ് അവർ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്.

വയനാട്ടിൽ നിന്നുള്ള എം.എൽ.എ. എന്ന നിലയിൽ ഞാനൊരു കാര്യം സൂചിപ്പിക്കട്ടെ, വയനാട്ടിലും വർഗ്ഗീയ ശക്തികളുമായി പങ്കുചേർന്നുകൊണ്ട് വോട്ടുകച്ചവടം നടത്തിയിട്ടുണ്ട്. അവിടെ യു.ഡി.എഫ്. എടുത്ത രാഷ്ട്രീയ നിലപാട് കേരളക്കരയാകെ കണ്ടതാണ്. പ്രധാനമന്ത്രിയാകുമെന്ന് വ്യാമോഹിച്ച് നടന്ന ശ്രീ. രാഹുൽ ഗാന്ധി മാനന്തവാടിയിൽ വന്നപ്പോൾ യു.ഡി.എഫ്.-ന്റെ പ്രവർത്തകരായ ലീഗുകാരും അങ്ങോട്ട് കടന്നുവന്നു. പക്ഷേ, ശ്രീ. രാഹുൽ ഗാന്ധി ലീഗിന്റെ കൊടി ഇവിടെ വേണ്ടായെന്ന് പറഞ്ഞതും ലീഗിന്റെ പ്രവർത്തകർ ആ കൊടി മടക്കിക്കെട്ടി തിരിച്ച് വീട്ടിലേയ്ക്ക് പോയതും നാം കണ്ടതാണ്. ഇത് യാഥാർത്ഥ്യമാണ്. ഇത് എല്ലാവർക്കും കാണാൻ കഴിഞ്ഞിട്ടുള്ള കാര്യമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം പോലുള്ള പ്രധാനപ്പെട്ട ഒരു വിഷയത്തിന്മേൽ ചർച്ച നടക്കുമ്പോൾ നിരന്തരമായി അവാസ്തവം പറയുകയാണ്. ശ്രീ. രാഹുൽ ഗാന്ധി എവിടെയാണ് അദ്ദേഹത്തിന്റെ സമ്മേളനത്തിൽ ലീഗിന്റെ കൊടി മാറ്റണമെന്ന് പറഞ്ഞത്? ബഹുമാനപ്പെട്ട അംഗം അവാസ്തവമായ കാര്യമാണ് ഇവിടെ പ്രസംഗിക്കുന്നത്. ഇത് രേഖയിലുണ്ടാകാൻ പാടില്ല. ശ്രീ. ഒ. ആർ കേളുവിനോട് ശ്രീ. രാഹുൽ ഗാന്ധി അങ്ങനെ പറഞ്ഞോ; ഞങ്ങളാരും അറിഞ്ഞിട്ടില്ല. ശ്രീ. രാഹുൽ ഗാന്ധി അങ്ങനെ പറഞ്ഞുവെന്ന് എന്തടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്? ഇക്കാര്യത്തിൽ ചെയറിന്റെ റൂളിംഗ് വേണം.

മി. ചെയർമാൻ: അക്കാര്യം പരിശോധിക്കാം. *

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ വെറുതെ പറയുന്നതല്ല. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്. ഇക്കാര്യത്തിൽ പോലും യു.ഡി.എഫ്.-ന് ഒന്നിച്ചുനിൽക്കാൻ കഴിയുന്നില്ല. ലീഗിനെ കോൺഗ്രസുകാർ എങ്ങനെയാണ് കാണുന്നത്? ഒരുവശത്ത് ബി.ജെ.പി.-ക്കാരുമായി ഇടപാടുണ്ടാക്കുന്നു, കച്ചവടമുണ്ടാക്കുന്നു. ഈ രീതിയിലാണ് യു.ഡി.എഫ്.-ന്റെ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നത്. ഈ നിലപാടാണ് സ്വീകരിക്കുന്നതെങ്കിൽ യു.ഡി.എഫ്.-ന് കേരളത്തിൽ ഇനി തിരിച്ചുവരാൻ സാധിക്കില്ല. ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന ജനക്ഷേമ പദ്ധതികൾക്ക് ക്രിയാത്മകമായ പിന്തുണ നൽകുന്നതിന് പ്രതിപക്ഷം തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

---

* ബഹു.സ്പീക്കറുടെ ഉത്തരവിൻ (ഫയൽ നം. 8689/ഇ.ബി./2021/നി.സെ. തീയതി 10-6-2021) പ്രകാരം സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പ്രഥമ സമ്മേളനത്തിൽ എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ബഹുമാന്യനായ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെ ത്തുടർന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. പുതിയ പ്രകടന പത്രികയുടെ അടിസ്ഥാനത്തിലാണ് എൽ.ഡി.എഫ്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിനെ നേരിട്ടത്. എൽ.ഡി.എഫ്.-ന് ജനങ്ങൾ ഗംഭീര വിജയമാണ് സമ്മാനിച്ചത്. കേരളത്തിലെ ജനങ്ങളുടെ ജനാഭിലാഷം പ്രതിഫലിപ്പിക്കുന്ന ഒരു വികസനരേഖയാണ് സർക്കാരിന്റെ പുതിയ നയ പ്രഖ്യാപനം. ഈ സർക്കാരിന് ഭരണത്തുടർച്ചയുണ്ടാകാതിരിക്കാൻ യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ ഒരു നുണഫാക്ടറിതന്നെ ഇവിടെ പ്രവർത്തിക്കുകയായിരുന്നു. മ്ലേച്ഛമായ കള്ളപ്രചരണങ്ങളായിരുന്നു നടത്തിയിരുന്നത്. അതിനെയെല്ലാം കേരള ജനത തൃണവൽക്കരിച്ചതുകൊണ്ടാണ് ഈ വിജയം നേടാനായത്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അതിനെ സധൈര്യം നേരിടുകയായിരുന്നു. വെടിയുണ്ടയെ വെല്ലുന്ന മനക്കരുത്തും ജീവത്യാഗ സന്നദ്ധതയും കൈമുതലായുള്ള അദ്ദേഹം ജനങ്ങൾക്കുവേണ്ടി സ്വയം സമർപ്പിക്കുകയായിരുന്നു. ഗ്രീക്ക് പുരാണത്തിലെ പ്രൊമിത്യൂസ് ദേവനെക്കുറിച്ചുള്ള കഥ ഈ സന്ദർഭത്തിൽ എന്റെ ഓർമ്മയിൽ വരികയാണ്. അന്ധകാരത്തിൽ ഉഴലുന്ന ഭൂമിയിലെ മനുഷ്യന്റെ മോചനത്തിനായി, അവന് വെളിച്ചമേകാൻ പൊതുസമൂഹത്തിന് അഗ്നി നൽകിയ കഥയാണത്. സഹനത്തിന്റെയും ക്ഷമാശീലത്തിന്റെയും ധീരതയുടെയും പ്രതിരൂപമാണ് പ്രൊമിത്യൂസ് എന്ന ഗ്രീക്ക് ഇതിഹാസ കഥാപാത്രം. ഒളിമ്പസ് പർവ്വതനിരകളിൽ ഒളിപ്പിച്ചുവച്ച വെളിച്ചം ഭൂമിയിൽ എത്തിച്ചുവെന്നുള്ളതിന്റെ കുറ്റത്താൽ സിയൂസ് ദേവന്റെ കൽപ്പന പ്രകാരം പ്രൊമിത്യൂസിന്റെ നെഞ്ചകം പിളർന്ന്, തലകീഴായി കെട്ടിത്തൂക്കി പച്ചക്കരൾ കഴുകന്മാർക്ക് കൊത്തിവലിച്ച് ഭക്ഷിക്കാൻ അവസരമൊരുക്കി. പക്ഷേ, ഓരോ ദിവസവും ആയിരക്കണക്കിന് കഴുകന്മാർ കരൾ കൊത്തി പിളരുമ്പോഴും, നീതിയുടെ കാവലാളായ പ്രൊമിത്യൂസിന്റെ കരൾ ഓരോ ദിവസവും വളർന്ന് പൂർവ്വസ്ഥിതി പ്രാപിക്കുന്ന സ്ഥിതിയാണുണ്ടായത്. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയനെ പ്രൊമിത്യൂസിനോട് ഉപമിക്കാനാണ് എനിക്കിഷ്ടം. കാരണം അദ്ദേഹത്തെ ഇ.ഡി.-യും കസ്റ്റംസും മാധ്യമ സിൻഡിക്കേറ്റുകളും വേട്ടയാടുക യുണ്ടായി. എന്നാൽ അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് ഇടതുപക്ഷ ഗവൺമെന്റ് രണ്ടാം ഭരണത്തുടർച്ച നേടിയത്. കോവിഡ്-19 എന്ന പകർച്ചവ്യാധിയുടെ മുന്നിൽ പകച്ചുനിൽക്കാതെ, സധൈര്യം നേരിട്ടുകൊണ്ടിരിക്കുമ്പോഴാണ് സമീപകാലത്തുണ്ടായ കടലാക്രമണം തീരപ്രദേശത്തെ ജനങ്ങളുടെ ജീവിതത്തെ തകർത്തത്.

നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമായും തീരദേശവുമായി ബന്ധപ്പെട്ട മൂന്ന് കാര്യങ്ങൾ ഉന്നയിക്കാനാണ് ആഗ്രഹിക്കുന്നത്. ചുഴലിക്കാറ്റും പ്രളയവും വന്നപ്പോൾ സർക്കാർ തീരദേശത്തെ ജനങ്ങളെ ചേർത്തുനിർത്തിയത് മറക്കാനാകില്ല. മത്സ്യ ത്തൊഴിലാളികളുൾപ്പെടെയുള്ള തീരദേശ നിവാസികൾ സർക്കാരിന് പിന്നിൽ അണിനിരന്നതിന്റെ അമ്പരപ്പിലാണ് ആഴക്കടൽ മത്സ്യബന്ധനത്തിന്റെ ഇല്ലാ ക്കഥകൾ പ്രതിപക്ഷം മെനഞ്ഞത്. അടിക്കടിയുണ്ടാകുന്ന കടലാക്രമണം തീരദേശ വാസികളിൽ വലിയ ആശങ്കയാണുണ്ടാക്കുന്നത്. കാലാവസ്ഥ വ്യതിയാനത്തെ ത്തുടർന്ന് ഇനിയും മാറ്റങ്ങൾ വരാം. കടൽ ധാരാളം സവിശേഷതകളുള്ളതാണ്. അതിന്റെ ശാന്തത മാത്രമല്ല, രൗദ്ര ഭാവവും പ്രധാനമാണ്. കടലും കായലും അതിരിടുന്ന മണ്ഡലത്തെയാണ് ഞാൻ പ്രതിനിധാനം ചെയ്യുന്നത്. 590 കി.മീറ്റർ തീരദേശം പങ്കുവയ്ക്കുന്ന കേരളത്തെ കടലാക്രമണ ഭീഷണിയിൽനിന്ന് രക്ഷിക്കണം.

1.00 PM]

നയപ്രഖ്യാപന പ്രസംഗത്തിലെ 248-ാം ഖണ്ഡികയിൽ കടലാക്രമണം രൂക്ഷമാകുന്ന തീരമേഖലകളായ ചെല്ലാനം, കയ്പമംഗലം, ചേർത്തല, പൂന്തുറ എന്നി വിടങ്ങളിലെ അന്തേവാസികളുടെ സ്വത്തിനും ജീവനും സുരക്ഷ ഉറപ്പുവരുത്താനായി അതീവ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് പറയുന്നുണ്ട്. അത് സ്വാഗതാർഹമാണ്. എന്നാൽ അത് മാത്രം പോര. കടലാക്രമണത്തിലും കാലവർഷക്കെടുതിയിലും വേലിയേറ്റത്തിനിടയിലും മത്സ്യത്തൊഴിലാളികളും കുട്ടികളും സ്കൂൾ വരാന്തകളിൽ അഭയം പ്രാപിക്കേണ്ട സ്ഥിതിയുണ്ടാകരുത്. അതിന് ഭാവനാസന്നദ്ധതയോടെയും ദീർഘവീക്ഷണത്തോടെയുമുള്ള സമുദ്രതീരപഠനവും പദ്ധതികളും ആവിഷ്കരിക്കണം. ചെല്ലാനം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പുതിയ പരീക്ഷണത്തിന് നാം തയ്യാറെടുക്കുന്നതുകൊണ്ടാണ് ഞാനിത് പറയാൻ കാരണം. ഞാൻ പ്രതിനിധാനം ചെയ്യുന്നത് വൈപ്പിൻ മണ്ഡലത്തെയാണ്. വൈപ്പിന്റെയും ഫോർട്ട് കൊച്ചിയുടെയും മധ്യഭാഗത്തുകൂടിയാണ് കൊച്ചി തുറമുഖത്തേയ്ക്ക് അഴിമുഖം വഴി കപ്പൽ കടന്നുവരുന്നത്. കൊച്ചി തുറമുഖം രൂപകല്പന ചെയ്യുന്ന സമയത്ത് അന്നത്തെ തിരുവിതാംകൂർ ദിവാന് കൊച്ചി തുറമുഖം പണിയുന്നതുമായി ബന്ധപ്പെട്ട് Lester Partners Ltd., London എന്ന സ്ഥാപനത്തിലെ പ്രശസ്തനായ ആർക്കിടെക്ട് Sir John Wolfe Barry ഒരു റിപ്പോർട്ട് നൽകുകയുണ്ടായി. 1918 ജനുവരി 18-ന് അദ്ദേഹം കൊടുത്ത റിപ്പോർട്ടിൽ കൊച്ചി തുറമുഖം നിർമ്മിക്കുന്നതിനുമുമ്പ് ഫോർട്ട് കൊച്ചി കടപ്പുറവും വൈപ്പിൻകരയുടെ സ്ഥാനവുമെല്ലാം മനസ്സിലാക്കി ഈ രണ്ട് തീരവും സംരക്ഷിക്കാൻ ഒരു പദ്ധതി രേഖപ്പെടുത്തുകയുണ്ടായി. അതിൽ രണ്ട് മൈൽ നീളത്തിൽ പുലിമുട്ട് കെട്ടണമെന്നും ഒരു മൈൽ ഉൾക്കായൽ നിർമ്മിക്കണമെന്നുമാണ് പറഞ്ഞിട്ടുള്ളത്.

അതുപോലെ ഫോർട്ട് കൊച്ചി ചെല്ലാനം ഭാഗത്തും തീരസംരക്ഷണം ഉറപ്പുവരുത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ടാണ് കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ നടന്നത്. ഇന്റർനാഷണൽ ടൂറിസം മാപ്പിൽ ഇടംനേടിയ മഹാത്മാഗാന്ധിയുടെ പേരിൽ അറിയപ്പെടുന്ന ഫോർട്ട് കൊച്ചി തീരം ഇന്ന് ഇല്ലാതായി. തീരദേശസംരക്ഷണത്തിനായി ഓരോ സ്ഥലത്തിന്റെയും കിടപ്പും കടലിന്റെ ഒഴുക്കും തിരയുടെ സ്വഭാവവും മനസ്സിലാക്കിയാണ് കല്ലുകളിടേണ്ടത്. എന്നാൽ പല സ്ഥലങ്ങളിലും വ്യത്യസ്തമായ അനുഭവമാണുള്ളത്. ലക്ഷദ്വീപ് കടലിന് നടുവിലാണെങ്കിലും അവിടെ കടലാക്രമണമില്ല. അതുപോലെ ഒരുപാട് ദ്വീപസമൂഹങ്ങളുള്ള മാലിദ്വീപിലും കടലാക്രമണമില്ല. കോഴിക്കോട് നഗരം കടലിനോട് ചേർന്നാണ്, അവിടെയും കടലാക്രമണമില്ല. കടലിന് പ്രത്യേകമായ ചില സവിശേഷതകൾ കാണാൻ കഴിയും. തലശ്ശേരിയിലും കണ്ണൂരിലും ഇത് കാണാൻ കഴിയും. ഇപ്പോൾ തീരസംരക്ഷണത്തിനായി ടെട്രാപോഡ് പണിയുന്നുണ്ട്. ഓരോ പ്രദേശത്തെയും കടലിന്റെ സ്വഭാവമനുസരിച്ചുവേണം ടെട്രാപോഡുകളും ജിയോ ട്യൂബുകളും സീവാളും പണിയേണ്ടത്. മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ ഫിഷറീസ്-തുറമുഖം-ടൂറിസം-ഇറിഗേഷൻ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ തീരദേശ സംരക്ഷണത്തിന് പൊതുവിലും വൈപ്പിൻകരയ്ക്ക് പ്രത്യേകിച്ചും ഒരു പാക്കേജ് തയ്യാറാക്കണം. ആവശ്യമെങ്കിൽ നല്ല പരിജ്ഞാനമുള്ള വിദേശ ഏജൻസിയെ നിയോഗിച്ച് കടലാക്രമണത്തെ ചെറുക്കാനും കേരളത്തിന്റെ മുഴുവൻ തീരദേശങ്ങളും സംരക്ഷിക്കാനും മത്സ്യത്തൊഴിലാളികളുടെയും സാധാരണക്കാരുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കേരളത്തിലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ. അത് എറണാകുളത്തിനും മറ്റ് ജില്ലകൾക്കുംവേണ്ടി അവതരിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. ഓരോ പഞ്ചായത്തുകളും അതിന്റെ അഭിപ്രായം പറയേണ്ട സമയം 2021 മേയ് 31-ാം തീയതിയായിരുന്നു. കോവിഡ് കാലത്ത് രണ്ടാഴ്ചയെന്നുള്ളത് മതിയായ ഒരു സമയമല്ലായിരുന്നു. 2017-18-ൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുറപ്പെടുവിച്ച മാപ്പ് പ്രസിദ്ധീകരിച്ചപ്പോൾ പ്രളയകാലമായിരുന്നു. അന്നും ആളുകൾക്ക് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. 2019-ലെ ഈ പ്ലാൻ പ്രകാരം സ്വാഭാവികമായും ചെറിയ കുടിലുകൾപോലും വയ്ക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയാണ്. 1957-ലെ ഗവൺമെന്റിന്റെ ഭൂപരിഷ്കരണ നടപടികളിലൂടെ തീരപ്രദേശങ്ങളിൽ 3 സെന്റും 5 സെന്റും സ്ഥലം നാം വാങ്ങിക്കൊടുത്തിട്ടുണ്ടെങ്കിൽ ആ സ്ഥലംവരെ ഒഴിഞ്ഞുപോകേണ്ട സ്ഥിതിയാണ് കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ പ്ലാൻ വഴി വന്നിരിക്കുന്നത്. ഗവൺമെന്റിന്റെ ഇടപെടൽ

ഇക്കാര്യത്തിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരള മാരിടൈം ബോർഡ് 2014-ൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വന്നതാണെങ്കിലും അന്ന് ആ ബിൽ കേന്ദ്രം മടക്കി അയയ്ക്കുകയാണ് ചെയ്തത്. എന്നാൽ 2017-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആ നിയമം പാസ്സാക്കുകയുണ്ടായി. 2018-ൽ ബോർഡ് ചുമതല എടുത്തതിനുശേഷം വിവിധ മേഖലകളിൽനിന്ന് നൂറുകോടിയിലധികം രൂപ വരുമാനമുണ്ടാക്കുന്നുണ്ട്. മാരിടൈം ബോർഡിന് അനന്തമായ സാദ്ധ്യതകളുണ്ട്. മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങളെ കുറേക്കൂടി വികസിപ്പിക്കാൻ നമുക്ക് കഴിയണം. മത്സ്യത്തൊഴിലാളി മേഖലയിൽ വളരെ ഭാവനയോടുകൂടി ഗവൺമെന്റ് പ്രവർത്തിച്ചിട്ടുണ്ട്. 'പുനർഗേഹം', 'വിദ്യാതീരം', മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി സൈക്കിൾ നൽകൽ എന്നീ പദ്ധതികൾ ഭാവനാസമ്പന്നതയോടെ നടപ്പിലാക്കിയിട്ടുള്ള ഒരു ഗവൺമെന്റാണിത്. ഒരു പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുംവേണ്ടിയുള്ള നമ്മുടെ അന്വേഷണം പോലെ അഴിമതിയില്ലാത്ത, ഐശ്വര്യസമ്പൂർണ്ണമായ ഒരു പുതിയ കേരളം സൃഷ്ടിക്കാനുള്ള മാർഗ്ഗരേഖയായി ഈ നയപ്രഖ്യാപന പ്രസംഗം മാറട്ടെ എന്നാഗ്രഹിക്കുന്നു. ഈ യാത്രയിൽ വിളക്കുമാടം പോലെ വെളിച്ചം പകരുന്ന ഒന്നായി ഈ നയപ്രഖ്യാപനരേഖയെ ഞാൻ കാണുകയാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഞാൻ ഈ നിയമസഭയിലെ പുതിയ സാമാജികനാണ്. മലയോര മേഖലയായ ഇരിക്കൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചുകൊണ്ട് ഏറെ അഭിമാനത്തോടെയാണ് ഞാൻ ഈ സഭയിൽ നിൽക്കുന്നത്. ഈ നാടിനെയും സഭയെയും സ്വന്തം ആത്മാവിനെപ്പോലെ, ജീവനെപ്പോലെ കരുതുന്ന ഇരിക്കൂറിലെ നിഷ്കളങ്കരായ ജനങ്ങളുടെ സ്നേഹാഭിവാദനങ്ങൾ ഈ സന്ദർഭത്തിൽ ഞാൻ ഇവിടെ അർപ്പിക്കുകയാണ്. എന്നെ വിജയിപ്പിച്ച ഇരിക്കൂറിലെ സാധാരണക്കാരായ ജനങ്ങളോടും എന്റെ സഹപ്രവർത്തകരോടും പ്രിയപ്പെട്ട നേതാക്കന്മാരോടുമുള്ള നന്ദി ഞാൻ രേഖപ്പെടുത്തുന്നു. പ്രകൃതിരമണീയമായ ഒരു പ്രദേശമാണ് ഇരിക്കൂർ. മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലമാണ് ഇരിക്കൂറിലെ കൊച്ചുഗ്രാമങ്ങൾ. നാടൻ കലകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും സാംസ്കാരിക പൈതൃകങ്ങളും കഠിനാദ്ധ്വാനികളായിട്ടുള്ള കർഷകരും പുത്തൻ പ്രതീക്ഷകളും സ്വപ്നങ്ങളുമായി മുന്നോട്ടുപോകുന്ന പുതിയ തലമുറയും ഇരിക്കൂറിന്റെ പ്രത്യേകതകളാണ്. ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഇനിയും നിരവധിയായ വികസനപ്രവർത്തനങ്ങൾ ഞങ്ങൾ ആഗ്രഹിക്കുന്നു, സ്വപ്നം

കാണുന്നു. ഞങ്ങളുടെ മേഖല കടുത്ത പ്രയാസത്തിലാണ്. പ്രധാനമായും ഒരു കാർഷികമേഖലയെന്ന നിലയിലാണ് ഇരിക്കൂർ അറിയപ്പെടുന്നത്. ജീവിതം വഴിമുട്ടിയ കർഷകർ ഇപ്പോൾ ആത്മഹത്യയുടെ വക്കിലാണ്. കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച, വന്യമൃഗശല്യം, ആരോഗ്യ-വിദ്യാഭ്യാസ-ഗതാഗത രംഗത്തെ പിന്നോക്കാവസ്ഥ തുടങ്ങി നിരവധി വെല്ലുവിളികൾ ഞങ്ങളുടെ മുന്നിലുണ്ട്. പ്രത്യേകിച്ച്, കോവിഡിന്റെ സാഹചര്യത്തിൽ കർഷകരെല്ലാം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ചെറുകിട കർഷകരുടെ കാർഷിക വായ്പകൾ സർക്കാർ എഴുതിത്തള്ളണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. വന്യമൃഗശല്യംമൂലം മലയോര മേഖലയിലെ ജനങ്ങൾ ദുരിതത്തിലാണ്. മനുഷ്യജീവൻ നഷ്ടപ്പെടുന്നു, കൃഷികൾ പൂർണ്ണമായി നശിക്കുന്നു. ഈ ദുരിതത്തിന് പരിഹാരമുണ്ടാക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. അവസര സമത്വത്തെക്കുറിച്ച് പ്രധാനമായും പറയുന്ന ഈ സർക്കാർ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വികസന സ്വപ്നങ്ങൾക്കും അവസരസമത്വം ഉറപ്പുവരുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വളരെ പ്രതീക്ഷയോടെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് വേണ്ടി അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ ശ്രവിച്ചത്. യാഥാർത്ഥ്യബോധത്തോടെയും ആത്മാർത്ഥതയോടെയും പതിവിൽനിന്നും വ്യത്യസ്തമായി ഈ പ്രഖ്യാപനം നടത്തുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷേ ആത്മാർത്ഥതയില്ലാത്ത, വെറും വീമ്പ് പറച്ചിൽ മാത്രമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കണ്ടത്. 2021 ജനുവരി 8-ന് രണ്ടുമണിക്കൂറും അഞ്ച് മിനിട്ടും മേയ് 28-ന് ഒരു മണിക്കൂറും 52 മിനിട്ടും ഗവർണറെക്കൊണ്ട് പ്രസംഗിപ്പിച്ചു. ഇതുരണ്ടും പരിശോധിച്ചാൽ പലതും നടപ്പിലാക്കാനുള്ളതല്ലെന്ന് മനസ്സിലാക്കാം. ഇത് കേവലം പ്രഖ്യാപനത്തിനുവേണ്ടി മാത്രമുള്ള പ്രസംഗമാണ്. 2016-ലെ ആദ്യപ്രഖ്യാപനത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. 2016-ലെ നയപ്രഖ്യാപന പ്രസംഗത്തിലെ 55-ാം ഖണ്ഡികയിൽ റബ്ബറുൾപ്പെടെയുള്ള നാണ്യവിളകളുടെ വിലത്തകർച്ച പരിഹരിക്കുന്നതിന് ഒരു പ്രത്യേക പാക്കേജ് ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചുവർഷമായി ന്യായമായ വില ലഭിക്കാതെ കർഷകർ പ്രയാസത്തിലാണ്. 2000 രൂപയുണ്ടായിരുന്ന ഏലത്തിന് ഇപ്പോൾ കേവലം 800 രൂപ മാത്രമാണ് ലഭിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നൽകി. പക്ഷേ കഴിഞ്ഞ അഞ്ചുവർഷമായി ആ 150 രൂപയിൽനിന്നും ഒരു രൂപപോലും വർദ്ധിപ്പിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് 170 രൂപ പ്രഖ്യാപിക്കുകയും അത് നൽകുമെന്ന് പറയുകയും ചെയ്തു. പക്ഷേ ഇതുവരെ 170 രൂപ നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. റബ്ബർ കർഷകരുടെ പ്രതിസന്ധി കണക്കിലെടുത്ത് റബ്ബറിന്റെ താങ്ങുവില 250 രൂപയായി നിശ്ചയിക്കണമെന്നാണ് ഈ പ്രത്യേക സാഹചര്യത്തിൽ എനിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്.

ഇന്ന് ജൂൺ ഒന്നാം തീയതിയാണ്. സംസ്ഥാനത്തെ സ്കൂളുകൾ ഇന്ന് തുറക്കുകയാണ്. അറിവിന്റെ വാതിലുകൾ തുറന്ന് കുരുന്നുകൾ വിരുന്നുവരികയാണ്. പുത്തനുടുപ്പും പുത്തൻ ബാഗുമായി സ്കൂളിലേയ്ക്കുപോകുന്ന ആ സുന്ദര കാഴ്ച ഇന്ന് ഇല്ലാതായി രിക്കുന്നു. അതിലേയ്ക്ക് ഉടൻ തിരിച്ചെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പുതിയ അദ്ധ്യയന വർഷത്തിൽ എല്ലാവിധ ആശംസകളും നേരുന്നു. നയപ്രഖ്യാപന പ്രസംഗത്തിലെ ഒന്നാം പേജിലെ ഒന്നാം ഖണ്ഡികയിൽ പറയുന്നത്, സാമ്പത്തികവളർച്ചയുടെ ഗുണഫലങ്ങൾ ലഭിക്കാതെ വരുന്ന ഒരാൾപോലുമുണ്ടാകില്ലെന്നാണ്. അവസര സമത്വമാണ് ഈ സർക്കാരിന്റെ അടിസ്ഥാന നയമെന്ന് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ഇവിടെ പ്രസംഗത്തിൽ സൂചിപ്പിച്ചു. കേരളം എന്നും പ്രഥമ പരിഗണന നൽകിയത് വിദ്യാഭ്യാസത്തിനാണ്. 2021-ലെ ഓൺലൈൻ പഠനം ഒട്ടുംതന്നെ ഫലപ്രദമായിരുന്നില്ല. ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതെയും സൂക്ഷ്മതയില്ലാതെയും ന്യൂനതകൾ പരിഹരിക്കാതെയുമാണ് പുതിയ അദ്ധ്യയന വർഷത്തിലേയ്ക്ക് കടക്കുന്നത്. അനേകായിരം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോ പകരണങ്ങളായ ടി.വി.-യോ സ്മാർട്ട് ഫോണോ ഇല്ല. പിന്നോക്ക മേഖലകളിൽ ഇന്റർനെറ്റ്, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളില്ല. ഇക്കാര്യത്തിൽപ്പോലും അവസരസമത്വം ഉറപ്പാക്കാൻ കഴിയാത്ത സർക്കാരിന് എങ്ങനെ വിദ്യാർത്ഥികളുടെ ഭാവി രക്ഷിക്കാൻ സാധിക്കും? ഇന്നലെ ഏഷ്യാനെറ്റിന്റെ ഒരു ന്യൂസ് സ്റ്റോറിയു ണ്ടായിരുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ചന്ദനയ്ക്കാംപാറ എന്ന ഗ്രാമത്തിലെ ചെറുപുഷ്പം ഹയർ സെക്കണ്ടറി സ്കൂളിലെ 9-ാം ക്ലാസ്സുകാരി അശ്വതിയുടെയും അഭിനന്ദിന്റെയും കാര്യമാണ് ആ സ്റ്റോറിയിലുള്ളത്. അവരുടെ അച്ഛനും അമ്മയും കലിങ്കിന്റെ ജോലിക്കുപോയാൽ ഒരാഴ്ച കൂടുമ്പോഴാണ് തിരിച്ചുവരുന്നത്. അവിടെ വൈദ്യുതിയില്ല, ടി.വി.-യും സ്മാർട്ട് ഫോണുമില്ല. കഴിഞ്ഞ ഒരു വർഷമായി അവർക്ക് പഠിക്കാൻ സാധിക്കുന്നില്ല. മറ്റ് വിദ്യാർത്ഥികളെല്ലാം പഠിക്കുമ്പോൾ പഠനോപക രണങ്ങളില്ലാതെ ഈ രണ്ട് വിദ്യാർത്ഥികളും വീട്ടിൽ ഒറ്റപ്പെട്ട് കഴിയുകയാണ്. ആ വേർതിരിവ് ഏറെ പ്രയാസത്തോടെ ആ കുട്ടികൾ അനുഭവിച്ചറിയുകയാണ്. ഞങ്ങളുടെ പ്രയാസങ്ങൾ കാണാൻ ആരുമില്ലെന്ന് അവർ പറയുകയാണ്. ഇത് അശ്വതിയുടെയോ അഭിനന്ദിന്റെയോ മാത്രം കാര്യമല്ല, നമ്മുടെ സംസ്ഥാനത്തെ നിരവധി കുട്ടികൾ ഗ്രാമങ്ങളിൽ, ഊരുകളിൽ, ആദിവാസി കുടിലുകളിൽ പഠനോ പകരണങ്ങളോ പഠിക്കാൻ സൗകര്യമോ ഇല്ലാതെ ഒറ്റപ്പെട്ട് കഴിയുകയാണ്. അവരുടെ വേദന മനസ്സിലാക്കാൻ ഒപ്പം ചേർത്തുനിർത്തുമെന്ന് പറഞ്ഞ പ്രിയപ്പെട്ട കെ. കെ. ശൈലജ ടീച്ചറും വിദ്യാഭ്യാസ വകുപ്പും എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയാൻ എനിക്ക് ആഗ്രഹമുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷിതമായ വിദ്യാഭ്യാസത്തിന്

പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും അതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയും കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയെയും അപഹസിക്കുന്നതിനും പരിഹസിക്കുന്നതിനുംവേണ്ടി ചില അംഗങ്ങൾ ഇവിടെ നടത്തിയ പരാമർശങ്ങൾ വളരെയേറെ പ്രതിഷേധാർഹമാണ്. മാർക്സിസ്റ്റ് പാർട്ടി പല സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഓക്സിജൻ കൊണ്ടുമാത്രമാണ്. ആ യാഥാർത്ഥ്യം മനസ്സിലാക്കി, നമ്മുടെ രാജ്യത്തിന്റെ സാഹചര്യം മനസ്സിലാക്കി മുന്നോട്ടു പോകണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടും ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ടും എന്റെ വാക്കുകൾ നിർത്തുന്നു. നിങ്ങൾക്കേവർക്കും നമസ്കാരം. ജയ്ഹിന്ദ്.

ശ്രീ. എൻ. കെ. അക്ബർ: സർ, രണ്ടാം പിണറായി സർക്കാരിനുവേണ്ടി ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് വിജയത്തെ ലഘൂകരിക്കാനും വക്രീകരിക്കാനും വർഗ്ഗീയവൽക്കരിക്കാനുമാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കോൺഗ്രസ് മുക്ത കേരളത്തിനായി ബി.ജെ.പി. എല്ലാ മണ്ഡലങ്ങളിലും പഠനശിബിരം നടത്തിയാണ് യു.ഡി.എഫ്.-നെ തോൽപ്പിച്ചതെന്ന് ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ. പറഞ്ഞു. ഭാരതീയ ജനതാ പാർട്ടിയുടെ രാജ്യസഭാംഗവും തൃശ്ശൂരിലെ സ്ഥാനാർത്ഥിയുമായ ഒരു മാന്യദേഹം ഈ തെരഞ്ഞെടുപ്പിൽ തലശ്ശേരിയിൽ ശ്രീ. എ. എൻ. ഷംസീറിനെ തോൽപ്പിക്കണമെന്നും ഗുരുവായൂരിൽ മുസ്ലീം ലീഗിന്റെ സ്ഥാനാർത്ഥിയെ വിജയിപ്പിക്കണമെന്നും പറഞ്ഞത് ഏത് പഠനശിബിരത്തിന്റെ അടിസ്ഥാനത്തിലാണെന്ന് പറഞ്ഞാൽ കൊള്ളാം. കോൺഗ്രസ് തിരിച്ചുവരും, ഞങ്ങൾ അതിനുവേണ്ടി ശക്തമായി ശ്രമിക്കും എന്നൊക്കെ പറയുമ്പോൾ സന്തോഷമുണ്ട്. പക്ഷേ അതിന്റെ ഗ്രൗണ്ട് റിയാലിറ്റി എന്താണ്? കോൺഗ്രസിന്റെ പരാജയം സംബന്ധിച്ച് പരിശോധിക്കാൻ ബഹുമാന്യയായ സോണിയാഗാന്ധി ശ്രീ. അശോക് ചവാനെ കേരളത്തിലേയ്ക്ക് അയച്ചു. കെ.പി.സി.സി. പ്രസിഡന്റ് മാധ്യമങ്ങളോട് എന്താണ് പറഞ്ഞത്? ഞാൻ അദ്ദേഹത്തെ കാണുന്നില്ല, ഞാൻ അദ്ദേഹത്തിന് മൊഴി കൊടുക്കുന്നില്ല എന്നാണ്. ഇതുകേൾക്കുമ്പോൾ യു.ഡി.എഫ്.-ന്റെ വിജയത്തിനുവേണ്ടി പ്രവർത്തിച്ച ഒരു ശരാശരി കോൺഗ്രസുകാരന്റെ മനസ്സിൽ എന്ത് പ്രതികരണമാണുണ്ടാകുന്നത്? ഐക്യജനാധിപത്യമുന്നണി പരാജയപ്പെട്ടതിനുശേഷം ആദ്യമായി ചേർന്ന യോഗത്തിൽ, കെ.പി.സി.സി. പ്രസിഡന്റ് പത്രക്കാരോട് പറഞ്ഞത്, ഞാൻ അതിൽ പങ്കെടുത്തില്ല എന്നാണ്. മുൻ പ്രതിപക്ഷ നേതാവ് ആ യോഗത്തിലൊന്നും മിണ്ടിയില്ലെന്നാണ് പത്രങ്ങൾ പറയുന്നത്. നിങ്ങൾ ഇങ്ങനെയാണോ കോൺഗ്രസിനെ ശക്തിപ്പെടുത്തുന്നത്, ഇങ്ങനെയാണോ കോൺഗ്രസിനെ സഹായിക്കുന്നത്? ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നയപ്രഖ്യാപനം

നടത്തുന്ന അതേ സന്ദർഭത്തിൽ കെ.പി.സി.സി. ആസ്ഥാനത്തിനുമുന്നിൽ ഒരു കോമാളി നാടകം അരങ്ങേറി. മുഖ്യമന്ത്രിയുടെ വീട്ടിലെ കരിമീനിനെ സംബന്ധിച്ചടക്കം അസാധാരണമായ ഉത്കണ്ഠയോടുകൂടി അന്വേഷിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം, കോൺഗ്രസ് ചെന്നുകപ്പെട്ടിട്ടുള്ള അഗാധഗർത്തങ്ങൾ പരിശോധിച്ചതിനുശേഷം പോരേ മുഖ്യമന്ത്രിയുടെ അടുക്കളയിലേയ്ക്കുള്ള എത്തിനോട്ടം. ഇവിടെ കോൺഗ്രസ് തിരിച്ചുവരുമെന്നും ഒൻപതുപേരുമായി കെ. കരുണാകരൻ വന്ന കാര്യങ്ങളുമൊക്കെ പറഞ്ഞു. എങ്ങനെയാണ് കരുണാകരനെ മുഖ്യമന്ത്രി കസേരയിൽനിന്നും ഇറക്കി ശ്രീ. എ. കെ. ആന്റണിയെ അവരോധിച്ചത്? അതൊരുപക്ഷേ നിങ്ങളുടെ ആഭ്യന്തര കാര്യമാകും, പക്ഷേ അതിന്റെ പേരിൽ വലിയൊരു സംഭവം അരങ്ങേറി. ബഹുമാനപ്പെട്ട സുപ്രീംകോടതി 50 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കാൻ പറഞ്ഞ ഒരു കേസ്സുണ്ട്. ഈ ഗവൺമെന്റിന്റെ ഭരണംകൊണ്ട് കേരളത്തിൽ സാമ്പത്തിക തകർച്ചയുണ്ടാകുന്നുവെന്ന് പറയുമ്പോൾ നിങ്ങളുടെ ഗ്രൂപ്പ് രാഷ്ട്രീയം കൊണ്ട് കേരളത്തിന്റെ ഖജനാവിൽനിന്നും കൊടുക്കേണ്ടിവന്നതാണ് ഈ 50 ലക്ഷം രൂപ എന്ന് നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഇവിടെ കെ. കരുണാകരൻ ഒൻപത് അംഗങ്ങളേയും കൊണ്ട് തിരിച്ചുവന്നുവെന്ന് വലിയ വർത്തമാനം പറയുന്ന ആളുകൾ അദ്ദേഹത്തിന്റെ മക്കൾ രണ്ടുപേരും ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരെ മത്സരിക്കുകയും പരാജയപ്പെടുകയും ചെയ്തുവെന്നുള്ള കാര്യം മനസ്സിലാക്കണമെന്ന് സാന്ദർഭികമായി ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ 'മലയാള മനോരമ' യുടെ വിമതൻ 'ധിക്കൃത ശക്ത പരാക്രമി' എന്നാണ് വിശേഷിപ്പിച്ചത്. പ്രതിപക്ഷ നേതാവിനെ തെരഞ്ഞെടുത്തപ്പോൾ മുഖ്യമന്ത്രി അദ്ദേഹത്തെ അഭിനന്ദിച്ചു. മുഖ്യമന്ത്രിയുടെ ഗുഡ് സർട്ടിഫിക്കറ്റ് വേണ്ടെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞിട്ടുണ്ടല്ലോയെന്ന് പത്രക്കാർ ചോദിച്ചപ്പോൾ, കേരളത്തിലെ പ്രതിപക്ഷത്തിന് സർട്ടിഫിക്കറ്റ് നൽകുന്ന സർവ്വകലാശാലയുടെ വൈസ്ചാൻസലറല്ല കേരളത്തിന്റെ മുഖ്യമന്ത്രി എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. കേരളത്തിലെ ജനങ്ങൾ അദ്ദേഹത്തിന് സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ട്. ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾക്കുള്ള ചാൻസലർ പദവിയാണ് ആ സർട്ടിഫിക്കറ്റ്. മുഖ്യമന്ത്രി പി. ആർ. വർക്ക് നടത്തുന്നു വെന്ന് പറഞ്ഞത് ശരിയാണ്, മുഖ്യമന്ത്രിയുടെ പി. ആർ. വർക്ക് എന്നുപറഞ്ഞാൽ പബ്ലിക് റിലേഷനല്ല, പബ്ലിക് റിലീഫാണ് എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇവിടെ അഴിമതിയുടെ കാര്യം രണ്ട് വരിയിലൊതുങ്ങിയെന്ന് ചിലർ ആശങ്കപ്പെട്ടു. രണ്ട് വരിയായിട്ടാണ് മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയും മുൻ മഞ്ചേശ്വരം എം.എൽ.എ.-യും ജയിലിലേയ്ക്ക് പോയിട്ടുള്ളതെന്ന കാര്യവും സത്യമാണ്. 'Small is beautiful'. വരി ചെറുതായിക്കോട്ടെ. ഈ ഗവൺമെന്റ്

അഴിമതിക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന് യാതൊരു ആശങ്കയും വേണ്ട. മുഖ്യമന്ത്രി വയനാട്ടിൽ 7500 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചത് ഒരു ബള്ള് ആകരുതെന്ന് പറഞ്ഞു. മുഖ്യമന്ത്രി അത് വെറുതെ പറഞ്ഞതല്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ വയനാടിന് 7,500 കോടി രൂപയുടെയും ഇടുക്കിക്ക് 12,000 കോടി രൂപയുടെയും പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഞങ്ങളുടെ പ്രകടനപത്രിക എന്തായാലും നിങ്ങളുടെ പഴയ 'ബേക്കാരി ഹഠാവോ'-യും 'ഗരീബി ഹഠാവോ'-യും പോലെ നടപ്പിലാക്കാത്തതായിരിക്കില്ല, അത് നടപ്പിലാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവും വേണ്ട. ബഹുമാന്യനായ അങ്ങയോട് എനിക്ക് പറയാനുള്ളത്, ഗുരുവായൂരിൽ നിന്നാണ് ഞാൻ വരുന്നത്. സാധാരണ മുസ്ലീം ലീഗിന്റെ പൊതുയോഗങ്ങളും പരിപാടികളുമൊക്കെ ആരംഭിക്കുന്നത് ഖിരാത്തോടുകൂടിയാണ്. ഖിരാത്ത് എന്നുപറഞ്ഞാൽ പാരായണം. എന്നാൽ ഇപ്രാവശ്യം അവർ തുടങ്ങിയത് അവൽ പൊതി, തുളസീദാസിന്റെ രാമചരിതമാനസം, കമ്പ രാമായണം ഇവയെല്ലാമായിട്ടാണ്. കുചേലൻ ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി ഗുരുവായൂരപ്പനെ കാണാൻ പോകുന്നതും ഗുരുവായൂരപ്പനെ കണ്ടപ്പോൾ ഭാര്യ പറഞ്ഞയച്ച കാര്യം മറന്നുപോയി വിഷമിക്കുന്ന ഒരു കുചേല വൃത്താന്തവുമാണ് എനിക്കും നിങ്ങൾക്കുമെല്ലാം അറിയാവുന്നത്. എന്നാൽ ഇവിടെ കാര്യം പറയാനോ മോഹം പറയാനോ അല്ല വന്നത്, അതിമോഹം പറയാൻ വേണ്ടിയാണ് വന്നത്. സാക്ഷാൽ ശ്രീകൃഷ്ണൻ അതെങ്ങനെയാണ് കൈകാര്യം ചെയ്തത്. മഹാഭാരത യുദ്ധത്തിൽ അർജ്ജുനനോട് ഗീതോപദേശം നടത്തിയതു പോലെ ഈ തെരഞ്ഞെടുപ്പിൽ ഗുരുവായൂരപ്പൻ ആരോടൊപ്പമാണ് നിന്നതെന്നുള്ളത് മെയ് മാസം രണ്ടാം തീയതി നമുക്ക് ബോദ്ധ്യമായി. വോട്ടെടുപ്പ് പൂർത്തിയായപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രിയോട് ഒരു സമുദായ സംഘടനാ നേതാവിന്റെ പ്രതികരണത്തെപ്പറ്റി ചോദിച്ചപ്പോൾ എല്ലാ ദേവഗണങ്ങളും എൽ.ഡി.എഫ്.-നൊപ്പമാണ് എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. മുഖ്യമന്ത്രി പറഞ്ഞത് അക്ഷരംപ്രതി ശരിയായിരിക്കുന്നുവെന്നുള്ള കാര്യം മനസ്സിലാക്കണം. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് പറയാനുള്ളത്, നിങ്ങൾ കുറേക്കൂടി സൃഷ്ടിപരമാകണം. ഇല്ലെങ്കിൽ ഭാവിയിലും നിങ്ങൾ പ്രതിപക്ഷമായി തുടരും. നിങ്ങളുടെ അംഗബലം ഇനിയും കുറയാൻ സാദ്ധ്യതയുണ്ടെന്നുകൂടി പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പിന്താങ്ങുകയാണ്. നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുണ്ടായ വിജയം കേരളത്തിൽ മാത്രമല്ല, ദേശീയ/ അന്തർദ്ദേശീയ തലങ്ങളിൽ ചർച്ച ചെയ്യപ്പെട്ടതാണ്.

'ഗാർഡിയൻ' പത്രത്തെപ്പറ്റി നമുക്കെല്ലാവർക്കുമറിയാം. ലോകപ്രശസ്തമായ ഒരു മാധ്യമമാണ്. ലോകം വലതുപക്ഷത്തേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ കേരളത്തിലെ ഇടതുപക്ഷത്തിന്റെ വിജയം ശ്രദ്ധേയമാണെന്ന ലേഖനമാണ് ഗാർഡിയൻ പത്രത്തിൽ പ്രസിദ്ധീകരിച്ചത്. ഇത് പലർക്കും സഹിക്കില്ലെന്ന് ഞങ്ങൾക്കറിയാം. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരാതിരിക്കാൻവേണ്ടി നടത്തിയ ഹീനമായ നടപടികളെ സംബന്ധിച്ച് ഇവിടെ പല അംഗങ്ങളും ചൂണ്ടിക്കാണിച്ചു. എന്തുകൊണ്ടാണ് യു.ഡി.എഫ്.-ന് ഇത്രയും പരാജയം സംഭവിച്ചതെന്നതിനെ സംബന്ധിച്ച് ആത്മ പരിശോധന നടത്താൻ അവർ ഇപ്പോഴും തയ്യാറാകുന്നില്ല. പ്രതിസന്ധിയുടെ ഘട്ടം വലയം ചെയ്തപ്പോഴും ഈ സർക്കാരിന്റെ പ്രവർത്തനം ഏത് വിധത്തിലായിരുന്നുവെന്ന് നമ്മൾ കണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് സാമ്പത്തികമായി എല്ലാവിധത്തിലും ഞെരുക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ഈ സന്ദർഭത്തിലും കഴിഞ്ഞ അഞ്ചുവർഷം പ്രഖ്യാപിച്ച പദ്ധതികളിൽനിന്നും ജനക്ഷേമ പ്രവർത്തനങ്ങളിൽനിന്നും ഒരിഞ്ചുപോലും പുറകോട്ട് പോകാതെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനം അനുഭവിച്ചറിഞ്ഞ ജനതയാണ് പ്രതിപക്ഷത്തിന് ഈ കൂലി കൊടുത്തതെന്ന് നാം മനസ്സിലാക്കണം. ഈ അപവാദ പ്രചരണങ്ങളൊന്നുംതന്നെ ജനങ്ങൾ അംഗീകരിച്ചില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഇത്തരം നേട്ടങ്ങൾ കണ്ട് സഹിക്കാൻ വയ്യാതെ, നാടൻ ശൈലിയിൽ പറഞ്ഞാൽ 'കൊനിഷ്ടും കുശുമ്പും' വച്ചുപുലർത്തിയുള്ള കോപ്രായങ്ങളാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം പ്രതിപക്ഷം ഇവിടെ കാണിച്ചുകൊണ്ടിരുന്നത്. ഈ ഗവൺമെന്റിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ പ്രഖ്യാപിച്ച മൂന്ന് കാര്യങ്ങൾ ഗവൺമെന്റ് ആർക്കൊപ്പമാണെന്ന് വ്യക്തമാക്കുന്നതാണ്. അതിദാരിദ്ര്യ ലഘൂകരണം, എല്ലാവർക്കും ഭവനം, ജപ്തി നടപടികളിലൂടെ കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഇല്ലാതാക്കൽ ഇവയെല്ലാം വെറും വാഗ്ദാനങ്ങൾ മാത്രമല്ല, പ്രയോഗത്തിൽ വരാൻ പോകുകയാണ്. എൽ.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോ വെറും പ്രഖ്യാപനമല്ല, പ്രയോഗത്തിൽ വരുത്തു ന്നതാണെന്ന് കഴിഞ്ഞ അഞ്ചുവർഷക്കാലം തെളിയിച്ച ഗവൺമെന്റ് ഈ നയ പ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങളും പൂർണ്ണമായും നടപ്പിലാക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. ഇവിടെ ചിലർ പ്രതിപക്ഷ പ്രവർത്തനത്തെപ്പറ്റിയും ജനാധിപത്യ ബോധത്തെപ്പറ്റിയും നെഹ്റുവിയൻ നയങ്ങളെപ്പറ്റിയുമെല്ലാം പരാമർ ശിക്കുകയുണ്ടായി. കോൺഗ്രസ് പാർട്ടിക്ക് ജനാധിപത്യത്തെപ്പറ്റി പറയാൻ എന്തവകാശമാണുള്ളത്? സ്വന്തം പാർട്ടിക്കകത്ത് വർഷങ്ങളായി തെരഞ്ഞെടുപ്പുപോലും നടത്താത്ത ഒരു പാർട്ടിയാണ് ജനാധിപത്യ ബോധത്തെപ്പറ്റി പ്രസംഗിക്കുന്നത്. പ്രതിപക്ഷത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന നെഹ്റുവിന്റെ ചില

ഉദ്ധരണികളെപ്പറ്റി പറഞ്ഞു. അന്നത്തെ പ്രതിപക്ഷ സമീപനമെന്താണ്? നെഹ്റു അന്ന് പ്രതിപക്ഷത്തെ പ്രകീർത്തിച്ചുകൊണ്ട് പ്രസംഗിച്ചതും ചൂണ്ടിക്കാണിച്ചതും പ്രതിപക്ഷത്തിന്റെ കടമയെ സംബന്ധിച്ചാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം ജനങ്ങളുടെ ജീവിത പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടുണ്ടോ? സർക്കാരിന്റെ നയസമീപനങ്ങളും നടപടികളും ജനങ്ങളെ ബാധിക്കുന്നവയാണെന്ന് മനസ്സിലാക്കി അതിൽ ഇടപെടുകയും ജനങ്ങളെ അണിനിരത്തിക്കൊണ്ട് ആ പ്രശ്നങ്ങൾ ഉന്നയിക്കുകയും ചെയ്യുക എന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ ധാർമ്മികമായ ഉത്തരവാദിത്തം. അതിനെയാണ് നെഹ്റു പ്രകീർത്തിച്ചത്. ഇവിടെ നടക്കുന്നത് അതാണോ? സംഹാരപൂർവ്വം എല്ലാത്തിനെയും തുരങ്കം വയ്ക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്. ഇന്ത്യയിലെ പ്രതിപക്ഷം മഹാമാരി ക്കാലത്തും വെള്ളപ്പൊക്കക്കാലത്തും ജനങ്ങളെ സഹായിക്കാൻ പാടില്ലെന്ന സമീപനം സ്വീകരിച്ചവരയായിരുന്നില്ല. അതുകൊണ്ടാണ് നെഹ്റു പ്രകീർത്തിച്ചത്. എന്നാൽ ഇവിടത്തെ പ്രതിപക്ഷ സമീപനമെന്താണ്? കിറ്റ് കൊടുക്കുന്ന കാര്യത്തിൽപ്പോലും കോടതിയിൽ പോകുന്ന അവസ്ഥയുണ്ടാക്കിയ പ്രതിപക്ഷമാണ് ഇവിടെയുള്ളത്. ഇ.എം.എസ്.-നേയും എ.കെ.ജി.-യേയും ജ്യോതിബസുവിനെപോലും ഇവിടെ പരാമർശിക്കപ്പെട്ടു. ഞാൻ അതിലേയ്ക്ക് വിശദമായി കടക്കുന്നില്ല. എ.കെ.ജി.-യെ പഴയ കാലത്ത് ഇവരുടെ മുൻതലമുറക്കാർ വിളിച്ചിട്ടുള്ള മുദ്രാവാക്യം എന്താണെന്ന് ഞങ്ങളൊക്കെ കേട്ടവരാണ്. മതനിരപേക്ഷ രാഷ്ട്രീയത്തിന്റെ വക്താക്കളായി തീരുകയാണ് ഇപ്പോൾ പലരും. മതനിരപേക്ഷ രാഷ്ട്രീയത്തെപ്പറ്റി പ്രസംഗിക്കാൻ കോൺഗ്രസ്സിന് അവകാശമുണ്ടോ; മതനിരപേക്ഷതയെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ കോൺഗ്രസ്സുകാർക്ക് എന്തെങ്കിലും പറയാൻ അധികാരമുണ്ടോ; രാമക്ഷേത്രം നിർമ്മിക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് ചർച്ച ചെയ്യപ്പെട്ട കാര്യമല്ലേ; അതിൽ ഞങ്ങളെ പങ്കാളികളാക്കിയില്ലെന്ന ആക്ഷേപം ഉന്നയിച്ചവരാണ് കോൺഗ്രസ്സിന്റെ പല നേതാക്കന്മാരും. അവർ നമ്മുടെ രാജ്യത്തുവന്ന് മതനിരപേക്ഷതയെപ്പറ്റി പ്രസംഗിക്കുകയാണ്. അതിനെ പിന്തുണയ്ക്കാൻ മുസ്ലീം ലീഗുകാരുമുണ്ട്. പൊതുമേഖലയാകെ വിറ്റുതുലയ്ക്കാൻ ബി.ജെ.പി.-യ്ക്ക് ധൈര്യമുണ്ടാക്കിക്കൊടുത്തത് കോൺഗ്രസ്സല്ലേ. എൽ.ഡി.എഫ്. സർക്കാരിന് ശ്രീ. നരേന്ദ്ര മോദി സർക്കാരിനോട് മൃദുസമീപനമാണെന്ന് പലരും ഇവിടെ പ്രസംഗിച്ചു. ഒരു മൃദുനയവുമില്ല. ബി.ജെ.പി.-യുടെ സാമ്പത്തിക-രാഷ്ട്രീയ നയങ്ങൾക്കെതിരായി പോരാടുന്നത് മുഖ്യമായും ഇടതുപക്ഷമാണ്. വെറും വാചകമടി മാത്രമല്ല, അനുഭവത്തിന്റെ വെളിച്ചത്തിലൂടെ നോക്കണം. കേന്ദ്രത്തിന്റെ ഏത് ജനദ്രോഹ നടപടിക്കെതിരായിട്ടാണ് ഇന്ത്യൻ പാർലമെന്റിനകത്തും പുറത്തും ഒരു പ്രക്ഷോഭം സംഘടിപ്പിക്കാൻ കോൺഗ്രസ് തയ്യാറായത്? കോർപ്പറേറ്റുകൾക്കു വേണ്ടി തൊഴിലാളികളുടെ എല്ലാ അവകാശങ്ങളും കവർന്നെടുക്കുകയും അവരെ

തെരുവാധാരമാക്കുകയും ചെയ്യുന്ന ഒരു നിയമം കൊണ്ടുവന്നപ്പോൾ കോൺഗ്രസ് എവിടെയായിരുന്നു? രാജ്യസഭയിലും ലോകസഭയിലും മുഖ്യപ്രതിപക്ഷം അവരല്ലേ; എന്ത് സമീപനമാണ് അവർ കൈക്കൊണ്ടത്; അതിനെ എതിർക്കാൻ തയ്യാറായോ; ശക്തമായി പ്രതികരിക്കാൻ അവർ തയ്യാറായോ; ഇടതുപക്ഷമല്ലേ പ്രതികരിച്ചത്? രാജ്യം ഇപ്പോഴും കർഷക പ്രക്ഷോഭത്തിലാണ്. കൃഷിക്കാരെ കുത്തുപാളയെടുപ്പിക്കുന്ന കരിനിയമം ഇന്ത്യൻ പാർലമെന്റിൽ വന്നപ്പോൾ അതിനെ എതിർക്കാൻ കോൺഗ്രസ് തയ്യാറായോ; ഒരാൾ മാത്രമാണ് എതിർത്തത്. ഇടതുപക്ഷക്കാരൻ. രാജ്യസഭയ്ക്കകത്ത് ഇടതുപക്ഷ പ്രസ്ഥാനക്കാരല്ലേ ശക്തമായി എതിർത്തത്? അവിടെ ശ്രീ. നരേന്ദ്ര മോദിയുടെ മുഖത്ത് നോക്കി എതിർക്കാനും പ്രതിപക്ഷത്തിന്റെ ധർമ്മം നിർവ്വഹിക്കാനും എന്തുകൊണ്ട് കോൺഗ്രസ്സിന് കഴിയുന്നില്ല? പല നയങ്ങളിലും ബി.ജെ.പി.-യുടെ രാഷ്ട്രീയ സമീപനം തന്നെയാണ് കോൺഗ്രസ്സിനുള്ളത്. ആ നയം മാറ്റാതെ, ആ നയം തിരുത്താതെ, മതനിരപേക്ഷ സ്വഭാവത്തിലേയ്ക്ക് മടങ്ങിവരാതെ കോൺഗ്രസ് രക്ഷപ്പെടാൻ പോകുന്നില്ലെന്നകാര്യം കോൺഗ്രസ് സുഹൃത്തുക്കൾ മനസ്സിലാക്കണം. മാധ്യമങ്ങളുടെ സഹായത്തോടുകൂടി നിയമസഭയ്ക്കകത്തും പുറത്തും അപവാദപ്രചരണം നടത്തിയതുകൊണ്ടുമാത്രം പ്രതിപക്ഷത്തിന് പിടിച്ചുനിൽക്കാൻ സാധിക്കില്ല. അതിന്റെ പ്രതിഫലനമാണ് തെരഞ്ഞെടുപ്പിലുണ്ടായിട്ടുള്ളതെന്ന കാര്യം ഇപ്പോഴും അവർ തിരിച്ചറിയുന്നില്ല. ഡോ. കെ. ടി. ജലീലിനെ സംബന്ധിച്ചും മുൻസ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനെ ചോദ്യം ചെയ്ത കാര്യങ്ങളുമൊക്കെ ഇവിടെ പരാമർശിക്കപ്പെട്ടു. ഈ സഭയ്ക്കകത്തിരിക്കുന്ന എത്ര ആളുകളെ ഏതൊക്കെ കേസുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഞാനിപ്പോൾ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. നമുക്ക് വേണമെങ്കിൽ ചർച്ച ചെയ്യാം.

കോൺഗ്രസ് കൊടുങ്കാറ്റുപോലെ മടങ്ങിവരാൻ പോകുകയാണെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഒരു പ്രസ്താവന അടുത്തകാലത്ത് ഞാൻ വായിച്ചു. സാധാരണ കാറ്റടിക്കുമ്പോൾത്തന്നെ കോൺഗ്രസ്സിന്റെ അവസ്ഥ എന്താണ്; ഒരു കൊടുങ്കാറ്റ് വന്നാൽ കോൺഗ്രസ് വെറും മണൽപ്പുറ്റായി മാറുമെന്നതാണ് വസ്തുത.

മതന്യൂനപക്ഷത്തിന്റെ മൊത്തക്കച്ചവടക്കാരാണല്ലോ മുസ്ലീംലീഗുകാർ. അതിനുവേണ്ടി എല്ലാ മുസ്ലീം മതസംഘടനകളെയും മതരാഷ്ട്രവാദികളെയും കൂട്ടുപിടിച്ചുകൊണ്ട് ഈ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയുണ്ടായി. മുസ്ലീം ലീഗിനുണ്ടായ അവസ്ഥ എന്താണെന്ന് ഗൗരവപൂർവ്വം മുസ്ലീം ലീഗ് സുഹൃത്തുക്കൾ മനസ്സിലാക്കണം. നിങ്ങളുടെ പാപ്പരായ രാഷ്ട്രീയനയം മുസ്ലീം ജനസാമാന്യം തിരിച്ചറിഞ്ഞിരിക്കുന്നു. പണ്ടുകാലത്ത് മലപ്പുറം ജില്ലയിൽ മത്സരിക്കുന്നതിനായി ചെന്നൈയിൽനിന്നും

ബോംബെയിൽനിന്നുമൊക്കെ വരുന്ന പല നേതാക്കന്മാരും നോമിനേഷൻ നൽകി പോയതിനുശേഷം മടങ്ങിവരുന്നത് ജയിച്ച എന്നുള്ള വിവരം കിട്ടിക്കഴിയു മ്പോഴാണ്. ആ കാലം കഴിഞ്ഞിരിക്കുന്നുവെന്ന് മുസ്ലീം ലീഗ് സുഹൃത്തുക്കൾ മനസ്സി ലാക്കണം. മുസ്ലീം ജനസാമാന്യത്തിൽ നിങ്ങൾ ഒറ്റപ്പെട്ട് കഴിഞ്ഞിരിക്കുന്നു. കോൺഗ്രസ്സിനോട് കൂട്ടുകൂടിയാൽ നിങ്ങൾ ഒരു കാലത്തും രക്ഷപ്പെടാൻ പോകുന്നില്ല. അതാണ് സാഹചര്യം. അവരുടെ പൊന്നാപുരം കോട്ടകളൊക്കെ തകർന്നിരിക്കുകയാണ്. ഈ പാർലമെന്റ് ഇലക്ഷനിൽ മത്സരിച്ച മുസ്ലീം ലീഗിന്റെ സ്ഥാനാർത്ഥിക്ക് കഴിഞ്ഞ പ്രാവശ്യത്തേക്കാൾ ഒന്നര ലക്ഷം വോട്ടാണ് കുറഞ്ഞത്. വേങ്ങരയിൽപ്പോലും മുസ്ലീം ലീഗിന് വോട്ട് കുറഞ്ഞു. എന്തുകൊണ്ട് അതുണ്ടായി എന്നുള്ള കാര്യം അവർ മനസ്സിലാക്കുന്നില്ല. ഇപ്പോഴും അന്ധമായ രാഷ്ട്രീയത്തിന്റെ മഞ്ഞക്കണ്ണുകൾകൊണ്ടാണ് അവർ ഇടതുപക്ഷത്തേയും ഇവിടത്തെ മതനിരപേക്ഷ പ്രസ്ഥാനങ്ങളേയും കാണുന്നത്. അവരുടെ സ്വഭാവത്തിലും പ്രവർത്തനത്തിലും മാറ്റം വരുത്തണം. ഈ സമുദായം അവരെ ഒറ്റപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്നുള്ള കാര്യം അവർ മനസ്സിലാക്കണം. കോൺഗ്രസ്സിന്റെ കൂടെ കൂടിയാൽ ഒരുകാലത്തും രക്ഷപ്പെടാൻ പോകുന്നില്ല.

ഇടതുപക്ഷ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നേരത്തെ ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ, എം.എൽ.എ. സൂചിപ്പിച്ച ഗ്രീക്ക് മിത്തോളജിയിലെ ഒരു കഥാപാത്രത്തെ സംബന്ധിച്ച് ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്, Achilles. ജനങ്ങൾക്കുള്ളിൽ കാലൂന്നി നിൽക്കുന്നിടത്തോളംകാലം ആ ജയന്റിനെ ഒരിക്കലും പരാജയപ്പെടുത്താൻ കഴിയില്ലെന്നതാണ് ആ കഥാപാത്രത്തിന്റെ പ്രത്യേകത. ഞങ്ങൾ ജനങ്ങൾക്കുള്ളിൽ കാലൂന്നി നിൽക്കുന്നവരാണ്. ജനങ്ങളുടെ പ്രശ്നങ്ങളും വികാരങ്ങളും ഉൾക്കൊള്ളുന്നവരാണ്. അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. അതുകൊണ്ടാണ് ഞങ്ങൾ വീണ്ടും അധികാരത്തിൽ തിരിച്ച വന്നത്. ജനങ്ങൾക്കുള്ളിൽ കാലൂന്നിക്കൊണ്ടുതന്നെ ഞങ്ങൾ നിൽക്കും. അവരുടെ പ്രശ്നങ്ങളും താൽപ്പര്യങ്ങളും പരിഹരിക്കുകയും സംരക്ഷിക്കുകയും ചെയ്ത് അവരോടൊപ്പം നിൽക്കും. അങ്ങനെയൊരു ഗവൺമെന്റാണ് ഇപ്പോൾ തുടർഭരണത്തിൽ വന്നിട്ടുള്ളത്. ഞങ്ങളുടെ മാനിഫെസ്റ്റോയും പ്രഖ്യാപനവും പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്താങ്ങുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പതിനഞ്ചാം കേരള നിയമസഭയിൽ ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെ ടുത്തികൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നയമില്ലാത്ത ഒരു നയപ്രഖ്യാപനമാണിത്. കോഴിക്കോട്

മുതലക്കുളം മൈതാനത്തെക്കുറിച്ചും തൃശ്ശൂർ തേക്കിൻകാട് മൈതാനത്തെക്കുറിച്ചും നമ്മൾ കേട്ടിട്ടുണ്ട്. മുതലക്കുളം മൈതാനിയിൽ മുതലയുമില്ല കുളവുമില്ല, തേക്കിൻകാടിൽ തേക്കുമില്ല കാടുമില്ല. അതുപോലെയുള്ള ഒരു നയപ്രഖ്യാപന പ്രസംഗമാണിത്. ഇതിൽ നയവുമില്ല പ്രഖ്യാപനവുമില്ല. അതുപോലെതന്നെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവരുടെ പ്രസംഗത്തിൽ പറഞ്ഞു, "ഈ നയപ്രഖ്യാപനത്തെ ഞാൻ ആത്മാർത്ഥതയോടുകൂടി പിന്താങ്ങുകയാണ്" എന്ന്. അവരുടെ ആത്മാർത്ഥതയിൽ നമുക്കൊരു സംശയവുമില്ല. പക്ഷേ അവരുടെ ആത്മാർത്ഥതയിൽ സംശയമുള്ള ആളുകൾ അവർക്ക് വേണ്ട പണികൊടുത്തുവെന്ന് നമുക്കെല്ലാവർക്കും അറിയാം. നയപ്രഖ്യാപനത്തെയും നന്ദിപ്രമേയത്തെയും അനുകൂലിച്ചാൽ ബഹുമാനപ്പെട്ട ഗവർണർപോലും പൊറുക്കുകയില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, ഇഷ്ടമില്ലാത്തൊരു പണി ആർക്കോവേണ്ടി ചെയ്യുന്നതുപോലെയാണ് ഗവർണർ അദ്ദേഹത്തിന്റെ പ്രസംഗം നടത്തിയത് എന്നത് നമുക്കെല്ലാവർക്കും അനുഭവപ്പെട്ടതാണ്. അദ്ദേഹം പലതവണ ഈ സഭയിൽ നയപ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഇതിനുമുൻപ് ഒരിക്കലും ഉണ്ടാകാത്ത ഒരു മടുപ്പ് അദ്ദേഹത്തിന് ഇപ്രാശ്യമുണ്ടായിരുന്നുവെന്ന് നമ്മൾ നേരിൽ കണ്ടതാണ്. അദ്ദേഹം ബഹുമാനപ്പെട്ട സ്പീക്കറുടെ ചെവിയിൽ എന്തോ മന്ത്രിക്കുന്നത് നമ്മൾ കണ്ടു. എനിക്ക് തോന്നുന്നത് "This is a bitter pill to swallow" എന്നായിരിക്കും അദ്ദേഹം സ്പീക്കറോട് പറഞ്ഞിട്ടുണ്ടാകുക എന്നാണ്.

ഇന്ന് നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി കോവിഡ്-19 എന്ന മഹാമാരിയാണ്. ഗവർണറുടെ പ്രസംഗത്തിൽ ഈ പ്രതിസന്ധിയെ ഗൗരവമായി കണ്ടിട്ടുണ്ടോയെന്ന് നമ്മൾ പരിശോധിക്കണം. അദ്ദേഹം പ്രസംഗത്തിൽ കോവിഡുമായി ബന്ധപ്പെട്ട് ആകെ പറഞ്ഞത് നിരീക്ഷണം, സി.എഫ്.എൽ.ടി.സി., ഡി.സി.സി., കമ്മ്യൂണിറ്റി കിച്ചൺ എന്നിവ മാത്രമാണ്. നമ്മുടെ നാട്ടിൽ കമ്മ്യൂണിറ്റി കിച്ചൺ എങ്ങനെ നടക്കുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. സന്നദ്ധ സംഘടനകളുടെ ഔദാര്യത്തിലാണ് എല്ലായിടത്തും കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിക്കുന്നത്. ആ സന്നദ്ധ സംഘടനകൾ ഒരു വിഭാഗത്തിന്റേത് മാത്രമല്ല, മുസ്ലീം ലീഗ്, മുസ്ലീം യൂത്ത് ലീഗ്, കോൺഗ്രസ്, യൂത്ത് കോൺഗ്രസ്, ഡി.വൈ.എഫ്.ഐ., സി.പി.ഐ.(എം.) തുടങ്ങിയ എല്ലാ വിഭാഗങ്ങളും അടങ്ങുന്നതാണ്. യൂത്ത് ലീഗിനെക്കുറിച്ച് പറയുമ്പോൾ ഞാനൊരു കാര്യം പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ മൃതശരീരം മറവ് ചെയ്യുന്ന കാര്യത്തിൽ യൂത്ത് ലീഗിന്റെ വൈറ്റ് ഗാർഡിന്റെ സേവനം പ്രശംസനീയമാണ്. ആ മൃതശരീരങ്ങളുടെ അടുത്ത് പോകാൻപോലും പലരും മടിക്കുന്ന അവസരത്തിൽ, ബന്ധുക്കൾപോലും പോകാൻ മടിക്കുന്ന അവസരത്തിൽ, ജാതി നോക്കാതെ, മതം

നോക്കാതെ യൂത്ത് ലീഗിന്റെ വൈറ്റ് ഗാർഡുകളാണ് നാടെമ്പാടും മുന്നിട്ടിറങ്ങുന്നതെന്ന് ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്നുവെന്നാണ് പ്രതിപക്ഷത്തെക്കുറിച്ച് പറയുന്നത്. ആരാണ് ഈ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്നത്; തെറ്റുകൾ ചൂണ്ടിക്കാട്ടുകയെന്നത് ഒരു ക്രിയാത്മക പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്തമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സർക്കാരിന്റെ അഴിമതികളെക്കുറിച്ച് മിണ്ടാതിരിക്കുന്നത് പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ശരിയല്ലായെന്ന് നമ്മൾ മനസ്സിലാക്കണം. പ്രതിപക്ഷം പറഞ്ഞിട്ടുള്ള അഴിമതിയെന്താണെന്ന് എല്ലാവർക്കും അറിയാം. പമ്പാ ത്രിവേണിയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ കോടിക്കണക്കിന് രൂപ മൂല്യമുള്ള ഒന്നേകാൽ ലക്ഷം ഘനമീറ്ററിലധികം വരുന്ന മണൽ, സംസ്ഥാനത്തെ പ്രവർത്തനക്ഷമമല്ലാത്ത ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ മറവിൽ ചില സ്വകാര്യ കമ്പനികൾക്ക് കൈമാറാനുള്ള നീക്കം നടന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ബെവ്കോ വെർച്വൽ ക്യൂ ആപ്പ് തയ്യാറാക്കാനായി സ്റ്റാർട്ട് അപ്പ് കമ്പനിയെ തെരഞ്ഞെടുത്തതിലെ അഴിമതി, സ്പ്രിംഗ്ലർ എന്നിവയെക്കുറിച്ചൊന്നും വിശദമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മുൻമന്ത്രി ഡോ. കെ. ടി. ജലീലിന് സ്വജനപക്ഷപാതത്തിന്റെ പേരിലാണ് മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടിവന്നത്. അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത് സ്വജനം എന്നുപറയാവുന്ന ഒരു ജനം അദ്ദേഹത്തിന്റെ കൂടെയില്ല, അതുപോലെ അദ്ദേഹത്തിന് പക്ഷപാതമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. നല്ല ആരോഗ്യ ദൃഢഗാത്രനാണ്. എനിക്കുപോലും ആരോഗ്യപരമായ നിർദ്ദേശങ്ങൾ നൽകുന്ന ആളാണ്, ഞാൻ അദ്ദേഹത്തിന്റെയടുത്ത് എപ്പോൾ പോയാലും എന്റെ ആരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിൽ ധാരാളം ഉപദേശങ്ങൾ അദ്ദേഹം എനിക്ക് നൽകുന്നുണ്ട്, അങ്ങനെയുള്ള ഒരാൾക്ക് പക്ഷപാതമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അതുപോലെ കടൽ വിൽക്കാ നൊരുങ്ങിയതിനെക്കുറിച്ച് ഞാൻ വിശദമായി പറയുന്നില്ല. മുൻമന്ത്രിക്ക് കടൽ വിൽക്കാനുള്ള തോന്നലുണ്ടായത് നന്നായി, അതുകൊണ്ടാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഈ സഭയിൽ എത്തിയത്. ഒരാൾക്ക് ഒരു തോന്നൽ ഉണ്ടായാൽ അത് നല്ലതായാലും മോശമായാലും അതിന്റെ ഗുണം മറ്റൊരാൾക്ക് ലഭിക്കുമെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഈ സഭയിൽ എത്തിയത്. ഇവിടെ പാലാരിവട്ടത്തെക്കുറിച്ച് ചിലയാളുകൾ പ്രസംഗിക്കുന്നത് കേട്ടു, എന്താണ് മുൻമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ചെയ്ത തെറ്റ്? മൊബിലൈസേഷൻ അഡ്വാൻസ് കരാറുകാർക്ക് കൊടുത്തുവെന്നതാണ്. മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കുന്നത് കേരളത്തിൽ ആദ്യമായാണോ? എല്ലാ സർക്കാരുകളും കരാറുകാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കാറുണ്ട്. കഴിഞ്ഞ സർക്കാർ എത്രയോ ആളുകൾക്ക് മൊബിലൈസേഷൻ അഡ്വാൻസ്

കൊടുത്തിട്ടുണ്ട്. ഈ സർക്കാരിന് മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കാനുള്ള സമയമായിട്ടില്ല. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തിട്ടുണ്ടെങ്കിൽ ആ കരാറുകാരിൽനിന്നും പലിശയടക്കം തിരികെ വാങ്ങുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലം സർക്കാർ കൊടുത്ത മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചു വാങ്ങിയോ, അതിന്റെ പലിശ വാങ്ങിയോ എന്നതുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. എന്റെ സ്നേഹിതൻ മുൻ എം.എൽ.എ. ശ്രീ. എം. സി. കമറുദ്ദീനെക്കുറിച്ച് ഇവിടെ പരാമർശിച്ചു. അദ്ദേഹം ഒരു ബിസിനസ്സ് നടത്തി, ആ ബിസിനസ്സ് പൊളിഞ്ഞു. ബിസിനസ്സ് തകർച്ച എങ്ങനെയാണ് അഴിമതിയാകുന്നത്? വമ്പിച്ച ഭൂരിപക്ഷത്തോടെ എൽ.ഡി.എഫ്. അധികാരത്തിൽ വന്നുവെന്നത് ശരിയാണ്, ജനവിധിയെ അംഗീകരിക്കുന്നു. പക്ഷേ ആ ജനവിധിയെ അംഗീകരിക്കുമ്പോഴും കഴിഞ്ഞ സർക്കാർ ചെയ്ത കൊള്ളരുതായ്മയ്ക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണോ ഇതെന്ന് നമ്മൾ പരിശോധിക്കേണ്ടതുണ്ട്. അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്, ഒരു അച്ഛൻ മകനെ ക്രൂരമായി, പൈശാചികമായി, മനുഷ്യത്വരഹിതമായി തല്ലുന്നു, അവസാനം മിഠായി നൽകി ആ മകനെ മെരുക്കിയെടുക്കുന്നു, അതുകൊണ്ട് അടിച്ചതിന്റെ ക്രൂരത ഇല്ലാതാകുമോ. ഈ കിറ്റ് നൽകിയതിലൂടെ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്ത ക്രൂരതകൾ ജനങ്ങൾ മറക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

സി.എഫ്.എൽ.ടി.സി.-കളെക്കുറിച്ചും കമ്മ്യൂണിറ്റി കിച്ചണിനെക്കുറിച്ചും പറഞ്ഞതല്ലാതെ കോവിഡുമായി ബന്ധപ്പെട്ട സുപ്രധാന കാര്യങ്ങൾ ഈ നയ പ്രഖ്യാപനത്തിൽ പറഞ്ഞിട്ടില്ല. ഓക്സിജനും വെന്റിലേറ്ററും ലഭിക്കാതെ സംസ്ഥാനത്ത് ആളുകൾ പിടഞ്ഞുമരിക്കുകയാണ്. ഇന്നലെവരെ 8815 ആളുകളാണ് കോവിഡ് ബാധിച്ച് സംസ്ഥാനത്ത് മരണപ്പെട്ടത്. ഇത്രയും മരണസംഖ്യ വർദ്ധിച്ചത് ഓക്സിജനും വെന്റിലേറ്ററും ഇല്ലാത്തതുകൊണ്ടാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്റെ ജില്ലയായ കാസർഗോഡ്, ഓക്സിജനും വെന്റിലേറ്ററുമില്ലാതെ ഓരോ ദിവസവും ആളുകൾ ഇഞ്ചിഞ്ചായി മരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വൈകുന്നേരത്തെ മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനത്തേയും ഞങ്ങൾ പരിഹസിക്കുന്നുവെന്ന് ഇവിടെ ഒരു അംഗം പറഞ്ഞു. അതിനാൽ ഞാനൊരു സംഭവം പറയാൻ ആഗ്രഹിക്കുന്നു. മുഖ്യമന്ത്രിയുടെ വൈകുന്നേരത്തെ വാർത്താ സമ്മേളനം കേൾക്കുന്ന ഒരാളാണ് ഞാൻ. ഒരുദിവസം എന്റെ വീട്ടിലിരുന്ന് വാർത്താ സമ്മേളനം കേൾക്കുമ്പോൾ രണ്ടാംക്ലാസ്സിൽ പഠിക്കുന്ന എന്റെ പേരക്കുട്ടി അടുത്തുവന്ന് മുഖ്യമന്ത്രിയെ കാണിച്ചിട്ട് പറഞ്ഞു, 'ഇയാളെ എനിക്ക് വലിയ ഇഷ്ടമാണ്' എന്ന്. ഇയാൾ എന്ന് മുഖ്യമന്ത്രിയെക്കുറിച്ച് ഞാൻ പറഞ്ഞതല്ല,

അങ്ങനെയൊരു പദം മുഖ്യമന്ത്രിയെക്കുറിച്ച് ഉപയോഗിക്കാൻ പാടില്ല, എന്റെ പേരക്കുട്ടിയുടെ വാക്ക് ഇവിടെ ഞാൻ ആവർത്തിച്ചെന്നേയുള്ളൂ. ഞാൻ ചോദിച്ചു, "നീ ജീവിതത്തിൽ മുഖ്യമന്ത്രിയെ കണ്ടിട്ടില്ലല്ലോ, പിന്നെ എന്തുകൊണ്ടാണ് നിനക്ക് ഇഷ്ടം" എന്ന്. അപ്പോൾ പേരക്കുട്ടി എന്നോട് പറഞ്ഞത്, ലോക്ഡൗൺ കാലത്ത് വീട്ടിലിരിക്കുമ്പോൾ അമ്മമാർ കുട്ടികളെ ശകാരിക്കാൻ പാടില്ല, തല്ലാൻ പാടില്ലായെന്ന് മുഖ്യമന്ത്രി പറയാറുണ്ട് എന്നാണ്. ഞാൻ എന്റെ പേരക്കുട്ടിയോട് പറഞ്ഞില്ല, നീ മുഖ്യമന്ത്രിയുടെ ഫാൻ ആകാൻ പാടില്ലായെന്ന്. മുഖ്യമന്ത്രിയുടെ ഫാനായിക്കോട്ടെ, എനിക്ക് സന്തോഷമേയുള്ളൂ. ഞാൻ ഈ സംഭവം പറയാൻ കാരണം. അപ്പുറത്ത് ഇരിക്കുന്ന ഏതെങ്കിലും ഒരാളുടെ വീട്ടിലെ കുട്ടി മറ്റു പാർട്ടികളിലെ നേതാക്കന്മാരെക്കുറിച്ച് ഇങ്ങനെ പറഞ്ഞെങ്കിൽ അവർക്ക് ആ സഹിഷ്ണുത ഉണ്ടാകുമായിരുന്നോ, ആ കുട്ടിയുടെ അവസ്ഥ എന്താകുമായിരുന്നു. ഞങ്ങളുടെ രാഷ്ട്രീയ നിലപാടും ആദർശവും അതാണ്, ഞാൻ എന്റെ വാക്കുകൾ ദീർഘിപ്പിക്കുന്നില്ല, ഈ നന്ദിപ്രമേയത്തെ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> സർ, സഖാവ് കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഐക്യകേരളം നിലവിൽ വന്നതിനുശേഷം സേവനരംഗത്തും ക്ഷേമരംഗത്തും വലിയ മുന്നേറ്റമുണ്ടായി. എന്നാൽ കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ആ നേട്ടം കൈവരിക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, പിറകോട്ട് പോകുന്ന അവസ്ഥയുമുണ്ടായി. കഴിഞ്ഞ അഞ്ചുവർഷക്കാലവും ഈ അടിസ്ഥാന വികസന പ്രശ്നങ്ങളിൽ ഊന്നി നിന്നുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോയത്. അതിന്റെ ഫലമായി നഷ്ടപ്പെട്ടുപോയ കാർഷിക മേഖല വീണ്ടെടുക്കാൻ നമുക്ക് കഴിഞ്ഞു. കേന്ദ്രം സ്വീകരിക്കുന്ന ജനവിരുദ്ധ, കർഷകവിരുദ്ധ, വ്യവസായവിരുദ്ധ നിലപാടുകൾക്ക് ബദലായിട്ടുള്ള സമീപനമാണ് സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നതെന്ന് എല്ലാവർക്കുമറിയാം. കാർഷികമേഖല സമ്പൂർണ്ണമായും കോർപ്പറേറ്റുവൽക്കരിക്കുന്നു, കൃഷിക്കാരെ കാർഷിക ഭൂമിയിൽനിന്ന് ആട്ടിയകറ്റുന്നു. ഇതിനെതിരായി വലിയ രൂപത്തിലുള്ള സമരം കഴിഞ്ഞ ആറുമാസക്കാലമായി നടക്കുന്നു. എന്തുകൊണ്ടാണ് കേരളത്തിൽ ഇത്തരമൊരു കർഷകസമരം ഉയർന്നുവരാത്തത്? കർഷകരെ സംരക്ഷിക്കുന്ന നിലപാടും ബദൽ നയങ്ങളുമാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. നെല്ല്, പാൽ, മുട്ട, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. ലോക്ഡൗൺ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഹ്വാനമനുസരിച്ച് കേരളത്തിലെ ഒരു വലിയ വിഭാഗം ജനങ്ങൾ കാർഷിക രംഗത്തേയ്ക്ക് ഇറങ്ങിത്തിരിച്ച കാഴ്ച നാം കണ്ടതാണ്. ഇന്ത്യയ്ക്കാകെ മാതൃകയായി രാജ്യത്ത് മറ്റൊരു

സ്ഥലത്തും ഇല്ലാത്ത രൂപത്തിൽ കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നു. കോൺഗ്രസോ മറ്റ് പാർട്ടികളോ ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനങ്ങളിൽ ഇത്തരമൊരു പദ്ധതിയുണ്ടോ? ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ, വരാൻ പോകുന്ന അഞ്ച് വർഷക്കാലംകൊണ്ട് 50 ശതമാനം കാർഷിക വരുമാനം വർദ്ധിപ്പിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വളരെ ആവേശത്തോടുകൂടിയാണ് കേരളത്തിലെ കൃഷിക്കാർ ഇതിനെ വരവേൽക്കുന്നതെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഏറ്റവും ഗൗരവതരമായ പ്രശ്നമാണ്. സർക്കാർ ജോലി കൊണ്ടുമാത്രം അത് പരിഹരിക്കാൻ കഴിയില്ലെന്ന് എല്ലാവർക്കുമറിയാം. വ്യാവസായികവത്കരണത്തിലൂടെ മാത്രമേ അത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. വ്യാവസായികവത്കരണം നടത്തണമെങ്കിൽ നിക്ഷേപം ആകർഷിക്കാൻ കഴിയണം, നിക്ഷേപം ആകർഷിക്കാൻ കഴിയണമെങ്കിൽ സമാധാനപരമായ അന്തരീക്ഷം വേണം, പശ്ചാത്തലസൗകര്യം മെച്ചപ്പെടണം, നല്ല റോഡും വേഗതയുള്ള റെയിലും വിമാനത്താവളവുമുണ്ടാകണം. പക്ഷേ ഇവിടെ ഉയർന്നുകേട്ട ശബ്ദം കെ-റെയിൽ പാടില്ല, അതിവേഗ റെയിൽ പാടില്ല, നാഷണൽ ഹൈവേയുടെ വീതി കൂട്ടരുത്, വിമാനത്താവളങ്ങൾ പാടില്ല എന്നൊക്കെയാണ്. ചുരുക്കത്തിൽ കേരളം മെച്ചപ്പെടരുതെന്ന മനോഭാവത്തോടുകൂടി സംസാരിക്കുന്ന ദൗർഭാഗ്യകരമായ അവസ്ഥയാണ് ഇവിടെ കാണാൻ കഴിഞ്ഞത്. മുസ്ലീം ലീഗ് പലപ്പോഴും പറയുന്നത് മുസ്ലീങ്ങളുടെ കുത്തക മുഴുവനും അവർക്കാണെന്നാണ്. ആ അവകാശവാദത്തെ പൊളിക്കുന്ന തെരഞ്ഞെടുപ്പ് ഫലമാണ് ഇത്തവണയുണ്ടായിട്ടുള്ളതെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ മലപ്പുറത്തായാലും വേങ്ങരയിലായാലും വോട്ട് വൻതോതിൽ ചോർന്നുപോയി. പണ്ടൊക്കെ മലപ്പുറത്ത് ചെറിയ തോതിലുള്ള പോളിംഗ് നടന്നാലും ലീഗിന് വലിയ ഭൂരിപക്ഷമുണ്ടാകുമായിരുന്നു. ഇപ്പോൾ കാലം മാറി, കനത്ത പോളിംഗ് നടന്നാലും ഭൂരിപക്ഷം കുറയുന്ന കാഴ്ച നാം കാണുകയാണ്. അതുകൊണ്ട് കുത്തക ഞങ്ങൾക്കാണെന്നുള്ള അവകാശവാദമുയർത്തേണ്ട. ആ കുത്തകയൊക്കെ മാറിപ്പോയിരിക്കുന്നു. മുസ്ലീം മന്ത്രിയുണ്ടായാൽ മാത്രമേ മുസ്ലീങ്ങൾക്ക് നേട്ടമുണ്ടാകൂ എന്ന കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ഒരു തെറ്റിദ്ധാരണ കേരളീയ സമൂഹത്തിലുണ്ട്. കിറ്റ് നൽകിയപ്പോഴും പെൻഷൻ നൽകിയപ്പോഴും തോട്ടം, ചുമട്, മോട്ടോർ തൊഴിലാളി ക്ഷേമനിധി പെൻഷൻ നൽകിയപ്പോഴും അതത് മേഖലകളിലെ പാവപ്പെട്ട മുസ്ലീം തൊഴിലാളികൾക്ക് നേട്ടം കിട്ടിയില്ലേ; ഇതൊക്കെ മുസ്ലീം മന്ത്രി നേതൃത്വം കൊടുത്തതുകൊണ്ടാണോ? അതിനുകൂടിയുള്ള മറുപടിയാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പ് ഫലമെന്ന് നമുക്ക് കാണാൻ കഴിയും. ന്യൂനപക്ഷക്ഷേമ വകുപ്പ്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്നു. നേരത്തെ നല്ല നിലയിൽ നടന്നു പോയ വകുപ്പ് ഒന്നുകൂടി മെച്ചപ്പെട്ട രൂപത്തിൽ നടത്താനുള്ള അവസരമല്ലേ സംജാതമാകുന്നത്. അതിനെ ആ രൂപത്തിൽ കാണുന്നതിനുപകരം മതമൗലിക വാദികളും മുസ്ലീം ലീഗും വളരെ മോശമായ രൂപത്തിൽ സാമുദായിക വിഭജന മുണ്ടാക്കാൻവേണ്ടിയുള്ള മുദ്രാവാക്യമായി ഉപയോഗിച്ചുവെന്ന് നമുക്ക് കാണാൻ കഴിയും. എന്നാൽ കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന മുസ്ലീം സംഘടനകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പൂർണ്ണമായി പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ചിത്രം നമ്മൾ കണ്ടു. കേരളത്തിലെ മുസ്ലീങ്ങളിൽ മഹാഭൂരിപക്ഷവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ വിശ്വാസം രേഖപ്പെടുത്തുന്നു എന്നാണ് ഇതിനർത്ഥം. അതുകൊണ്ട് മുസ്ലീങ്ങളുടെ കുത്തക ഞങ്ങൾക്കാണെന്ന അവകാശവാദം ആരും ഉയർത്തേണ്ടതില്ല. വർഗ്ഗീയശക്തിക്കൾക്കെതിരെ കേരളം നിലകൊള്ളുമെന്നും അവയെ തുടച്ചുനീക്കിക്കൊണ്ടുള്ള ഒരു സംസ്ഥാനമായിരിക്കണം കേരളം എന്നുമാ യിരുന്നു പ്രതിപക്ഷനേതാവിന്റെ പ്രസ്താവന. മതേതരവാദികൾക്ക് കേൾക്കാൻ ഇമ്പമുള്ള ഒരു പ്രസ്താവനയാണത്. കോൺഗ്രസ് ഒരു അഖിലേന്ത്യാ പാർട്ടിയല്ലേ; അഖിലേന്ത്യാ നയത്തിൽനിന്നും വ്യത്യസ്തമായ ഒരു നയം സംസ്ഥാനത്ത് പാർട്ടിക്ക് സ്വീകരിക്കാൻ കഴിയുമോ? രണ്ട് ദശാബ്ദക്കാലമായി അഖിലേന്ത്യാടിസ്ഥാനത്തിൽ കോൺഗ്രസ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാട് നമുക്കെല്ലാം അറിയാമല്ലോ. ഇന്ത്യൻ ഭരണഘടനയും പാർലമെന്റും വെല്ലുവിളിക്കപ്പെടുന്നു. മതനിരപേക്ഷത ചോദ്യം ചെയ്യപ്പെടുന്നു. ഫെഡറലിസം ഏറ്റവും വലിയ വെല്ലുവിളിയെ നേരിടുന്നു. ഇതിനോടെല്ലാം കോൺഗ്രസിന്റെ നിലപാടെന്താണ്? നെഹ്റുവിയൻ നയം ഉയർത്തിപിടിച്ചുകൊണ്ട് ശക്തമായി പ്രതിരോധിക്കേണ്ട കോൺഗ്രസ്- സംഘപരിവാർ ശക്തികളുടെ മുമ്പിൽ മുട്ടിട്ടിഴയുന്ന ദയനീയമായ കാഴ്ച നമ്മൾ കാണുന്നുണ്ട്. ഈ നയം സ്വീകരിക്കുന്ന കോൺഗ്രസ്സിന്റെ കേരള ഘടകത്തിന് എങ്ങനെയാണ് വർഗ്ഗീയതയ്ക്കെതിരായി ശബ്ദമുയർത്തി മുന്നോട്ടുപോകാൻ കഴിയുക? ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 90 സീറ്റുകളിൽ ബി.ജെ.പി.-യുമായി വോട്ടു കച്ചവടം നടത്തിയില്ലേ? കുറേക്കാലമായി ബി.ജെ.പി.-യെ നിങ്ങൾ വിമർശിക്കാറുണ്ടോ? തെരഞ്ഞെടുപ്പ് ഘട്ടങ്ങളിൽപ്പോലും മതന്യൂനപക്ഷങ്ങൾക്കെതിരായി നടക്കുന്ന കിരാതമായ നടപടികളെ ചോദ്യം ചെയ്യാൻ യു.ഡി.എഫ്. തയ്യാറായില്ല. ബി.ജെ.പി. വോട്ടിനുവേണ്ടി കുറേക്കാലമായി ബി.ജെ.പി.-ക്കെതിരായി വിമർശനമുയർത്താറില്ല. ബി.ജെ.പി.-ക്കെതിരായി വിമർശനം ഉയർത്തേണ്ട സന്ദർഭത്തിൽപ്പോലും എൽ.ഡി.എഫ്.-ന് എതിരായി നിന്ന് സാഹചര്യം അനുയോജ്യമാക്കി മാറ്റുന്ന നിലപാടല്ലേ സ്വീകരിച്ചത്? തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പല്ലേ പോണ്ടിച്ചേരിയിലെ കാലുമാറ്റമുണ്ടായത്? പോണ്ടിച്ചേരിയിൽ കാലുമാറി കോൺഗ്രസ് ഭരണം തകർന്നു. കേരളത്തിലെ കോൺഗ്രസ് നേതാക്കൾ മിണ്ടിയോ, അതിലെന്തെങ്കിലും നിലപാട് സ്വീകരിച്ചോ?

വരാൻപോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യെ പിണക്കരുതെന്ന ലക്ഷ്യത്തോടുകൂടി കണ്ടില്ലെന്ന് നടിച്ചുകൊണ്ട് മുന്നോട്ടുപോയവരല്ലേ നിങ്ങൾ? യഥാർത്ഥത്തിൽ കോൺഗ്രസ് മൃദുഹിന്ദുത്വ നയമല്ലേ കേരളത്തിൽ സ്വീകരിച്ചത്. ഹിന്ദുത്വരാഷ്ട്രീയം തന്നെയാണ്. മൃദുഹിന്ദുത്വമെന്ന് പറയാൻ കഴിയില്ല. ബി.ജെ.പി. വോട്ടുകച്ചവടം ചെയ്തുകൊണ്ട് ഒരുപാട് പേർ ഈ നിയമസഭയിൽ എത്തിയിട്ടുണ്ട്. ഞാൻ ഉൾപ്പെടെയുള്ളവർ ആ വോട്ടുകച്ചവടത്തെ അതിജീവിച്ചാണ് ഇവിടെയെത്തിയിട്ടുള്ളതെന്നറിയാം. ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്, ബി.ജെ.പി. വോട്ടുകൊണ്ടുമാത്രം ജയിച്ചുവന്ന തന്റെ സഹപ്രവർത്തകരെയും മതമൗലികവാദികളെയും വർഗ്ഗീയവാദികളെയും വച്ചുകൊണ്ട് എങ്ങനെയാണ് വർഗ്ഗീയതയ്ക്കെതിരായി ശബ്ദമുയർത്താൻ കഴിയുക? കേന്ദ്രത്തിലെ കോൺഗ്രസ് പാർട്ടി സ്വീകരിക്കുന്ന മൃദുഹിന്ദുത്വ നിലപാടിനെതിരായി ശക്തമായി പ്രതികരിക്കാനും തിരുത്തിക്കാനും വേണ്ടിയുള്ള സമരങ്ങളിൽ ശബ്ദമുയർത്താൻ അദ്ദേഹം തയ്യാറുണ്ടോ; അദ്ദേഹമൊരു തിരുത്തൽവാദിയായി വരാൻ തയ്യാറുണ്ടോ? എങ്കിൽ കോൺഗ്രസ് രക്ഷപ്പെടും. ഇല്ലെങ്കിൽ ഉപ്പിൽവച്ച ശർക്കരപോലെ കോൺഗ്രസ് മാറുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി പിന്താങ്ങുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ആദ്യമായി, എന്നെ ഇവിടെ എത്തിച്ച തൃപ്പൂണിത്തുറയിലെ പ്രബുദ്ധരായ വോട്ടർമാരോട് നന്ദി രേഖപ്പെടുത്തുകയാണ്. നിങ്ങൾ ആവർത്തിച്ചാവർത്തിച്ച് എന്റെ വിജയത്തെക്കുറിച്ച് പരാമർശിച്ചു. ഞാൻ ഇപ്പോൾ കൂടുതൽ പറയുന്നില്ല. പക്ഷേ എന്നെ വിജയിപ്പിച്ച തൃപ്പൂണിത്തുറയിലെ ജനങ്ങളെ നിങ്ങൾ അപമാനിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ നയപ്രഖ്യാപനത്തിൽ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ പറയുന്നുണ്ട്. നമ്മൾ പല ദുരന്തങ്ങൾ കണ്ടു. ഇനി കേരളം കാണാൻ പോകുന്നത് സാമ്പത്തിക രംഗത്തുണ്ടാകാൻ പോകുന്ന ദുരന്തമാണ്. 2016-ൽ നിങ്ങൾ അധികാരമേറ്റെടുക്കുമ്പോൾ 1,55,380 കോടി രൂപയായിരുന്നു കടബാദ്ധ്യത. ഇപ്പോൾ അത് 3,32,279.79 കോടി രൂപയായി. കിഫ്ബിയുടെ അമ്പതിനായിരം കോടി രൂപ കൂടി കൂട്ടുമ്പോൾ ഏകദേശം നാലുലക്ഷം കോടി രൂപയാണ് കേരളത്തിന്റെ പൊതുകടം. ഇതാണ് അടുത്ത ദുരന്തം എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നയപ്രഖ്യാപനത്തിൽ 258 ഖണ്ഡികകളിലായി ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഞാൻ ഇതിനുമുമ്പ് സഭയിലുണ്ടായിരുന്ന സമയത്ത് ഗവർണറുടെ നയപ്രഖ്യാപനം നടക്കുമ്പോഴും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴും ഭരണകക്ഷിക്കാർ ഡെസ്കിലടിച്ച് വലിയ ആഘോഷം നടത്തും. പക്ഷേ ഇവിടെ അന്ന് മൂകമായിരുന്നു. അപ്പോൾ ഈ

നയപ്രഖ്യാപനത്തിലൊന്നുമില്ലെന്ന് നിങ്ങൾക്കുതന്നെ അറിയാം. അല്ലെങ്കിൽ നിങ്ങളാരെങ്കിലും ഡെസ്കിലടിക്കില്ലേ? അടിച്ചില്ല. 258 ഖണ്ഡികകളിൽ, 219-ൽ പറയുന്നത്, "വരും വർഷത്തിൽ തെരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങളിൽ 12 ലോകോത്തര ടോയ്‌ലറ്റ് പദ്ധതികൾകൂടി ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു." നിങ്ങൾ ടോയ്‌ലറ്റ് പണിയുന്നതിൽ ഒരു കുഴപ്പവുമില്ല. പക്ഷേ ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് ഇത് പറയിക്കണോ, ഗവർണറെക്കൊണ്ട് കുറച്ചുകൂടി നല്ല കാര്യങ്ങളൊക്കെ പറയിപ്പിക്കുന്നതാണ് നല്ലത്.

2.00 PM]

ഇവിടെ തൊഴിൽരഹിതരുമായി ബന്ധപ്പെട്ട് ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തി. 2016-ൽ നിങ്ങൾ അധികാരത്തിൽ വന്ന് നടത്തിയ ആദ്യത്തെ നയപ്രഖ്യാപനത്തിൽ, അഞ്ച് വർഷംകൊണ്ട് ഐ.ടി. മേഖലയിൽ പത്ത് ലക്ഷവും കൃഷി, നിർമ്മാണം, അനുബന്ധ മേഖലകളിൽ പതിനഞ്ച് ലക്ഷവും തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും പത്ത് ലക്ഷം യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുമെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെ 25 ലക്ഷം പേർക്ക് തൊഴിലും പത്ത് ലക്ഷം പേർക്ക് നൈപുണ്യ പരിശീലനവും നൽകുമെന്നാണ് പറഞ്ഞിട്ടുള്ളത്. തൊഴിൽദാന പദ്ധതികൾ അപര്യാപ്തമാണെന്ന് 2021-ലെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി പറഞ്ഞു. അപ്പോൾ നിങ്ങളുടേത് പ്രഖ്യാപനങ്ങൾ മാത്രമായി ഒതുങ്ങി. ഈ നയപ്രഖ്യാപനത്തിൽ ഇരുപത് ലക്ഷം പേർക്കെങ്കിലും ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ കൊടുക്കുന്ന പദ്ധതി നടപ്പാക്കുമെന്ന് പറയുന്നു. നിയമസഭാ രേഖയനുസരിച്ച് ഐ.ടി. മേഖലയിൽ കേരളത്തിലാകെ ജോലി ചെയ്യുന്ന ആളുകൾ എത്രയെന്ന് അറിയുമോ? ഒരു ലക്ഷത്തി ഒൻപതിനായിരം പേരാണ് കേരളത്തിൽ ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നത്. 'റീബിൽഡ് കേരള' ഇത്തവണ വീണ്ടും പ്രഖ്യാപിച്ചിട്ടുണ്ട്. 2018-ൽ പ്രഖ്യാപിച്ച പദ്ധതിയാണ്. ഈ ബഡ്ജറ്റിലും അത് പ്രഖ്യാപിച്ചു. അന്ന് 7193 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു. പ്രോഗ്രസ് കാർഡിനെക്കുറിച്ച് നിങ്ങൾ ഒരുപാട് ആവേശംകൊണ്ട് പറഞ്ഞു. ആ പ്രോഗ്രസ് കാർഡിൽ എന്താണ് പറഞ്ഞിരിക്കുന്നത്? 2.49 ശതമാനമാണ് ചെലവഴിച്ചത്. അതായത് 179.13. 'റീബിൽഡ് കേരള' 2018-ൽ പ്രഖ്യാപിച്ചതാണ്. ഇപ്പോൾ വീണ്ടും 7405 കോടി രൂപയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അറിയാൻ വേണ്ടി ഞാനൊരു കാര്യം പറയുകയാണ്. അവസാനത്തെ ബഡ്ജറ്റിൽ ലൈഫ് മിഷനിലൂടെ രണ്ട്, മൂന്ന് ഘട്ടങ്ങളിലായി പട്ടിജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നാൽപ്പതിനായിരം ഭവനം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചു. ഇപ്പോൾ ഈ നയ പ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നത് നാലായിരം വീടുകൾ നിർമ്മിക്കുമെന്നാണ്,

അങ്ങ് അതൊന്ന് വായിക്കണം. തെരഞ്ഞെടുപ്പിന് മുമ്പ് നാൽപ്പതിനായിരം, തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നാലായിരം. പട്ടികജാതിക്കാരെ ഇങ്ങനെ കബളിപ്പിക്കണോ? അതുപോലെ സിൽവർ ലൈൻ റെയിൽ പ്രോജക്ടിനെപ്പറ്റി 2020-ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചു. ഇപ്പോൾ വീണ്ടും ആവർത്തിച്ചിരിക്കുന്നു. ആദ്യത്തെ പ്രഖ്യാപനത്തിൽ 56,442 കോടി രൂപയായിരുന്നെങ്കിൽ ഇപ്പോൾ 63,900 കോടി രൂപയായി ഉയർന്നു. 7458 കോടി രൂപ ഒറ്റവർഷംകൊണ്ട് വർദ്ധിച്ചു. ഇതിങ്ങനെ വർദ്ധിച്ചുകൊണ്ടേയിരിക്കും, ഒരു തീരുമാനവുമുണ്ടാകുകയില്ല. അതാണ് നയപ്രഖ്യാപനം. പൗരന്റെ കാലൊച്ച കേൾക്കുമ്പോൾ വാതിൽ തുറക്കുകയാണ് ഗവൺമെന്റിന്റെ നയമെന്ന് 2016-ലെ നയപ്രഖ്യാപനത്തിൽ പറഞ്ഞു. നിങ്ങൾ ആർക്കുവേണ്ടിയാണ് വാതിൽ തുറന്നത്? പാവപ്പെട്ടവർക്ക് വേണ്ടിയാണോ? സ്വജനപക്ഷപാതം കാട്ടി പാർട്ടിക്കുവേണ്ടി മാത്രം ഭരിച്ച ഒരു ഗവൺമെന്റ് ഉണ്ടായിട്ടില്ല. നിങ്ങൾ പൗരന്റെ കാലൊച്ച കേട്ടുവെന്ന് എനിക്ക് തോന്നുന്നില്ല. മറ്റൊരു പ്രഖ്യാപനം, 'ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നിരന്തരം നിറവേറ്റാനുള്ളതാണെന്നും അഞ്ച് വർഷത്തെ കാലയളവിൽ ആവർത്തിച്ച് പറയാനുള്ളതല്ലെന്നും എന്റെ സർക്കാർ വിശ്വസിക്കുന്നു' എന്നാണ്. ഇത് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതിൽ ഇരുപത്തിയേഴ് പ്രഖ്യാപനമൊഴിച്ച് ബാക്കിയെല്ലാം അഞ്ച് കൊല്ലം തുടർച്ചയായി ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലും നടത്തിയ ആവർത്തനങ്ങൾ തന്നെയാണ്. ഒരു മാറ്റവുമുണ്ടായിട്ടില്ല. പ്രവാസികളുടെ കാര്യം സംബന്ധിച്ചാണെങ്കിൽ, നിങ്ങളുടെ കണക്കനുസരിച്ച് പതിനാല് ലക്ഷം പ്രവാസികൾ തിരിച്ചുവന്നു. അതിൽ 8.4 ലക്ഷം (60 ശതമാനം) പേർക്ക് തൊഴിലില്ല. എന്ത് പദ്ധതിയാണ് അവർക്കുവേണ്ടി ഈ നയപ്രഖ്യാപനത്തിലുള്ളത്? ഇതുപോലെ അർത്ഥശൂന്യമായ പ്രഖ്യാപനങ്ങൾ മാത്രമാണ് ഇതിലുള്ളത്. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ഇന്ന് ഇവിടെയുണ്ടായിരുന്നു. ദുരന്ത നിവാരണത്തെക്കുറിച്ചായിരുന്നു പ്രധാന ചർച്ച. റവന്യൂ വകുപ്പുമന്ത്രിക്ക് വല്ല റോളുമുണ്ടായിരുന്നോ? ദുരന്തനിവാരണം നേരത്തേ മുതൽ റവന്യൂ വകുപ്പിന്റെ ഭാഗമാണ്. ഇപ്പോൾ ആരാണ് ദുരന്തനിവാരണ വകുപ്പുമന്ത്രി; പറയാമോ? ആർക്കാണ് അതിന്റെ ചുമതല? സി.പി.ഐ.-ക്കാരെ ഇതുപോലെ കബളിപ്പിച്ച ഒരു കാലമില്ല. അവരുടെ വനം വകുപ്പ് പോയി, ഇപ്പോൾ ദുരന്ത നിവാരണവും പോയി. അവരും ദുരന്തത്തിലായി. അതാണ് യഥാർത്ഥ വസ്തുത. കേരള ചരിത്രത്തിൽ ആദ്യമായി അരമന്ത്രിമാരെ സൃഷ്ടിച്ച ഗവൺമെന്റല്ലേ? ഹോട്ടലിൽ പോയാൽ 1/2 സൂപ്പ് ഓർഡർ ചെയ്യാറുണ്ട്. ഇപ്പോൾ അഞ്ച് കൊല്ലത്തിനുള്ളിൽ ഒരു വകുപ്പിന് രണ്ട് മന്ത്രിമാരാണ്. അര മന്ത്രിമാരെ ഏതെങ്കിലും ഗവൺമെന്റ് സൃഷ്ടിച്ചിട്ടുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ..........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): ബഹുമാനപ്പെട്ട മന്ത്രി, സമയമില്ല. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കില്ല. ഞാൻ പുതിയ മെമ്പറാണ്. കന്നി പ്രസംഗമാണ്. പുതിയ മെമ്പറുടെ പ്രസംഗത്തിൽ ഇടപെടാറില്ല.

മി. സ്പീക്കർ: അങ്ങ് വളരെ സീനിയറായ അംഗമാണ്, പുതിയ അംഗമല്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, രണ്ട് അര മന്ത്രിമാർ ടെസ്റ്റ് ട്യൂബിൽ കിടക്കുകയാണ്. രണ്ടരക്കൊല്ലം കഴിയണം പിറക്കാൻ.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇതുപോലെ നാണംകെട്ട മന്ത്രിസഭാ രൂപീകരണം കണ്ടിട്ടുണ്ടോ? ഇത്തവണ നിങ്ങൾക്ക് വലിയ വിജയമുണ്ടായി. ഇത് ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ ഇത് ആരുടെ വിജയമാണ്? ഇത് എൽ.ഡി. എഫ്.-ന്റെ വിജയമാണോ അതോ ക്യാപ്റ്റന്റെ വിജയമാണോ? ഇത് ക്യാപ്റ്റന്റെ വിജയമാണെന്നാണ് നിങ്ങൾ പറയുന്നത്. അത് നിങ്ങളുടെ കാര്യമാണ്. സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മിറ്റിക്ക് ഒരു റോളുമില്ലാതിരുന്ന തെരഞ്ഞെടുപ്പാണിത്. ശ്രീ. കെ. രാധാകൃഷ്ണൻ, എനിക്ക് അങ്ങയോട് അങ്ങേയറ്റം ബഹുമാനമാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, രണ്ട് മിനിറ്റ്. ശ്രീ. കെ. രാധാകൃഷ്ണൻ ഈ മന്ത്രിസഭയിലെ ഏറ്റവും സീനിയറായ അംഗമാണ്. അദ്ദേഹത്തിന് ഏത് വകുപ്പാണ് കൊടുത്തത്. അദ്ദേഹത്തിന് വെടിവഴിപാട് നടത്താനുള്ള വകുപ്പ് കൊടുത്തു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ..........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സമയമില്ലാത്തതുകൊണ്ട് ഞാൻ വഴങ്ങില്ല. (...ബഹളം...) ഇങ്ങനെ ശല്യമുണ്ടാക്കരുത്.

മി. സ്പീക്കർ: അങ്ങ് അദ്ദേഹത്തിന്റെ പേര് പരാമർശിച്ച സ്ഥിതിക്ക് വഴങ്ങാമല്ലോ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് വഴങ്ങാം.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പോയിന്റ് ഓഫ് ഓർഡർ. എന്നെ മന്ത്രിയാക്കി യതിനുശേഷം ചില വ്യക്തികളും മാധ്യമങ്ങളും ഇപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-വും എനിക്ക് തന്ന വകുപ്പ് ചെറുതാണെന്ന് പറഞ്ഞ് കളിയാക്കുന്നുണ്ട്. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് എന്ന് പറയുന്നത് നമ്മുടെ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ആളുകളുടെ വികസനത്തിനുവേണ്ടിയുള്ളതാണ്. അവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്കുയർത്തുക എന്നുള്ളത് ഏറ്റവും വലിയ കാര്യമാണ്. അതുകൊണ്ട് ചെറിയ വകുപ്പാണെന്ന് പറഞ്ഞ് ഇനിയും എന്നെ ആരും കളിയാക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സഹതാപംകൊണ്ട് പറഞ്ഞു പോയതാണ്.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, (...ബഹളം...) ഇങ്ങനെ ബഹളം വയ്ക്കേണ്ട ഒരു കാര്യവുമില്ല.

മി. സ്പീക്കർ: സമയം ഒരുപാട് അധികരിച്ചു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡറിന്റെ സമയം കുറയ്ക്കണം. ഞങ്ങളുടെ ഭാഗത്തുള്ളവരുൾപ്പെടെ മുഖ്യമന്ത്രിയുടെ മരുമകനെ മന്ത്രിയാക്കിയെന്ന ആക്ഷേപം പറഞ്ഞു. അക്കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പമാണ്. നമ്മുടെ മക്കൾ നന്നായി കാണണമെന്ന് നമ്മൾ ആഗ്രഹിക്കില്ലേ. അതിലെന്താണ് തെറ്റ്. അതിലൊരു തെറ്റുമില്ല. ഞാൻ അദ്ദേഹത്തിന്റെ പക്ഷത്താണ്. (...ബഹളം...)

മി. സ്പീക്കർ: അങ്ങ് ഇരിക്കണം... ഇരിക്കണം.

ശ്രീ. എ. എൻ. ഷംസീർ: സർ, ഈ പരാമർശം സഭാരേഖയിൽ കാണാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിക്കാം*.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ...........(മൈക്ക് ഓഫ്).....

ശ്രീ. എം. എം. മണി: ബഹുമാന്യനായ സ്പീക്കർ അവർകളേ, ബഹുമാന്യരായ സഭാംഗങ്ങളേ, ഞാൻ ഇവിടെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ശക്തമായി പിന്തുണയ്ക്കുകയാണ്. ബഹുമാന്യനായ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 8690/ഇ.ബി./2021/നി.സെ. തീയതി 3-6-2021) സഭാരേഖകളിൽ നിലനിർത്തി.

കേരള ഗവർണർ ഇവിടെ അവതരിപ്പിച്ചത് 258 ഖണ്ഡികകൾ അടങ്ങുന്ന ബൃഹത്തായ ഒരു നയപ്രഖ്യാപന പ്രസംഗമാണ്. ആ നയപ്രഖ്യാപന പ്രസംഗം രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗദർശകമാണ്, ഭാവിയിൽ ഈ ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന കർമ്മപരിപാടികളുടെ സംക്ഷിപ്ത രൂപമാണ്. പിണറായി സഖാവിന്റെ നേതൃത്വത്തിലുള്ള ഒന്നാം ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ അന്ന് ഗവർണർമാർ നടത്തിയ നയപ്രഖ്യാപന പ്രസംഗവും ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുവച്ച പ്രകടനപത്രികയും ഏതാണ്ട് പൂർണ്ണമായും നടപ്പിലാക്കിയ യശസ്സോടുകൂടിയാണ് ഒന്നാം ഗവൺമെന്റിന്റെ ഭരണം പൂർത്തിയാക്കിയതെന്ന കാര്യം അഭിമാനബോധത്തോടുകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ആ ഗവൺമെന്റിനോട് പ്രതിപക്ഷം സ്വീകരിച്ച നിഷേധാത്മകമായ നിലപാട് കണക്കിലെടുത്തുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾ നിങ്ങളെ ശക്തമായി കൈകാര്യം ചെയ്തത്, വളരെ ദയനീയമായി നിങ്ങളെ പരാജയപ്പെടുത്തിയത്. പ്രകടനപത്രിക എന്നുപറയുന്നത് കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും ജനങ്ങളെ കബളിപ്പിച്ച് വോട്ടുകൾ വാങ്ങാൻവേണ്ടിയുള്ളതാണെങ്കിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അങ്ങനെയല്ല, നടപ്പിലാക്കാൻ വേണ്ടിയുള്ള രൂപരേഖയാണ്, ജനങ്ങൾക്ക് നൽകുന്ന ഉറപ്പാണ്. ഇന്ത്യയുടെ ചരിത്രം പരിശോധിച്ചാൽ, ധാരാളം പ്രകടന പത്രികകൾ ഇറക്കുകയും പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തവരാണ് കോൺഗ്രസ്സ് നേതൃത്വവും ഇപ്പോൾ ഭരിക്കുന്ന ബി.ജെ.പി.യും എന്നുള്ളത് നമുക്ക് അറിവുള്ളതാണ്. എന്നാൽ അതിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി. പറയുന്ന കാര്യം ചെയ്യും, ചെയ്യുന്ന കാര്യമേ പറയൂ എന്നതാണ് ഞങ്ങളുടെ പ്രത്യേകത എന്ന് അഭിമാനത്തോടുകൂടി എനിക്ക് പറയാൻ കഴിയും. അതുകൊണ്ട് പ്രകടനപത്രിക എന്നുപറയുന്നത് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറയുന്നതുപോലെ അധരവ്യായാമം നടത്താനുള്ളതല്ല. ജനങ്ങളോട് പറയുന്ന കാര്യങ്ങൾ കൃത്യതയോടുകൂടി നടപ്പിലാക്കുക, എന്നിട്ട് വീണ്ടും ജനങ്ങളെ സമീപിക്കുക എന്നതാണ് ഞങ്ങളുടെ പ്രവർത്തനരീതിയും ശൈലിയും. ഒന്നാം പിണറായി സർക്കാർ പറഞ്ഞ കാര്യങ്ങൾ പൂർത്തിയാക്കിയതുകൊണ്ടുതന്നെ രണ്ടാം ഗവൺമെന്റിന് ജനങ്ങൾ വീണ്ടും ഞങ്ങൾക്ക് അവസരം നൽകിയിരിക്കുന്നു. ആ അവസരം ഇടതുപക്ഷ ജനാധിപത്യമുന്നണി പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് ഈ നാടിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് കോൺഗ്രസ്സിന്റെയും ലീഗിന്റെയും അടിത്തറയിളക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നിങ്ങൾ ഇക്കാര്യത്തിൽ വലിയ അങ്കലാപ്പിലാണെന്ന് ഞങ്ങൾക്കറിയാം. നിങ്ങൾ എത്ര അങ്കലാപ്പ് നടത്തിയാലും ഇതെല്ലാം സഹിക്കുകയല്ലാതെ യാതൊരു വഴിയുമില്ല, സഹിക്കാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ്. ക്രിയാത്മക പ്രതിപക്ഷമാകുമെന്ന് പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞു. പക്ഷേ

ഇപ്പോൾ ക്രിയാത്മകത്തിന് പുതിയ അർത്ഥം കാണേണ്ട ഗതികേടിലാണ്. എന്താണ് നിങ്ങളുടെ ക്രിയാത്മകം എന്നത് ഇപ്പോൾ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-വും ഇന്നലെ ചർച്ചയിൽ പങ്കെടുത്ത ശ്രീ. പി. ടി. തോമസും ഇവിടെ കാണിച്ചതന്നു. കൽപ്പറ്റയിലെ പുതിയ അംഗം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെപ്പറ്റിയെല്ലാം വലിയ ഊറ്റംകൊള്ളുന്നത് കണ്ടു. ഇന്നലെയും ഇന്നുമായി നടന്ന ചർച്ചയിൽ കോവിഡിനെ പ്രതിരോധിക്കുന്നതിലും വാക്സിന്റെ കാര്യത്തിലും കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന വിവേചനം സംബന്ധിച്ച് ഒരൊറ്റ വാക്കെങ്കിലും പ്രതിപക്ഷം ഉയർത്തിയോ? ഒരു വാക്കുപോലും നിങ്ങൾ പറഞ്ഞില്ല എന്നുള്ളതാണ് വാസ്തവം. നിങ്ങൾ പറയുമ്പോൾ 'ക്രിയാത്മകം, ക്രിയാത്മകം' എന്നുപറയും. ക്രിയാത്മകം എന്നുപറഞ്ഞാൽ എന്താണെന്ന് ഞാൻ ഇന്നലെ മുതൽ ആലോചിക്കുകയാണ്. ക്രിയാത്മകം എന്നുപറഞ്ഞാൽ ഞാൻ മനസ്സിലാക്കിയത്, നല്ല കാര്യങ്ങളെ പിന്താങ്ങുകയും തെറ്റായ കാര്യങ്ങൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന മാർഗ്ഗമാണെന്നാണ്. പക്ഷേ നിങ്ങൾ വെറുതെ അധരവ്യായാമം നടത്തുകയാണെന്ന് നിങ്ങളുടെ നിലപാടിലൂടെ അസന്നിദ്ധമായി വ്യക്തമാകുന്നു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ശക്തിപ്പെടുത്തും. ഇന്ത്യയിലെ പുരോഗമന ജനാധിപത്യ ശക്തികൾക്കും നരേന്ദ്രമോദി ഗവൺമെന്റിനെതിരെ പൊരുതുന്ന ജനതയ്ക്കും ആത്മവിശ്വാസം പകരുന്നതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ കോൺഗ്രസ്സുകാർപോലും ഈ ഗവൺമെന്റിനെപ്പറ്റി ഓർക്കുമ്പോൾ ആവേശംകൊള്ളുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല കാരണം കോൺഗ്രസ്സ് പാർട്ടിക്ക് അത്തരത്തിലൊരു ഗവൺമെന്റിന് നേതൃത്വം കൊടുക്കാൻ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇന്നേവരെ കഴിഞ്ഞിട്ടില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ശക്തമായി തിരിച്ചുവരുമെന്ന് ഇന്നലെ ഇവിടെ പറഞ്ഞു. അതിന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എവിടെയാണുള്ളത്? തപ്പി നോക്കണം. ഏഴ് സംസ്ഥാന ഗവൺമെന്റുകളെ ബി.ജെ.പി.-യ്ക്ക് അടിയറ വച്ചവരാണ് നിങ്ങൾ. എന്നിട്ട് നിങ്ങളുടെ എം.എൽ.എ.-മാർ കോഴ വാങ്ങിച്ചു, നൂറുകണക്കിന് എം.പി.-മാരെ ബി.ജെ.പി. ചാക്കിട്ട് പിടിച്ചു. 100 കോടി, 10 കോടി, 5 കോടി എന്ന് കേൾക്കുമ്പോൾ കോൺഗ്രസ്സുകാരുടെ വായിൽ വെള്ളമൂറുകയാണ്. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾ നിങ്ങളെ അടുത്ത തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കില്ല. കാരണം എന്താണ്? ബി.ജെ.പി. ശക്തിപ്പെടാതിരിക്കണമെങ്കിൽ നിങ്ങൾ തോൽക്കണം. കാരണം, നിങ്ങളെ വോട്ട് ചെയ്ത് ജയിപ്പിച്ചാൽ കോഴ വാങ്ങി നിങ്ങൾ കൂറ് മാറും, അത് ഉറപ്പാണ്. നടക്കാൻ പോകുന്നത് അതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ഭൂതകണ്ണാടി വച്ച് നോക്കേണ്ട ഗതികേടിലാണ്. എ.ഐ.സി.സി. ഉണ്ടോ, ഹൈക്കമാന്റുണ്ടോ, എ.ഐ.സി.സി. സമ്മേളനമുണ്ടോ, രാഷ്ട്രീയ

പ്രമേയമുണ്ടോ, സാമ്പത്തിക പ്രമേയമുണ്ടോ, ചർച്ചയുണ്ടോ? ഇല്ല. പ്രതിപക്ഷനേതാവിനെ നിശ്ചയിക്കുന്നതിനുപോലും ശ്രീമതി സോണിയാ ഗാന്ധിയുടെ വീട്ടിലേയ്ക്ക് കുറുക്കൻ കോഴിക്കുട്ടിലേയ്ക്ക് കണ്ണുംനട്ടിരിക്കുന്നതുപോലെ നോക്കിയിരിക്കുകയാണ്. ഇതെന്ത് ഗതികേടാണ്; ഇതിൽപ്പരം അപമാനമെന്താണ്? അങ്ങനെയൊരു സാഹചര്യത്തിലുള്ള നിങ്ങളാണ് 'ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ശക്തിയായി തിരിച്ചുവരും' എന്ന് പറയുന്നത്. ഇതിൽപ്പരം ബഡായി വേറെയെന്താണെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ രാജ്യത്തെ സ്ഥിതിയെന്താണ്? അധികാര സ്വാതന്ത്ര്യത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും മറ്റ് അവാന്തര വിഭാഗങ്ങളും വലിയ പങ്ക് വഹിച്ചു, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി പോരാടി, ആയിരക്കണക്കിന് ജനങ്ങൾ ജീവത്യാഗം ചെയ്താണ് സ്വാതന്ത്ര്യം നേടിയത്. എന്നിട്ട് നിങ്ങൾ എന്തുചെയ്തു? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഭരണകാലത്തുതന്നെ ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത ആദരണീയനായ രാഷ്ട്രപിതാവിനെ നിഷ്ഠുരമായി കൊന്നു. ഗാന്ധിജിയെ നിഷ്ഠുരമായി കൊല ചെയ്തവരുടെ കയ്യിൽ അവസാനം ഇന്ത്യയുടെ രാഷ്ട്രീയാധികാരം എത്തിച്ചുകൊടുത്ത മഹാപാപികളാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്നുപറഞ്ഞാൽ ആർക്കാണ് നിഷേധിക്കാൻ സാധിക്കുന്നത്? ഇപ്പോൾ എന്താണുണ്ടായത്; അയോദ്ധ്യയിൽ ശിലാന്യാസം നടത്താൻ ഇന്ത്യൻ പ്രധാനമന്ത്രി പോയപ്പോൾ ശ്രീ. രാഹുൽഗാന്ധിക്ക് വിഷമം, ശ്രീമതി സോണിയാ ഗാന്ധിക്ക് വിഷമം, ശ്രീമതി പ്രിയങ്ക ഗാന്ധിക്ക് വിഷമം, ഒരു കോൺഗ്രസ്സ് നേതാവ് വെള്ളി ഇഷ്ടികകളാണ് അങ്ങോട്ട് കൊടുത്തയച്ചത്. ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയെയും ഈ ഗവൺമെന്റിനെയും അപമാനിക്കുന്ന പ്രവൃത്തിയാണ് നിങ്ങൾ ചെയ്യുന്നത്. കഴിഞ്ഞ നാളുകളിൽ നിങ്ങൾ എടുത്ത നിലപാടിന്റെ ഫലം ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശരിക്കും നിങ്ങൾക്ക് നേരിടേണ്ടി വന്നു. അതുകൊണ്ട് നിങ്ങൾ ഇപ്പോൾ എടുക്കുന്ന നിലപാട് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾ പറയുന്ന 'ക്രിയാത്മകം' ക്രിയാത്മകമല്ല, നിഷേധാത്മകമാണെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ടെന്നാണ് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. അതുകൊണ്ട് ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല പ്രവർത്തനങ്ങളെ സഹായിക്കണം. ശരിയായ നിലപാടെടുത്താൽ ജനങ്ങൾ നിങ്ങളോടൊപ്പം നിൽക്കും. അതല്ലെങ്കിൽ നിങ്ങളുടെ കാര്യം വട്ടപൂജ്യമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി ബി.ജെ.പി.-യ്ക്കെതിരെ ഡൽഹിയിൽ പൊരുതാൻ പോയതാണ്. പൊരുതലും കഴിഞ്ഞ് അവിടെ ചുമ്മാ പാടി നടന്നതല്ലാതെ വല്ലതും നടന്നോ, ഒന്നും നടക്കില്ല. അതോടുകൂടി രാജിവച്ച് ഇപ്പോൾ കേറും, വീണ്ടും ഭരിക്കാമെന്നുപറഞ്ഞ് ഇവിടെ വന്നതാണ്. ഇപ്പോൾ കടിച്ചതുമില്ല പിടിച്ചതുമില്ല എന്ന അവസ്ഥയായി, ഗതികേടായിരിക്കുകയാണ്. ഏറ്റവും വലിയ നാണക്കേടായി എന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. അതുകൊണ്ട് മുസ്ലീം

ലീഗിലെ സ്നേഹിതന്മാരെ, ഒരു കാര്യം നിങ്ങൾ ഓർത്തോളൂ, ഇന്ത്യയിൽ ലക്ഷക്കണക്കിന് ഇസ്ലാമുകളെ ആർ.എസ്.എസ്.കാർ കശാപ്പ് ചെയ്തിട്ടുണ്ട്. കോൺഗ്രസ്സ് ഗവൺമെന്റിന്റെ കീഴിലാണ് ഇതെല്ലാം നടന്നിരുന്നതെന്ന കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരിക്കൽക്കൂടി നന്ദിപ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂൺ മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 9.00-മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.22-ന് പിരിഞ്ഞു.)

## അനുബന്ധം

<u>കാസർഗോഡ് ജില്ലയിലെ കാട്ടാനശല്യം സംബന്ധിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ വിശദമായ മറുപടി</u>

കാസർഗോഡ് വനം ഡിവിഷന് കീഴിൽ വരുന്ന കാസർഗോഡ് റേഞ്ചിന്റെ ഒരു ഭാഗം കർണ്ണാടക വനവുമായി അതിർത്തി പങ്കിടുന്നതാണ്. കർണ്ണാടക വനത്തിൽ നിന്നാണ് സാധാരണയായി ആനകൾ കേരളത്തിലെ വനഭാഗത്തിലേയ്ക്ക് പ്രവേശിക്കുന്നത്. വനശോഷണവും കർണ്ണാടക വനങ്ങളിലെ ഭക്ഷണ ലഭ്യതയിലുള്ള കുറവും കുടിവെള്ള ക്ഷാമവും കാരണം അവിടങ്ങളിൽനിന്ന് ആനകൾ തീറ്റയും വെള്ളവും തേടി കാസർഗോഡ് റേഞ്ചിലെ വനപ്രദേശങ്ങളിലയ്ക്കും തുടർന്ന് ജനവാസ മേഖലകളിലേയ്ക്കും വനത്തോട് ചേർന്നുകിടക്കുന്ന കൃഷി സ്ഥലങ്ങളിലേയ്ക്കും കടന്നു കയറുന്നതിന് ഇടയാക്കുന്നുണ്ട്. ഇത്തരത്തിൽ വരുന്ന കാട്ടാനകളാണ് രാത്രി കാലങ്ങളിൽ കൃഷിയിടങ്ങളിലിറങ്ങി കൃഷിനാശമുണ്ടാക്കുന്നത്. കാസർഗോഡ് റേഞ്ചിലെ വനവുമായി അതിർത്തി പങ്കിടുന്ന ഭാഗങ്ങളിലെ കൃഷിസ്ഥലങ്ങളിലും മറ്റും കാട്ടാനകൾ ഇറങ്ങാതിക്കാൻ ആനപ്രതിരോധ മതിലുകളും ട്രഞ്ചുകളും സൗരോർജ്ജ വേലികളും നിർമ്മിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ കല്ലപ്പള്ളി, രംഗതുമല, താന്നിക്കൽ, ശിവഗിരി, പുളിംകൊച്ചി-മൊട്ടയാംകൊച്ചി എന്നിവിടങ്ങളിൽ 11 കിലോമീറ്റർ സൗരോർജ്ജവേലിയും 2017-18 സാമ്പത്തികവർഷം തലപ്പച്ചേരി-ഒഡയാനഡുക്ക, ഒഡയാനഡുക്ക-ഉഡ്ഡഡുക്ക, ശിവഗിരി എസ്റ്റേറ്റ്-ഏലപ്പട്ടയം, ഏലപ്പട്ടയം-മരുടോംതട്ടു, കൊട്ടഞ്ചേരി-സിസിഗേറ്റ് എന്നിവിടങ്ങളിലായി 3.95 കിലോമീറ്റർ ആനപ്രതിരോധ മതിലും പണികഴിപ്പിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കൊലുങ്ങൽ-എരിഞ്ചിപ്പുഴ എന്ന സ്ഥലത്ത് 2 കിലോമീറ്റർ സൗരോർജ്ജവേലിയും 2019-20 സാമ്പത്തിക വർഷത്തിൽ കല്ലപടിയിൽ 1.75 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങും നിർമ്മിക്കുകയുണ്ടായി. കാസർഗോഡ് റേഞ്ചിന്റെ വനാതിർത്തിയിൽ വരുന്ന പാലാർ, അഞ്ചനടുക്ക, എരിഞ്ഞിപ്പുഴ, പൂക്കയം, നെയ്യങ്കയം, കുണ്ടൂച്ചി, ചെറ്റോണി, കാട്ടികജെ, ഒളിയക്കോച്ചി, ചെന്നാംകുണ്ട് എന്നീ സ്ഥലങ്ങളിൽ കഴിഞ്ഞ സാമ്പത്തികവർഷം പ്രവർത്തനക്ഷമമല്ലാതിരുന്ന 17 കിലോമീറ്റർ സൗരോർജ്ജ വേലികൾ പുനർനിർമ്മിക്കുകയുണ്ടായി. കൂടാതെ വനാതിർത്തി വരുന്ന വെള്ളരിക്കയം മുതൽ പുള്ളഞ്ചി വരെ 3.7 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ കിടങ്ങും നിർമ്മിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി ആനകൾ ഈ സ്ഥലങ്ങളിലെ കൃഷിയിടങ്ങളിലിറങ്ങി നാശമുണ്ടാക്കുന്നത് ഒരു പരിധിവരെ തടയാൻ സാധിച്ചിട്ടുണ്ട്.

ആനകൾ കാട്ടിൽനിന്ന് നാട്ടിലേയ്ക്കിറങ്ങുന്ന സമയത്ത് അവയെ തുരത്തുന്നതിനായി മൂന്ന് ഫോറസ്റ്റർമാരും ഒരു വാഹനവുമുള്ള റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. ഇവർക്കുപുറമെ മറ്റ് വനം ഉദ്യോഗസ്ഥരും ചേർന്നാണ് ആനകളെ കർണ്ണാടക വനത്തിലേയ്ക്ക് തുരത്തുന്നത്. ഇതിന്റെ ഫലമായി ഏകദേശം പതിനേഴോളം ആനകളെ കർണ്ണാടക വനത്തിലേയ്ക്ക് കയറ്റി വിടുന്നതിനും മാസങ്ങളോളം അവയെ കർണ്ണാടക വനത്തിൽത്തന്നെ നിർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

കാസർഗോഡ് വനം ഡിവിഷനിൽ വന്യമൃഗ ആക്രമണംമൂലം കൃഷിനാശം, പരിക്ക്, ജീവഹാനി, വസ്തുവകകളുടെ നാശം എന്നിവയ്ക്ക് മുൻവർഷങ്ങളിൽ നഷ്ടപരിഹാരം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

| | |
|---|---|
| 2015-2016 | 31,06,562 രൂപ |
| 2016-2017 | 41,42,378 രൂപ |
| 2017-2018 | 20,15,122 രൂപ |
| 2018-2019 | 22,73,073 രൂപ |
| 2019-2020 | 35,32,975 രൂപ |
| 2020-2021 | 72,85,281 രൂപ |

കാസർഗോഡ് റേഞ്ചിൽ ആർ.ആർ.ടി.-യുടെ വാഹനം കൂടാതെ ഒരു ജീപ്പ് കൂടി റേഞ്ചിലെ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നതിനുപുറമെ ആനകളെ തുരത്തുന്നതിനും ഉപയോഗിച്ചുവരുന്നുണ്ട്. കാസർഗോഡ് റേഞ്ചിന്റെ കീഴിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുകയും നിലവിൽ ഡിവിഷനിൽ പുതുതായി സൃഷ്ടിക്കപ്പെട്ട 45 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകളിൽ നിയമനം നടത്തുകയും ചെയ്യുന്നതോടെ ജീവനക്കാരുടെ അഭാവം പരിഹരിക്കപ്പെടുന്നതാണ്. കാസർഗോഡ് റേഞ്ചിന്റെ പരിധിയിൽവരുന്ന ദേലംപാടി, മുളിയാർ, കുറ്റിക്കോൽ, ബേഡഡുക്ക, കാറഡുക്ക എന്നീ പഞ്ചായത്തുകളുമായി സഹകരിച്ച് ആന പ്രതിരോധവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിനും ക്രഷ് ഗാഡ് ഫെൻസിംഗ്, റെയിൽ ഗാഡ് ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്ന കാര്യം വനം വകുപ്പ് പരിശോധിച്ചുവരികാണ്.

2021-22 സാമ്പത്തികവർഷം കാസർഗോഡ് റേഞ്ചിന്റെ പരിധിയിൽ കാട്ടാന ശല്യമുള്ള വിവിധ സ്ഥലങ്ങളിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പുതുതായി സോളാർ ഫെൻസിംഗും ട്രെഞ്ചുകളും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കാട്ടാനശല്യത്തിന് ഫലപ്രദമായ പരിഹാരം കണ്ടെത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെയും പ്രതിനിധികളെയുൾപ്പെടുത്തി ഒരു ഉന്നതതലയോഗം വിളിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.